032:2N03:11 G4;1 SARMA: SHAJEHAN.

032:2N03:11
G4;1

O32:2N03:11 G4;1
Sarma:
...lajikam
MUL
165528

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 032:2N03:11 G.

Accession Number 165528.

Available for loan from

This book should be returned on or befo
the date last marked below.

11 SEP 1966

O. 61

# ഷാജഹാൻ

(ഗദ്യനാടകം)

UNIVERSITY LIBRARY
-6 OCT 1955
MADRAS

Shajihan
(Prose Drama)

പരിഭാഷകൻ

പണ്ഡിതർ ആർ. സി. ശർമ്മാ.

R. C. Sarma

V. Sundar Iyer & Sons
Trichur

തൃശ്ശിവപേരൂർ,

വി. സുന്ദരയ്യർ ആൻറ് സൺസ്.

പകർപ്പവകാശം പ്രസാധകന്മാർക്ക്]

[വില 1—14—0

# പ്രധാന കഥാപാത്രങ്ങൾ

## (I) പുരുഷന്മാർ.

| | | |
|---|---|---|
| ഷാജിഹാൻ | — | ഭാരതചക്രവൎത്തി. |
| ദാറാ<br>ഷൂജാ<br>അറംഗസീബ്<br>മൊറാദ് | — | ഷാജിഹാൻെറ നാലു പുത്രന്മാർ. |
| സുലേമാൻ<br>സിപാർ | — | ദാറായുടെ പുത്രന്മാർ. |
| മഹമ്മദ് സുൽത്താൻ | — | അറംഗസീബിൻെറ പുത്രൻ. |
| ജയസിംഹൻ | — | ജയപുരത്തിലെ രാജാവു്. |
| യശോവന്തസിംഹൻ | — | യോധപുരത്തിലെ രാജാവു്. |
| ദിൽദാർ | — | വേഷച്ഛന്നനായ ജ്ഞാനി. |

## (II) സ്ത്രീകൾ.

| | | |
|---|---|---|
| ജാഹനാര | — | ഷാജിഹാൻെറ പുത്രി. |
| നാദിര | — | ദാറായുടെ ഭാൎയ്യ. |
| പിയാര | — | ഷൂജായുടെ ഭാൎയ്യ. |
| മഹരത് ഉന്നീസ | — | ദാറായുടെ പുത്രി. |
| മഹാമായ | — | യശോവന്തസിംഹൻെറ ഭാൎയ്യ. |

165528
38,456
032:2N03:11
G4;1

UNIVERSITY LIBRARY
-6 OCT 1955

# ഷാജിഹാൻ

## (ഗദ്യനാടകം)

## ഒന്നാം അങ്കം

### രംഗം ൧

സ്ഥലം—ആഗ്രായിലെ രാജമന്ദിരത്തിൽ

ഷാജിഹാന്റെ അരമന

സമയം—അപരാഹ്നം

(ഷാജിഹാൻ കണ്ണുമൂലത്തെ കൈപ്പടത്തിൽ അർപ്പിച്ചും അധോവദനനായും മഞ്ചത്തിന്മേൽ ചെരിഞ്ഞുകിടന്നുകൊണ്ടു് ഏതോ ആലോചിക്കുകയും ഇടക്കിടക്കു ധൂമപാനം ചെയ്യുകയും ചെയ്യുന്നു. മുൻഭാഗത്തു ദാറാ നില്ക്കുന്നു.)

ഷാജിഹാൻ:—ദാറാ! ഇതു വലിയ അത്ഭുതവൃത്താന്തം തന്നെ.

ദാറാ—ഷൂജ വംഗദേശത്തിൽ വിപ്ലവം ആരംഭിച്ചിട്ടുണ്ടെങ്കിലും അയാൾ ഇതുവരേയും ചക്രവർത്തി എന്ന പേർ സ്വീകരിക്കയുണ്ടായില്ല. എന്നാൽ മൊറാദു് ഗുജറാത്തിൽ സ്വയം ചക്രവർത്തിയായി പ്രഖ്യാപനം ചെയ്തുകഴിഞ്ഞിരിക്കുന്നു. അയാളുടെകൂടെ അറംഗസീബും ചേർന്നിട്ടുണ്ടു്.

ഷാജിഹാൻ:—അറംഗസീബും അവന്റെ കൂടെ ചേർന്നിട്ടുണ്ടു്!—നില്ക്കു, ഞാനൊന്നാലോചിച്ചുനോക്കട്ടെ. ഞാൻ ഇതിനുമുമ്പു് ഒരിക്കലും വിചാരിക്കാത്തതാണു് ഈ വക സംഗതികൾ. എനിക്കിതൊന്നും പരിചിതവുമല്ല. അ

തുകൊണ്ടു മനസ്സിൽ ശരിക്കു ധരിക്കുവാൻ പ്രയാസമായിരിക്കുന്നു. (ധൂമപാനം ചെയ്യുന്നു)

ദാറാ:—എനിക്കു് ഇതൊന്നും മനസ്സിലാകുന്നില്ല.

ഷാജിഹാൻ:—എനിക്കും മനസ്സിലാകുന്നില്ല. (ധൂമപാനം ചെയ്യുന്നു.)

ദാറാ:—ഷുജായെ അമൎച്ചചെയ്യുവാൻ ഉടനെ സൈന്യസമേതം പുറപ്പെട്ടുകൊള്ളണമെന്നു ഞാൻ എന്റെ പുത്രനായ സുലേമാനു് അലഹബാദിലേയ്ക്കു് എഴുതി അയച്ചിട്ടുണ്ടു്. ബിക്കാനീർ മഹാരാജാവായ ജയസിംഹനേയും സേനാപതിയായ ദിലീർഖാനേയും അവന്റെ സഹായത്തിനായി പറഞ്ഞയച്ചിട്ടുമുണ്ടു്.

(ഷാജിഹാൻ അവനതദൃഷ്ടിയായി കിടന്നുകൊണ്ടു ധൂമപാനം ചെയ്യുന്നു.)

ദാറാ;—മൊറാദിനോടു് എതിൎക്കുവാൻ മഹാരാജാവായ യശോവന്തസിംഹനെയും പറഞ്ഞയച്ചിട്ടുണ്ടു്.

ഷാജിഹാൻ:—പറഞ്ഞയച്ചുവോ? ആങ്ഹാ! (ധൂമപാനം ചെയ്യുന്നു.)

ദാറാ:—പിതാവേ! അവിടുന്നു അശേഷം ആകലപ്പെടേണ്ട. ഈ കലാപത്തെ അമൎത്തുവാൻ എനിക്കറിയാം.

ഷാജിഹാൻ:—ഇല്ല, അക്കാൎയ്യത്തെപ്പററി എനിക്കശേഷം വിചാരമില്ല. പക്ഷെ, ജ്യേഷ്ഠാനുജന്മാർ തമ്മിലാണല്ലോ യുദ്ധമുണ്ടാകുവാൻ പോകുന്നതു്; അതാണു ഞാൻ ആലോചിക്കുന്നതു്. (ധൂമപാനംചെയ്യുന്നു. ഇടയ്ക്കു പെട്ടെന്നു) വേണ്ട ദാറാ; അതാവശ്യമില്ല. ഞാൻ അവരെ പറഞ്ഞു സമാധാനിപ്പിക്കാം. വെറുതെ വഴക്കടിക്കണ്ട. അവർ തടസ്സം കൂടാതെ രാജധാനിയിൽ വന്നുകൊള്ളട്ടെ.

(ധൂതഗതിയിൽ ജാഹനാര പ്രവേശിക്കുന്നു.)

ജാഹനാര:—ഒരിക്കലും പാടില്ല. പിതാവേ! അതൊരിക്ക

ലും പാട്ടുള്ളതല്ല. പ്രജകൾ രാജാവിന്റെ നേരെ ഖഡ്ഗം ഉയൎത്തിയിരിക്കയാണ്. അതു അവരുടെ സ്വന്തം കഴുത്തിൽതന്നെ വീഴട്ടെ.

ഷാജിഹാൻ:—ജാഹനാരേ! നീ എന്താണ് ഇങ്ങിനെ പറയുന്നതു്? അവർ എന്റെ പുത്രന്മാരല്ലേ?

ജാഹനാര:—ആയിക്കൊള്ളട്ടെ; അതുകൊണ്ടെന്തു്? പുത്രന്മാരെ സ്നേഹിക്കുവാനുള്ള അവകാശം മാത്രമേ പിതാവിനുള്ളു! അവരേ ശാസിക്കുവാനുംകൂടി പിതാവു ചുമതലക്കാരനല്ലേ?

ഷാജിഹാൻ—(എന്റെ ഹൃദയത്തിനു് ഒരുതരത്തിലുള്ള ശാസനമാത്രമേ വശമുള്ളു. അതിന്റെ പേർ സ്നേഹം എന്നാണ്. എന്റെ സന്താനങ്ങൾ—ശുദ്ധപാവങ്ങൾ—അമ്മയില്ലാത്ത സാധുക്കുട്ടികൾ. അവരെ ഞാൻ എങ്ങിനെയാണ് ശിക്ഷിക്കുക? എതു ഹൃദയംകൊണ്ടു്? ജാഹനാരെ! അതാ അങ്ങോട്ടൊന്നു നോക്കു. സ്ഫടികത്തിൽ പൊതിഞ്ഞുവച്ചിട്ടുള്ള ആ ദീൎഘനിശ്വാസത്തിന്റെ നേരെ—ആ താജ്മഹാളിന്റെ നേരെ—ഒന്നു നോക്കൂ. എന്നിട്ടു പറയൂ അവരെ ശിക്ഷിക്കുവാൻ.

ജഹനാര:—പിതാവേ! ഇതാണോ അവിടത്തെയ്ക്കു യോജിച്ച വാക്കുകൾ? ഈ ദൌർബ്ബല്യം ഭാരതചക്രവൎത്തിയായ ഷാജിഹാനു ചേൎന്നതാണോ? സാമ്രാജ്യം അന്തഃപുരമോ, അതോ, പിള്ളർകളിയോ? അതിമഹത്തായ ഒരു ശാസനത്തിന്റെ ഗുരുതരമായ ഭാരമല്ലെ അവിടന്നു വഹിക്കുന്നതു്? പ്രജകൾ രാജദ്രോഹത്തിനു മുതിൎന്നാൽ തന്റെ മക്കളെന്നു കരുതി ചക്രവൎത്തി അവൎക്കു മാപ്പുകൊടുക്കുകയാണൊ വേണ്ടതു്? സ്നേഹം കൎത്തവ്യത്തെ തടയുവാൻ അനുവദിക്കുന്നതു ന്യായമാണോ?

ഷാജിഹാൻ:—ജഹനാരേ! വെറുതെ തൎക്കിക്കണ്ട. യുക്തിക

ളൊന്നും എനിക്കറിഞ്ഞുകൂട. ഒരൊററ യുക്തിമാത്രമേ എനിക്കുള്ളു; അതു് സ്നേഹമാണു്—ദാറാ; എന്റെ വിചാരം മറെറാന്നുമല്ല. ഈ യുദ്ധത്തിൽ ആർക്കുതന്നെ പരാജയം നേരിട്ടാലും അതുകൊണ്ടു് എനിക്കുണ്ടാകുന്ന ദോഷം തുല്യമാണു്. നീയാണു് തോല്ക്കുന്നതെങ്കിൽ നിന്റെ വാടിയ മുഖം എനിക്കു കാണേണ്ടിവരും. മററവരാണു് തോല്ക്കുന്നതെങ്കിൽ അവരുടെ മ്ലാനമുഖങ്ങളും എന്റെ മനോനേത്രത്തിൽ പ്രതിബിംബിക്കാതിരിക്കയില്ല. അതിനാൽ യുദ്ധം ചെയ്തിട്ടാവശ്യമില്ല. അവർ രാജധാനിയിൽ പ്രവേശിച്ചുകൊള്ളട്ടെ. അവരെ ഞാൻ പറഞ്ഞു സമാധാനിപ്പിക്കാം.

ദാറാ:—പിതാവേ! എന്നാൽ അവിടത്തെ ഹിതംപോലെ ആകട്ടെ.

ജാഹനാര:—ദാറാ! ഇങ്ങനെയാണോ നീ വൃദ്ധനായ പിതാവിന്റെ പ്രതിനിധിയായി രാജ്യകാര്യങ്ങൾ നടത്തുവാൻ പോകുന്നതു്? പിതാവിനു സ്വശക്തിയുണ്ടായിരുന്നെങ്കിൽ അദ്ദേഹം ഒരിക്കലും രാജ്യഭരണം നിന്നെ ഏല്പിക്കുകയില്ലായിരുന്നു. ഉദ്ധതനായ ആ ഷുജായും, സ്വയം ചക്രവർത്തിപ്പട്ടം കയ്യേററ മൊറാദും, അവന്റെ സഹായിയായ അറംഗസീബും വിദ്രോഹക്കൊടി പറപ്പിച്ചും, കലാപകാഹളം മുഴക്കിയും, ആഗ്രയിൽ പ്രവേശിക്കുന്ന കാഴ്ച പിതാവിന്റെ പ്രതിനിധിയായ നീ പ്രസന്നവദനനായി നോക്കിക്കൊണ്ടു നില്ക്കും, അല്ലേ? കൊള്ളാം, യോഗ്യൻതന്നെ!

ദാറാ:—പിതാവേ: ജ്യേഷ്ഠത്തി പറയുന്നതു ശരിയാണു്. അതൊരിക്കലും അനുവദിക്കാവുന്നതല്ല. യുദ്ധത്തിനു കല്പന തരുമാറാകണം.

ഷാജിഹാൻ:—ജഗദീശ! എന്തിനാണവിടുന്നു പിതാക്കന്മ

രുടെ ഹൃദയത്തെ ഇത്ര അധികം സ്നേഹമസൃണമാക്കിത്തീൎത്തു? അവിടന്നു് എന്തുകൊണ്ടു് അവരുടെ ഹൃദയത്തെ ഇരിമ്പുകൊണ്ടു വാൎത്തുവിട്ടില്ല? ഹാ! ദൈവമേ!

ദാറാ:—പിതാവേ! ഞാൻ ഈ സിംഹാസനത്തെ കൊതിക്കുന്നവനാണെന്നു് അവിടുന്നു വിചാരിക്കരുതു്. ഈ യുദ്ധം അതിനുവേണ്ടിയല്ല. ഈ സാമ്രാജ്യം എനിക്കു വേണ്ടാ. ഇതിനേക്കാൾ വലിയ ഒരു സാമ്രാജ്യം ദൎശനങ്ങളിലും ഉപനിഷത്തുകളിലും എനിക്കു കിട്ടീട്ടുണ്ടു്. എന്റെ ഉദ്യമം അവിടത്തെ സിംഹാസനത്തെ രക്ഷിക്കുവാൻ മാത്രമാണു്.

ജാഹനാര:—അതെ, നിന്റെ ഈ ഉദ്യമം ന്യായത്തിന്റെ സിംഹാസനത്തെ രക്ഷിക്കുവാനാണു്. അന്യായത്തെ അമൎച്ച ചെയ്യുവാനാണു്. നാട്ടിലെ നിരപരാധിത ലക്ഷോപലക്ഷം പ്രജകളെ അരാജകത്വത്തിന്റേയും അക്രമത്തിന്റേയും പിടിയിൽനിന്നും രക്ഷിക്കുവാനാണു്. രാജ്യത്തിൽ നടക്കുന്ന ഈ അക്രമത്തെ തടുക്കുവാൻ കഴിഞ്ഞില്ലെങ്കിൽ മുഗൾ സാമ്രാജ്യത്തിന്റെ ആയുസ്സു് എനി എത്ര നാളത്തേയ്ക്കാണു് നീണ്ടുനില്ക്കുവാൻ പോകുന്നതു്?

ദാറാ:—പിതാവേ! ഞാൻ ഇതാ സത്യം ചെയ്യാം, സഹോദരന്മാരിൽ ഒരുത്തനേയും ഞാൻ ഉപദ്രവിക്കുകയോ വധിക്കുകയോ ചെയ്യുകയില്ല. അവരെ പിടിച്ചുകെട്ടിക്കൊണ്ടുവന്നു പിതാവിന്റെ കാല്ക്കൽ കാഴ്ചവെച്ചുകൊള്ളാം. അപ്പോൾ അവിടത്തേയ്ക്കു് ഇഷ്ടമാണെങ്കിൽ അവൎക്കു മാപ്പുകൊടുക്കാം. ഷാജിഹാൻ ചക്രവൎത്തി സ്നേഹശീലനാണെങ്കിലും ദുൎബ്ബലനല്ലെന്നു് അവർ മനസ്സിലാക്കട്ടെ.

ഷാജിഹാൻ:— (എഴുന്നേററിട്ടു്) എന്നാൽ അങ്ങനെതന്നെയാകട്ടെ. ഷാജിഹാൻ വെറും പിതാവുമാത്രമല്ല, ചക്രവൎത്തികൂടിയാണെന്നു് അവർ മനസ്സിലാക്കട്ടെ. ദാറാ! എ-

ന്നാൽ പൊയ്ക്കൊള്ളൂ. ഇതാ ഈ അധികാരപത്രംകൂടി ഇരിക്കട്ടെ. എനിക്കുള്ള അധികാരം മുഴുവനും ഞാൻ നിനക്കു തന്നിരിക്കുന്നു. വിദ്രോഹികൾക്കു വേണ്ട ശിക്ഷ നല്കി വരിക. (അധികാരപത്രം കൊടുക്കുന്നു.)

ദാറാ:—പിതാവിൻെറ കല്പനപോലെ.

ഷാജിഹാൻ:—പക്ഷെ ഈ ശിക്ഷ അവക്കു തനിച്ചുള്ളതല്ല. ഇതു് എനിക്കും ഒരു ശിക്ഷയാണു്. പിതാവു പുത്രനെ ശിക്ഷിക്കുന്ന അവസരത്തിൽ പുത്രൻ വിചാരിക്കുന്നതു പിതാവു് എന്തൊരു "നിർദ്ദയൻ!" എന്നാണു്. എന്നാൽ പിതാവു് ഓങ്ങുന്ന വടിയുടെ പകുതിഭാഗം ആ പിതാവിൻെറ പുറത്തുതന്നെയാണു പതിക്കുന്നതെന്നു് അവൻ അറിയുന്നില്ല.

(പോകുന്നു.)

ജാഹനാര:—ദാറാ! അവർ ഇങ്ങനെ പെട്ടെന്നു് ഈ വിപ്ലവത്തിനു മുതിരുവാൻ എന്താണു കാരണമെന്നു നിനക്കറിയാമോ?

ദാറാ:—പിതാവു സുഖമില്ലാതെ കിടപ്പിലാണെന്നുള്ള വൎത്തമാനം വെറും കളവാണെന്നാണു് അവർ പറയുന്നതു്. അച്ഛൻ മരിച്ചു എന്നും അദ്ദേഹത്തിൻെറ പേരും പറഞ്ഞു ഞാൻ തന്നെത്താൻ സ്വാധികാരം നടത്തുകയാണെന്നും അവർ തെററിദ്ധരിച്ചിരിക്കുന്നു.

ജാഹനാര:—അങ്ങനെയായാൽതന്നെ അതിൽ എന്താണു് തെററുള്ളതു്? നീ ചക്രവൎത്തിയുടെ ജ്യേഷ്ഠപുത്രനല്ലേ? നീ തന്നെയാണല്ലോ അടുത്ത ചക്രവൎത്തിയും.

ദാറാ:—എന്നെ ചക്രവൎത്തിയായി വകവയ്ക്കുവാൻ അവക്കു് ഇഷ്ടമില്ല.

(സിപാറിനോടുകൂടി നാദിര പ്രവേശിക്കുന്നു.)

സിപാർ:—അച്ഛൻെറ കല്പനയെ വകവയ്ക്കുവാൻ അവർ വി

ചാരിക്കുന്നില്ല, അച്ഛാ!

ജാഹനാര:—നോക്കു, കുട്ടിയുടെ കുറുമ്പ്! (ചിരിക്കുന്നു)

ദാറാ:—നാദിരേ! നീ മുഖം താഴ്ത്തിനില്ക്കുന്നതെന്താണ്? നിനക്കു വല്ലതും പറയുവാനുണ്ടോ?

നാദിര:—പറഞ്ഞാൽ അവിടന്നു കേൾക്കുമോ? എന്റെ ഒരപേക്ഷയെ അവിടന്നു കൈക്കൊള്ളുമോ?

ദാറാ:—നിന്റെ വല്ല അപേക്ഷയും ഇതുവരെ ഞാൻ കൈക്കൊള്ളാതിരുന്നിട്ടുണ്ടോ?

നാദിര:—അതെനിക്കറിയാം. അതുകൊണ്ടുതന്നെയാണ് ഞാൻ ഇപ്പോൾ പറയുവാൻ ധൈര്യപ്പെടുന്നതും—അവിടന്നു ദയവുചെയ്തു് ഈ യുദ്ധത്തിൽനിന്നും പിൻവലിക്കണം; ഇതാണ് എന്റെ അപേക്ഷ.

ജാഹനാര:—അതെന്തുകൊണ്ടാണ നാദിരേ?

നാദിര:—ജ്യേഷ്ഠത്തി!

ദാറാ:—പറയൂ; മഴവരാതെ ഇടങ്ങള നിത്തിക്കളഞ്ഞതെന്താണ്? നാദിരേ! നീ എന്തുകൊണ്ടാണ് ഇങ്ങനെ ആവശ്യപ്പെടുന്നതു്?

നാദിര:—ഇന്നലെ രാത്രി ഞാൻ വലിയൊരു ദുഃസ്വപ്നം കാണുകയുണ്ടായി.

ദാറാ:—എന്താണ് നീ കണ്ടതു്?

നാദിര:—ഇപ്പോൾ അതു പറയുവാൻ ഞാൻ ശക്തയല്ല. അതു് അതിഭയങ്കരമായ ഒന്നായിരുന്നു—നാഥ! വേണ്ട, ഈ യുദ്ധത്തിനു പുറപ്പെടണ്ട.

ദാറാ:—അതെന്താണ നാദിരേ?

ജാഹനാര:—നാദിരേ! നീ പരഭോജിന്റെ പുത്രിയല്ലേ? കേവലം ഒരു യുദ്ധത്തെ ഭയന്നോ ഈ കണ്ണീരും, ഈ കാതരദൃഷ്ടിയും, ഈ ഭയവിഹ്വലമായ സംസാരവും; ഇതൊന്നും നിനക്കു യോജിച്ചതല്ല.

നാദിര:—ഞാൻ കണ്ടതു് എന്തൊരു ദുഃസ്വപ്നമായിരുന്നു എന്നു അറിഞ്ഞിരുന്നെങ്കിൽ ജ്യേഷ്ഠത്തി ഇങ്ങനെ പറയുകയില്ലായിരുന്നു. അയ്യോ! അതുഭയങ്കരം! അതിഭയങ്കരം.

ജാഹനാര:—ദാറാ! ഇതെന്തുമാതിരി! ആലോചിച്ചു നില്ക്കുന്നുവോ? നി ഇത്ര ധൈര്യമില്ലാത്തവനോ? ഇത്ര സ്ത്രീലമ്പടനോ? പിതാവിൻെറ അനുമതി ലഭിച്ചുകഴിഞ്ഞു. ഇനി ഭാര്യയുടെ അനുവാദംകൂടിവേണം, അല്ലേ? അതികഠിനമായ കത്തവ്യമാണു മുമ്പിൽ കിടക്കുന്നതെന്നു നല്ലവണ്ണം ഓക്കണം. ആലോചിച്ചുനില്ക്കുവാൻ അശേഷം സമയം ഇല്ല.

ദാറാ:—നാദിരേ! അതു വാസ്തവമാണ്. ഈ യുദ്ധം ഒഴിച്ചുകൂടാൻ പാടല്ലാത്തതാണ്. ഞാൻ പോകട്ടെ. പോയി വേണ്ട ഏപ്പാടു ചെയ്യട്ടെ.

(പോകുന്നു)

നാദിര:—, ജ്യേഷ്ഠത്തി! നിങ്ങൾ ഇത്ര നിഷ്ഠുരയോ?—വരു, സിപാർ!

(സിപാരിനോടുകൂടി നാദിര പോകുന്നു.)

ജാഹനാര:—ഇത്രവളരെ ഭയമോ? എന്തായിരിക്കാം ഇതിനു കാരണം?

(ഷാജിഹാൻ വീണ്ടും പ്രവേശിക്കുന്നു.)

ഷാജിഹാൻ:—ജാഹനാരേ! ദാറാ പൊയ്ക്കഴിഞ്ഞുവോ?

ജാഹനാര:—ഉവ്വ് അച്ഛാ!

ഷാജിഹാൻ:—(കുറെ നേരം മിണ്ടാതെ നിന്നതിനുശേഷം) ജാഹനാരേ:—.

ജാഹനാര:—അച്ഛാ!

ഷാജിഹാൻ:—മകളേ! നീയും ചേന്നിട്ടുണ്ടോ ഇതിൽ?

ജാഹനാര:—ഏതിലാണച്ഛാ?

ഷാജിഹാൻ:—ഈ ഭ്രാതൃകലഹത്തിൽ.

ജാഹനാര:—ഇല്ലച്ഛാ!

ഷാജിഹാൻ:—കേൾക്ക ജാഹനാരേ! ഇതു തീരെ സ്നേഹശൂന്യമായ ഒരു പ്രവൃത്തിയായിപ്പോയി. പക്ഷെ എന്തുചെയ്യാം. ഇന്നു ഞാൻ അതു ചെയ്യേണ്ടിവന്നു, നിവൃത്തിയില്ല. നീയെങ്കിലും ഇതിൽ ഉൾപ്പെടാതെ സൂക്ഷിക്കണം. സ്നേഹം, ഭക്തി, അനുകമ്പ ഇവയാണ് നിനക്കു യോജിച്ച ധർമ്മങ്ങൾ. ഈ അധർമ്മപങ്കത്തിൽ നീയും ചെന്നുമുട്ടരുതു്. നീയെങ്കിലും പരിശുദ്ധയായി ജീവിക്കുക.

## രംഗം ൨.

സ്ഥലം—നർമ്മദാതീരത്തിൽ മൊറാദിന്റെ ശിബിരം

സമയം—രാത്രി.

ദിൽദർ ഏകാകിയായി നില്ക്കുന്നു.

ദിൽദർ:—ഞാൻ വാക്കുകൊണ്ടു മൊറാദിന്റെ വിദൂഷകനാണ്. ഞാൻ ഫലിതങ്ങൾ പറയുവാൻ ഭാവിച്ചാൽ അവ കൊള്ളിവാക്കുകളായിട്ടാണ് കലാശിക്കുന്നതു്. ആ വിഡ്ഢിക്കു അതു് മനസ്സിലാകുന്നില്ല. എന്റെ സംസാരം അസംബന്ധമെന്നു കരുതി അയാൾ ചിരിക്കുന്നു. മൊറാദ് ഒരു വശത്തു യുദ്ധചിന്തയാൽ ഉന്മത്തനും മറെറാരു വശത്തു സംഭോഗത്തിൽ നിമഗ്നനുമാണ്. മനോരാജ്യമെന്നുള്ളതു് അയാൾക്കു തീരെ അപരിചിതമായ ഒരു ദേശമാണ്—അതാ വരുന്നു ആ വങ്കപ്പുള്ള!

(മൊറാദ്ദ് പ്രവേശിക്കുന്നു.)

മൊറാദ്:—ദിൽദാർ യുദ്ധത്തിൽ നാം ജയിച്ചിരിക്കുന്നു. ആനന്ദിക്കു, ആഹ്ലാദിക്കു. താമസിയാതെതന്നെ പിതാവിനെ സിംഹാസനഭ്രഷ്ടനാക്കി ഞാൻ അതിന്മേൽ കയറിയിരിക്കും.—താൻ എന്താണ് ആലോചിക്കുന്നതു്? ത

ലയാട്ടുന്നതെന്താണു്?

ദിൽദാർ:—തിരുമേനി ഇന്നു ഞാൻ ഒരു പുതിയ തത്വം കണ്ടുപിടിച്ചു.

മൊറാദ്:—എന്താണതു്? കേൾക്കട്ടെ.

ദിൽദാർ:—ഹിംസ്രജന്തുക്കളുടെ ഇടയിൽ തന്ത കുഞ്ഞുങ്ങളെ പിടിച്ചുതിന്നുന്ന ഒരു പതിവുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടു്. എന്താ, അതു വാസ്തവമല്ലെ?

മൊറാദ്:—അതെ, അതു ശരി. അതുകൊണ്ടെന്താണു്?

ദിൽദാർ:—കുഞ്ഞുങ്ങൾ തന്തയെ തിന്നുന്ന സമ്പ്രദായം അവരുടെ ഇടയിൽ ഇല്ലെന്നാണു് തോന്നുന്നതു്.

മൊറാദ്:—ഇല്ല.

ദിൽദാർ:—ശരി. എന്നാൽ ആ പതിവു ദൈവം മനുഷ്യരുടെ ഇടയിൽ മാത്രമേ വച്ചിട്ടുള്ളു. രണ്ടുതരത്തിലും വേണമല്ലൊ നല്ല ബുദ്ധി!

മൊറാദ്:—നല്ല ബുദ്ധി! ഹാ! ഹാ! ഹാ! ദിൽദാർ! തന്റെ ഫലിതം കേമമായി.

ദിൽദാർ:—പക്ഷെ മനുഷ്യന്റെ ബുദ്ധി നോക്കുമ്പോൾ ദൈവത്തിന്റെ ബുദ്ധി സാരമില്ല. മനുഷ്യൻ ദൈവത്തേയും പററിച്ചുകളയും.

മൊറാദ്:—അതെങ്ങിനെയാണു്?

ദിൽദാർ:—നോക്കു, തിരുമേനി! ദയാമയനായ ദൈവം മനുഷ്യക്കു പല്ലുകൾ കൊടുത്തിട്ടുള്ളതു് എന്തിനാണു്? ഭക്ഷണസാധനങ്ങൾ കടിച്ചുതിന്നുവാനല്ലേ? വെളിയിൽ കാണിക്കുവാനല്ലല്ലൊ. എന്നാൽ മനുഷ്യർ ആ പല്ലുകൾകൊണ്ടു ഭക്ഷണസാധനങ്ങൾ കടിച്ചുതിന്നുന്നതിനുപുറമേ അവ വെളിയിൽ കാണിച്ചു ചിരിക്കുകകൂടി ചെയ്യുന്നു. ഇതു ദൈവത്തെ പററിക്കുകയല്ലേ?

മൊറാദ്:—അല്ലാതെ പിന്നെ എന്താണു്?

ദിൽദാർ:—ചിരിക്കുന്നുണ്ടെന്നു മാത്രമല്ല, അതിന്നുവേണ്ടി പലരും മനഃപൂൎവ്വം ബുദ്ധിമുട്ടുകയും ചെയ്യുന്നുണ്ടു്. അനേകം ആളുകൾ അതിന്നായി അനവധി പണം ചിലവാക്കുകകൂടി ചെയ്യാറുണ്ടു്.

മൊറാദ്:—ഹാ! ഹാ!! ഹാ!!!

ദിൽദാർ:—ദൈവം മനുഷ്യൎക്കു കൊടുത്തിട്ടുള്ളതു് സ്വാദറിയുവാനുള്ള വസ്തുത പ്രത്യക്ഷമാണു്. എന്നാൽ മനുഷ്യർ അതുകൊണ്ടു് ഒരു ഭാഷയെ സൃഷ്ടിക്കുകകൂടി ചെയ്തു. ദൈവം എന്തിനാണു് നമുക്കു മൂക്കു തന്നിട്ടുള്ളതു്? ശ്വാസോച്ഛ്വാസം ചെയ്യുവാനല്ലേ?

മൊറാദ്:—അതെ. തുമ്മുന്നതിന്നും കൂടിയാണെന്നു വേണമെങ്കിൽ പറയാം.

ദിൽദാർ:—എന്നാൽ മനുഷ്യർ കാണിക്കുന്ന അതിസാമൎത്ഥ്യം നോക്കു. മൂക്കത്തു് ഒരു കണ്ണടകൂടി വെയ്ക്കുന്നു. നിശ്ചയമായും ദൈവത്തിന്നു് ആ ഉദ്ദേശം ഉണ്ടായിരുന്നിരിക്കയില്ല. അതിന്നും പുറമെ പലരും ഉറക്കത്തിൽ മൂക്കുകൊണ്ടു കൂൎക്കം വലിക്കുകകൂടി ചെയ്യാറുണ്ടു്.

മൊറാദ്:—അതു ശരിയാണു്. പക്ഷേ ഞാൻ കൂൎക്കംവലിക്കാറില്ല.

ദിൽദാർ:—അതെ അതെ. തിരുമേനി രാത്രിമാത്രമല്ല നട്ടുച്ചയ്ക്കുകൂടി കൂൎക്കംവലിക്കും.

മൊറാദ്:—ആഹ്! എന്നാൽ ഇനി ഞാൻ കൂൎക്കം വലിക്കുമ്പോൾ എന്നെ വിളിച്ചുകാണിക്കണം.

ദിൽദാർ:—തിരുമേനി! ഈ കൂൎക്കംവലി നിരാകാരനായ ഈശ്വരനെപ്പോലെയാണു്. തന്നിൽതന്നെയുണ്ടെങ്കിലും അതിനെ ആൎക്കും കാണ്മാൻ സാധിക്കയില്ല. കാണിച്ചുകൊടുക്കത്തക്ക അവസ്ഥയിൽ എത്തുമ്പോൾ പിന്നെ അതു ശേഷിക്കയുമില്ല.

മൊറാദ്:—ആട്ടെ ദിൽദാർ! ദൈവം മനുഷ്യക്ക് എന്തിനാണു ചെവി കൊടുത്തിട്ടുള്ളതു്? അതിന്മേൽ മനുഷ്യക്കു വല്ല സാമൎത്ഥ്യവും പ്രയോഗിപ്പാൻ സാധിച്ചിട്ടുണ്ടോ?

ദിൽദാർ:—അയ്യോ! അതല്ലേ രസം! അതുകൊണ്ടു മനുഷ്യർ ഒരു ശാസ്ത്രതത്വത്തെത്തന്നെ കണ്ടുപിടിച്ചുകളഞ്ഞു. അതു മറെറാന്നുമല്ല—ചെവിക്കു പിടിച്ചുവലിച്ചാൽ തലകൂടി പോരും. പക്ഷേ അതിൻെറ പുറകിൽ ഒരു തലയുണ്ടായിരുന്നാലേ അതു സാധിക്കൂ. എന്നാൽ മിക്കവൎക്കും അതില്ല.

മൊറാദ്:—മിക്കവൎക്കും തലയില്ലെന്നോ? ഹാ! ഹാ! ഹാ! ഇതാ ജ്യേഷ്ഠൻ വരുന്നു. താൻ ഇപ്പോൾ പൊയ്ക്കൊള്ളൂ.

ദിൽദാർ:—കല്പനപോലെ (പോകുന്നു.)

(മറെറാരു വശത്തുകൂടി അറംഗസീബു പ്രവേശിക്കുന്നു.

മൊറാദ്:—വരൂ, ജ്യേഷ്ഠ! വരൂ. ജ്യേഷ്ഠനെ ഞാൻ ആലിംഗനം ചെയ്യട്ടെ. ജ്യേഷ്ഠൻെറ ബുദ്ധിസാമൎത്ഥ്യംകൊണ്ടാണു നമുക്കു് ഈ യുദ്ധത്തിൽ വിജയം ലഭിച്ചതു്.

(ആലിംഗനം ചെയ്യുന്നു.)

അറംഗസീബ്:— എൻെറ ബുദ്ധിസാമൎത്ഥ്യംകൊണ്ടോ, അതോ, നിൻെറ ശൌൎയ്യസാമൎത്ഥ്യംകൊണ്ടോ? എന്തത്ഭുതകരമായ ശൌൎയ്യമാണു് നീ കാണിച്ചതു്? നിനക്കു പ്രാണഭയം അശേഷമില്ല.

മൊറാദ്:— "മരണത്തെ ഭയപ്പെടുന്നവൻ ജീവിതത്തിനു യോഗ്യനല്ല" എന്നു് ആസഫ്ഖാൻ പറയാറുള്ളതു ജ്യേഷ്ഠൻ ഓൎമ്മയില്ലേ?—അക്കഥയിരിക്കട്ടെ. യശോവന്തസിംഹൻെറ നാല്പതിന്നായിരം മൃഗം ഭടന്മാരെ എന്തു മന്ത്രം പ്രയോഗിച്ചിട്ടാണു ജ്യേഷ്ഠൻ വശപ്പെടുത്തിയതു്? അവർ പെട്ടെന്നു തങ്ങളുടെ നായകനായ യശോവന്തസിംഹൻെറ രാജപുത്രസൈന്യങ്ങളുടെ നേരെതന്നെ തോക്കും നീട്ടിപ്പി

ടിച്ചുകൊണ്ടു തിരിഞ്ഞുനിന്നുകളഞ്ഞതു മായാപ്രയോഗം പോലെ അത്ഭുതകരമായി തോന്നുന്നു.

ഔറംഗസീബ്:— യുദ്ധത്തിനു തലേദിവസം ഞാൻ നമ്മുടെ ചില ഭടന്മാരെ പുരോഹിതവേഷം ധരിപ്പിച്ചു ഇക്കരെയ്ക്കു അയച്ചിരുന്നു. ഒരവിശ്വാസിയുടെ കീഴിൽ അവിശ്വാസികളോടു യോജിച്ചു്, അവിശ്വാസിയായ ദാറായുടെ പക്ഷത്തിൽ ചേർന്നു യുദ്ധം ചെയ്യുന്നതു നീചവും കൊറാനിലെ നിയമത്തിനു വിരുദ്ധവുമാണെന്നു് അവർ മുഗളരെ പറഞ്ഞു ധരിപ്പിച്ചു. അവർ അതു ശരിയാണെന്നു വിശ്വസിക്കയും ചെയ്തു.

മൊറാദ്:—അത്ഭുതകരമായ സാമർത്ഥ്യം തന്നെ!

ഔറംഗസീബ്:—കാര്യസിദ്ധിക്കു പല ഉപായങ്ങളും ആലോചിക്കണം. ഒരേ ഉപായത്തെത്തന്നെ ശരണമാക്കിയാൽ ചിലപ്പോൾ ഇച്ഛാഭംഗത്തിന്നു് ഇടവരും.

മുഹമ്മദ് പ്രവേശിക്കുന്നു

ഔറംഗസീബ്:—മുഹമ്മദ്! എന്താണ്് വിശേഷം?

മുഹമ്മദ്:—പിതാവേ! മഹാരാജാവായ യശോവന്തസിംഹൻ അദ്ദേഹത്തിന്റെ രഥത്തിൽ കയറി സൈന്യസമേതം നമ്മുടെ പാളയത്തിനു പ്രദക്ഷിണം വയ്ക്കുന്നു. ഞങ്ങൾ ആക്രമിക്കട്ടെയോ?

ഔറംഗസീബ്—വേണ്ട.

മുഹമ്മദ്:—ഇതിന്റെ ഉദ്ദേശം എന്തായിരിക്കും.

ഔറംഗസീബ്:—അതു രാജപുത്രരുടെ ദർപ്പമാണ്. ഈ ദർപ്പമാണ് അദ്ദേഹത്തെ പരാജിതനാക്കിയതു്. ഞാൻ സൈന്യസമേതം നർമ്മദയുടെ തീരത്തിൽ എത്തിയ ഉടനെ അദ്ദേഹം എന്നെ ആക്രമിച്ചിരുന്നെങ്കിൽ തോല്ക്കുകയല്ലാതെ എനിക്കു ഗത്യന്തരമില്ലായിരുന്നു. ഒന്നാമതു നീ അപ്പോൾ വന്നു ചേർന്നിരുന്നില്ല; രണ്ടാമതു് എന്റെ സൈന്യങ്ങളും

വഴിനടന്നു ക്ഷീണിച്ചിരുന്ന അവസരമായിരുന്നു അതു്. അങ്ങിനെയുള്ള ഘട്ടത്തിൽ ആക്രമണം നടത്തുന്നതു വീരോചിതമല്ലെന്നു കരുതി മഹാരാജാവു എന്റെ വരവിനെ പ്രതീക്ഷിച്ചു അടങ്ങിപ്പാൎക്കുകയാണു് ചെയ്തതു്. അഹങ്കാരം അധികമായാൽ അധഃപതനം നിശ്ചയമാണു്;

മഹമ്മദ്:—ഞങ്ങൾ അപ്പോൾ അദ്ദേഹത്തെ ആക്രമിക്കണ്ട എന്നാണോ പറയുന്നതു്?

അറംഗസീബ്:—വേണ്ട. നമ്മുടെ പാളയത്തിനു പ്രദക്ഷിണം വെക്കുന്നതുകൊണ്ടു് അദ്ദേഹത്തിനു വല്ല ആശ്വാസവും കിട്ടുമെന്നുണ്ടെങ്കിൽ ഒന്നല്ല, പത്തുപ്രാവശ്യം വേണമെങ്കിൽ പ്രദക്ഷിണം വെച്ചുകൊള്ളട്ടെ. പോവുക.

(മുഹമ്മദ് പോകുന്നു)

അറംഗസീബ്:—യുദ്ധം ചെയ്യുന്നതിനു് എന്തൊരു കൊതി! സാധുവും ഉദാരഹൃദയനും നിൎഭീകനുമായ എന്റെ പ്രിയപ്പെട്ട പുത്രൻ എനിക്കു വലിയൊരു നിധിയാണു്. മൊറാദ്! എന്നാൽ ഇപ്പോൾ ഞാൻ പോകട്ടെ. നീയും വിശ്രമിക്കുക. (പോകുന്നു)

മൊറാദ്:—ആരവിടെ? മദ്യവും ദാസികളും (പോകുന്നു.)

## രംഗം ൩.

സ്ഥലം—കാശിയിൽ ഷൂജായുടെ ശിബിരം

സമയം—രാത്രി

(ഷൂജായും പിയാരയും പ്രവേശിക്കുന്നു)

ഷൂജാ:—കേട്ടോ പിയാരേ? ദാറായുടെ മകൻ—ആ കൊച്ചുകുട്ടിയായ സുലേമാൻ—ഈ യുദ്ധത്തിൽ എന്നോടു് എതിൎക്കുവാൻ വന്നിരിക്കുന്നു.

പിയാര:—അങ്ങയുടെ ജ്യേഷ്ഠനായ ദാറായുടെ മകൻ ഡൽ-

ഹിയിൽനിന്നു വന്നിട്ടുണ്ടോ? വാസ്തവമോ ഇതു്? എന്നാൽ നിശ്ചയമായും അവൻ ഡൽഹിയിലെ ലഡ്ഡു കൊണ്ടു വന്നിട്ടുണ്ടായിരിക്കും. അങ്ങു് വേഗം ആളെ പറഞ്ഞയയ്ക്കൂ. തുറിച്ചുനോക്കുന്നതെന്താണു്? വേഗത്തിൽ ആളയയ്ക്കൂ.

ഷൂജാ:—ലഡ്ഡുവോ! എന്തസംബന്ധമാണിതു്; യുദ്ധമാണു് അവന്റെ അടുക്കൽ—

പിയാര:—അവന്റെ അടുക്കൽ അലുവാ കൂടിയുണ്ടെങ്കിൽ വളരെ നന്നായി. അതും എനിക്കു് ഇഷ്ടംതന്നെയാണു്. പക്ഷേ ഡൽഹിയിലെ ലഡ്ഡു വളരെ വിശേഷപ്പെട്ടതാണു്. അതു "തിന്നാലും വ്യസനം തിന്നില്ലെങ്കിലും വ്യസനം" എന്നാരോ പറഞ്ഞുകേട്ടിട്ടുണ്ടു്. രണ്ടു തരത്തിലായാലും വ്യസനിക്കേണ്ടിവരുമെങ്കിൽ തിന്നാതെ വ്യസനിക്കുന്നതിനേക്കാൾ നല്ലതു തിന്നിട്ടു വ്യസനിക്കുകയാണു്. ഏതായാലും ആളെ അയയ്ക്കുവാൻ താമസിക്കേണ്ട.

ഷൂജാ:—നീ ഒരൊററ ശ്വാസത്തിനു് ഇത്ര അധികം സംസാരിച്ചാൽ ഞാൻ കുഴങ്ങും. പറഞ്ഞു തുടങ്ങിയതു് മുഴുവനാകുവാൻകൂടി നീ സമ്മതിച്ചില്ലല്ലൊ.

പിയാര:—അങ്ങേക്കെന്താണു് പറയുവാനുള്ളതു്? അങ്ങു സംസാരിക്കുകയേ വേണ്ട; യുദ്ധം ചെയ്തുകൊണ്ടിരുന്നാൽ മാത്രം മതി.

ഷൂജ:—വല്ലതും സംസാരിക്കുവാനുണ്ടെങ്കിൽ അതൊക്കെ നീ ആയിക്കൊള്ളാം, അല്ലെ?

പിയാര:—അതെ, അങ്ങിനെതന്നെ. ഞങ്ങളെപ്പോലെ അടക്കത്തിനു സംസാരിക്കുവാൻ നിങ്ങൾക്കു അറിയാമോ? നിങ്ങൾ വല്ലതും സംസാരിച്ചുതുടങ്ങിയാൽ ഒന്നിനുമീതെ ഒന്നായി വിഷയങ്ങൾ തമ്മിൽ കൂടിക്കുഴയും. വ്യാകരണതെററും ധാരാളം ഉണ്ടാകും. അതിനും പുറമേ—

ഷൂജ:—അതിനുംപുറമെ എന്താണു്?

പിയാര:—നിഘണ്ടുവിലെ പകുതി ശബ്ദങ്ങൾപോലും നിങ്ങൾക്ക് അറിഞ്ഞുകൂടാ. പറയുന്ന ശബ്ദങ്ങൾതന്നെ ശരിയാണോ എന്നു നിശ്ചയവുമില്ല. മൂകശബ്ദങ്ങളോട് അന്ധവ്യാകരണത്തെ ഘടിപ്പിച്ചു നിങ്ങൾ തള്ളിവിടുന്ന മുടന്തൻ ഭാഷ കൂനിക്കൂനിയെ നടക്കു.

ഷൂജ:—നിങ്ങളുടെ പ്രയോഗങ്ങളെല്ലാം വളരെ സ്വബദ്ധങ്ങളാണ്, അല്ലെ?

പിയാര:—കണ്ടില്ലെ; ഞങ്ങളുടെ ഭാഷയ്ക്കുള്ള രസികത്വം മനസ്സിലാക്കുവാനുള്ള സാമർത്ഥ്യംപോലും നിങ്ങൾക്കില്ല. ദൈവമേ! ഇത്രമാത്രം ബുദ്ധിയുള്ള സ്ത്രീജാതിയെ അവിടുന്നു, തീരെ ബോധമില്ലാത്ത ഈ പുരുഷന്മാരുടെ കയ്യിൽ അകപ്പെടുത്തിയില്ലെ! ഇങ്ങനത്തെ പുരുഷന്മാരുടെ കയ്യിൽ അകപ്പെടുത്തുന്നതിനുപകരം, തിളയ്ക്കുന്ന എണ്ണ നിറഞ്ഞ ചെമ്പുകിടാരത്തിൽ തള്ളിയിടുകയാണ ചെയ്തതെങ്കിൽ അവൎക്കു ഇതിനേക്കാൾ സുഖവും സന്തോഷവും ഉണ്ടാകുമായിരുന്നു.

ഷൂജ:—പറയൂ പറയൂ, നിനക്കു പറയുവാനുള്ളതൊക്കെ പറഞ്ഞു തീരട്ടെ.

പിയാര:—സിംഹത്തിനു ബലം ദംഷ്ട്രങ്ങളിലും, ആനയ്ക്കു ബലം തുമ്പിക്കയ്യിലും, പോത്തിനു ബലം കൊമ്പുകളിലും, കുതിരയ്ക്കു ബലം പുറങ്കാലുകളിലും, ബങ്കാളികൾക്കു ബലം പൃഷ്ഠത്തിലും, സ്ത്രീകൾക്കു ബലം നാക്കിലുമാണ്.

ഷൂജ:—അല്ലല്ലാ, സ്ത്രീകൾക്കു ബലം കടാക്ഷത്തിലാണ്.

പിയാര:—ഒരിക്കലുമല്ല. ആദ്യം കുറച്ചുകാലത്തേക്കെല്ലാം കടാക്ഷം വല്ലതും സ്വല്പം സാധിച്ചു എന്നു വന്നേക്കാം. പിന്നീടു ജീവിതകാലം മുഴുവനും ഭർത്താവിനെ ചൊല്പടിക്കു നിർത്തുന്നതു ഈ നാക്കുതന്നെയാണ്.

ഷൂജാ:—പറഞ്ഞു പറഞ്ഞു നീ എനിക്കു സംസാരിക്കുവാൻ

സമയം തരികയില്ലെന്നാണല്ലോ തോന്നുന്നതു്. കേൾക്ക—അല്ലാ ഞാൻ എന്തോ പറയുവാൻ ഭാവിച്ചുവല്ലോ.

പിയാര:—ഇതാണ് നിങ്ങൾക്കുള്ള ദോഷം. പ്രസ്താവന നീട്ടി നീട്ടി ഒടുവിൽ പറയുവാനുള്ള കാൎയ്യം മറന്നുപോകും.

ഷൂജാ:—നീ കുറെ നേരംകൂടി ഇതേ വിധത്തിൽ പുലമ്പിക്കൊണ്ടിരുന്നാൽ എനിക്കു പറയുവാനുള്ളതു വാസ്തവത്തിൽ ഞാൻ മറന്നുപോകും.

പിയാര:—എന്നാൽ ഝട്ടെന്നു പറഞ്ഞു തീൎത്തുകൊള്ളു. ഇനി ഒട്ടും സമയം കളയണ്ട.

ഷൂജാ:—എന്നാൽ കേൾക്കു.

പിയാര:—പറയൂ കേൾക്കട്ടെ. പക്ഷെ ഒരു കാൎയ്യം മറക്കരുതു്. ചുരുക്കത്തിൽ—ഒരൊററ ശ്വാസത്തിൽ പറഞ്ഞു തീൎക്കണം.

ഷൂജാ:—ഇപ്പോൾ എന്നോടു യുദ്ധത്തിനു വന്നിരിക്കുന്നതു് ദാറായുടെ പുത്രനായ സുലേമാനാണ്. അവന്റെ കൂടെ ബിക്കാനീർ മഹാരാജാവായ ജയസിംഹനും സേനാപതിയായ ദിലീർഖാനും ഉണ്ടു്.

പിയാര:—കൊള്ളാം. ഒരു ദിവസം ക്ഷണിച്ചുവരുത്തി ഒരു വിരുന്നു നല്കണം.

ഷൂജാ:—നിനക്കു് ഇനിയും പിള്ളകളി മാറീട്ടില്ല. യുദ്ധമെന്നതു് എത്ര ഗൌരവമേറിയ ഒരു സംഗതി. അതും നിനക്കു്.

പിയാര:—അതുകൊണ്ടുതന്നെയാണ് ഞാൻ അതിനെ ഈ വിധത്തിൽ ലാഘവമുള്ളതാക്കിത്തീൎക്കുവാൻ ശ്രമിക്കുന്നതു്. അല്ലെങ്കിൽ എങ്ങനെ ദഹിക്കും?—ശേഷവും കേൾക്കട്ടെ.

ഷൂജാ:—ജയസിംഹമഹാരാജാവു് ഇപ്പോൾതന്നെ എന്റെ അടുക്കൽ വന്നിരുന്നു. ഷാജിഹാൻ ചക്രവൎത്തി മരിച്ചി

ട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞതു്. ചക്രവർത്തിയുടെ അടയാളമുള്ള ഒരെഴുത്തു് അദ്ദേഹം എനിക്കു തരികകൂടി ചെയ്തു. ആ എഴുത്തിൽ എന്താണ് എഴുതിയിരിക്കുന്നതെന്നു അറിയാമോ?

പിയാര:—വേഗത്തിൽ പറഞ്ഞുതീർക്കു. അധികം നേരം കേട്ടിരിക്കാൻ എനിക്കു ക്ഷമയില്ല.

ഷൂജാ:—അതിൽ അദ്ദേഹം എഴുതിയിരിക്കുന്നതു് ഇപ്രകാരമാണ്: ഞാൻ ഇനിയെങ്കിലും വിപ്ലവം മതിയാക്കി ബങ്കാളത്തിലേക്കുതന്നെ തിരിച്ചുപോകുന്ന പക്ഷം എൻെറ അധികാരത്തെ അദ്ദേഹം എടുത്തുകളയുന്നതല്ല. അല്ലെങ്കിൽ,

പിയാര:—"എടുത്തുകളയും". ഇത്രയല്ലേയുള്ളു. പോകട്ടെ. ഇനി മറെറാന്നും പറയുവാനില്ലല്ലൊ. ഇനി ഞാൻ ഒരു പാട്ടുപാടട്ടെ.

ഷൂജാ:—ഞാൻ എന്താണ് മറുപടി അയച്ചതെന്നു് അറിയണ്ടേ? ഞാൻ ഇങ്ങനെ എഴുതി:—"കൊള്ളാം. ഞാൻ യുദ്ധമൊന്നും കൂടാതെതന്നെ ബങ്കാളത്തിലേക്കു തിരിച്ചുപൊയ്ക്കൊള്ളയാം. പിതാവിൻെറ പ്രഭുത്വത്തെ ശിരസാ അംഗീകരിക്കുന്നതിനു ഞാൻ ഒരുക്കമാണ്. എന്നാൽ ദാറായുടെ പ്രഭുത്വത്തെ ഞാൻ ഒരിക്കലും വകവയ്ക്കുന്നതല്ല."

പിയാര:—അവിടുന്നു് എന്നെ പാടുവാൻ സമ്മതിക്കയില്ല. തന്നെത്താൻ ഇരുന്നുകൊണ്ടു പിറുപിറുക്കുന്നു. ഞാൻ പാടുകയില്ല.

ഷൂജാ:—അല്ല, പാട്ടു. ഞാൻ മിണ്ടാതിരുന്നുകൊള്ളാം.

പിയാര:—സമ്മതിച്ചില്ലേ? ഇനി വാക്കു തെററിക്കരുതു്. എന്താണ് പാടേണ്ടതു്?

ഷൂജാ:—ഇഷ്ടമുള്ളതു പാടാം. അല്ലെങ്കിൽ വേണ്ട, ഒരു പ്രേമഗാനം പാടിയാൽ മതി. ഭാഷയിലും, ഭാവത്തിലും,

ഭംഗിയിലും, ആലാപനയിലും, എടുപ്പിലും, വെപ്പിലും, പ്രേമം തുളുമ്പുന്ന ഒരു ഗാനമായിരിക്കണം അതു്. പാട്ടു ഞാൻ കേൾക്കട്ടെ.

(പിയാര പാട്ടു പാടിത്തുടങ്ങി.)

ഷൂജാ:—പിയാരേ! ദൂരത്തായി എന്തു ശബ്ദമാണു് ആ കേൾക്കുന്നതു്? മേഘങ്ങൾ തമ്മിൽ കൂട്ടിമുട്ടുമ്പോൾ ഉണ്ടാകുന്ന മുഴക്കംപോലെ തോന്നുന്നുവല്ലൊ. അതാ, വീണ്ടും വീണ്ടും കേൾക്കുന്നു.

പിയാര:—ഇല്ല, അങ്ങു പാടുവാൻ സമ്മതിക്കയില്ല. ഞാൻ പോകുന്നു.

ഷൂജാ:—ഇല്ല, അതു സാരമില്ല, പോട്ടെ. പാട്ടു.

(പിയാര പാടുന്നു.)

കേക.

സ്നേഹിച്ചുതൃപ്തിയടഞ്ഞില്ല ഞാൻ, എൻ ജീവിത-
മോഹം ഹാ! സാധിച്ചീല; ഏതൃഷ്ണ ശമിച്ചീല.
അത്യന്തം ക്ഷുദ്രമെന്റെ ഹൃദയം; അതിലുണ്ടോ
വിസ്തൃതപ്രേമാബ്ധിതൻ വീചികളൊതുങ്ങുന്നു.
താവകചിത്തംമമചിത്തത്തോടിണക്കി ഞാ-
നാവതുപോലെ യോജിപ്പിച്ചു താൻ വെച്ചീടിലും
ഹന്ത!നാമിരുവർക്കും മദ്ധ്യത്തിലായി ബന്ധ-
മെന്തുമാഹൃദന്തങ്ങൾ രണ്ടിനുമിടയ്ക്കായി
സ്പഷ്ടമായ് വിരഹത്തിൻ വിലാപം മുഴങ്ങുന്നു;
കഷ്ടമേ! ശൂന്യഭാവമൊന്നേന്തോ ശേഷിക്കുന്നു.
നിസ്സാരമീജ്ജീവിതം; നിസ്സാരമീ പ്രപഞ്ചം;
നിസ്സീമം മമപ്രേമമിങ്ങോ ഞാനർപ്പിക്കേണ്ടു?
സ്നേഹിക്കുന്തോറും മോഹമേറുന്നു സ്നേഹിക്കുവാൻ
സ്നേഹദാനത്താൽ മോഹമേതും ഹാ, ശമിപ്പീല.

കൂടട്ടെ ലോകത്തിന്നു വിസ്തൃതിയമത്ത്യമാ-
യിടട്ടെ ജീവൻ; വിഘ്നമൊക്കയുമൊഴിയട്ടെ.
അന്നു ഞാൻ പ്രേമാമൃതം തൃപ്തിയായ് പകൎന്നുകൊ-
ണ്ടെന്നാശ പൂരിപ്പിക്കാം, മിക്കടം വീട്ടിക്കൊള്ളാം.

ഷൂജാ:—മനുഷ്യജീവിതം ഒരു സുഷുപ്തിയാണ്. ഇടക്കിടക്കു സ്വപ്നംപോലെ സ്വൎഗ്ഗത്തിൽനിന്നും ഏതോ ഒരു അചിന്ത്യസൌന്ദൎയ്യധോരണി ഇറങ്ങിവന്നു തന്റെ മൃദുഹസ്തങ്ങളെക്കൊണ്ടു മനുഷ്യരെ തട്ടിയുണൎത്തുന്നു. അപ്പോഴാണ് ഈ സുഷുപ്തിയുടെ ജാഗരണം എത്ര മധുരമാണെന്ന് അവൎക്കു ബോധപ്പെടുന്നതു്. സംഗീതം ആ സ്വൎഗ്ഗീയ ചൈതന്യത്തിന്റെ മുരളീനാദമാണ്. അല്ലെങ്കിൽ, ഇത്ര മധുരമാകുന്നതെങ്ങനെ?

(അണിയറയിൽ പീരങ്കിയുടെ ശബ്ദം കേൾക്കുന്നു).

ഷൂജാ:—(ഞെട്ടിയെഴുന്നേററിട്ടു്) ഏന്താണ് ആ കേട്ടതു്!

പിയാര:—അയ്യോ! എന്താണതു്? പ്രിയതമേ! ഈ അൎദ്ധരാത്രിയിൽ പീരങ്കിയുടെ ശബ്ദമോ! ഇത്ര അടുത്തു്! ശത്രുക്കൾ അങ്ങേക്കരയിലാണല്ലൊ.

ഷൂജാ:—ഇതെന്തു്! ഇതാ വീണ്ടും കേൾക്കുന്നുവല്ലൊ. ഞാൻ പോയി നോക്കിവരട്ടെ. (പോകുന്നു.)

പിയാര:—അത്ഭുതം തന്നെ. ഇതാ വീണ്ടും വിണ്ടും പീരങ്കികൾ മുഴങ്ങുന്നു. സൈന്യങ്ങളുടെ സമരഘോഷവും ആയുധങ്ങളുടെ ഝണൽക്കാരവുമല്ലേ ആ കേൾക്കുന്നതു്. സമാധാനപൂൎണ്ണമായ ഈ രാത്രിസമയത്തിന്റെ ശാന്തമായ ഹൃദയത്തിൽ പെട്ടെന്നു ആരോ ശൂലം തറച്ചതുപോലെ തോന്നുന്നു. അതിന്റെ ലഹളയും മുറവിളിയുമാണ് ഉച്ചത്തിൽ ഈ കേൾക്കുന്നതു്. ഇതിന്റെയെല്ലാം അൎത്ഥം എന്തായിരിക്കാം.

(ധൃതിയിൽ ഷൂജാ പ്രവേശിക്കുന്നു.)

ഷൂജാ:—പിയാരെ! ചക്രവൎത്തിയുടെ സൈന്യങ്ങൾ നമ്മുടെ പാളയത്തെ ആക്രമിച്ചിരിക്കുന്നു.

പിയാര:—നമ്മുടെ പാളയത്തെ ആക്രമിച്ചിരിക്കുന്നുവോ? അതെന്താണു്?

ഷൂജാ:—അതെ; ആ മഹാരാജാവു വിശ്വാസവഞ്ചകൻ! ഞാൻ യുദ്ധത്തിനു പോവുകയാണു്. നീ അകത്തേയ്ക്കു പോവുക. പിയാരേ! ഒട്ടും ഭയപ്പെടണ്ട. (പോകുന്നു.)

പിയാര:—ലഹള ക്രമേണ കൂടിക്കൂടിയാണല്ലോ വരുന്നതു്. അയ്യോ ഇതെന്തു്! (പോകുന്നു,)

(അണിയറയിൽ കോലാഹലം)

(സുലേമാനും ദിലീർഖാനും എതിർവശങ്ങളിൽകൂടെ പ്രവേശിക്കുന്നു.)

സുലേമാൻ:—സുബേദാർ എവിടെ?

ദിലീർഖാൻ:— അദ്ദേഹം നദിയുടെ വക്കത്തേയ്ക്കു് ഓടിക്കളഞ്ഞു.

സുലേമാൻ:—ഓടിക്കളഞ്ഞുവോ? ദിലീർഖാൻ! അദ്ദേഹത്തെ പിന്തുടരുക.

(ദിലീർഖാൻ പോകുന്നു. ജയസിംഹൻ പ്രവേശിക്കുന്നു).

സുലേമാൻ:—മഹാരാജാവേ! നമുക്കു വിജയം സിദ്ധിച്ചു.

ജയസിംഹൻ:—അവിടുന്നു രാത്രിതന്നെ നദികടന്നുവന്നു ശത്രുക്കളുടെ പാളയത്തെ ആക്രമിച്ചു, അല്ലേ?

സുലേമാൻ:—ആക്രമിക്കുമെന്നു് അവർ കരുതിയിരുന്നില്ലേ? ഏതായാലും ഇത്ര എളുപ്പത്തിൽ നമുക്കു വിജയം ലഭിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

ജയസിംഹൻ:—സുൽത്താൻ ഷൂജായുടെ സൈന്യങ്ങൾ അശേഷം ഒരുങ്ങിയിരുന്നില്ല. ഈ ആക്രമണം ഉണ്ടാകുമെന്നുള്ള വിചാരമേ അവൎക്കില്ലായിരുന്നു. സൈന്യങ്ങളിൽ പകുതിയിലധികവും ചത്തൊടുങ്ങിയതിനുശേഷവും അ-

വരുടെ ഉറക്കപ്പിച്ച മുഴുവനും മാറിയോ എന്നു സംശ
മാണു്.

സുലേമാൻ:—അങ്ങനെ വരുവാൻ എന്താണു കാരണം? ഇള
യച്ഛൻ ഒരു യഥാൎത്ഥ യോദ്ധാവാണല്ലൊ. രാത്രികാല
ങ്ങളിൽ അക്രമണങ്ങൾ ഉണ്ടായേക്കാമെന്നു് അദ്ദേഹത്തി
ന് അറിയാമല്ലൊ.

ജയസിംഹൻ:—ഞാൻ ചക്രവൎത്തിയുടെ ആളായി ചെന്നു്
അദ്ദേഹവുമായി സന്ധിചെയ്തിരുന്നു. യുദ്ധമൊന്നും കൂടാ
തെ അദ്ദേഹം ബങ്കാളത്തിലേയ്ക്കു മടങ്ങിപ്പൊയ്ക്കൊള്ളാമെ
ന്നു സമ്മതിച്ചിട്ടുമുണ്ടായിരുന്നു. അതനുസരിച്ചു് അദ്ദേ
ഹം യാത്രയ്ക്കുള്ള ബോട്ടു ശട്ടംകെട്ടുകകൂടി ചെയ്തിരുന്നതാ
യി എനിക്കറിയാം.

(ദിലീർഖാൻ വീണ്ടും പ്രവേശിക്കുന്നു)

ദിലീർഖാൻ:— തിരുമേനി! സുൽത്താൻ ഷൂജാ കുടുംബസ
മേതം ബൊട്ടുവഴി ഓടിപ്പൊയ്ക്കളഞ്ഞു.

ജയസിംഹൻ:— ശരി. എന്നാൽ ആ അലങ്കരിക്കപ്പെട്ട
ബോട്ടിൽതന്നെയാണു് കയറിപ്പൊയ്ക്കളഞ്ഞതു്.

സുലേമാൻ:— ദിലിർഖാൻ! ഉടനെ പിൻതുടരുക. പോയി
സൈന്യങ്ങൾക്കും വേണ്ട കല്പനകൾ നല്കുക.

(ദിലീർഖാൻ പോകുന്നു.)

സുലേമാൻ:— മഹാരാജാവേ! അങ്ങു് ആരുടെ കല്പനപ്രകാ
രമാണു് ഈ സന്ധി ചെയ്തതു്?

ജയസിംഹൻ:— ചക്രവൎത്തിയുടെ കല്പനപ്രകാരം

സുലേമാൻ:— അച്ഛൻ അക്കാൎയ്യത്തെപ്പററി എനിക്കു യാ
തൊന്നും എഴുതി അയച്ചിട്ടില്ലല്ലൊ. ഇതിനെക്കുറിച്ചു്
അങ്ങും ഒരക്ഷരവും ഇതുവരെ എന്നോടു മിണ്ടീട്ടില്ല—ദുഷ്ട!

ജയസിംഹൻ:— പറയരുതെന്നു ചക്രവൎത്തി വിലക്കിയി
രുന്നു.

സുലേമാൻ:— ഇനി കളവുംകൂടി പറയുന്നുവോ? പോവൂ എന്റെ മുമ്പിൽനിന്നു്.

(ജയസിംഹൻ പോകുന്നു)

സുലേമാൻ:— ചക്രവൎത്തി ഒരു വിധം കല്പിക്കുക. എന്റെ അച്ഛൻ മറെറാരുവിധം കല്പിക്കുക! ഇതു സംഭാവ്യമോ? ഒരു പക്ഷെ അങ്ങനെതന്നെയാണു വാസ്തവമെന്നു വരുമോ? എന്നാൽ ഞാൻ മഹാരാജാവിനെ അധിക്ഷേപിച്ചതു് അന്യായമായിപോയി—ചക്രവൎത്തി ഇപ്രകാരമാണു കല്പിച്ചിട്ടുള്ളതെങ്കിൽ — ഹാ! എന്തൊരു ധൎമ്മസങ്കടമാണിതു്! അച്ഛൻ എനിക്കു് എഴുതി അയച്ചിരിക്കുന്നു.— "പുത്ര! ഷൂജായെ കുടുംബസമേതം ബന്ധനസ്ഥനാക്കിക്കൊണ്ടു വരണം" എന്നു്—ഇല്ല, ഞാൻ അച്ഛന്റെ കല്പനയെത്തന്നെ നടത്തും. അദ്ദേഹത്തിന്റെ ആജ്ഞ എനിക്കു് ഈശ്വരാജ്ഞയാണു്.

## രംഗം 4

സ്ഥലം:—യോധപുരത്തിലെ ദുൎഗ്ഗം

സമയം:—പ്രഭാതം

(മഹാമായയും ചാരണീവൎഗ്ഗവും പ്രവേശിക്കുന്നു.)

മഹാമായ:— ചാരണികളേ! വീണ്ടും പാടുവിൻ!

(ചാരണികൾ പാടുന്നു.)

(നതോന്നത)

പോയിരിപ്പൂ പ്രാണനാഥൻ പോൎക്കളത്തിൽപരന്മാർതൻ
പോർവിളിക്കു പ്രതിവാക്കു പകരമേകാൻ,
അജേയരാമഹിതരെയടരിൽ തോല്പിച്ചു വീര-
വിജയശ്രീയേയുംകൊണ്ടു മടങ്ങിപ്പോരാൻ
മാനനീയമാകുമഭിമാനത്തിൽ പാദത്തിൽ തന്റെ
പ്രാണനെ പ്രീതിയോടൊത്തു ബലികഴിപ്പാൻ

മരണസിന്ധുവെ മഥിച്ചമരനാകുവാൻ, രണ-
ധരണിയിൽ അവനിന്നു പോയിരിക്കുന്നു
സാധവയോ വിധവയോ വിധിപോലാകട്ടെ യേതു-
വിധവുംനിൻ തിരസ്സേററമുയൻമിന്നും
ഏഴന്നേല്ക്കുകെഴന്നേല്ക്കുകഴകിൽകെട്ടുക കൂന്തൽ!
മിഴിനീർ തുടക്ക വീരനാരിമാർമൌലെ

പരിചകൾ പരസ്പരം പരിചയപ്പെട്ടും ദിക്കിൽ-
ത്വരിതം ഖഡ്ഗങ്ങൾ തമ്മിൽ പുണരും ദിക്കിൽ
കുടിലഭ്രൂഭംഗിമുഖത്തിടക്ക നടമാട്ടുമ്പോൾ
ഉടനുടനട്ടഹാസം കേൾക്കുമിടത്തിൽ-
ധമനികൾതോറും രക്തം തിളച്ചുവൊ ആമിടത്തിൽ-
യമപുരഭയങ്കരരണരംഗത്തിൽ-
ശത്രുവിൻ നിയന്ത്രണത്തെസ്സത്വരംകൈക്കൊണ്ടുവീര-
പത്നി! നിന്റെ ഭത്താവിന്നു പോയിരിക്കുന്നു.
സധവയോ വിധവയോ വിധിപോലാകട്ടെ, യേതു-
വിധവും നിൻ ശിരസ്സേററമുയൻ മിന്നും.
എഴന്നേല്ക്കുകെഴന്നേല്ക്കുകഴകിൽ കെട്ടുക കൂന്തൽ
മിഴിനീർ തുടക്ക വീരനാരിമാർമൌലെ;

സാന്ത്വനമോതുകില്ലാരും; സ്വാന്തധൈര്യമററ തോററ
പിന്തിരിഞ്ഞോട്ടുകില്ലാരു മാസ്ഥലത്തിങ്കൽ
ആയതു രക്തത്തിൽ മുങ്ങിക്കുളത്തടിക്കും കൃഷ്ണകായ-
നായ മൃത്യുവിന്റെ സാക്ഷാൽ നടന രംഗം.
ഘോരമാമാത്തനാദത്തെത്തകത്തു വിജയപട-
ഹാരവങ്ങൾ മുഴങ്ങുമാപ്പോർ മന്നിലല്ലൊ
ശൂരതകൾ കാണിക്കുവാൻ ധീരതയോടൊത്തുനിന്റെ
വീരനാം വല്ലഭനിന്നു പോയിരിക്കുന്നു.

സധവയോ വിധവയോ വിധിപോലാകട്ടെ, യേതു-
വിധവും നിൻ ശിരസ്സേററമുയൎന്നമിന്നും
എഴുന്നേല്ക്കുകെഴുന്നേല്ക്കൂ കഴകിൽ കെട്ടുക കൂന്തൽ;
മിഴിനീർ തുടക്ക വീരനാരിമാർമൌലെ!

ആഹവവഹ്നിയിൽ സ്വയമൈഹിക ക്ലേശങ്ങളെല്ലാ
മാഹുതി ചെയ്യാനദ്ദേഹം പോയിരിക്കുന്നു.
സമരത്തിൽ ജയം നേടിസ്സമയേ, വന്നിങ്ങുപൂകും;
അമരി, ലഥവാ, മരിച്ചമരനാകും;
അഞ്ചിതമാമാമഹിമ നെഞ്ചകത്തിലേററിക്കൊണ്ടു
പുഞ്ചിരിതൂകിനിനക്കും പഞ്ചത്വം പൂകാം.
സധവയോ വിധവയോ വിധിപോലാകട്ടെ യേതു-
വിധവും നിൻ ശിരസ്സേററമുയൎന്നു മിന്നും
എഴുന്നേല്ക്കുകെഴുന്നേല്ക്കൂ കഴികിൽ കെട്ടുക കൂന്തൽ-
മിഴിനീർ തുടക്കവീരനാരിമാർ മൌലെ!

(ദ്വാരരക്ഷകൻ പ്രവേശിക്കുന്നു.)

ദ്വാരരക്ഷകൻ:— തമ്പുരാട്ടി!

മഹാമായ:— എന്താണു വിശേഷം?

ദ്വാരരക്ഷകൻ:— മഹാരാജാവു തിരുമനസ്സുകൊണ്ടു തിരിച്ചെഴുന്നള്ളിയിരിക്കുന്നു.

മഹാമായ:— അദ്ദേഹം വന്നുവോ? യുദ്ധത്തിൽ ജയിച്ചു മടങ്ങിവന്നുവോ?

ദ്വാരരക്ഷകൻ:— അല്ല തമ്പുരാട്ടി! തിരുമനസ്സുകൊണ്ടു ഇത്തവണ യുദ്ധത്തിൽ പരാജിതനായിട്ടാണു് തിരിച്ചെഴുന്നള്ളിയിരിക്കുന്നതു്.

മഹാമായ:— പരാജിതനായിട്ടോ മടങ്ങിവന്നിരിക്കുന്നതു്? എടോ താൻ എന്താണീപറയുന്നതു്! പരാജിതനായി മടങ്ങിവന്നിരിക്കുന്നതാരു്?

ദ്വാരരക്ഷകൻ:— മഹാരാജാവു തിരുമനസ്സുകൊണ്ടു്.

മഹാമായ:— പരാജിതനായിട്ടോ മടങ്ങിവന്നിരിക്കുന്നതു്? എടൊ താൻ എന്താണീപറയുന്നതു്! പരാജിതനായി മടങ്ങിവന്നിരിക്കുന്നതാരു്?

ദ്വാരരക്ഷകൻ:— മഹാരാജാവു തിരുമനസ്സുകൊണ്ടു്.

മഹാമായ:— എന്തു്! മഹാരാജാവായ യശോവന്തസിംഹൻ പരാജിതനായി മടങ്ങിവന്നിരിക്കുന്നുവോ? വാസ്തവം തന്നെയോ ഞാൻ ഈ കേൾക്കുന്നതു്? യോധപുരത്തിലെ മഹാരാജാവു്—എന്റെ ഭർത്താവു്—യുദ്ധത്തിൽ തോററു മടങ്ങിവന്നിരിക്കുന്നു എന്നോ? ക്ഷത്രിയരുടെ ശൌര്യത്തിനു് ഇത്രമാത്രം അധഃപതനം നേരിട്ടു എന്നോ!—ഒരിക്കലുമില്ല. അതു വെറും അസംബന്ധം! തീരെ അസംഭാവ്യം! ക്ഷത്രിയവീരന്മാർ യുദ്ധത്തിൽ തോററിട്ടു് മടങ്ങിവരാറില്ല. മഹാരാജാവായ യശോവന്തസിംഹൻ ക്ഷത്രിയകുലചൂഡാമണിയാണു്. യുദ്ധത്തിൽ പരാജയം നേരിടുക അസാധാരണമല്ല; അതു പക്ഷെ സംഭവിച്ചിരിക്കാം. അങ്ങനെയാണെങ്കിൽ എന്റെ ഭർത്താവു പോർക്കളത്തിൽ മരിച്ചുകിടക്കുന്നുണ്ടായിരിക്കും. യശോവന്തസിംഹമഹാരാജാവു് യുദ്ധത്തിൽ തോററു് ഒരിക്കലും മടങ്ങിവരികയില്ല. മടങ്ങിവന്നിരിക്കുന്നതു് യശോവന്തസിംഹമഹാരാജാവല്ല. അതു് അദ്ദേഹത്തിന്റെ വേഷം ധരിച്ചിട്ടുള്ള മററു വല്ലവരുമായിരിക്കും. അയാളെ അകത്തു കടത്തേണ്ട. കോട്ടവാതൽ അടച്ചു കളയുക... ചാരണികളേ! പാടുവിൻ! വീണ്ടും പാടുവിൻ!

(ചാരണികൾ വീണ്ടും പാടുന്നു.)

ആഹവവഹ്നിയിൽ സ്വപ്രയമൈഹികക്ലേശങ്ങളെല്ലാ—
മാഹുതി ചെയ്യാനദ്ദേഹം പോയിരിക്കുന്നു.

സമരത്തിൽ ജയം നേടിസ്സമയേ വന്നിങ്ങു പൂകും;
അമരിലഥവാ, മരിച്ച മരനാകും.
അഞ്ചിതമാ മാ മഹിമ നെഞ്ചകത്തിലേററിക്കൊണ്ടു്
പുഞ്ചിരിതൂകി നിനക്കും പഞ്ചതപം പൂകാം.
സധവയോ വിധവയോ വിധിപോലാവട്ടെ, യേതു-
വിധവും നിൻ ശിരസ്സേററമുയന്നു മിന്നും.
എഴുന്നേല്ക്കുകെഴുന്നേല്ക്കു കഴകിൽ കെട്ടുക കൂന്തൽ;
മിഴിനീർ തുടക്ക വീരനാരിമാർ മൌലെ!

(പാടിക്കൊണ്ടു പോകുന്നു.)

## രംഗം 5

സ്ഥലം—വിജനമായ മൈതാനം.

സമയം—രാത്രി.

(അറംഗസീബ് തനിച്ചു നില്ക്കുന്നു.)

അറംഗസീബ്:—ആകാശം കാർമേഘങ്ങളാൽ മൂടപ്പെട്ടിരിക്കുന്നു. കൊടുങ്കാററു വീശുവാൻ ഭാവമുണ്ടു്. ഒരു നദികടന്നാണു് വന്നിരിക്കുന്നതു്. ഇതാ മററൊന്നു കൂടി—കോളുകൊണ്ടു ഓളംവെട്ടി, ഇളകിമറിഞ്ഞു ഭയങ്കരമായി—മുമ്പിൽ കാണപ്പെടുന്നു. എന്തൊരു വിസ്താരമേറിയ നദി! നോക്കിയാൽ മറുകര കാണുന്നില്ല. എന്നാലും കടക്കാതെ നിവൃത്തിയില്ല. ഈ കാണുന്ന വഞ്ചികളതന്നെ കടക്കണം.

(മൊറാദ് പ്രവേശിക്കുന്നു.)

അറംഗസീബ്:—മൊറാദ്! എന്താണു് വത്തമാനം?

മൊറാദ്:—ദാറയുടെ കൂടെ ഒരു ലക്ഷം അശ്വഭടന്മാരും ഒരു നൂറു പീരങ്കികളുമുണ്ടു്.

അറംഗസീബ്:—സൂക്ഷ്മമായ വത്തമാനമാണോ?

മൊറാദ്:—അതെ, സൂക്ഷ്മവൎത്തമാനംതന്നെ. മടങ്ങിവന്ന ചാരന്മാർ എല്ലാവരും പറയുന്നതു് ഈ ഒരേ അഭിപ്രായമാണു്.

അറംഗസീബ്:— (ലാത്തിക്കൊണ്ടു്) അപ്പോൾ—വേണ്ട. അതു പാടില്ല—അങ്ങിനെതന്നെ!

മൊറാദ്:—ഈ പൎവ്വതത്തിൻെറ മറുവശത്താണു് ദാറാ പാളയമടിച്ചിരിക്കുന്നതു്.

അറംഗസീബ്:— ഈ കാണുന്ന പൎവ്വതത്തിൻെറ മറുവശത്തോ?

മൊറാദ്:—അതെ.

അറംഗസീബ്:—ശരി—ഒരു ലക്ഷം അശ്വഭടന്മാരുണ്ടു്, അല്ലേ?—പിന്നെ—

മൊറാദ്:—നമുക്കു നാളെ കാലത്തേതന്നെ—

അറംഗസീബ്:— അതുതു്; സംസാരിക്കണ്ട. ഞാനൊന്നാലോചിക്കട്ടെ—ഇത്ര വളരെ സൈന്യം ദാറാക്കു് എവിടെനിന്നു കിട്ടി? കൂടാതെ വലിയ തോക്കുകൾ നൂറു്—ആട്ടെ; കൊള്ളാം: നീ ഇപ്പോൾ പൊയ്ക്കോളൂ മൊറാദ്. ഞാൻ ഒന്നാലോചിച്ചുനോക്കട്ടെ.

(മൊറാദ് പോകുന്നു.)

അറംഗസീബ്:—അപ്പോൾ ഇങ്ങനെയാണു് കാൎയ്യത്തിൻെറ കിടപ്പു്—ഈ ഘട്ടത്തിൽ പിൻവലിഞ്ഞാൽ ആപത്തു്; ആക്രമിച്ചാൽ ഉന്മൂലനാശം—നൂറു പീരങ്കികളുണ്ടല്ലൊ—ഒരു കാൎയ്യം ചെയ്താലോ?—അതു വേണ്ട. അതു നടക്കുന്ന കാൎയ്യമല്ല—ആകപ്പാടെ കുഴപ്പംതന്നെ. (ദീൎഘശ്വാസം വിട്ടിട്ടു്) എടോ! അറംഗസീബ്! ഇതാണു് തൻെറ പരീക്ഷാഘട്ടം. ഇത്തവണ തനിക്കു് ഒന്നുകിൽ അഭ്യുദയം; അല്ലെങ്കിൽ അധഃപതനം— അധഃപതനമോ? — ഛേ! ആതൊരിക്കലുമില്ല—അഭ്യുദയംതന്നെ—പക്ഷേ അതിനു

മാറ്റമെന്തു്?— എന്തൊക്കെ വന്നുചേരുമെന്നു നിശ്ചയിപ്പാൻ വയ്യ.

(മൊറാദ് വീണ്ടും പ്രവേശിക്കുന്നു)

അറംഗസീബ്:—എന്താണ് നീ വീണ്ടും വന്നിരിക്കുന്നതു്?

മൊറാദ്:—ശത്രുപക്ഷത്തുനിന്നും ശായേസ്താഖാൻ ജ്യേഷ്ഠനെ കണ്ടു സംസാരിക്കുവാൻ വന്നുനില്ക്കുന്നു.

അറംഗസീബ്:—വന്നുവോ? കൊള്ളാം. ബഹുമാനപൂർവ്വം കൂട്ടിക്കൊണ്ടുവരിക. അല്ലെങ്കിൽ വേണ്ട. ഞാൻതന്നെ പോയി കണ്ടുകളയാം.

(പോകുന്നു)

മൊറാദ്:— ഇതിൻെറ അർത്ഥമെന്തായിരിക്കാം? നമ്മുടെ ശിബിരത്തിൽ ശായേസ്താഖാനു കാര്യമെന്തു്? ജ്യേഷ്ഠൻ ഗൂഢമായി എന്തൊക്കെയോ ഉള്ളിൽ കരുതീട്ടുണ്ടു്. ശായേസ്താഖാൻ ജ്യേഷ്ഠൻെറ നേരെ വിശ്വാസവഞ്ചന പ്രവർത്തിക്കുമോ? വരട്ടെ എന്തൊക്കെയാണു ഭാവമെന്നു കാണട്ടെ. (ചുററിനടക്കുന്നു.)

(അറംഗസീബ് വീണ്ടും പ്രവേശിക്കുന്നു.)

അറംഗസീബ്:— പ്രിയപ്പെട്ട സഹോദര! മൊറാദ്! ഈ നിമിഷത്തിൽതന്നെ നമുക്കു സൈന്യസമേതം ആഗ്രായിലേക്കു പുറപ്പെടണം. ഉടൻ ഒരുങ്ങിക്കൊൾക.

മൊറാദ്:—ഇതെന്തുകഥ! ഈ രാത്രിസമയത്തോ?

അറംഗസീബ്:—അതെ. ഈ രാത്രിസമയത്തുതന്നെ. കൂടാരങ്ങളെല്ലാം അതേനിലയിൽ നിന്നുകൊള്ളട്ടെ. ദാറായുടെ സൈന്യങ്ങൾ നമ്മളെ ആക്രമിക്കയില്ല. ഈ പർവ്വതത്തിൻെറ അങ്ങേ അററത്തുകൂടി ആഗ്രായിലേക്കു പോകുവാൻ ഒരു വഴിയുണ്ടു്. നമുക്കു് ആ വഴിയെ പോയാൽ മതി. ദാറാ സംശയിക്കയില്ല. അദ്ദേഹത്തിനു

മുമ്പായി നമുക്കു് ആഗ്രായിൽ എത്തണം. വേഗം ഒരു ങ്ങുക.

മൊറാദ്:—ഈ രാത്രിതന്നെയൊ?

അറംഗസീബ്:—തക്കിച്ചുനില്ക്കുവാൻ സമയമില്ല. സിംഹാസനം വേണമെങ്കിൽ സംശയിക്കാതെ പറഞ്ഞതു കേൾക്കുക. അല്ലാത്തപക്ഷം ആപത്താണു്. അതു നല്ലവണ്ണം മനസ്സിലാക്കണം.

(രണ്ടുപേരും പോകുന്നു.)

## രംഗം ൩.

സ്ഥലം—അലഹബാദിൽ സുലേമാൻെറ ശിബിരം.

സമയം—കാലത്തു് എട്ടുമണി.

(ജയസിംഹനും ദിലീർഖാനും നില്ക്കുന്നു.

ദിലീർഖാൻ:—ഒടുവിൽ നടന്ന യുദ്ധത്തിലും അറംഗസീബ് വിജയിയായിരിക്കുന്നു. അങ്ങു് അതു കേട്ടുവോ?

ജയസിംഹൻ:—എനിക്കതു പണ്ടുതന്നെ അറിയാം.

ദിലീർഖാൻ:—ശായേസ്താഖാൻ വിശ്വാസവഞ്ചന പ്രവൎത്തിച്ചു. ആഗ്രായ്ക്കു് അടുത്തുവെച്ചു ഭയങ്കരമായ യുദ്ധമുണ്ടായി. ദാറാ അതിൽ തോററു ദോവാരിയിലേക്കു ഓടിപ്പൊയ്ക്കളഞ്ഞു. ആകപ്പാടെ നൂറു ഭടന്മാരും മുപ്പതുലക്ഷം വരാഹനും മാത്രമേ ഓടിപ്പോകുമ്പോൾ അദ്ദേഹത്തിൻെറ കൂടെ ഉണ്ടായിരുന്നുള്ളു.

ജയസിംഹൻ:—അദ്ദേഹത്തിനു നിശ്ചയമായും ഓടിപ്പോകേണ്ടിവരുമെന്നു് എനിക്കു മുമ്പുതന്നെ അറിയാമായിരുന്നു.

ദിലീർഖാൻ:—അങ്ങു മുൻകൂട്ടി അറിയാത്ത കാൎയ്യം ലോകത്തിൽ ഒന്നുമില്ലല്ലൊ:—ഓടിപ്പോകുന്ന തിരക്കിൽ പണമായിട്ടു വളരെയൊന്നും കൂടെക്കൊണ്ടുപോകുവാൻ ദാറായ്ക്കു

സാധിച്ചില്ല. പക്ഷെ പിന്നീടു കേട്ട വൃദ്ധനായ ചക്രവ ൎത്തി അമ്പത്തോഴ "കുതിരകൾക്കു" എടുക്കാവുന്നിടത്തോളം സ്വൎണ്ണനാണ്യങ്ങൾ അദ്ദേഹത്തിന്നു് അയച്ചുകൊടുത്തു എന്നു്. എന്നാൽ വഴിക്കുവെച്ചു് അതും മലങ്കള്ളന്മാർ കൊള്ളയിട്ടു കൊണ്ടുപൊയ്ക്കളഞ്ഞുവത്രെ.

ജയസിംഹൻ—അയ്യോ! പാവം! അതു കഷ്ടമായി.—എങ്കിലും അതും എനിക്കു പണ്ടേ അറിയാമായിരുന്നു.

ദിലീർഖാൻ:—അറംഗസീബും മൊറാദും ജയഭേരി മുഴക്കിക്കൊണ്ടു് ആഗ്രായിൽ പ്രവേശിച്ചിരിക്കുന്നു. ഇനി ചുരുക്കത്തിൽ ചക്രവൎത്തി അറംഗസീബുതന്നെ.

ജയസിംഹൻ:—ഇങ്ങനെയെല്ലാം വരുമെന്നു് എനിക്കു പണ്ടേ തന്നെ അറിയാം.

ദിലീർഖാൻ:—ഞാൻ സൈന്യസമേതം സുലേമാനെ ഉപേക്ഷിച്ചുംവെച്ചു ചെല്ലുന്ന പക്ഷം എനിക്കു തക്കതായ സമ്മാനം തരാമെന്നു് അറംഗസീബു് എഴുതി അയച്ചിരിക്കുന്നു. അങ്ങേക്കും അങ്ങനെതന്നെ എഴുതി അയച്ചിട്ടുണ്ടായിരിക്കും, ഇല്ലേ?

ജയസിംഹൻ:—ഉവ്വു്.

ദിലീർഖാൻ:—ഈ യുദ്ധത്തിന്റെ ഭാവിഫലത്തേസംബന്ധിച്ചിടത്തോളം അങ്ങയുടെ അഭിപ്രായം എന്താണു്?

ജയസിംഹൻ:—ഇന്നലെ ഞാൻ ഒരു ജ്യോത്സ്യനെ വരുത്തി ഈ യുദ്ധത്തിന്റെ ഭാവിഗുണദോഷങ്ങളെപ്പററി ചോദിക്കയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായം അന്തരീക്ഷത്തിൽ അറംഗസീബിന്റെ ഭാഗ്യതാരം ഉദിച്ചുയരുകയും ദാറായുടേതു് അധഃപതിക്കുകയും ചെയ്യുന്നു എന്നാണു്.

ദിലീർഖാൻ:—ആ സ്ഥിതിക്കു് ഇനി നമ്മുടെ കൎത്തവ്യം എന്താണു്?

ജയസിംഹൻ:—ഞാൻ പ്രവൎത്തിക്കുന്നതു കണ്ടു നിങ്ങളും പ്രവൎത്തിക്കുക.

ദിലീർഖാൻ:—കൊള്ളാം. അങ്ങിനെതന്നെ. ഈ വക കാൎയ്യങ്ങളിൽ എന്റെ ബുദ്ധിക്ക് അത്ര വളരെ പരിചയമില്ല. പക്ഷെ ഒരു കാൎയ്യമുണ്ടു്—

ജയസിംഹൻ:—മിണ്ടാതിരിക്കു. അതാ സുലേമാൻ വരുന്നു.

(സുലേമാൻ പ്രവേശിക്കുന്നു.)

ജയസിംഹനും ദിലീർഖാനും:—രാജകുമാരാ! വന്ദനം!

സുലേമാൻ:—മഹാരാജാവേ! എന്റെ പിതാവു പരാജിതനായി പലായനം ചെയ്തിരിക്കുന്നു. ഇതാ ഷാജിഹാൻ ചക്രവൎത്തിയുടെ എഴുത്തു്. (എഴുത്തു കൊടുക്കുന്നു.)

ജയസിംഹൻ:—(എഴുത്തു വായിച്ചിട്ടു്.) കുമാര! ഇതു വാസ്തവം തന്നെയൊ?

സുലേമാൻ:—അച്ഛനെ സഹായിക്കുവാനായി സൈന്യസമേതം ഉടനെ പുറപ്പെടണമെന്നാണ് ചക്രവൎത്തി എഴുതിയിരിക്കുന്നതു്. ഞാൻ ഈക്ഷണത്തിൽതന്നെ പുറപ്പെടുവാൻ നിശ്ചയിച്ചിരിക്കുന്നു. കൂടാരങ്ങളെല്ലാം പൊളിച്ചു് യാത്രക്ക് ഒരുങ്ങിനില്ക്കുവാൻ സൈന്യങ്ങൾക്ക് അങ്ങ കല്പന നല്കണം.

ജയസിംഹൻ:—എന്റെ അഭിപ്രായത്തിൽ വിശ്വസിക്കത്തക്ക വേറെ തെളിവു കിട്ടുന്നതുവരെ കുമാരൻ അടങ്ങിപ്പാൎക്കുകയാണ് ഉചിതമെന്നു തോന്നുന്നു. ഖാൻ സാഹേബു് എന്തു പറയുന്നു?

ദിലീർഖാൻ:—എനിക്കും അതുതന്നെയാണ് അഭിപ്രായം.

സുലേമാൻ:— ഇതിനേക്കാൾ വിശ്വസനീയമായി ഇനി മറെറന്തു തെളിവാണു കിട്ടുവാനുള്ളതു്? ചക്രവൎത്തിയുടെ സ്വന്തം കൈപ്പടയാണല്ലൊ ഇതു്.

ജയസിംഹൻ:—ഇതു കൃത്രിമമെന്നാണ് എനിക്കു തോന്നുന്ന

ളു്. വിശേഷിച്ചും ചക്രവൎത്തി തിരുമനസ്സുകൊണ്ടു് ഇപ്പോഠം അശക്തനാണു്. അദ്ദേഹത്തിൻെറ കല്പന കല്പനയേ അല്ല. അങ്ങയുടെ പിതാവിൻെറ കല്പനകൂടാതെ ഈ സ്ഥലത്തുനിന്നും ഒരടിപോലും ഇളകുന്നതിനു ഞങ്ങഠംക്കു നിവൃത്തിയില്ല. എന്താ ദിലീർഖാൻ ?

ദിലീർഖാൻ:—അതു ശരിയാണു്.

സുലേമാൻ:—പിതാവു പരാജിതനായി പലായനം ചെയ്തിരിക്കയാണല്ലൊ. അദ്ദേഹം എങ്ങിനെയാണു് കല്പന തരുന്നതു് ?

ജയസിംഹൻ:— എന്നാൽ ഇനി നമുക്കു് അദ്ദേഹത്തിൻെറ സ്ഥാനത്തുള്ള അറംഗസീബിൻെറ കല്പനയെ കാത്തിരിക്കയേ തരമുള്ളൂ.

സുലേമാൻ:—എന്തു്! അറംഗസീബിൻെറ കല്പനക്കായി— എൻെറ പിതാവിൻെറ പരമശത്രുവായ ആ അറംഗസീബിൻെറ കല്പനക്കായി ഞാൻ കാത്തിരിക്കണമെന്നോ ?

ജയസിംഹൻ:— അങ്ങു കാത്തിരിക്കണമെന്നില്ല. ഞങ്ങഠംക്കു് അങ്ങനെയല്ലാതെ ചെയ്യാൻ തരമില്ലല്ലൊ. എന്താ അങ്ങനെയല്ലെ ദിലീർഖാൻ ?

ദിലീർഖാൻ:—അതെ. കാൎയ്യത്തിൻെറ നില അത്തരത്തിലാണു കിടക്കുന്നതു്.

സുലേമാൻ:—അല്ലയോ ജയസിംഹ! അല്ലയൊ ദിലീർഖാൻ! അപ്പോഠം നിങ്ങഠം രണ്ടുപേരും ഗൂഢമായി എന്തോ കൃത്രിമത്തിനു് ആലോചിക്കയാണു് അല്ലേ ?

ജയസിംഹൻ:—ഞങ്ങഠം എന്തുപിഴച്ചു ? തക്കതായ കല്പന കൂടാതെ ഞങ്ങഠം എങ്ങനെയാണു് എന്തെങ്കിലും പ്രവൎത്തിക്കുന്നതു് ? യുവരാജാവായ ദാറായോടു ചേരുന്നതിനായി ലാഹോറിലേക്കു പുറപ്പെടുന്നതിനുള്ള ശരിയായ കല്പന ഇനിയും ഞങ്ങഠംക്കു കിട്ടീട്ടില്ലല്ലൊ.

സുലേമാൻ:—ഇതാ ഞാൻ തന്നിരിക്കുന്ന കല്പന.

ജയസിംഹൻ:—അങ്ങയുടെ കല്പന കേട്ടിട്ട് അങ്ങയുടെ പിതാവിൻെറ കല്പനയെ അവഗണിക്കുവാൻ ഞങ്ങൾക്കു തരമില്ല. അങ്ങനെ ചെയ്യാൻ പാടുണ്ടോ ദിലീർഖാൻ?

ദിലീർഖാൻ:—അങ്ങനെ ചെയ്യുന്നതു ശരിയല്ല.

സുലേമാൻ:—മനസ്സിലായി. നിങ്ങൾ ശ്രദ്ധമായി എന്തോ കൃത്രിമത്തിനു മുതിൎന്നിരിക്കയാണ്. ആട്ടെ, എന്നാൽ ഞാൻതന്നെ സൈന്യങ്ങൾക്കു കല്പന നല്കാം.

(പോകുന്നു.)

ദിലീർഖാൻ:— എന്താ മഹാരാജാവേ? ഇപ്പോൾ എന്തു പറയുന്നു?

ജയസിംഹൻ:—ദിലീർഖാൻ! നിങ്ങൾ അശേഷം ഇളകണ്ട. സൈന്യങ്ങളെയെല്ലാം ഞാൻ സ്വാധീനപ്പെടുത്തിവെച്ചിരിക്കയാണ്.

ദിലിർഖാൻ:—അങ്ങയെപ്പോലെ കൌശലവും കാൎയ്യക്ഷമതയും ഞാൻ മററാരിലും കണ്ടിട്ടില്ല. പക്ഷെ ഈ പ്രവൃത്തി ഉചിതമാണോ?

ജയസിംഹൻ:—യുക്തിയൊന്നും പറയണ്ട. ഇനി നാം കുറച്ചുകാലത്തേക്ക് ഇരുഭാഗത്തും ചേരാതെ കാഴ്ചക്കാരായി ഒഴിഞ്ഞുനില്ക്കുകയാണു വേണ്ടതു്. അറംഗസീബിൻെറ പക്ഷത്തിൽതന്നെ ചേൎന്നുകളയാമെന്നു തീൎത്തുപറയുവാൻ ഇപ്പോഴും എനിക്കു നല്ല ധൈൎയ്യമില്ല. കുറെക്കൂടി കഴിയട്ടെ. എന്തൊക്കെയാണ് ഭാവമെന്നുകാണാം, ഒരുപക്ഷെ—

(സുലേമാൻ വീണ്ടും പ്രവേശിക്കുന്നു.)

സുലേമാൻ:—സൈന്യങ്ങളും നിങ്ങളുടെ കൃത്രിമത്തിൽ പങ്കുകൊണ്ടിരിക്കയാണ്. നിങ്ങളുടെ കല്പനകൂടാതെ നിന്നിടത്തുനിന്നും ഇളകുവാൻപോലും അവർ ഒരുക്കമല്ലെന്നു പറയുന്നു.

ജയസിംഹൻ:—അതിൽ അത്ഭുതപ്പെടുവാൻ വിശേഷിച്ചൊന്നുമില്ലല്ലൊ.

സുലേമാൻ:—മഹാരാജാവേ! എന്റെ പിതാവിനെ സഹായിക്കുവാൻ ഞാൻ പോകണമെന്നു ചക്രവൎത്തി എനിക്ക് എഴുതി അയച്ചിരിക്കുന്നു. പിതാവിന്റെ സമീപത്തിൽ ചെല്ലുന്നതിനുള്ള ആശയാൽ എന്റെ ഹൃദയം അസ്വസ്ഥമായി ചമഞ്ഞിരിക്കയാണ്. ഞാൻ ഇതാ നിങ്ങളോടു താഴ്മയായി അപേക്ഷിക്കുന്നു:—അല്ലയോ ദിലീർഖാൻ! ദാറായുടെ പുത്രനായ ഞാൻ ഇതാ ഇരുകയ്യും കൂപ്പിക്കൊണ്ടു പ്രാൎത്ഥിക്കുന്നു. നിങ്ങൾ വരണമെന്നില്ല; എന്റെകൂടെ അച്ഛന്റെ സമീപത്തിൽ ലാഹോറിലേക്കു യാത്രയാകുന്നതിന് എന്റെ സൈന്യങ്ങൾക്കു കല്പന നല്കിയാൽമാത്രം മതി. രാജ്യം തട്ടിപ്പറിച്ച ഈ അറംഗസീബിന് എത്രത്തോളം ശൌൎയ്യമുണ്ടെന്നു ഞാനൊന്നു കാണട്ടെ. എന്റെ ഈ പരാക്രമശാലികളായ സൈന്യങ്ങളേയും കൂട്ടിക്കൊണ്ട് വീണ്ടും പടക്കളത്തിൽ ഇറങ്ങുവാൻ എനിക്കു സാധിച്ചെങ്കിൽ—മഹാരാജാവേ! ദിലീർഖാൻ! ദയവുചെയ്തു സൈന്യങ്ങൾക്കു കല്പന നല്കുവിൻ! ഈ ഒരു ഉപകാരം എനിക്കു ചെയ്തുതരുവിൻ! ഈ ദയയ്ക്കുവേണ്ടി ആജീവനാന്തം ഞാൻ നിങ്ങളുടെ ദാസനായി വൎത്തിച്ചുകൊള്ളാം.

ജയസിംഹൻ:—ചക്രവൎത്തിയുടെ കല്പനകൂടാതെ ഞങ്ങൾ ഈ സ്ഥലത്തുനിന്ന് ഒരടിപോലും ഇളകുകയില്ല.

സുലേമാൻ:—അല്ലയോ ദിലീർഖാൻ! ഞാൻ—യുവരാജാവായ ദാറായുടെ പുത്രനായ ഞാൻ—മുട്ടുകുത്തിക്കൊണ്ടു—കാൽക്കൽ വീണുകൊണ്ട്—ഇതാ താഴ്മയോടെ അപേക്ഷിക്കുന്നു.

(മുട്ടുകുത്തുന്നു.)

ദിലീർഖാൻ:—രാജകുമാര! എഴുന്നേല്ക്കണം. മഹാരാജാവു

കല്പന നല്കിയില്ലെങ്കിൽ പോകട്ടെ; ഞാൻ നല്കാം. ദാറാ യുടെ ഉപ്പും ചോറും തിന്നവനാണു ഞാൻ. തിന്ന ചോ റ്റിൽ മണ്ണുവാരി എറിയുന്ന ജാതിക്കാരല്ല മുസൽമാന്മാർ. വരണം രാജകുമാര! ഞാൻ എന്റെ അധീനത്തിലുള്ള സ കല സൈന്യങ്ങളോടുംകൂടി അങ്ങയുടെകൂടെ ലാഹോറി ലേക്കു പോന്നുകൊള്ളാം. രാജകുമാരൻ എന്നെ ഉപേക്ഷി ക്കാത്തപക്ഷം ഞാൻ രാജകുമാരനെ ഉപേക്ഷിക്കുന്നതല്ലെ ന്നു് ഇതാ ഞാൻ ശപഥം ചെയ്യുന്നു. വേണ്ടിവരുന്നപ ക്ഷം യുവരാജാവായ ദാറായുടെ പുത്രനുവേണ്ടി ഞാൻ ജീവനെക്കൂടി ബലികഴിക്കുന്നതാണു്. രാജകുമാര! വരണം. ഈ നിമിഷത്തിൽതന്നെ ഞാൻ സൈന്യങ്ങൾക്കു കല്പന നല്കിയേക്കാം.

(സുലേമാനും ദിലീർഖാനും പോകുന്നു.)

ജയസിംഹൻ:—ആങ്ഹാ! ഇത്രയേ ഉള്ളു കോപ്പു! ഒരു തുള്ളി കണ്ണീരിൽ ഖാൻ സാഹേബ് അലിഞ്ഞുപോയി തന്റെ സ്വന്തം നന്മയെപ്പററി ചിന്തിച്ചതേയില്ല. ഇനി ഞാൻ എന്താണു ചെയ്യേണ്ടതു്? എന്റെ അധീനത്തി ലുള്ള സൈന്യങ്ങളേയും കൂട്ടിക്കൊണ്ടു് ആഗ്രായിലേക്കു തന്നെ പൊയ്ക്കളയാം.

(പോകുന്നു.)

## രംഗം ൭.

സ്ഥലം.—ആഗ്രായിലെ അരമന.

സമയം:—കാലത്തു എട്ടുമണി.

ഷാജിഹാനും ജാഹനാരയും പ്രവേശിക്കുന്നു.

ഷാജിഹാൻ:—ജാഹനാരേ! അറംഗസീബിന്റെ വരവിനെ ഞാൻ ഉൽകണ്ഠയോടെ കാത്തിരിക്കയാണു്. എന്റെ പു ത്രനല്ലേ അവൻ. ഉദ്ധതനും വിജയിയുമായ എന്റെ പു

ത്രുനാണല്ലോ അവൻ. അവൻ എനിക്കൊരത്യന്തം അഭിമാനവുമാണ്.

ജാഹനാര:—അഭിമാനമോ അച്ഛാ? ഇത്ര വഞ്ചകനും ഇത്ര നീചനുമായ അവൻ അച്ഛന്റെ അഭിമാനമോ? അന്നു ഞാൻ അവന്റെ ശിബിരത്തിൽ പോയപ്പോൾ അച്ഛന്റെ നേരെ എന്തൊരഗാധമായ ഭക്തിയാണ് അവൻ പ്രദർശിപ്പിച്ചത്! എത്ര മധുരമായ വാക്കുകളാണ് അവൻ പറഞ്ഞത്! "ഞാൻ മഹാപാപം പ്രവർത്തിച്ചുപോയി. ദാറായുടെ പക്ഷത്തിലുള്ള യോഗ്യരായ വീരന്മാരുടെ പേരുകൾ കേൾക്കുന്നപക്ഷം ഞാൻ ഉടൻതന്നെ യാതൊരു സംശയവും കൂടാതെ മൊറാദിനെ വെടിഞ്ഞു ദാറായുടെ ഭാഗത്തു ചേർന്നുകൊള്ളാം" എന്നൊക്കെ പറഞ്ഞു. അവൻ ഒന്നുരണ്ടുതുള്ളി കണ്ണുനീർ വീഴ്ത്തുകകൂടിച്ചെയ്തു. ശുദ്ധഹൃദയയായ ഞാൻ അതൊക്കെ നേരാണെന്നു വിശ്വസിച്ചു. ഭാഗ്യഹീനനായ ദാറായുടെ ഗുണകാംക്ഷികളായ ആളുകൾ ഇന്നിന്നവരാണെന്ന് അവനോടു പറഞ്ഞുപോയി. ഉടനേതന്നെ ആ ആളുകളെയെല്ലാം ബന്ധനസ്ഥരാക്കുകയാണ് ആ വഞ്ചകൻ ചെയ്തത്. ഞാൻ ദാറാക്ക് ഒരെഴുത്തയച്ചിരുന്നു. അതും അവൻ വഴിക്കുവെച്ചു കൈവശപ്പെടുത്തിക്കളഞ്ഞു:—ദ്രോഹി! ദുഷ്ടൻ! വഞ്ചകൻ!

ഷാജിഹാൻ:—ഇല്ല, ജാഹനാരെ! അങ്ങിനെയൊന്നും അവൻ പ്രവർത്തിക്കുകയില്ല. ഇല്ല. ഇല്ല, ഒരിക്കലുമില്ല. ഞാൻ ഈ കാര്യം അശേഷം വിശ്വസിക്കയില്ല.

ജാഹനാര:—അവൻ ഈ കോട്ടയ്ക്കുള്ളിൽ ഒന്നു കടക്കട്ടെ. അവനെ ഞാൻ ഉപായത്തിൽ ബന്ധനസ്ഥനാക്കും. ഈ കാണുന്ന മുറിയിൽ ആയുധപാണികളായ നൂറു ഭടന്മാരെ ഗൂഢമായി ഞാൻ ഒളിച്ചുനിർത്തിയിട്ടുണ്ട്. അവനെ അച്ഛന്റെ മുമ്പിൽവെച്ചുതന്നെ ബന്ധനസ്ഥനാക്കും.

ഷാജിഹാൻ:—ജാഹനാരേ! നീ എന്താണിങ്ങനെ പറയുന്നതു്? എൻെറ പുത്രനും നിൻെറ സഹോദരനുമല്ലേ അവൻ? വേണ്ട ജാഹനാരേ! അതൊന്നുമാവശ്യമില്ല. അവൻ ഇവിടെ വന്നുകൊള്ളട്ടെ. ഞാൻ അവനെ സ്നേഹംകൊണ്ടു വശപ്പെടുത്താം. അതുകൊണ്ടു് അവൻ വശപ്പെടുന്നില്ലെങ്കിൽ—സ്നേഹത്തിനു് അവൻ കീഴ്പ്പെടുന്നില്ലെങ്കിൽ—അവൻെറ അച്ഛനായ ഞാൻ അവൻെറ മുമ്പിൽ മുട്ടുകുത്തി—അവൻെറ കാല്ക്കൽ വീണു്—അവനോടു നമ്മുടെ പ്രാണരക്ഷയ്ക്കായി യാചിക്കും. "ഞങ്ങൾക്ക മറെറാന്നും വേണ്ട. ഞങ്ങളെ ജീവനോടെ വിട്ടയച്ചാൽ മതി; അന്യോന്യം സ്നേഹിച്ചു ലോകത്തിൽ ജീവിക്കുവാൻ ഞങ്ങളെ അനുവദിച്ചാൽ മാത്രം മതി" എന്നു ഞാൻ അവനോടു കിഴിഞ്ഞപേക്ഷിക്കും.

ജാഹനാര:— ആ അപമാനത്തിൽനിന്നു് അച്ഛനെ ഞാൻ രക്ഷിക്കും.

ഷാജിഹാൻ:—പുത്രൻെറ അടുക്കൽ യാചിക്കുന്നതു് അപമാനകരമല്ല.

(മഹമ്മതു് പ്രവേശിക്കുന്നു.)

ഷാജിഹാൻ:—ഇതാ മഹമ്മദല്ലേ ഈ വന്നിരിക്കുന്നതു്! മഹമ്മദ്! നിൻെറ അച്ഛനെവിടെ?

മഹമ്മദ്:— വല്യച്ഛ! അതെനിക്കറിഞ്ഞുകൂടാ.

ഷാജിഹാൻ:— നീ എന്താണിങ്ങനെ പറയുന്നതു്? അവൻ ഇവിടെ വരുന്നതിന്നായി കുതിരപ്പുറത്തു കയറിപ്പുറപ്പെട്ടു എന്നാണല്ലോ ഞാൻ കേട്ടതു്!

മഹമ്മദ്:— ആരു പറഞ്ഞു? അച്ഛൻ കുതിരപ്പുറത്തു കയറി, നിസ്കരിക്കുവാനായി അക്ബറിൻെറ ശവകുടീരത്തിലേക്കാണല്ലോ പോയതു്. എൻെറ അറിവിൽപ്പെട്ടിടത്തോളം ഇവിടെ വരണമെന്നുള്ള ഉദ്ദേശമേ അച്ഛനു് ഇല്ല.

ജാഹനാര:— മഹമ്മദ്! എന്നാൽ നീ എന്തിനാണ് ഇവിടെ വന്നിരിക്കുന്നതു്?

മഹമ്മദ്:— ഈ കോട്ട കൈവശപ്പെടുത്തുവാൻ.

ഷാജിഹാൻ—എന്നുപറഞ്ഞു:— അല്ല മനസ്സിലായി, നീ തമാശ പറയുകയാണ്.

മഹമ്മദ്:— അല്ല വല്യച്ഛാ! ഞാൻ പറഞ്ഞതു പരമാത്ഥമാണ്.

ജാഹനാര:—കൊള്ളാം. എന്നാൽ ഞാൻ നിന്നെത്തന്നെ ഇപ്പോഠം ബന്ധനസ്ഥനാക്കിയേക്കാം.

ജാഹനാര ഒരു കുഴലെടുത്തു ഊതുന്നു. ഉടനെ ആയുധപാണികളായ അഞ്ചു ഭടന്മാർ പ്രവേശിക്കുന്നു.

ജാഹനാര:—മഹമ്മദ്! ആയുധം താഴെവെക്കൂ.

മഹമ്മദ്:—അതെന്തിനു്?

ജാഹനാര:—നീ ഇപ്പോഠം എൻെറ തടവുപുള്ളിയാണ്. ഭടന്മാരേ! അവൻെറ കയ്യിൽനിന്നു ആയുധം വെപ്പിക്കുവിൻ.

മഹമ്മദ്:—എന്നാൽ ഞാനും എൻെറ അംഗരക്ഷകന്മാരെ വിളിക്കട്ടെ. (കുഴൽ ഊതുന്നു)

(പത്തു അംഗരക്ഷകന്മാർ പ്രവേശിക്കുന്നു)

മഹമ്മദ്:—(അംഗരക്ഷകന്മാരോടു) എൻെറ ആയിരം ഭടന്മാരേയും ഇങ്ങോട്ടു വിളിക്കുക.

ജാഹനാര:—ആയിരം ഭടന്മാരൊ! അവരെ കോട്ടക്കുള്ളിൽ കടക്കുവാൻ അനുവദിച്ചതാരു്?

ഷാജിഹാൻ:—ജാഹനാരേ! ഞാനാണ് അനുവദിച്ചതു്. എല്ലാററിന്നും കുററക്കാരൻ ഞാൻതന്നെ. ഞാൻ സ്നേഹംമൂലം അറംഗസീബിൻെറ എഴുത്തിൽ ആവശ്യപ്പെട്ടതെല്ലാം അനുവദിച്ചുപോയി. കഷ്ടം! ഈ കാൎയ്യം ഞാൻ സ്വപ്നത്തിൽപോലും ഓൎത്തിരുന്നതല്ല—മഹമ്മദ്!

മഹമ്മദ്:— വല്യച്ഛാ!

ഷാജിഹാൻ:—ഞാൻ ഇപ്പോൾ നിന്റെ തടവുപുള്ളിയായിത്തീൎന്നിരിക്കയാണു്, അല്ലേ?

മഹമ്മദ്:—വല്യച്ഛൻ തടവുപുള്ളിയല്ല. എന്നാൽ വല്യച്ഛനു വെളിയിൽ പോകുവാൻ അനുവാദമില്ല.

ഷാജിഹാൻ:—എന്തു്? എനിക്കു നല്ലവണ്ണം മനസ്സിലാകുന്നില്ല. ഈ നടക്കുന്നതു വാസ്തവസംഭവംതന്നെയാണോ? അതോ എല്ലാം സ്വപ്നമോ? ഞാൻ ആരു്? ഞാൻ ചക്രവൎത്തിയായ ഷാജിഹാൻ തന്നെയോ? എന്റെ മുമ്പിൽനിന്നുകൊണ്ടു വാളിളക്കിക്കാണിക്കുന്ന നീ എന്റെ പൌത്രൻ തന്നെയോ? ഇതെന്തു മറിമായം! ഒരൊററ ദിവസംകൊണ്ടു ലോകത്തിലെ നിയമങ്ങളെല്ലാം കീഴ്മേൽ മറിഞ്ഞുപോയോ? ഒരു കാലത്തു, കോപംകൊണ്ടു കലങ്ങിയ എന്റെ കണ്ണുകൾ കാണുന്ന മാത്രയിൽ ഔറംഗസീബു് കിടുകിട വിറച്ചു് വല്ല കോണിലും പോയി പതുങ്ങിക്കിടക്കുക പതിവായിരുന്നു. ആ ഞാൻ ആ ഔറംഗസീബിന്റെ മകന്റെ കയ്യിൽ ഇന്നു തടവുപുള്ളി! ജാഹനാരേ! നീ എവിടെ? നീയാണോ ഈ നില്ക്കുന്നതു്? മകളേ! ഇത്ര പെട്ടെന്നു നീ ഈ വിധത്തിലായതെങ്ങിനെ? നിന്റെ ചുണ്ടുകൾ അനങ്ങുന്നുണ്ടെങ്കിലും ശബ്ദം പുറപ്പെടുന്നില്ലല്ലോ. കണ്ണുകളിൽ ഓജസ്സററതും ശൂന്യവുമായ ഒരു നോട്ടം മാത്രമാണല്ലോ പ്രത്യക്ഷപ്പെടുന്നതു്. കവിൾത്തടങ്ങൾ ചാമ്പൽപോലെ വിവൎണ്ണങ്ങളായിരിക്കുന്നുവല്ലോ. നിനക്കു് എന്തുപററി?

ജാഹനാര:—ഒന്നുമല്ല അച്ഛാ. എങ്കിലും അച്ഛനു് ഇതെങ്ങനെ മനസ്സിലായി? അതാണു ഞാൻ ആലോചിക്കുന്നതു്.

ഷാജിഹാൻ:—മഹമ്മദ്! നീ എന്തു വിചാരിച്ചു? ഈ അസഹായാവസ്ഥയിൽ ഇവിടെ ഈ നിലയിൽതന്നെ ഇരുന്നു് ഈ വഞ്ചനയും ഈ അക്രമവും ഞാൻ സഹിക്കു

മെന്നോ നീ കരുതിയതു്? വൃദ്ധനാണെന്നുവെച്ചു് ഈ സിംഹത്തെ കാലുകൊണ്ടു ചവുട്ടിക്കളയാമെന്നു നീ വിചാരിച്ചുവോ? ഞാൻ വൃദ്ധനാണു്, ശരിതന്നെ. എങ്കിലും ഞാൻ ഷാജിഹാൻ തന്നെയാണു്. എടോ. ആരവിടെ? എന്റെ വാളും പരിചയും കൊണ്ടുവരിക! എവിടെ? ആരേയും കാണുന്നില്ലല്ലോ.

മഹമ്മദ്:— വല്യച്ഛ! അവിടത്തെ അംഗരക്ഷകന്മാരെ കോട്ടയ്ക്കു വെളിയിൽ പറഞ്ഞയച്ചു കഴിഞ്ഞിരിക്കുന്നു.

ഷാജിഹാൻ:— ആരാണു പറഞ്ഞയച്ചതു്?

മഹമ്മദ്:— ഞാൻ തന്നെ.

ഷാജിഹാൻ:— ആരുടെ കല്പനപ്രകാരം?

മഹമ്മദ്:— എന്റെ പിതാവിന്റെ കല്പനപ്രകാരം. ഇനി എന്റെ ഈ ആയിരം ഭടന്മാർതന്നെ വല്യച്ഛന്റെ അംഗരക്ഷകസ്ഥാനം കയ്യേററുകൊള്ളും.

ഷാജിഹാൻ:— എടാ! വിശ്വാസവഞ്ചക! ദ്രോഹി.

മഹമ്മദ്:— ഞാൻ എന്റെ പിതാവിന്റെ ആജ്ഞാകരൻ മാത്രമാണു്.

ഷാജിഹാൻ:— എടാ അറംഗസീബേ! അല്ലെങ്കിൽ വേണ്ട. ഇന്നു് അവനെവിടെ? ഞാനെവിടെ? എങ്കിലും ജാഹനാരെ! കോട്ടയ്ക്കു വെളിയിൽ പോയി എന്റെ സൈന്യങ്ങളുടെ മുമ്പിൽ ചെന്നുനില്ക്കുവാൻ എനിക്കൊന്നു തരപ്പെട്ടെങ്കിൽ ഇപ്പോഴും ഈ ഷാജിഹാനെക്കുറിച്ചുള്ള ജയദ്ധ്വനികളാൽ അറംഗസീബിന്റെ പേരുതന്നെ അന്തർദ്ധാനം ചെയ്തുപോയേനേ. എന്നെ ഒന്നു വിട്ടയയ്ക്കുകയില്ലേ? ഒരു പ്രാവശ്യം എന്നെ ഒന്നു വിട്ടയയ്ക്കുകയില്ലെ? മഹമ്മദ്! എന്നെ നീ ഒന്നു വിട്ടയക്കൂ. ഒരു പ്രാവശ്യം മാത്രം, ഇത്തവണത്തേയ്ക്കു മാത്രം മതി.

മഹമ്മദ്:— വല്യച്ഛൻ എന്റെ നേരെ പരിഭവിക്കരുതു്.

എന്റെ അച്ഛൻ ആജ്ഞാപിച്ചതിനെ അനുസരിക്കേണ്ടെ വന്നാണു ഞാൻ.

ഷാജിഹാൻ:—ഞാൻ നിന്റെ അച്ഛന്റെ അച്ഛനല്ലേ? അവൻ അവന്റെ അച്ഛനോട് ഇങ്ങനെ അക്രമം പ്രവൎത്തിക്കുമ്പോഴും നീ എന്തിനു നിന്റെ അച്ഛൻ പറഞ്ഞതിനെ അനുസരിക്കുന്നു? മഹമ്മദ്! വരൂ; കോട്ടവാതൽ എനിക്കൊന്നു തുറന്നുതരു.

മഹമ്മദ്:—വല്യച്ഛാ! ക്ഷമിക്കണം. അച്ഛന്റെ കല്പനയെ ഞാൻ ലംഘിക്കുകയില്ല.

ഷാജിഹാൻ:—തുറന്നുതരികയില്ലേ? നീ വാതിൽ തുറന്നു തരികയില്ലേ? നോക്കു മഹമ്മദ്! ഞാൻ നിന്റെ പ്രായംചെന്ന പിതാമഹനല്ലേ?—രോഗിയും അശക്തനും വൃദ്ധനുമായ വല്യച്ഛനല്ലേ? മറ്റൊന്നും ഞാൻ നിന്നോട് ആവശ്യപ്പെടുന്നില്ല. എനിക്ക് ഒരു പ്രാവശ്യം—ഒരൊററ പ്രാവശ്യം ഈ കോട്ടക്കു വെളിയിൽ ഒന്നു പോകണം, അത്രയേ വേണ്ടു. ഞാൻ വീണ്ടും മടങ്ങിവന്നുകൊള്ളാമെന്ന് ഇതാ സത്യം ചെയ്യാം. എന്നെ ഒന്നു വിട്ടയക്കു; ഒന്നു വിട്ടയക്കു.

മഹമ്മദ്:—ക്ഷമിക്കണം വല്യച്ഛാ! എനിക്കതിനു നിവൃത്തിയില്ല.

(പോകുവാൻ ഭാവിക്കുന്നു)

ഷാജിഹാൻ:—നില്ക്കു മഹമ്മദ്! (സ്വല്പം ആലോചിച്ചതിന്നു ശേഷം എഴുന്നേററുചെന്നു രാജകിരീടം എടുത്തുകൊണ്ടുവരികയും മഞ്ചത്തിന്മേൽ ഇരുന്നിരുന്ന കൊറാൻ ഗ്രന്ഥം കയ്യിൽ എടുക്കുകയും ചെയ്തിട്ട്) മഹമ്മദ്! ഇതാ എന്റെ കിരീടം. ഇതാ എന്റെ കൊറാൻ. ഈ വേദഗ്രന്ഥം കയ്യിൽ പിടിച്ചുകൊണ്ടു ഞാൻ ഇതാ സത്യം ചെയ്യുന്നു— കോട്ടക്കു വെളിയിൽചെന്നു സകല ജനങ്ങളുടേയും മുമ്പിൽ

വെച്ച്, ഈ കിരീടം ഞാൻ നിന്റെ ശിരസ്സിൽ അണിയിക്കാം. അതുതന്നെ പറയുവാൻ ആൎക്കും സാധിക്കയില്ല. ഇന്നു ഞാൻ വൃദ്ധനാണ്, ദുൎബ്ബലനാണ്, പക്ഷവാതം പിടിപെട്ട മുടന്തനമാണ്; അതൊക്കെ ശരിതന്നെ. എന്നാൽ ഷാജിഹാൻ ചക്രവൎത്തിയെ ഇത്ര പെട്ടെന്നു ജനങ്ങൾ വിസ്മരിച്ചു കളയത്തക്കവിധത്തിലല്ല അയാൾ ഇത്രയും നാൾ ഈ ഭാരതവൎഷത്തെ ഭരിച്ചതെന്നു നീ നല്ലവണ്ണം ഓൎക്കണം. അയാൾ ഇന്നും തന്റെ സൈന്യങ്ങളുടെ മുമ്പാകെ ചെന്നു നിവൎന്നു നില്ക്കുന്നപക്ഷം ഒത്തൊരുമിച്ച് അവരുടെ കലങ്ങിയ കണ്ണുകളിൽനിന്നും പറക്കുന്ന തീപ്പൊരികളിൽ ഒന്നല്ല, ഇതുപോലെയുള്ള അനവധി ഔറംഗസീബുകൾ ഒന്നാകെ ഒരുനിമിഷംകൊണ്ടു എരിഞ്ഞ് ഭസ്മമായിപ്പോകുന്നതാണ്—മഹമ്മദ്! എന്നെ ഒന്നു വിട്ടയക്കൂ. നിനക്കു ഭാരതത്തിന്റെ ഭരണകൎത്താവായി വാഴാം—ഞാൻ നിന്നെ വാഴിക്കാം. സത്യം—ഞാൻ ഇതാ സത്യം ചെയ്തു പറയുന്നു. ഈ വഞ്ചകനായ ഔറംഗസീബിനെ ഞാൻ നേരിട്ടൊന്നു കാണട്ടെ. മഹമ്മദ്! എന്റെ പ്രിയപ്പെട്ട മഹമ്മദ്!

മഹമ്മദ്:— വല്യച്ഛാ! ക്ഷമിക്കണം:

ഷാജിഹാൻ:— നോക്കൂ, മഹമ്മദ്! ഇതു കുട്ടിക്കളിയല്ല. സാക്ഷാൽ ഷാജിഹാൻ ചക്രവൎത്തിയാണ് ഈ പറയുന്നത്. കൊറാൻ കയ്യിൽ പിടിച്ചുകൊണ്ടു ചെയ്യുന്ന ശപഥമാണിത്. ഇതു ഭ്രാന്തന്റെ പേ പറച്ചിലല്ല. ഞാൻ സത്യം ചെയ്തു പറയുകയാണ്. നോക്കൂ, ഇതാ ഒരു ഭാഗത്തു നിന്റെ പിതാവിന്റെ കല്പനയും മറുഭാഗത്തു വിപുലമായ ഭാരതസാമ്രാജ്യവും കിടക്കുന്നു. ഈ നിമിഷത്തിൽതന്നെ നിനക്കിഷ്ടമുള്ളതു നീ തിരഞ്ഞെടുക്കുക.

മഹമ്മദ്:—വല്യച്ഛാ! പിതാവിന്റെ കല്പനയെ ഞാൻ ലം

ഖിക്കുകയില്ല.

ഷാജിഹാൻ:—ഒരു സാമ്രാജ്യം കിട്ടിയാലും ഇല്ലേ?

മഹമ്മദ്:—സാമ്രാജ്യമല്ല, ഭൂമണ്ഡലം മുഴുവൻതന്നെ കിട്ടിയാലും ഇല്ല.

ഷാജിഹാൻ:—മഹമ്മദ്! ആലോചിക്കു. നല്ലവണ്ണം ആലോചിച്ചിട്ടു സമാധാനം പറയൂ. ഭാരതത്തിന്റെ ചക്രവൎത്തിപ്പട്ടമാണ്:—

മഹമ്മദ്:—ഇനി ഞാൻ ഇതൊന്നും കേൾക്കുവാൻ ഇവിടെ നില്ക്കുകയില്ല. പ്രലോഭനം വളരെ പ്രബലമാണ്. മനസ്സു തീരെ ദുൎബ്ബലവുമാണ്. വലിയച്ഛാ! ക്ഷമിക്കണം.

(പോകുന്നു.)

ഷാജിഹാൻ:—പൊയ്ക്കഴിഞ്ഞുവോ? പൊയ്ക്കഴിഞ്ഞുവോ? ജഹനാരെ! നീ ഒന്നും മിണ്ടാതെ നില്ക്കുന്നതെന്താണ്?

ജഹനാര:—അറംഗസീബ്! നിന്റെ പുത്രൻതന്നെയോ ഇതു്? തന്റെ പിതാവിന്റെ കല്പനയെ അനുസരിക്കുന്നതിനായി അവൻ ഒരു സാമ്രാജ്യത്തെക്കൂടി പുറങ്കാലുകൊണ്ടു തട്ടിക്കളയുന്നു. നീയോ നിന്റെ പിതാവിന്റെ നിസ്സീമമായ വാത്സല്യത്തിനു പകരം അദ്ദേഹത്തെ ചതിച്ചു ബന്ധനസ്ഥനാക്കിയിരിക്കുന്നു.

ഷാജിഹാൻ:—മകളേ! വാസ്തവമാണ് നീ പറയുന്നതു്. അല്ലയോ പിതാക്കന്മാരേ! ഇനി മേലാൽ നിങ്ങളാരും തന്നെത്താൻ പട്ടിണികിടന്നു പുത്രന്മാരെ പോററരുതേ!; മാറത്തു കിടത്തി മമതയോടെ മക്കളെ ഉറക്കരുതേ! അവർ ചിരിക്കുന്നതു കാണ്മാൻ കൊതിച്ചു സ്നേഹത്തോടെ അവരെ നോക്കിച്ചിരിക്കരുതേ. അവരെല്ലാം കൃതഘ്നതയുടെ അങ്കുരങ്ങളാണ്; അവരെല്ലാം വെറും പിശാചിന്റെ പൈതങ്ങളാണ്. അവരെ പാതിപ്പട്ടിണിയിട്ടുവേണം പുലൎത്തുവാൻ. കാലത്തും വൈകുന്നേരവും അവരുടെ പുറ

ത്തു ചമ്മട്ടികൊണ്ടു് ഉറക്കോടെ അടിക്കണം. അവരെ ജീവിതകാലം മുഴുവനും കണ്ണുരുട്ടിപ്പേടിപ്പിച്ചും ശാസിച്ചും വളർത്തണം. അങ്ങനെയൊക്കെ ചെയ്താൽ ഒരുപക്ഷേ, അവർ ഈ മഹമ്മദിനെപ്പോലെ അനുസരണയും ഭക്തിയുമുള്ളവരായേക്കാം. അവരെ ഇപ്രകാരം ശിക്ഷിക്കുന്നതിനു നിങ്ങളുടെ ഹൃദയം വേദനിക്കുന്നുവെങ്കിൽ അതിനെ പിളർന്നുകളയുക; കണ്ണിൽ വെള്ളം നിറയുന്നുവെങ്കിൽ കണ്ണു കുത്തിപ്പൊട്ടിക്കുക; കരച്ചിൽ വരുന്നുവെങ്കിൽ വായ പൊത്തിപ്പിടിക്കുക—ഹാ! ദൈവമേ!

ജഹനാര:—അച്ഛാ! ഈ കാരാഗൃഹത്തിന്റെ മൂലയിലിരുന്നുകൊണ്ടു് അസഹായനായ ശിശുവിനെപ്പോലെ കരഞ്ഞിട്ടു് ഒരു കാര്യവുമില്ല, ചവിട്ടുകൊണ്ട മൂടനെപ്പോലെ ഇരുന്നിടത്തുതന്നെ ഇരുന്നു പല്ലുകടിച്ചു പലതും പ്രാവിയതുകൊണ്ടു് ഒരു ഫലവുമില്ല: ആസന്നമരണനായ പാപിയെപ്പോലെ അവസാനഘട്ടത്തിൽ "ദയാനിധേ!" "ദീനബന്ധോ!" എന്നൊക്കെ ദൈവത്തെ വിളിച്ചു വീഴ്പ്പിട്ടതുകൊണ്ടു് ഒരു വിശേഷവുമില്ല. എഴുന്നേല്ക്കുക, പാദഹതനായ ഫണീന്ദ്രനെപ്പോലെ പത്തിയും പൊക്കിപ്പിടിച്ചുകൊണ്ടപിടഞ്ഞെഴുന്നേല്ക്കുക; കുട്ടിയെക്കാണാത്ത ഈററപ്പുലിയെപ്പോലെ ഭയങ്കരമായ പരാക്രമത്തോടുകൂടി അലറിച്ചാടി എഴുന്നേല്ക്കുക; അക്രമത്താൽ പീഡിതരായ ജാതിക്കാരെപ്പോലെ ആലസ്യം വിട്ടുണരുക. വിധിയെപ്പോലെ കഠിനനും, ഹിംസയെപ്പോലെ അന്ധനും, പിശാചിനെപ്പോലെ ക്രൂരനും ആയിത്തീരുക. എന്നാലെ അവനോടു എതിരിടുവാൻ സാധിക്കൂ.

ഷാജിഹാൻ:—ശരി. എന്നാൽ അങ്ങിനെതന്നെ. വരൂ മകളേ! നീയും എന്നെ സഹായിക്കുക. ഞാൻ അഗ്നിയെപ്പോലെ ആളിക്കത്താം; നീ കാററിനെപ്പോലെ എന്നെ ഉത്സാ

ഹിപ്പിക്കുക. ഞാൻ ഭൂകമ്പത്തെപ്പോലെ സാമ്രാജ്യത്തെ ഉടച്ചുതകർത്തു പൊടിയാക്കിക്കളയാം; നീ കോളുകൊണ്ട കടലിലെ കല്ലോലത്തെപ്പോലെ അതിനെ വന്നു ഗ്രസിക്കുക. ഞാൻ പടയുംകൊണ്ടു പുറപ്പെടാം; നീ വസന്തയും കൊണ്ടുവരിക; വരികതന്നെ. സാമ്രാജ്യത്തെ നമുക്കു കീഴ്മേൽ മറിച്ചുകളയാം. പിന്നീട് എങ്ങോട്ടാണു പോവുക എന്നോ? ഓ, അതുകൊണ്ട് ഒരു വൈഷമ്യവുമില്ല; മഞ്ഞുകാലത്തെ നീരാവിയെപ്പോലെ വിപുലാകാരത്തെ ധരിച്ച് ഉയൎന്നുചെന്നു വിശാലമായ അന്തരീക്ഷത്തിൽ—ശൂന്യതയിൽ—ലയിച്ചുകളയാം.

(കർട്ടൻ വീഴുന്നു)

—o—

# രണ്ടാം അങ്കം

## രംഗം ൧.

സ്ഥലം—മധുരയിൽ അറംഗസീബിന്റെ ശിബിരം.

സമയം—രാത്രി.

(ദിൽദാർ തനിച്ചു നില്ക്കുന്നു)

ദിൽദാർ—അല്ലയോ മൊറാദ്! നിങ്ങൾ അടിക്കടി കീഴോട്ടൊഴുകിത്തുടങ്ങിയിരിക്കുന്നു. മദ്യത്തിന്റെ മഹാ സ്രോതസ്സിൽ വീണു നിങ്ങൾ ഒഴുകിപ്പോകുന്നു. നർത്തകികളുടെ ഹാസഭാവങ്ങൾ ആ സ്രോതസ്സിൽ കോളിളക്കീട്ടുണ്ട്. നിങ്ങൾ മുങ്ങിപ്പോകും. ഇനി അധികം താമസമില്ല, മൊറാദ്! നിങ്ങളെ കാണുമ്പോൾ ഇടക്കിടയ്ക്ക് എനിക്കു വ്യസനം തോന്നാറുണ്ട്. നിങ്ങൾ എത്ര ശുദ്ധൻ! രാജകുമാരിയുടെ പ്രേരണയിൽപെട്ടു നിങ്ങൾ ചതിപ്രയോഗ

ത്താൽ അറംഗസീബിനെ ബന്ധനസ്ഥനാക്കുവാൻ പുറപ്പെട്ടുവല്ലൊ. വെള്ളത്തിൽ മുങ്ങിയിട്ടു മുതലയോടു പോരാടുവാൻ മുതിന്നതു് എന്തു ഭോഷത്വം!—ഇന്നു് അതിൻെറ പകരംവിട്ടലാണു്—ഇതാ കുമാരൻ വരുന്നു.

(മൊറാദ് പ്രവേശിക്കുന്നു)

മൊറാദ്:—ജ്യേഷ്ഠൻെറ നിസ്കാരം ഇനിയും കഴിഞ്ഞിട്ടില്ലേ?—പാരത്രികചിന്തകൊണ്ടുതന്നെ ജ്യേഷ്ഠൻെറ കാലം കഴിഞ്ഞു. ഐഹികസുഖങ്ങൾ അദ്ദേഹത്തിനു വിധിച്ചിട്ടില്ല—എന്താ ദിൽദാർ? എന്താണു് ആലോചിച്ചുകൊണ്ടു നില്ക്കുന്നതു്?

ദിൽദാർ:—തിരുമേനി! മത്സ്യങ്ങൾക്കു തൊങ്ങലിനു പകരം ചിറകുണ്ടായിരുന്നെങ്കിൽ അവ പറക്കുമായിരുന്നില്ലെ എന്നു ഞാൻ ആലോചിക്കയായിരുന്നു.

മൊറാദ്:—എടോ മത്സ്യത്തിനു ചിറകുണ്ടായിരുന്നെങ്കിൽ അപ്പോൾ അതിൻെറ പേർ "പക്ഷി" എന്നല്ലാതെ "മത്സ്യ"മെന്നായിരിക്കയില്ല.

ദിൽദാർ:—അല്ലാ, അതു ശരിയാണല്ലൊ. ഇതു ഞാൻ ആദ്യം ആലോചിച്ചില്ല, അതാണു് അബദ്ധത്തിൽ ചാടിയതു്. ഇപ്പോൾ നല്ലവണ്ണം മനസ്സിലായി. തിരുമേനി! അരയന്നത്തെപ്പോലെ ഒരു ജന്തുവിനെ വേറെ കാണുവാൻ പ്രയാസമാണു്. അതിനു വെള്ളത്തിൽ നിന്താം; കരയിൽ നടക്കാം; ആകാശത്തിൽ പറക്കുകയും ചെയ്യാം.

മൊറാദ്:—എടോ വിഡ്ഢി! അതിനു് ഇക്കാൎയ്യത്തോടു എന്താണു് സംബന്ധം?

ദിൽദാർ:—ദൈവം കാലുകൾ കീഴ്ഭാഗത്തു നല്കീട്ടുള്ളതു നടക്കുവാനല്ലേ തിരുമേനി?

മൊറാദ്:—അതാൎക്കാണെടോ അറിയുവാൻ പാടില്ലാത്തതു?

ദിൽദാർ:—എന്നാൽ കാലുകൾ, കാൎയ്യങ്ങൾ ആലോചിച്ചു

തുടങ്ങിയാൽ തല സൂക്ഷിക്കുവാൻ പ്രയാസമായിരിക്കും. ആട്ടെ ദൈവം മൃഗങ്ങൾക്കു തല മുൻവശത്തും വാല് പിൻവശത്തും കൊടുത്തിട്ടുള്ളതു് എന്തുകൊണ്ടാണ് തിരുമേനി?

മൊറാദ്:—എടോ മണ്ടഗണേശര! അവയ്ക്കു തല പിന്നിലായിരുന്നെങ്കിൽ അപ്പോൾ ആ ഭാഗംതന്നെയായിരിക്കും അവയുടെ മുൻവശം.

ദിൽദാർ:—തിരുമേനി പറഞ്ഞതു ശരിയാണ്. പട്ടി വാലാട്ടുന്നതു് എന്തുകൊണ്ടാണ് തിരുമേനി? അതിനാണെങ്കിൽ ഒരു പ്രത്യേകകാരണമുണ്ട്.

മൊറാദ്:—എന്താണതു്!

ദിൽദാർ:—പട്ടി വാലാട്ടുന്നതു്, പട്ടിക്കു വാലിനേക്കാൾ ബലം കൂടുന്നതുകൊണ്ടാണ്. പട്ടിയേക്കാൾ കൂടുതൽ ബലം വാലിന്നായിരുന്നെങ്കിൽ വാൽ പട്ടിയെ ആട്ടുമായിരുന്നു,

മൊറാദ്:—ഹാ! ഹാ! ഹാ!—ഇതാ ജ്യേഷ്ഠൻ എത്തിക്കഴിഞ്ഞു.

(അറംഗസീബ് പ്രവേശിക്കുന്നു.)

അറംഗസീബ്:—അല്ലാ അനുജൻ എത്തിക്കഴിഞ്ഞുവോ? വിദൂഷകനേയും കൂടെ കൊണ്ടുവന്നിട്ടുണ്ടല്ലോ

മൊറാദ്:—ഉവ്വ്, ജ്യേഷ്ഠ! വിശ്രമാവസരങ്ങളിൽ വിദൂഷകനും വരാംഗനകളും വേണ്ടതാണല്ലോ.

അറംഗസീബ്:—അതു വേണ്ടതുതന്നെ. ഇന്നലെ എവിടെനിന്നോ ഏതാനും ചില അസാമാന്യസുന്ദരികളായ നർത്തകികൾ ഇവിടെ വന്നുചേന്നു. എനിക്കു് ഈ വകയിലൊന്നും താല്പര്യമില്ലെന്നു നിനക്കു് അറിയാമല്ലോ. ഞാൻ ഏതായാലും മക്കത്തേക്കു പോകുവാൻ നിശ്ചയിച്ചിരിക്കയാണ്. അപ്പോൾ ഞാനോർത്തു, നിന്റെ വിനോദ

ത്തിന് ഒരുപക്ഷെ അവർ ഉപകരിച്ചേക്കുമെന്ന്. ഗോവായിലെ പറങ്കികളുടെ അടുക്കൽനിന്നു നിനക്കുവേണ്ടി ഏതാനും കുപ്പി മദ്യവും ഞാൻ വരുത്തിവെച്ചിട്ടുണ്ട്. ഇതാ എന്താണ് തരമെന്ന് ഒന്നു പരീക്ഷിച്ചു നോക്കു. (കൊടുക്കുന്നു.)

മൊറാദ്:—നോക്കട്ടെ (പാത്രത്തിലൊഴിച്ചു കുടിച്ചിട്ട്) അയ്യ! ഭേഷ്. ഒന്നാംതരം—ദിൽദാർ! എന്താ ആലോചിക്കുന്നതു്? കുറച്ചു കഴിക്കുന്നുവോ?

ദിൽദാർ:— ഞാൻ ഒരു കാര്യം ആലോചിക്കയായിരുന്നു തിരുമേനി! ഈ കാണുന്ന ജന്തുക്കളെല്ലാം എന്തുകൊണ്ടാണു മുമ്പോട്ടു നടക്കുന്നതു്?

മൊറാദ്:—എന്തുകൊണ്ടാണ്? പുറകോട്ടു നടക്കാത്തതുകൊണ്ടായിരിക്കാം. അല്ലേ?

ദിൽദാർ:— അല്ല. അവയുടെ കണ്ണു മുൻവശത്തായതുകൊണ്ടാണ്. എന്നാൽ കണ്ണില്ലാത്ത കുരുടന്മാർ മുമ്പോട്ടു നടക്കുന്നതും പുറകോട്ടു നടക്കുന്നതും എല്ലാം ഒരേ കണക്കുതന്നെ.

മൊറാദ്!—അയ്യ! എന്തു വിശേഷപ്പെട്ട മദ്യം! ഈ പറങ്കികൾക്കു മദ്യം വാററുന്നതിൽ ഒരു പ്രത്യേക പാടവമുണ്ട്. (കുടിച്ചിട്ട്) എന്താ, ജ്യേഷ്ഠനും കുറച്ചു കഴിക്കരുതോ?

ഔറംഗസീബ്:—വേണ്ട, ഞാൻ മദ്യം ഉപയോഗിക്കാറില്ലെന്നു നിനക്കറിയാമല്ലോ. കൊറാനിൽ അതു വിരോധിച്ചിട്ടുണ്ട്.

ദിൽദാർ:—അന്ധനു് ഉണർച്ചയുണ്ടായിട്ടെന്തു ഫലം? അവനുണ്ടോ രാവും പകലും തമ്മിലുള്ള വ്യത്യാസം അറിയുന്നു!

മൊറാദ്:—കൊറാനിൽ പറഞ്ഞപ്രകാരമെ പ്രവൎത്തിക്കാവൂ എന്നു വന്നാൽ ലോകത്തിൽ ഒരു കാര്യവും നടക്കുകയില്ല: (മദ്യം കുടിക്കുന്നു)

ദിൽദാർ:—ആനക്കു് അതിന്റെ ബലത്തിന്നനുസരണമായ

ബുദ്ധികൂടിയുണ്ടായിരുന്നെങ്കിൽ അതു് എത്ര ബുദ്ധിയുള്ള ഒരു ജന്തുവായിരുന്നേനെ. അങ്ങനെയായിരുന്നെങ്കിൽ ആനപ്പുറത്തു പാപ്പാൻ കയറിയിരിക്കുന്നതിനു പകരം പാപ്പാൻെറ പുറത്തു ആന കയറി ഇരിക്കുമായിരുന്നു. എന്തു ബലമാണിതിനു്! ആ വലിയ ദേഹത്തേയും ചുമന്നു കൊണ്ടു് അതു നടക്കുന്നുണ്ടല്ലൊ. അത്ഭുതം തന്നെ!

അറംഗസീബ്:—നിൻെറ വിദൂഷകൻ ഒരു രസികനാണല്ലൊ.

മൊറാദ്:—അവൻ ഒരു വിലപിടിച്ച രത്നമാണു്—എവിടെ? നൎത്തകികൾ എവിടെ?

അറംബസീബ്:—അതാ, ആ കാണുന്ന കൂടാരത്തിലുണ്ടു്. നീതന്നെ പോയി അവരെ വിളിച്ചുകൊണ്ടുവന്നാൽ മതി.

മൊറാദ്—എന്നാൽ ഇപ്പോൾതന്നെയാകട്ടെ. യുദ്ധത്തിലെന്നപോലെ സംഭോഗത്തിലും മൊറാദ് ഒന്നുകൊണ്ടും പിൻമടങ്ങുന്നവനല്ല.

(പോകുന്നു)

ദിൽദാർ:—കുരുടനെ ഉണൎത്തിയാലും അവനു കണ്ണുകാണുകയില്ല. (എന്നു പറഞ്ഞു മൊറാദിൻെറ പുറകെ പോകുവാൻ ഭാവിക്കുന്നു. അറംഗസീബു് അയാളെ തടുക്കുന്നു.)

അറംഗസീബ്:—പോകുവാൻ വരട്ടെ, നില്ക്കു, ഒന്നു ചോദിക്കട്ടെ.

ദിൽദാർ:— അയ്യോ! എന്നെ കൊല്ലരുതെ! എനിക്കു സിംഹാസനവും വേണ്ട, മക്കത്തും പോകണ്ട.

അറംഗസീബ്:—താൻ ആരു്! നേരുപറയൂ. താൻ വെറും വിദൂഷകനല്ല. പറയൂ ആരാണു താൻ.

ദിൽദാർ:—തിരുമേനി! ഞാൻ മൂത്തുമൂത്തു മുരണ്ടുപോയ മുന്തിയരപ്പനായ ഒരു മുത്താച്ചിക്കള്ളനാണു്. വെടി പറയുക, മുഖസ്തുതിചെയ്ക, പൊങ്ങച്ചം പ്രവൎത്തിക്ക, കളവു കാണിക്കുക, വിഡ്ഢിവേഷം കെട്ടുക ഇതെല്ലാമാണു് എൻെറ ജോ

ലി. ഞാൻ ആമയേക്കാൾ അലസനും, നായേക്കാൾ നികൃഷ്ടനും, കാക്കയേക്കാൾ കൊതിയനുമാണു്.

അറംഗസീബ്:—നോക്കൂ, ഞാൻ ഫലിതപ്രിയനല്ല. തനിക്കു് എന്തു ജോലി ചെയ്യാൻ അറിയാം.

ദിൽദാർ:—വിശേഷിച്ചു് ഒരു ജോലിയും ചെയ്യാൻ അറിഞ്ഞുകൂടാ. കോട്ടുവായിടാൻ അറിയാം. വല്ല ജോലിയും ഏല്പിച്ചാൽ അതു തകരാറാക്കുവാൻ അറിയാം. ചീത്ത പറഞ്ഞാൽ അതു മനസ്സിലാക്കുവാൻ അറിയാം. പിന്നെ—പിന്നെ ഒന്നും അറിഞ്ഞുകൂടാ തിരുമേനി.

അറംഗസീബ്:— മതി, മനസ്സിലായി. നിന്നെക്കൊണ്ടു് എനിക്കു കാര്യമുണ്ടു്. ഭയപ്പെടണ്ട, ആപത്തൊന്നുമില്ല.

ദിൽദാർ:— ആശ്വാസവുമില്ല.

(നൎത്തകികളോടുകൂടി മൊറാദ് വീണ്ടും പ്രവേശിക്കുന്നു.)

മൊറാദ്:—. അയ്യ! അസ്സല്! അതിവിശേഷം.

അറംഗസീബ്:—എന്നാൽ നീ ഇവിടെ ഇരുന്നു വിനോദിക്കുക, ഞാൻ പോകട്ടെ. നിന്റെ വിദൂഷകനേയും ഞാൻ കൂടെക്കൊണ്ടുപോവുകയാണു്. അവന്റെ സംഭാഷണത്തിൽ എനിക്കു വളരെ രസം തോന്നുന്നുണ്ടു്.

മൊറാദ്:— ഉവ്വോ? രസം തോന്നുന്നുണ്ടോ? ഞാൻ പറഞ്ഞില്ലേ അവൻ ഒരു രത്നമാണു് എന്നു്. എന്നാലാകട്ടെ, അവനേയും കൊണ്ടുപോകാം. എനിക്കിപ്പോൾ അവനേക്കാൾ നല്ല കൂട്ടുകാർ കിട്ടിട്ടുണ്ടു്.

(ദിൽദാറിനേയും കൂട്ടിക്കൊണ്ടു് അറംഗസീബ് പോകുന്നു.)

മൊറാദ്:—ആടുവിൻ! പാടുവിൻ!

(നൎത്തകികൾ പാടിയാടുന്നു)

(മഞ്ജരി

വന്നേൻഞാൻ വന്നേൻഞാൻ ഭവാൻ സന്നിധി
തന്നിൽ ഞാനിന്നിതാ വന്നണഞ്ഞേൻ.

മന്ദ്രസംഗീതവും മന്ദഹാസാഭയും,
സാന്ദ്രസൌന്ദര്യവും, സ്നേഹവായ്പും
എന്നല്ലെനിക്കുള്ളതൊക്കെയും കൊണ്ടുഞാ-
നിന്നിതാ ത്വന്നികടത്തിൽ വന്നേൻ.
അർപ്പിച്ചിടട്ടെ ഞാൻ ത്വച്ചരണങ്ങളിൽ
സ്വച്ഛസുമങ്ങൾ സാമോദമാരം.
അർപ്പിച്ചിടട്ടെ ഞാൻ താവകകണ്ഠത്തിൽ
ഇപ്പുഷ്പഹാരം—പ്രേമോപഹാരം
പീയൂഷപൂർണ്ണമാം പൊൻചഷകത്തെ നിൻ
വായോടുചേർത്തുഞാൻ വെച്ചിടുന്നേൻ!
ആകണ്ഠമായതെൻ പ്രേമസർവ്വസ്വമേ!
പാകംപോലങ്ങു നുകർന്നുകൊൾക
ഇന്നെൻഹൃദയത്തിന്നാശകളാനന്ദ-
മുന്നതസ്നേഹമീച്ചൊന്നതെല്ലാം
ഭാവമറെറാന്നായ് നിന്നിലടങ്ങട്ടെ
കേവലമൈക്യം വിളങ്ങീടട്ടെ
മന്ദമരുത്തിതാ മന്ദമണഞ്ഞെങ്ങും
സാന്ദ്രസുഗന്ധം പരത്തിടുന്നു
വിൺതലമേറിയ വാരിദവൃന്ദങ്ങൾ
മന്ദ്രമൃദംഗം മുഴക്കിടുന്നു.
ഭംഗിയിൽ കുഞ്ജങ്ങൾതോറും കുയിലുകൾ
മംഗളഗാനങ്ങൾ പാടീടുന്നു;
പിന്നേയും പിന്നേയും ജ്യോത്സ്നപ്രസന്നയായ്
ഇന്നിതാ പുഞ്ചിരി തൂകിടുന്ന
ഉല്ലസൽകാന്തികലർന്നൊരീത്തിങ്കളിൽ
വെള്ളിക്കരങ്ങളെപ്പുൽകിപ്പുൽകി
എന്നുയിർപോകിലും ധന്യ ഞാൻ—ആ മൃതി-
യുന്നതസ്വാരാജ്യ പ്രാജ്യസൗഖ്യം.

വന്നേൻഞാൻ—ത്വൽപാദപങ്കജമൂലത്തിൽ
തന്നെയെന്നേന്നും കിടന്നുകൊൾവാൻ
കാമംഭവാനുടേ കണ്മൂനത്തല്ലിൻെറ
പ്രേമക്കുളുർമയിൽ നിദ്രചെയ്യാൻ,
ഉത്തമമാകിയ താവകജീവിത-
തീർത്ഥത്തിൽ മുങ്ങിമരിച്ചുകൊൾവാൻ.
പോകട്ടെ ഭാഷകൾ പോകട്ടെ വാക്കുകൾ,
പൂകട്ടെ സർവ്വം മൂകഭാവം
ചേരട്ടെതങ്ങളിൽ നമ്മുടെ പ്രാണങ്ങൾ!
തീരട്ടെ മൽപ്രേമ പാരവശ്യം.

(മൊറാദ് നൃത്തഗീതങ്ങളിൽ ലയിച്ചും കൂടെക്കൂടെ സുരാപാനം ചെയ്തും ക്രമേണ നിദ്രയിൽ മുഴുകുന്നു. ഉത്തരക്ഷണത്തിൽ തന്നെ നർത്തികികൾ ആ സ്ഥലം വിട്ടുപോവുകയും ആയുധപാണികളായ ഏതാനും ഭടന്മാരോടുകൂടി ഔറംഗസീബ് വീണ്ടും പ്രവേശിക്കയും ചെയ്യുന്നു)

ഔറംഗസീബ്:—പിടിച്ചുകെട്ടുവിൻ.

മൊറാദ്:—(ശബ്ദംകേട്ട് ഉണൎന്നിട്ട്) ആരത്? ജ്യേഷ്ഠനോ? ഇതെന്താണ്? വിശ്വാസവഞ്ചനയോ? (എഴുന്നേല്ക്കുന്നു.)

ഔറംഗസീബ്:—കൂട്ടാക്കുന്നില്ലെങ്കിൽ കൊന്നുകളയുവാൻ മടിക്കേണ്ട. (ഭടന്മാർ മൊറാദിനെ ബന്ധനസ്ഥനാക്കുന്നു)

ഔറംഗസീബ്:—ആഗ്രായിൽ കൊണ്ടുപോയി എൻെറ പുത്രനായ സുൽത്താൻേറയും ശായേസ്താഖാൻേറയും അധീനത്തിൽ ഭദ്രമായി സൂക്ഷിക്കണം. ഞാൻ ഇതാ ഒരെഴുത്തുകൂടിതന്നയക്കാം.

മൊറാദ്:— ഇതിൻെറ ഫലം അനുഭവിക്കും. നോക്കിക്കോളൂ. ഞാൻ കാണിച്ചുതരാം.

ഔറംഗസീബ്:— കൊണ്ടുപോകുവിൻ!

(ഭടന്മാരോടുകൂടി മൊറാദ് പോകുന്നു)

അറംഗസിബ്:—ദൈവമേ: അവിടുന്ന് എന്റെ കൈക്കു പിടിച്ചു് എങ്ങോട്ടാണ് എന്നെ വലിച്ചു കൊണ്ടുപോകുന്നതു്? സിംഹാസനം വേണമെന്നു ഞാൻ ആഗ്രഹിച്ചിരുന്നില്ല. അവിടന്ന് എന്നെ കൈക്കു പിടിച്ചു് അതിന്മേൽ ഇതാ ഇരുത്തിയിരിക്കുന്നു! എന്തിനാണിതെന്ന് അവിടത്തേയ്ക്കു മാത്രമേ അറിഞ്ഞുകൂടു.

## രംഗം ൨.

സ്ഥലം—ആഗ്രായിലെ അരമന

സമയം—പ്രഭാതം.

(ഷാജിഹാൻ തനിച്ചിരിക്കുന്നു.)

ഷാജിഹാൻ:—ഇതാ സൂര്യൻ ഉദിച്ചിരിക്കുന്നു; എന്റെ ജീവിതാരംഭത്തിലെ പ്രഥമദിനത്തിൽ പ്രത്യക്ഷപ്പെട്ടതുപോലെതന്നെ ഇന്നും ഉജ്ജ്വലവും രക്തവർണ്ണവുമായി ഉദിച്ചിരിക്കുന്നു. ആകാശം, ഞാൻ കുട്ടിക്കാലം മുതൽ കണ്ടു വരുന്നതുപോലെതന്നെ ഇന്നും നീലവർണ്ണമായി ശോഭിക്കുന്നു; ഈ യമുനാനദിയും അതേനിലയിൽ ലീലാലോലുപയും കളരവമധുരയുമായിത്തന്നെ മന്ദഗമനം ചെയ്യുന്നു; അതിന്റെ മറുകരയിൽ കാണപ്പെടുന്ന തരുനിരയും അന്നത്തെപോലെതന്നെ ഇന്നും പത്രപംക്തികളാൽ പരിവേഷ്ടിതവും പുഷ്പപാളിയാൽ പരിശോഭിതവുമായി വർത്തിക്കുന്നു.—എല്ലാം അന്നുള്ളതുപോലെതന്നെ ഇന്നും ഇരിക്കുന്നു. ഞാൻ മാത്രമേ മാറിപ്പോയിട്ടുള്ളു. (ഉറച്ചസ്വരത്തിൽ) ഇന്നു ഞാൻ എന്റെ പുത്രന്റെ കീഴിൽ തടവുകാരൻ! സ്ത്രീകളെപ്പോലെ അസഹായൻ! ശിശുവിനെപ്പോലെ അശക്തൻ! ഇടക്കിടക്കു ഞാൻ ക്രുദ്ധനായി അട്ടഹസിക്കാറുണ്ടു്; പക്ഷെ ആ അട്ടഹാസം ശരന്മേഘത്തിന്റെ ഗർജ്ജനംപോലെ നിഷ്ഫലമായ ഒരാരവമായി മാത്രമേ കലാശിക്കാറു

ളളു. വിഷശക്തിയില്ലാത്ത എന്റെ ചീററൽകൊണ്ടു് എനിക്കുതന്നെയാണു് ബലക്ഷയം നേരിടുന്നതു്. ഹാ! കഷ്ടം! ഭാരതചക്രവർത്തിയായ ഷാജിഹാനു് ഇന്നു് എന്തൊരു ദുരവസ്ഥയാണു് വന്നുചേർന്നിരിക്കുന്നതു്. (ഒരു തൂണിന്മേൽ കയ്യൂന്നിയിട്ടു് യമുനാനദിയിലേയ്ക്കു നോക്കിക്കൊണ്ടു നില്ക്കുന്നു.)—എന്തു ശബ്ദമാണു് ആ കേൾക്കുന്നതു്? അതാ വീണ്ടും വീണ്ടും കേൾക്കുന്നു. ഇതാ ജാഹനാര വരുന്നുവല്ലോ. അവളോടു ചോദിച്ചുകളയാം.

(ജാഹനാര പ്രവേശിക്കുന്നു.)

ഷാജിഹാൻ—ജാഹനാരേ! എന്തു ശബ്ദമാണു് ആ കേട്ടതു്? അതാ കേൾക്കുന്നു വീണ്ടും. കേട്ടില്ലേ? എന്താണതു്? (ഉന്മേഷഭാവത്തോടുകൂടി) ദാറാ വീണ്ടും വിജയിയായി സൈന്യസമേതം ആഗ്രായിൽ തിരിച്ചെത്തി എന്നുണ്ടോ? വരു മകനേ, വരു. ഈ അന്യായത്തിനും അക്രമത്തിനും വഞ്ചനകൾക്കും തക്കതായ പ്രതീകാരം ചെയ്യു. എന്താ ജാഹനാരേ! നീ മുഖം പൊത്തുന്നതെന്താണു്? മനസ്സിലായി മകളേ! ഇതു് ദാറായുടെ വിജയഘോഷമല്ല. ഇതു നൂതനമായ എന്തോ ഒരു അത്ഭുതസംഭവമാണു്. അങ്ങിനെയല്ലേ?

ജാഹനാര:—. അതേ അച്ഛാ!

ഷാജിഹാൻ:—എനിക്കറിയാം, ആപത്തു് ഒററക്കു വരികയില്ല. ആരംഭിച്ചു കഴിഞ്ഞാൽ പിന്നെ തന്റെ ഊഴം മുഴുവനാക്കാതെ അതു അടങ്ങുകയില്ല. പറയു മകളേ! എന്തശുഭവൃത്താന്തമാണിതു്? എന്തു ശബ്ദമാണു് ഈ കേട്ടതു്?

ജാഹനാര:—ഔറംഗസീബു് ചക്രവർത്തിപ്പട്ടം കയ്യേററു് ഇന്നു ഡൽഹിസിംഹാസനത്തിൽ ആരോഹണം ചെയ്തിരിക്കുന്നു. അതിന്റെ ആഘോഷമാണു് ആഗ്രായിൽ ഈ നടക്കുന്നതു്.

ഷാജിഹാൻ:—(കേൾക്കാത്ത ഭാവത്തിൽ) എന്തു്? അറംഗസീബ്—എന്തുചെയ്തു?

ജാഹനാര:—ഇന്നു ഡൽഹിയിലെ രാജസിംഹാസനത്തിൽ ആരോഹണം ചെയ്തു.

ഷാജിഹാൻ:—ജാഹനാരേ! നീ എന്താണു് ഈ പറയുന്നതു്? ഞാൻ ജീവിച്ചിരിപ്പുണ്ടോ? അതോ, ചത്തുപോയോ? അറംഗസീബ് ഡൽഹിസിംഹാസനത്തിൽ!—ഇല്ല, അങ്ങനെ ഒരിക്കലും വരികയില്ല. നീ കേട്ടതു തെററിപ്പോയി. ഇതു സംഭവിക്കുന്ന കാൎയ്യമോ? അറംഗസീബ്——അറംഗസീബ് ഒരിക്കലും ഈ പ്രവൃത്തി ചെയ്കയില്ല; അവൻെറ അച്ഛൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടല്ലോ. ഈ വിവേകമെങ്കിലും അവനു് ഇല്ലാതെ പോകുമോ? നാലുപേരുടെ മുഖത്തു നോക്കി നടക്കേണ്ടവനല്ലേ അവൻ?

ജാഹനാര:—(ഇടറിയ സ്വരത്തിൽ) പിതാവേ! വൃദ്ധനായ തൻെറ അച്ഛനെ വഞ്ചനകൊണ്ടു ബന്ധനസ്ഥനാക്കിയവനു—ജീവനോടെ ഈ ശവകുടീരത്തിൽ അടക്കം ചെയ്തിട്ടുള്ളവനു—മറെറന്താണു് ചെയ്വാൻ വയ്യാതെയുള്ളതു്?

ഷാജിഹാൻ:—എന്നിരുന്നാലും—അല്ല അങ്ങിനെ വന്നേയ്ക്കാം. അതിൽ ആശ്ചൎയ്യമെന്തു്? എന്താണു് അതിൽ ആശ്ചൎയ്യമുള്ളതു്?—ഇതെന്താണു്? നിലത്തുനിന്നും ഇതാ ഒരു കറുത്ത പുക ആകാശത്തിലേക്കു് ഉയരുന്നു. ആകാശം മുഴുവനും കരി തേച്ചതുപോലെ ആയല്ലോ. പ്രപഞ്ചം പാടെ കീഴ്മേൽ മറിഞ്ഞുപോയി എന്നു തോന്നുന്നു. അതാ: അതാ:—അല്ലാ, എനിക്കു ഭ്രാന്തിളകി എന്നുണ്ടോ? ഇതു മുമ്പിലത്തെ നീലവൎണ്ണമായ ആകാശം തന്നെയാണല്ലോ. ഉജ്ജ്വലമായ ഈ പ്രഭാതവും അതുതന്നെ. വിശേഷവിധിയായി ഒന്നും സംഭവിച്ചിട്ടില്ല.——ആശ്ചൎയ്യം! (കുറേ നേരം മിണ്ടാതിരുന്നതിനുശേഷം) ജാഹനാരേ!

ജാഹനാര:—എന്താണച്ഛാ?

ഷാജിഹാൻ:—(ഗൽഗദത്തോടുകൂടി) നീ പുറമെ നിന്നല്ലെ വരുന്നതു്. എന്തൊക്കെയാണു് നീ അവിടെക്കണ്ടതു്? പ്രപഞ്ചം പണ്ടത്തെപ്പോലെതന്നെയാണോ പരിവൎത്തനം ചെയ്യുന്നതു്? തള്ള കുട്ടിക്കു മുലകൊടുക്കുന്നുണ്ടോ? ഭാൎയ്യ ഭൎത്താവിനെ ശുശ്രൂഷിക്കുന്നുണ്ടോ? ഭൃത്യൻ യജമാനനെ അനുസരിക്കുന്നുണ്ടോ? ധനവാൻ യാചകനു ഭിക്ഷ നൽകുന്നുണ്ടോ? നീ കണ്ടുവോ?—വീടുകളെല്ലാം പഴയപടിതന്നെ അതേസ്ഥാനങ്ങളിൽ നില്ക്കുന്നുണ്ടോ? വഴിയിൽക്കൂടെ ആളുകൾ നടക്കാറുണ്ടോ? മനുഷ്യൻ മനുഷ്യനെ പിടിച്ചു തിന്നാറില്ലെ? ഇതെല്ലാം നീ കണ്ടുവോ? വാസ്തവം പറയൂ.

ജാഹനാര:—പിതാവേ! നികൃഷ്ടമായ ഈ പ്രപഞ്ചം പതിവുപോലെതന്നെയാണു് പരിവൎത്തനം ചെയ്തുകൊണ്ടിരിക്കുന്നതു്. ബന്ധനസ്ഥനായ ഷാജിഹാനെപ്പററി ആൎക്കും ഒരു ചിന്തയുമില്ല.

ഷാജിഹാൻ:—ഇല്ലേ?—സത്യംതന്നേയോ? "ഇതു ഭയങ്കരമായ അക്രമമാണു". എന്നു് അവർ പറയുന്നില്ലെ? "ദയാലുവും പ്രജാവത്സലനുമായ ഞങ്ങളുടെ പ്രിയപ്പെട്ട ഷാജിഹാൻ ചക്രവൎത്തിയെ ബന്ധനത്തിൽ പാൎപ്പിക്കുവാൻ ആൎക്കാണു് ഇന്നു ശക്തിയുള്ളതു്?" എന്നു് അവർ ചോദിക്കുന്നില്ലേ? "ഞങ്ങൾ ക്ഷോഭിച്ചു നാട്ടിൽ കലാപമുണ്ടാക്കും; അറംഗസീബിനെ പിടിച്ചു കാരാഗൃഹത്തിൽ ബന്ധിക്കും; ആഗ്രായിലെ കോട്ടയെ തകൎത്തു് അകത്തു കടന്നു ഞങ്ങളുടെ ഷാജിഹാൻ ചക്രവൎത്തിയെ വീണ്ടും ഞങ്ങൾ സിംഹാസനത്തിൽ പ്രതിഷ്ഠിക്കും." എന്നു് അവർ ഉൽഘോഷിക്കുന്നില്ലെ? പരമാൎത്ഥം പറയൂ ജാഹനാരെ! ഇങ്ങനെയെല്ലാം അവർ പറയുന്നില്ലേ?

ജാഹനാര:—ഇല്ല അച്ഛ! ലോകൎക്കു് ആരെക്കുറിച്ചും അശേ

ഷം ചിന്തയില്ല. എല്ലാവക്കും അവനവൻെറ കാൎയ്യത്തിൽ മാത്രമെ ശ്രദ്ധയുള്ളൂ. നാളെ ഈ കാണുന്ന സൂൎയ്യൻ ഉദിക്കുന്നതിനുപകരം അത്യുഗ്രമായ ഒരഗ്നിജ്വാല പൊങ്ങി ആകാശത്തെ മുഴുവൻ ദഹിപ്പിച്ചുകളയുവാനാണു ഭാവമെങ്കിൽ, അപ്പോഴും, അതിൻെറ രക്തവൎണ്ണമായ പ്രകാശത്തിൽ അവർ തങ്ങളുടെ പതിവുപ്രകാരമുള്ള ജോലികളിൽ ഏൎപ്പെട്ടു സ്വസ്ഥരായിരിക്കയേ ഉള്ളൂ. അത്രമേൽ സ്വാത്മമാത്രചിന്തകരാണ് മനുഷ്യർ.

ഷാജിഹാൻ:—ഒരു പ്രാവശ്യം എനിക്കൊന്നു കോട്ടയ്ക്കു വെളിയിൽ പോകുവാൻ തരപ്പെട്ടെങ്കിൽ!—ജാഹനാരേ! ഒരിക്കൽ മാത്രമെങ്കിലും എനിക്കതിനു തരം കിട്ടുകയില്ലേ? ആരും കാണാതെ നിനക്കെന്നെ വല്ലവിധത്തിലുമൊന്നു കോട്ടയ്ക്കു വെളിയിൽ കൊണ്ടുപോയാക്കുവാൻ സാധിക്കുകയില്ലേ?

ജാഹനാര:—ഇല്ലച്ഛാ! പുറത്ത് ആയുധപാണികളായ ആയിരം ഭടന്മാർ ജാഗ്രതയോടെ കാവൽ നില്പുണ്ട്.

ഷാജിഹാൻ:—എന്നിരുന്നാലും അവരും ഒരുകാലത്ത് എന്നെ ചക്രവൎത്തിയായി കരുതി ബഹുമാനിച്ചവരല്ലേ? അവരെ ഞാനൊരിക്കലും ദ്രോഹിച്ചിട്ടില്ല. മാത്രമല്ല ഒരുപക്ഷെ, അവരിൽ പലരെയും ഞാൻ ഉപവാസത്തിൽനിന്നു രക്ഷിക്കുകയും കാരാഗൃഹത്തിൽനിന്നു മുക്തരാക്കുകയും ആപത്തിൽനിന്നു ഉദ്ധരിക്കുകയും ചെയ്തിട്ടുമുണ്ടായിരിക്കും. ആ വക ഉപകാരങ്ങളെ ഓൎത്തിട്ടെങ്കിലും അവർ—

ജാഹനാര:—ഇല്ലച്ഛാ! മനുഷ്യർ വെറും മുഖസ്തുതിക്കാർ!—പട്ടിയെപ്പോലെ പാദം നക്കികൾ!—ആർ ഒരു കഷണം മാംസം ഇട്ടു കൊടുക്കുന്നുവൊ അവൻെറ കാല്ക്കൽ കിടന്നു വാലാട്ടുന്ന നീചപ്പരിഷകൾ!—എത്രയും നികൃഷ്ടന്മാർ!

ഷാജിഹാൻ:—എന്നിരുന്നാലും, ഞാൻ അവരുടെ മുമ്പിൽ

ചെന്നു നില്ക്കുകയാണെങ്കിലോ?—നഗ്നമായ ഈ നരച്ച തലയും രോഗത്താൽ ക്ഷയിച്ചു വീഴാറായ ഈ ശുഷ്കദേഹവുംകൊണ്ടു വിറയ്ക്കുന്ന കൈകളിൽ വടിയും കുത്തിപ്പിടിച്ചു ഞാൻ അവരുടെ മുമ്പിൽ ചെന്നു നില്ക്കുകയാണെങ്കിലോ?—അവർക്ക് അനുകമ്പ തോന്നുകയില്ലേ? അവരുടെ ഹൃദയം അലിയുകയില്ലേ?

ജഹനാര:—അച്ഛാ: അനുകമ്പയും സ്നേഹവും ലോകത്തിനു ഇല്ല. ഭയംകൊണ്ടാണ് ലോകം നടക്കുന്നത്. ഷാജിഹാന്റെ പ്രതാപകാലത്ത് "ഷാജിഹാൻ ചക്രവർത്തി സർവ്വോൽക്കർഷേണ വർത്തിക്കട്ടെ!" എന്നിങ്ങനെ ആകാശം മുഴങ്ങുമാറ് ഉച്ചൈസ്തരം ഉൽഘോഷിച്ച കൂട്ടർതന്നെ, ഇന്ന് അച്ഛന്റെ ഈ പ്രാകൃതമായ വൃദ്ധവേഷം കാണുമ്പോൾ അവജ്ഞയാൽ അവിടത്തെ മുഖത്തു കാർപ്പിച്ചു തുപ്പും. ഒരുപക്ഷേ ദയവിചാരിച്ചു തുപ്പിയില്ലെങ്കിലും വെറുപ്പോടെ മുഖം തിരിച്ചു നടന്നുകളയും, നിശ്ചയം.

ഷാജിഹാൻ:—അതുവ്വോ! അതുവ്വോ! (ഗൌരവംനിറഞ്ഞ സ്വരത്തിൽ) ലോകത്തിന്റെ അവസ്ഥ ഇന്ന് ഈ നിലയിലാണെങ്കിൽ അതിന്റെ ശരീരത്തിൽ ഇന്നെന്തോ ഒരു മഹാവ്യാധി ബാധിച്ചിട്ടുണ്ട്. ഇനി എന്തിന് ഈശ്വരൻ അതിനെ വെച്ചുകൊണ്ടിരിക്കുന്നു? ദൈവമേ! ഇനി അതിനെ വെറുതെ വെച്ചുകൊണ്ടിരിക്കണ്ട. ഈ ക്ഷണത്തിൽ തന്നെ അതിനെ കഴുത്തിൽ പിടിച്ചു ഞെക്കിക്കൊന്നുകളഞ്ഞേക്കുക. ആ സ്ഥിതിക്കു ഇനി ഈ ആകാശത്തിന്റെ പ്രയോജനമെന്തു്? ഹേ ആകാശമേ! നീ എന്തിനു ഇനിയും നീലവർണ്ണമായിരിക്കുന്നു? അല്ലയോ സൂര്യബിംബമേ! നീ എന്തിന് ഇപ്പോഴും അ[illegible] നാണമില്ലയോ നിനക്ക്? ഇറങ്ങ[illegible]ിനു താഴെ വന്നു വീണു തവിടുപൊ[illegible]ാശിക്കു

165528
38456
MUL
165528

കം. ഭൂകമ്പമേ! നീ ഭയങ്കരഹുങ്കാരത്തോടുകൂടി ഉയൎന്നു ഈ ഭൂമിയുടെ വക്ഷസ്സിനെ പിളൎന്നു അതിനെ പാതാളത്തിൽ ആഴ്ത്തിക്കളയുക. പെട്ടെന്നു ഒരു പ്രചണ്ഡദാവാനലൻ പടൎന്നു പിടിച്ചു പ്രപഞ്ചത്തെ ആസകലം ദഹിപ്പിച്ചു ഭസ്മമാക്കട്ടെ. ഒടുവിൽ ഉഗ്രക്കേറിയ ഒരു ചുഴലിക്കാററുവന്നു വീശി ആ ഭസ്മമെല്ലാം ദൈവത്തിൻെറ മുഖത്തേക്കു വാരിയെറിയട്ടെ.

## രംഗം ൩.

സ്ഥലം—രാജപുട്ടാനയിലെ മരുഭൂമി.

സമയം—മദ്ധ്യാഹ്നം.

(ഒരു മരച്ചുവട്ടിൽ ദാറാ: നാദിര, സിപാർ ഇവർ ഇരിക്കുന്നു. അവരുടെ അരികിലായി ജഹരൻ ഉന്നിസാ ഉറങ്ങിക്കിടക്കുന്നു.)

നാദിര:—പ്രഭോ! ഇനി എനിക്കു അശേഷം നടക്കുവാൻവയ്യ. ഇവിടെത്തന്നെ നമുക്കു കുറച്ചുനേരം വിശ്രമിക്കാം.

സിപാർ:— അതേ അച്ഛാ! അയ്യോ! എന്തൊരു ദാഹം!

ദാറാ:—നാദിരേ! വിശ്രമമോ? ഈ ലോകത്തിൽ നമുക്കു വിശ്രമമില്ല! നാം കടന്നുവന്ന ഈ മരുഭൂമി കണ്ടുവോ? എത്ര ഭയങ്കരമാണെന്നു നോക്കു.

നാദിര:—കണ്ടു കണ്ടു. അയ്യോ! എന്തു ഭയങ്കരം!

ദാറാ:—അതു സാരമില്ല. ഇനി കടക്കുവാനിരിക്കുന്നതാണു അതിലും ഭയങ്കരം. നോക്കു, നോക്കിയാൽ നോട്ടമെത്താത്ത വിധത്തിൽ നീണ്ടു കിടക്കുന്നു. തീ പറക്കുന്ന വെയിലു! ഒരു തുള്ളി വെള്ളമാകട്ടെ ഒരടി തണലാകട്ടെ എങ്ങുമില്ല.

സിപാർ:—അച്ഛാ! ദാഹിച്ചു പ്രാണൻ പോകുന്നു. അച്ഛാ! ഒരു തുള്ളി വെള്ളമെങ്കിലും തരൂ! അച്ഛാ!

ദാറാ:—സിപാർ! ഇനി വെള്ളമില്ല.

സിപാർ;—അച്ഛാ! വെള്ളം, വെള്ളം! വെള്ളം കിട്ടിയില്ലെങ്കിൽ ഞാൻ ചത്തുപോകും, അച്ഛാ!

ദാറാ:—(കോപത്തോടുകൂടി) ഛേ! മിണ്ടരുതു്.

സിപാർ:—അയ്യോ! വെള്ളം, വെള്ളം!

നാദിര:—പ്രഭോ! വല്ലിടത്തും കുറച്ചു വെള്ളം കിട്ടുമെങ്കിൽ നോക്കണേ. കുഞ്ഞു മോഹാലസ്യപ്പെട്ടു വീഴുവാൻ ഭാവിക്കയാണു്. എനിക്കും ദാഹംകൊണ്ടു തീരെ നിവൃത്തിയില്ല.

ദാറാ:— നിങ്ങൾക്കു മാത്രമെ അതൊക്കെയുള്ളു, എനിക്കു ആ വകയൊന്നുമില്ല; അല്ലേ? സ്വന്തം കാര്യം മാത്രമേ നിങ്ങൾ നോക്കുന്നുള്ളു.

നാദിര:—നാഥാ! എനിക്കു വേണ്ടിയല്ല ഞാൻ പറയുന്നതു്. ഈ കുട്ടി പാവം; അയ്യോ.

ദാറാ:— എന്റെ ഉള്ളം കത്തുന്നുണ്ടു്. എന്തൊരു കത്തലാണതു്! സഹിക്കുവാൻ വയ്യ. അതിനുപുറമെ ഇതാ ഈ സാധുവിന്റെ ഉണങ്ങിയ തൊണ്ടയും, വരണ്ട നാക്കും, വാടിയ മുഖവും കാണേണ്ടിയിരിക്കുന്നു, തൊണ്ടയിൽ നിന്നും വാക്കുകൾ പുറത്തേക്കു വരുന്നില്ല—ഈ അവസ്ഥയൊക്കെ ഞാൻ കാണുന്നുണ്ടു്. എന്നിട്ടും എനിക്കു പരമസുഖമാണെന്നാണോ നീ വിചാരിക്കുന്നതു്? ഞാനെന്താണു ചെയ്യുക? വെള്ളം കിട്ടുവാൻ ഒരു വഴിയുമില്ല. രണ്ടു നാഴിക സമചതുരത്തിൽ വെള്ളത്തിന്റെ തുള്ളിപോലും—അതിന്റെ രേഖപോലും—കാണുന്നില്ല. ഹാ: ദൈവമേ! എന്തു കഷ്ടസ്ഥിതിയിലാണു് അവിടന്നു് എന്നെ തള്ളിവിട്ടിരിക്കുന്നതു്? അയ്യോ! ഇനി സഹിക്കുവാൻ നിവൃത്തിയില്ല.

സിപാർ:—അച്ഛാ! എനിക്കൊന്നും വയ്യ.

നാദിര;—. അയ്യോ! ആഹാ! എൻെറ മകനേ! എൻെറ പ്രാണൻ പോകുന്നോ! ഇനി സഹിക്കുവാൻ തിരെവയ്യേ! അള്ളാ!

ദാറ:—മരിക്കുവിൻ! അതാണ് നല്ലതു്. മരിക്കുവിൻ, നിങ്ങളെല്ലാവരും മരിക്കുവിൻ! ഞാനും മരിക്കാം. ഇന്നു ഈ സ്ഥലത്തുവെച്ച നമ്മുടെ എല്ലാവരുടേയും കഥ അവസാനിക്കട്ടെ. പോട്ടെ എല്ലാം ഒടുങ്ങട്ടെ.

സിപാർ;—അമ്മേ! അയ്യോ ഒച്ച പൊങ്ങുന്നില്ല. എന്തൊരു വേദന എൻറമ്മേ!

നാദിര:—അയ്യോ! എന്തൊരു വേദന,

ദാറാ:—ഇനി കണ്ടു നില്ക്കുവാൻ എനിക്കു ശക്തിയില്ല. ഇന്നു ഞാൻ ദൈവത്തോടു പ്രതികാരം ചെയ്യും. അദ്ദേഹത്തിൻെറ അന്തസ്സാരശൂന്യമായ ഈ നികൃഷ്ടസൃഷ്ടിയെ മുറിച്ചുകളഞ്ഞു് അദ്ദേഹത്തിൻെറ കളവും ചതിയും ഞാനിന്നു വെളിപ്പെടുത്തും—ഇന്നു് ഞാൻ ആത്മഹത്യചെയ്യും.—എന്നാൽ ഞാൻ മരിക്കുന്നതിനുമുമ്പ് എൻെറ കൈകൊണ്ടു തന്നെ ഞാൻ നിങ്ങളുടെ കഥ കഴിക്കും. നിങ്ങളെ കൊന്നിട്ടേ ഞാൻ മരിക്കയുള്ളു.

(കഠാരം ഊരുന്നു.)

സിപാർ:—അച്ഛാ! അമ്മയെ കൊല്ലരുതേ! എന്നെ കൊന്നോളു.

നാദിര: അരുതു്. മുരുതു്. മുമ്പിൽ എന്നെ കൊന്നോളു. എൻെറ മുമ്പിൽവെച്ച കുഞ്ഞിൻെറ നെഞ്ചത്തു കത്തിവെക്കുവാൻ ഞാൻ സമ്മതിക്കയില്ല. ആദ്യം എന്നെ കൊല്ലണം..

സിപാർ:—അല്ലച്ഛ! ആദ്യം എന്നെ കൊല്ലണം.

ദാറാ:—ദൈവമേ! എന്താണിതു് ഇതെന്തു മായം! ഇടയ്ക്കിടക്കു അങ്ങെന്താണ് ഈ കാണിക്കുന്നതു്? അന്ധകാരത്തിൻെറ നടുവിൽ അപ്പൊഴപ്പോൾ എന്തൊരു പ്രകാശമാ

ണ് ഈ പ്രവഹിക്കുന്നതു്? ദയാനിധേ! ദീനവത്സല! അങ്ങയുടെ സൃഷ്ടി ഇത്ര സുന്ദരവും ഇത്ര നിഷ്ഠുരവുമായിരുന്നതെങ്ങിനെ? ഇതാ, ഈ അമ്മയും മകനും അന്യോന്യം രക്ഷിക്കുന്നതിനായി എന്തു പാടുപെടുന്നു! എന്നാൽ ആക്കും ആരേയും രക്ഷിക്കുവാൻ സാധിക്കുന്നുമില്ല. എത്ര പ്രബലം, എത്ര ദുർബ്ബലം, എത്ര ഉന്നതം, എത്ര നിമ്നം; ഇതു വിണ്ണിൽനിന്നും മണ്ണിലേക്കു വീണ ഒരു മാണിക്യമാണ്. സ്വർഗ്ഗനരകങ്ങളുടെ ഒരു സമ്മിശ്രരംഗമാണ്. ഇതെന്തു ലീലയാണ് എന്റെ ദൈവമേ!

സിപാർ:—അച്ഛാ!– അച്ഛാ!– അയ്യോ!

(മൂർഛിച്ചു വീഴുന്നു.)

നാദിര:—അയ്യോ! എന്റെ മകനേ!

(ഓടിച്ചെന്നു സിപാറിനെ എടുത്തു മടിയിൽ കിടത്തുന്നു)

ദാറാ:—ഇതാ, വീണ്ടും ആ നരകംതന്നെ പ്രത്യക്ഷപ്പെടുന്നു—ഛേ! ഛേ! ഞാനെന്തൊരു ഭ്രാന്തൻ? വെളിച്ചമാണെന്നു് ഞാൻ വിചാരിച്ചതു വെറും ഭ്രമം. ഇതു പിശാചിന്റെ കൂത്താട്ടമാണ്—ഇതു കേവലം ജാലമാണ്—കൂരിരുട്ടിന്റെ കൊടുമ എത്രമാത്രമുണ്ടെന്നു കണ്ടു മനസ്സിലാക്കുന്നതിനുള്ള ഒരു കത്തുന്ന കനൽക്കട്ടമാത്രമാണിതു്. വേറെ ഒന്നുമല്ല—ഞാൻ നിങ്ങളെ കൊന്നിട്ടു് ആത്മഹത്യ ചെയ്യും. (ജഹരത്തിന്റെ നേരെ നോക്കിട്ടു്) അവൾ ഉറങ്ങുകയാണ്. അവളേയുംകൊല്ലണം. അതിനുശേഷം നിങ്ങളുടെ മൃതശരീരത്തിൽ കിടന്നുകൊണ്ടു് ഞാനും മരിക്കും, വരുവിൻ! ഓരോരുത്തരായി വരുവിൻ!

(നാദിരയെ കൊല്ലുന്നതിനായി കഠാരം ഓങ്ങുന്നു.)

സിപാർ:—(മോഹാലസ്യത്തിൽനിന്നും ഉണൎന്നിട്ടു) അച്ഛാ! കൊല്ലരുതേ! കൊല്ലരുതേ!

ദാറാ:—(സിപാരിനെ ഒരു കൈകൊണ്ടുതള്ളി ദൂരത്താക്കീട്ടു

നാദിരയുടെനേരെ കഠാരം ഓങ്ങിക്കൊണ്ടു്) എന്നാൽ....

നാദിര:—മരിക്കുന്നതിനു മുമ്പായി ഞാനൊന്നു പ്രാൎത്ഥിച്ചുകൊള്ളട്ടെ അതുവരെ ക്ഷമിക്കണം.

ദാറാ:—പ്രാൎത്ഥിക്കുകയോ! ആരെ പ്രാൎത്ഥിക്കുവാനാണു്? ദൈവത്തേയൊ? ദൈവമില്ല. അതെല്ലാം ശുദ്ധമേ ജാലം! വെറും മെരട്ടു്! ദൈവം എന്നൊരാൾ ഇല്ല. എവിടെ ഇരിക്കുന്നു? അദ്ദേഹം എവിടെയാണുള്ളതു്? ദൈവം ഉണ്ടെന്നു് ആരു പറഞ്ഞു? അങ്ങിനെ ഒരാൾ ഉണ്ടോ?—കൊള്ളാം, എന്നാൽ ആട്ടെ, പ്രാൎത്ഥിക്കു.

നാദിര:—വരു മകനേ! മരിക്കുന്നതിനുമുമ്പായി ഒന്നു പ്രാൎത്ഥിക്കാം,

(രണ്ടുപേരും മുട്ടുകുത്തിയിരുന്നു കണ്ണുകൾ അടച്ചിട്ടു പ്രാൎത്ഥിക്കുന്നു.)

നാദിര:—ദൈവമേ! ദയാനിധേ! ഇന്നു ഞാൻ അതിരില്ലാത്ത ആപത്തിൽപെട്ടിട്ടാണു് അങ്ങയെ സ്മരിക്കുന്നതു്. പ്രഭോ! എനിക്കേതായാലും അങ്ങു ദുഃഖം നല്കി; അതു ഞാൻ സ്വീകരിക്കയും ചെയ്തു. അങ്ങെന്തു നല്കിയാലും അതിനെ ഞാൻ ശിരസാവഹിച്ചു് അനുഭവിച്ചുകൊള്ളും.—എന്നാൽ—എന്നാൽ—മരിക്കുന്ന സമയത്തു ഭൎത്താവും സന്താനങ്ങളും സുഖമായിരിക്കുന്നതു കണ്ടു മരിക്കുവാൻ എനിക്കു സാധിച്ചിരുന്നെങ്കിൽ ഹാ! ഞാൻ എത്ര ഭാഗ്യമുള്ളവളായിരുന്നു!

ദാറാ:—(ആ കാഴ്ച കണ്ടു പെട്ടെന്നു മുട്ടുകുത്തിയിരുന്നിട്ടു്) ദൈവമേ! ലോകൈകനാഥനായ അല്ലയോ സൎവ്വശക്ത! അവിടുന്നുണ്ടു്; നിശ്ചയമായും അവിടുന്നുണ്ടു്. അവിടന്നില്ലായിരുന്നെങ്കിൽ ഇപ്രകാരമുള്ള ഈ പ്രപഞ്ചത്തെ നടത്തുന്നതാരു്. ഇപ്രകാരമുള്ള രണ്ടു പവിത്രവസ്തുക്കൾ—അമ്മ, മകൻ എന്നുള്ള ഈ രണ്ടു പാവനപദാൎത്ഥങ്ങൾ ലോ

കത്തിൽ പ്രത്യക്ഷപ്പെടുന്നതിനു നിദാനമായ ആ നിത്യനിയമം എവിടന്നുണ്ടായി? ജഗദീശ! അങ്ങയെ ഞാൻ പലപ്പോഴും സ്മരിച്ചിട്ടുണ്ട്; എന്നാൽ ഇതുപോലെയുള്ള ആപത്തിലും ഇതുപോലെയുള്ള ദയനീയസ്ഥിതിയിലും അകപ്പെട്ട് ഇത്ര കാതരഹൃദയനായി അങ്ങയെ ഞാൻ ഇതിനുമുമ്പ് ഒരിക്കലും ആശ്രയം പ്രാപിച്ചിട്ടില്ല. ദയാനിധേ! ദീനവത്സല! രക്ഷിക്കണേ!

(ഒരു ഇടയനും ഒരു ഇടച്ചിയും പ്രവേശിക്കുന്നു.)

ഇടയൻ:—നിങ്ങൾ ആരാണ്?

ദാറാ:—ആരുടെ സ്വരമാണിതു്? (കണ്ണുതുറന്നിട്ട്) നിങ്ങൾ ആരാണ്? ഞങ്ങൾക്കു കുറെ വെള്ളം തരണേ! കുറെ വെള്ളം തരണേ! എനിക്കു കിട്ടിയില്ലെങ്കിലും വിരോധമില്ല. ഈ സ്ത്രീക്കും ഈ കുട്ടിക്കും കൊടുത്താൽ മതി.

ഇടച്ചി:—അയ്യോ. പാവങ്ങൾ! ഞാൻ പോയി ക്ഷണത്തിൽ വെള്ളംകൊണ്ടുവരാം. സ്വല്പംകൂടി ക്ഷമിപ്പിൻ!

(പോകുന്നു.)

ഇടയൻ:—അയ്യോ! കുഞ്ഞു വല്ലാതെ കിതക്കുന്നുവല്ലോ.

ദാറാ:—ജഹറൻ! എന്റെ ജഹറൻ!—അയ്യോ! കഥ അവസാനിച്ചു എന്നു തോന്നുന്നുവല്ലോ!

ഇടയൻ:—ഇല്ല, മരിച്ചിട്ടില്ല:—കുഞ്ഞേ!

ദാറാ—ജഹറൻ!

ജഹറൻ:—(ക്ഷീണസ്വരത്തിൽ) അച്ഛാ!

(ഇടച്ചി പ്രവേശിച്ചു വെള്ളം കൊടുക്കുന്നു. എല്ലാവരും വെള്ളം കുടിക്കുന്നു.)

ഇടച്ചി:—വരണം യജമാനനേ! അടിയങ്ങളുടെ കുടിലിലേക്കു പോകാം.

ഇടയൻ:—യജമാനനേ! വരണം.

ദാറാ:—നിങ്ങൾ ആരാണ്? സ്വർഗ്ഗത്തിലെ ദേവന്മാരൊ?

ദൈവമാണോ നിങ്ങളെ പറഞ്ഞയച്ചതു്?

ഇടൻ:—അല്ല യജമാനനേ! അടിയൻ ഒരിടയനാണു്. ഇവ ൾ അടിയൻെറ പെൺപിറന്നവളുമാണു്.

ദാറാ:—ഇടയന്മാക്കു് ഇത്രമാത്രം ദയയോ? മനുഷ്യക്കു് ഇത്ര മേൽ അനുകമ്പയോ? ഇതു വിശ്വസിക്കാവുന്നതോ?

ഇടയൻ:—അതെന്താണു് യജമാനനേ? യജമാനന്മാർ ഇതു വരെ മനുഷ്യരെ കണ്ടിട്ടില്ലേ? ചൈത്താന്മാരെ മാത്രമേ കണ്ടിട്ടുള്ളോ?

ദാറാ:—അതായിരിക്കുമോ ഇനി വാസ്തവം? അവരെല്ലാം ചെകുത്താന്മാർ തന്നെയാണെന്നു വരുമോ?

ഇടച്ചി:—ഇതു മനുഷ്യക്കുള്ള മുറതന്നെയാണു് യജമാനനേ! ശരിയില്ലാത്തവരെ രക്ഷിക്കുക, വിശക്കുന്നോക്കു ചോറു കൊടുക്കുക, ദാഹിക്കുന്നോക്കു വെള്ളം കൊടുക്കുക—ഇതെല്ലാം മനുഷ്യരുടെ മുറതന്നെയാണു്. ചൈത്താന്മാരേ ഇതൊക്കെ ചെയ്യാതിരിക്കു. ചിലപ്പോൾ അവരും ചെയ്തു എന്നു വന്നേക്കും.—വരണം യജമാനനേ!

(എല്ലാവരും പോകുന്നു.)

## രംഗം ४.

സ്ഥലം—മുങ്ഗേർ കോട്ടക്കകത്തുള്ള ഒരു വെണ്മാടം.

സമയം—നിലാവുള്ള രാത്രി.

(പിയാര ലാത്തികൊണ്ടു പാടുന്നു.)

(കേകാ.)

സൌഖ്യമായു് വസിക്കുവാനിക്കുടിൽ പണിതേൻ ഞാൻ;
ചിക്കെന്നായതു കഷ്ടമഗ്നിയിലെരിഞ്ഞു പോയു്!
മുങ്ങിനേനമൃതാബ്ധിതന്നിൽ ഞാൻ സ്നാനത്തിനായു്;
എങ്ങും ഹാ! വിഷമല്ലോ നിറഞ്ഞു കാണായപ്പോൾ.

ശീതളമെന്നോൎത്തു ഞാൻ സേവിച്ചേൻ ചന്ദ്രാതപം;
ഹാ! തപനന്റെ വേനൽത്തീവെയിലായതു മാറി.

(ഷൂജാ പ്രവേശിക്കുന്നു.)

ഷൂജാ:—നീ ഇവിടെയാണിരിക്കുന്നതു്. അല്ലേ? ഞാൻ നിന്നെ അന്വേഷിക്കാത്ത സ്ഥലം ഇനി ബാക്കിയില്ല.

(പിയാര പാടുന്നു.)

താണിടം വിട്ടു തീരം നോക്കിത്താൻ കുതികൊണ്ടേൻ
വീണു പോയ് കഷ്ടം കഷ്ടമഗാധജലത്തിൽ ഞാൻ.

ഷൂജാ:—എന്നിട്ടു് നിന്റെ ഒച്ചകേട്ടപ്പോഴാണ് എനിക്കു മനസ്സിലായതു്, നീ ഇവിടെയാണെന്നു്.

(പിയാര പാട്ടു തുടരുന്നു.)

കൊതിച്ചേനൈശ്വൎയ്യത്തെ പതിച്ചേൻ ദാരിദ്ര്യത്തിൽ
വിധിച്ചമാണിക്യവും നശിച്ചു പൊയ്പ്പോയല്ലോ.

ഷൂജാ:—പിന്നേയ്! ഞാൻ പറയുന്നതു് കേൾക്കുന്നുണ്ടോ?

(പിയാര പിന്നേയും പാട്ടു തുടരുന്നു.)

ദാഹത്തെ ശ്ശമിപ്പിപ്പാൻ മേഘത്തോടണഞ്ഞു ഞാൻ;
ഹാ! ഹന്ത! ശിരസ്സിങ്കലിടിത്തീയല്ലോ വീണു.

ഷൂജാ:—കേൾക്കാൻ ഭാവമില്ലേ? എന്നാൽ ഞാൻ പോവുകയാണ്.

(പിയാര വീണ്ടും പാട്ടു തുടരുന്നു.)

ചൊല്ലുന്നു ജ്ഞാനദാസൻ—കണ്ണനിൽ കൂട്ടം പ്രീതി
വല്ലാത്തൊരാധി ഹൃദി; നല്ലതു ഘോര മൃതി

ഷൂജാ:—അയ്യോ! ഇതെന്തൊരുപദ്രവം! ഇനി ആരും രണ്ടാം കുടി വിവാഹം ചെയ്യാൻ പുറപ്പെടരുതേ! ഭൎത്താക്കന്മാരെ ഇട്ടു കൊട്ടയാട്ടുകയല്ലെ. ഒന്നാം കുടിയായിരുന്നെങ്കിൽ നിന്റെ അടുക്കൽ ഇത്രയൊക്കെ ഞാൻ പാടുപെടുമെന്നു നീ വിചാരിക്കുന്നുണ്ടോ? പറഞ്ഞാൽ കേൾക്കാനും കൂടി ഭാവമില്ല!

പിയാര:—ഛെ! രസകരമായ എന്റെ ഗാനത്തെ ഇടക്കു വലിഞ്ഞുകയറി കലാപിലയാക്കിക്കളഞ്ഞു! ലോകത്തിൽ ഒരു സ്ത്രീക്കും രണ്ടാംകുടിയായി വിവാഹം ചെയ്യപ്പെടുവാനുള്ള യോഗം വരാതിരിക്കട്ടെ. എന്റെ ദൈവമേ! അല്ലെങ്കിൽ ആരെങ്കിലും വന്നു ഇത്ര രസകരമായ ഗാനത്തെ കലാപിലയാക്കിക്കളയുമോ? ഇതു വല്ലാത്ത ഉപദ്രവമായി! രാവും പകലും യുദ്ധം, യുദ്ധം, യുദ്ധം, വേറെ ഒരു വൎത്തമാനവുമില്ല. കേട്ടു കേട്ടു മുഷിഞ്ഞു. എന്നാൽ വ്യാകരണമോ സംഗീതമോ വല്ലതും അറിയാമോ; അതൊട്ടില്ല താനും; പൊറുതികേടായി!

ഷൂജാ:—എനിക്കു സംഗീതം അറിഞ്ഞുകൂടെ? നല്ല കഥ!

പിയാര:—എന്നാൽ പിന്നെ ഇത്ര രസകരമായ ഗാനം—ഹാ! എന്തു കേമമായ ഗാനമാണതു്.

ഷൂജാ:—നീ തന്നത്താൻ പാടി തന്നെത്താൻ രസിക്കയാണു്, അല്ലേ?

പിയാര:—എന്തു ചെയ്യാം. അങ്ങക്കാണെങ്കിൽ പാട്ടിന്റെ ഗന്ധമേ ഇല്ല. അതുകൊണ്ടു ഗായികയും ശ്രോതാവും ഞാൻതന്നെ ആകാമെന്നുവെച്ചു.

ഷൂജാ:—വ്യാകരണം തെററിപ്പോയല്ലോ.

പിയാര:—എന്താണു് തെററു്?

ഷൂജാ:—ഇവിടെ ശ്രോതാവു് ശരിയല്ല.

പിയാര:—(പരുങ്ങിക്കൊണ്ടു്) അതുതന്നെയാണു് അബദ്ധം പിണഞ്ഞതു്.

ഷൂജാ:—ഇനി കാൎയ്യം പറയാം, കേൾക്കൂ. സുലേമാൻ മുഞ്ഞേർ കോട്ട വിട്ടുപോയതു് എന്തുകൊണ്ടാണെന്നു മനസ്സിലായോ?

പിയാര:—അതു തെററാണോ?

ഷൂജാ:—ഓരോ അവനു് ആളയച്ചിരുന്നു. എന്നാലും ഇതു ഓഗത്തു്—

പിയാര:—അങ്ങിനെ വരാം. തെററെന്നു പറയുവാൻ പാടില്ല.

ഷൂജാ:—ദാറാ രണ്ടുയുദ്ധങ്ങളിലും അറംഗസീബിനാൽ തോല്പിക്കപ്പെടുകയാണുണ്ടായതു്.

പിയാര: വ്യാകരണം പിഴച്ചിട്ടില്ല.

ഷൂജാ:—നീ ഞാൻ പറയുന്നതു കേൾക്കാൻ ഭാവമില്ലെ?

പിയാര:—എൻെറ വ്യാകരണം പിഴച്ചിട്ടില്ലെന്നു് ആദ്യം തന്നെ സമ്മതിക്കൂ.

ഷൂജാ:—നിശ്ചയമായും പിഴച്ചിട്ടുണ്ടു്,

പിയാര:—നിശ്ചയമായും പിഴച്ചിട്ടില്ല.

ഷൂജാ:—വരൂ, ആരൊടെങ്കിലും ചോദിച്ചുനോക്കൂ.

പിയാര:—നോക്കൂ, തമ്മിൽ തീരുകയാണു നല്ലതു്. അല്ലെങ്കിൽ ഞാൻ കിടത്തിപ്പൊറുപ്പിക്കയില്ല. രാത്രി മുഴുവൻ ഞാൻ ഉറക്കെ മുറവിളി കൂട്ടിക്കൊണ്ടിരിക്കും. അങ്ങയെ ഉറങ്ങുവാൻ സമ്മതിക്കയില്ല. തമ്മിൽ തീരുകയാണു് നല്ലതു്.

ഷൂജാ:—അങ്ങനെ ചെയ്താൽ ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കാമോ?

പിയാര:—കേൾക്കാം.

ഷൂജാ:—എന്നാൽ നിൻെറ വ്യാകരണം പിഴച്ചിട്ടില്ല. നീ രണ്ടാംകുടിയായ സ്ഥിതിക്കു വിശേഷിച്ചും നിനക്കു തെററു പററുവാൻ നിവൃത്തിയില്ല.—ഇനി കേൾക്കാമല്ലൊ. ഒരു വിശേഷവത്മാനമുണ്ടു്. വളരെ ഗൌരവമേറിയ കാൎയ്യമാണു്. നിൻെറ അഭിപ്രായംകൂടി അതിൽ ആവശ്യമായിരിക്കുന്നു.

പിയാര:—ആഒ്ഹാ! എൻെറ അഭിപ്രായംകൂടിവേണമോ? എന്നാൽ നില്ക്കൂ, ഞാനൊന്നു ഒരുങ്ങട്ടെ (മുഖഭാവവും വസ്ത്രങ്ങളും ശരിപ്പെടുത്തീട്ടു്) ഛേ! ഇവിടെ എങ്ങും ഉയരം

കൂടിയ ഒരു ഇരിപ്പിടംപോലുമില്ലല്ലൊ. അല്ലെങ്കിൽ പോട്ടെ. ഞാൻ നിന്നുകൊണ്ടുതന്നെ കേൾക്കാം. പറയൂ. ഞാൻ ഒരുങ്ങിക്കഴിഞ്ഞു.

ഷൂജാ:— പിതാവു മരിച്ചിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം.

പിയാര:—എന്റെയും വിശ്വാസം അതുതന്നെയാണു്.

ഷൂജാ:—ജയസിംഹൻ എന്നെ കാണിച്ച ചക്രവർത്തിയുടെ തിരുവെഴുത്തു ദാറായുടെ കൃത്രിമസൃഷ്ടിയാണു്.

പിയാര:—സംശയമില്ല.

ഷൂജാ:—സമ്മതിക്കുന്നുണ്ടോ?

പിയാര:— ഞാൻ യാതൊന്നും സമ്മതിക്കുന്നില്ല. അങ്ങു് മുറക്കു പറഞ്ഞോളൂ.

ഷൂജാ:—രണ്ടാമത്തെ യുദ്ധത്തിലും ഔറംഗസീബ് ദാറായെ തോല്പിക്കയാണുണ്ടായതു്. ആ വർത്തമാനം നീ കേട്ടുവോ?

പിയാര:— കേട്ടു.

ഷൂജാ:—നിന്നോടു് അതാരുപറഞ്ഞു?

പിയാര:— അങ്ങു് പറഞ്ഞു.

ഷൂജാ:—എപ്പോഴാണു്.

പിയാര:—ഇപ്പോൾ തന്നെ.

ഷൂജാ:— ദാറാ ആഗ്രവിട്ടു ഓടിപ്പോയ്ക്കളഞ്ഞു. ഔറംഗസീബ് വിജയഭേരി മുഴക്കിക്കൊണ്ടു് ആഗ്രായിൽ പ്രവേശിച്ചു പിതാവിനെ ബന്ധനസ്ഥനാക്കിയിരിക്കുന്നു. മൊറാദിനേയും തടവിൽ പാർപ്പിച്ചിരിക്കയാണു്.

പിയാര:—ആങ്ഹാ!

ഷൂജാ:— ഔറംഗസീബ് ഇനി യുദ്ധത്തിനിറങ്ങുന്നതു് എന്റെ നേരെയായിരിക്കും.

പിയാര:—അങ്ങിനെ വരാനാണു് അധികം എളുപ്പം.

ഷൂജാ:— ഔറംഗസീബും ഞാനുമായി യുദ്ധമുണ്ടാവുകയാണെങ്കിൽ അതു കുറെ കടുപ്പപ്പെട്ട യുദ്ധമായിരിക്കും.

പിയാര:—കഷ്ടപ്പെട്ടതെന്നു പതുക്കെപ്പറഞ്ഞാൽപോരാ, വളരെ കഷ്ടപ്പെട്ടതായിരിക്കും

ഷൂജാ:—എനിക്കു് ഇന്നു മുതല്ലേ അതിന്നു വട്ടംകൂട്ടേണ്ടിയിരിക്കുന്നു.

പിയാര:—അതു പിന്നെക്കൂടാതെ കഴിയുമോ?

ഷൂജാ:—പക്ഷേ.

പിയാര:—ഈ "പക്ഷെ"തന്നെയാണു് എൻെറയും അഭിപ്രായം.

ഷൂജാ:—നീ പറയുന്നതെന്താണെന്നു് എനിക്ക മനസ്സിലാകുന്നില്ല.

പിയാര:— വാസ്തവം പറയുകയാണെങ്കിൽ അതെനിക്കും നല്ലവണ്ണം മനസ്സിലാകുന്നില്ല.

ഷൂജാ:—വേണ്ട; നിന്നോടു്; അഭിപ്രായം ചോദിക്കുന്നതു് വെറുതെയാണു്.

പിയാര:— അതു വാസ്തവമാണു്.

ഷൂജാ:—യുദ്ധകാൎയ്യങ്ങളെപ്പററി നിനക്കെന്തറിയാം?

പിയാര:—എനിക്കെന്തറിയാം.

ഷൂജാ:—പക്ഷേ മറെറാരു ഉൾഘടംകൂടി ഇപ്പോൾ വന്നുചേൎന്നിട്ടുണ്ടു്.

പിയാര:— എന്തു ഉൾഘടമാണതു്?

ഷൂജാ:— മഹമ്മദ് എൻെറ മകളെ വിവാഹം ചെയ്കയില്ലെന്നു് എനിക്കു സ്പഷ്ടമായി എഴുതി അയച്ചിരിക്കുന്നു.

പിയാര:— എങ്ങിനെ വിവാഹം ചെയ്യും?

ഷൂജാ:—എന്തുകൊണ്ടു ചെയ്കയില്ല? വിവാഹം ചെയ്യാമെന്നു് അവൻ സമ്മതിച്ചിരുന്നതല്ലേ? ഇപ്പോൾ വാക്കു മാററിപ്പറഞ്ഞാൽ ഒക്കുമോ?

പിയാര:— അയ്യോ! അതൊക്കുകയില്ല.

ഷൂജാ:—എന്നാൽ അവൻ ഇപ്പോൾ വിവാഹം ചെയ്കയില്ലെന്നാണു പറയുന്നതു്.

പിയാര;—അങ്ങനെയല്ലേ പറയൂ.

ഷൂജാ:—പിതൃശത്രുവിന്റെ പുത്രിയെ താൻ വിവാഹം ചെയ്യുകയില്ലെന്നാണ് അവൻ എഴുതി അയച്ചിരിക്കുന്നതു്.

പിയാര:—ശത്രുവിന്റെ പുത്രിയെ അവൻ എങ്ങനെ വിവാഹം ചെയ്യും?

ഷൂജാ:—പക്ഷെ അതു കേട്ടാൽ എന്റെ മകൾ അസാമാന്യമായി ദുഃഖിക്കും.

പിയാര:—അവൾ പിന്നെ ദുഃഖിക്കാതിരിക്കുമോ? അതു് സ്വാഭാവികമല്ലേ?

ഷൂജാ:—ഞാനിപ്പോൾ എന്താണ ചെയ്യേണ്ടതെന്നു് എനിക്കൊന്നും മനസ്സിലാകുന്നില്ല,

പിയാര:—എനിക്കും മനസ്സിലാകുന്നില്ല,

ഷൂജാ:—ഇതിനിനി എന്താണ നിവൃത്തി?

പിയാര:—അതാണ് ഞാനും ചോദിക്കുന്നതു്?

ഷൂജാ:—നിന്നോടു് ഒരു കാര്യത്തിലും അഭിപ്രായം ചോദിക്കുന്നതുകൊണ്ടു യാതൊരു ഫലവുമില്ല.

പിയാര:—മനസ്സിലായോ? അതെങ്ങനെ മനസ്സിലായി? എങ്ങനെയാണ് അങ്ങേക്കതു മനസ്സിലായതു്? എന്തു ബുദ്ധിസാമർത്ഥ്യം!

ഷൂജാ:—ഇപ്പോൾ ഞാൻ എന്താണ് ചെയ്യൂ? അറംഗസീബുമായിട്ടാണ് യുദ്ധം. അയാളുടെ വീരപുത്രനായ മഹമ്മദും കൂടെയുണ്ടായിരിക്കും. എന്തൊരു ധർമ്മസങ്കടമാണ നേരിട്ടിരിക്കുന്നതെന്നു നോക്കു. അതാണ് ഞാൻ ആലോചിക്കുന്നതു്. നിനക്കു വല്ല ഉപദേശവും തരുവാൻ സാധിക്കുമോ?

പിയാര:—പ്രഭോ! എന്റെ ഉപദേശം അവിടന്നു കേൾക്കുമോ? കേൾക്കുമെങ്കിൽ ഞാൻ പറയാം.

ഷൂജാ:—പറയൂ കേൾക്കട്ടെ.

പിയാര:—എന്നാൽ കേൾക്കൂ യുദ്ധം ചെയ്തിട്ടാവശ്യമില്ല; ഇതാണ് എൻെറ ഉപദേശം.

ഷൂജാ—എന്തുകൊണ്ടു്?

പിയാര:— നാഥ! സാമ്രാജ്യംകൊണ്ടെന്താണ് പ്രയോജനം? നമുക്ക് എന്തൊരു കുറവാണ് ഇപ്പോൾ ഉള്ളതു്? അതാ അങ്ങോട്ടൊക്കൊന്നു നോക്കൂ, സസ്യശ്യാമളയും, പുഷ്പവിഭൂഷിതയും, നിരവധി നിർഝരഝങ്കാരമുഖരിതയുമായ ഈ അമരാവതി—ഈ വംഗഭൂമി—ഉള്ളപ്പോൾ നമുക്കെന്തിനാണ് മററൊരു സാമ്രാജ്യം? എൻെറ ഹൃദയസിംഹാസനത്തിൽ എന്നെന്നേക്കും ഇളകാത്തവിധത്തിൽ പ്രതിഷ്ഠിതനായ അങ്ങേക്ക് എന്തിനാണ് അസ്ഥിരമായ ആ മയൂരസിംഹാസനം? നമ്മളിരുവരും ഈ പ്രാസാദശിഖരത്തിൽ പരസ്പരം കൈകോർത്തുപിടിച്ചും, അന്യോന്യം ആലിംഗനം ചെയ്തും, സ്വൈരമായി സഞ്ചരിച്ചു് വിവിധ വിഹംഗമങ്ങളുടെ മധുരഗാനങ്ങളെ ശ്രവിക്കുകയും, ഈ കാണുന്ന ഗംഗാനദിയുടെ ഭാസുര വിശാലമായ ധൂസര വക്ഷസ്സിനെ വീക്ഷണം ചെയ്കയും, അനന്തവും നീലവർണ്ണവുമായ ഈ അന്തരീക്ഷത്തിൽക്കൂടി നമ്മുടെ മനോഹരമായ ദൃഷ്ടിനൌകയെ മന്ദമന്ദം നയിക്കുകയും ചെയ്യാൻ കഴിവുള്ള നമുക്ക്—ആ കാണുന്ന നീലജലധിയുടെ ഒരു നിഭൃത പ്രാന്തത്തിൽ സങ്കല്പശക്തികൊണ്ടു ശാന്തിപൂർണ്ണമായ ഒരു സുന്ദരദ്വീപത്തെ സൃഷ്ടിച്ചു് അതിൻെറ മദ്ധ്യത്തിലുള്ള സ്വപ്നമയമായ ഒരു മഞ്ജുളനികുഞ്ജത്തിനുള്ളിൽ അന്യോന്യം അഭിമുഖരായി ഇരുന്നുകൊണ്ടു് പരസ്പരം പ്രാണസുധയെ പാനം ചെയ്യാൻ പ്രയാസമില്ലാത്ത നമുക്ക്, എന്തിനാണീ സാമ്രാജ്യം? പ്രിയപ്പെട്ട പ്രാണനാഥ! ഈ യുദ്ധംകൊണ്ടു കാര്യമില്ല. ആശിച്ചതു കിട്ടിയില്ലെന്നു മാത്രമല്ല ഒരു പക്ഷെ, ഉള്ളതുകൂടി പൊയ്പോയി എന്നു വന്നേക്കാം.

ഷുജാ:—എന്റെ വിചാരത്തെ നീ ഒന്നുകൂടി വൎദ്ധിപ്പിക്കയാണ ചെയ്തതു്. സ്വതവേ ആലോചിച്ചാലോചിച്ചു് എന്റെ തല പുകഞ്ഞിരിക്കയാണു്; അതിനുംപുറമെ—ഇല്ല, ദാറായുടെ പ്രഭുത്വത്തിന, വേണമെങ്കിൽ, ഞാൻ കീഴടങ്ങാമായിരുന്നു. ഔറംഗസീബിന്റെ—എന്റെ കനിഷ്ഠസഹോദരന്റെ—മേൽക്കോയ്മയെ ഞാൻ ഒരിക്കലും വകവെച്ചു കൊടുക്കുകയില്ല—ഇല്ല—ഒരിക്കലുമില്ല; തീൎച്ചതന്നെ. (പോകുന്നു)

പിയാര:— അങ്ങക്കു് ഉപദേശം നല്കുന്നതു വെറുതെയാണു്. അങ്ങു് വീരനാണെന്നു് എനിക്കറിയാം. സാമ്രാജ്യത്തിന വേണ്ടി യുദ്ധം ചെയ്തില്ലെങ്കിൽ യുദ്ധത്തിന വേണ്ടിയെങ്കിലും അങ്ങു് യുദ്ധം ചെയ്യാതിരിക്കയില്ല. അങ്ങയെ ഞാൻ നല്ലവണ്ണം അറിയും. യുദ്ധത്തിന്റെ പേരു കേട്ടാൽ മതി; ഉടനെ അങ്ങക്ക കലിയിളകും.

## രംഗം ൩

സ്ഥലം—ഡൽഹിയിലെ ആസ്ഥാനമണ്ഡപം.

സമയം—കാലത്തു ഒമ്പതു മണി

(ഔറംഗസീബ് സിംഹാസനത്തിന്മേൽ ഇരിക്കുന്നു. ഇരുപാൎശ്വങ്ങളിലായി മിർജ്ജുമ്‌ലാ മുതലായ മന്ത്രിപ്രധാനികളും, ശായേസ്താഖാൻ മുതലായ സേനാനായകന്മാരും, ജയസിംഹനും അംഗരക്ഷകന്മാരും യഥാസ്ഥാനം നില്ക്കുന്നു. പുരോഭാഗത്തു യശോവന്തസിംഹൻ ചക്രവൎത്തിക്കഭിമുഖമായി നില്ക്കുന്നു.)

യശോവന്തസിംഹൻ:—തിരുമേനി! സുൽത്താൻ ഷൂജായോടുള്ള യുദ്ധത്തിൽ തിരുമേനിക്ക സൈന്യസഹായം ചെയ്യാമെന്നു വിചാരിച്ചിട്ടാണു് ഞാൻ ഇങ്ങോട്ടു പുറപ്പെട്ടതു്. പക്ഷെ ഇവിടെ വന്നതോടുകൂടി ഞാനതു വേണ്ടെന്നുവെച്ചു.

ഇന്നുതന്നെ യോധപുരത്തിലേക്കു മടങ്ങിപ്പോകുവാനാണു് ഞാൻ തീരുമാനിച്ചിരിക്കുന്നതു്.

അറംഗസീബ്:—അല്ലയോ യശോവന്തസിംഹ മഹാരാജാവേ! അങ്ങു നർമ്മദാതീരത്തുവെച്ചു ദാരായുടെ പക്ഷത്തിൽ ചേൎന്നു യുദ്ധം ചെയ്തതുകൊണ്ടു നമ്മുടെ അപ്രീതിക്കു പാത്രമായിട്ടില്ല. അങ്ങയുടെ രാജഭക്തിക്കു തക്കതായ തെളിവു ഇനിയെങ്കിലും തരുന്നപക്ഷം അങ്ങയെ നാം നമ്മുടെ മിത്രമായി കരുതുന്നതാണു്.

യശോവന്തസിംഹൻ—തിരുമേനി! യശോവന്തസിംഹൻ അവിടത്തെ അപ്രീതിക്കു പാത്രമാകട്ടെ അല്ലെങ്കിൽ പ്രീതിക്കു പാത്രമാകട്ടെ അതുകൊണ്ടു് അയാൾക്കു ദോഷമോ ഗുണമൊ ഒന്നും വരാനില്ല. ഇന്നു ഞാൻ ഇവിടെ വന്നിരിക്കുന്നതു തിരുമേനിയുടെ അനുഗ്രഹത്തെ അൎത്ഥിക്കുവാനുമല്ല.

അറംഗസീബ്:—പിന്നെ എന്തിനാണു് അങ്ങിപ്പോൾ വന്നിരിക്കുന്നതു്?

യശോവന്തസിംഹൻ:—ഞാൻ വന്നിരിക്കുന്നതു് തിരുമേനിയെകണ്ടു് ഒരു കാൎയ്യം ചോദിക്കുവാൻ—എന്തപരാധം പ്രവൎത്തിച്ചതുകൊണ്ടാണു് ഞങ്ങളുടെ ദയാലുവായ ഷാജിഹാൻ ചക്രവൎത്തി ഇന്നു ബന്ധനത്തിൽ കിടക്കുന്നതു്. ഏതധികാരത്തെ അടിസ്ഥാനമാക്കീട്ടാണു്—അവിടന്നു പിതാവു ജിവിച്ചിരിക്കെ—അദ്ദേഹത്തിൻെറ സിംഹാസനത്തിന്മേൽ കയറി ഇരിക്കുന്നതു്?

അറംഗസീബ്:—അതിനു നിങ്ങളോടു നാം സമാധാനം പറയണമോ?

യശോവന്തസിംഹൻ:—സമാധാനം പറയുകയോ പറയാതിരിക്കയോ അവിടത്തെ ഇഷ്ടമാണു്. ഞാൻ വന്നിരിക്കുന്നതു് അതു ചോദിക്കുവാൻ മാത്രം.

അറംഗസീബ്:—അതുകൊണ്ടു പ്രയോജനം?

യശോവന്തസിംഹൻ:—തിരുമേനിയുടെ സമാധാനം കേട്ടിട്ടുവേണം എനിക്ക് എന്റെ ഭാവിനടപടിയെ തീരുമാനിക്കുവാൻ.

അറംഗസീബ്:—അതെങ്ങിനെ? നാം സമാധാനം പറയുവാൻ ഭാവമില്ലെങ്കിലോ?

യശോവന്തസിംഹൻ:—എന്നാൽ അവിടുത്തേക്ക് ഇക്കാര്യത്തിൽ പറയത്തക്ക സമാധാനം യാതൊന്നുമില്ലെന്ന ഞാൻ മനസ്സിലാക്കും.

അറംഗസീബ്:—അങ്ങ് എങ്ങിനെ വേണമെങ്കിലും മനസ്സിലാക്കിക്കൊള്ളു, അതുകൊണ്ട അറംഗസീബിന യാതൊരു ദോഷവുമില്ല. തന്റെ പ്രവൃത്തികൾക്ക ദൈവത്തോടൊഴിച്ചു മററാരോടും സമാധാനം പറയുവാൻ അറംഗസീബ് വിചാരിക്കുന്നുമില്ല.

യശോവന്തസിംഹൻ:—കൊള്ളാം. എന്നാൽ ഈശ്വരനോടുതന്നെ സമാധാനം പറഞ്ഞാൽ മതി.

(പോകുവാൻ ഭാവിക്കുന്നു)

അറംഗസീബ്:—നില്ക്കണം മഹാരാജാവേ! നമ്മുടെ സമാധാനം കിട്ടാത്തപക്ഷം അങ്ങിനി എന്താണ് ചെയ്യാൻ ഭാവം?

യശോവന്തസിംഹൻ:—ഷാജിഹാൻ ചക്രവർത്തിയെ സ്വതന്ത്രനാക്കുവാൻ എന്നാൽ കഴിയുന്നവിധം ഞാൻ ശ്രമിക്കും. അത്രമാത്രം. സാധിക്കുമോ ഇല്ലയോ എന്നുള്ളതു കണ്ടറിയേണ്ട കാര്യമാണ്. എന്റെ കർത്തവ്യം ഞാൻ ചെയ്യും.

അറംഗസീബ്:—രാജദ്രോഹം പ്രവർത്തിപ്പാനാണോ ഭാവം.

യശോവന്തസിംഹൻ:—എന്ത്? രാജദ്രോഹമോ? ചക്രവർത്തിക്കുവേണ്ടി യുദ്ധംചെയ്യുന്നതിന്റെ പേരാണോ രാജദ്രോഹം? രാജദ്രോഹം പ്രവർത്തിച്ചിട്ടുള്ളതു തിരുമേനിയാണ്.

കഴിയുമെങ്കിൽ ആ രാജദ്രോഹത്തെ ഞാൻ അമർത്തുവാൻ നോക്കും.

അറംഗസീബ്:—ഹേ മഹാരാജാവേ! ഇത്രയും നേരം നാം അങ്ങയുടെ അഹംഭാവം എത്രകണ്ടുണ്ടെന്നു പരീക്ഷിക്കയായിരുന്നു. അങ്ങ് ആരേയും കൂസാത്ത ധീരനാണെന്നു നാം കേട്ടിട്ടുണ്ട്. ഇപ്പോഴതു വാസ്തവമാണെന്നു ബോദ്ധ്യവുമായി. അല്ലയോ മഹാരാജാവേ! ഭാരതചക്രവർത്തിയായ അറംഗസീബ് യോധപുരാധിപതിയായ യശോവന്തസിംഹന്റെ ശത്രുതയെ ഭയപ്പെടുന്നില്ല. പോർക്കളത്തിൽ വെച്ച് ഒരിക്കൽകൂടി അറംഗസീബുമായി പരിചയപ്പെടണമെന്ന മോഹമുണ്ടെങ്കിൽ അങ്ങനെയാകാം. നർമ്മദായുദ്ധത്തിൽവെച്ച് അങ്ങക്ക് അറംഗസീബുമായി നല്ലവണ്ണം പരിചയപ്പെടുവാൻ തരമായില്ലെന്നു തോന്നുന്നു.

യശോവന്തസിംഹൻ:—നർമ്മദയിലെ യുദ്ധമോ തിരുമേനി? അവിടന്ന് ആ വിജയത്തിൽ അഭിമാനിക്കയാണു ചെയ്യുന്നതു്, അല്ലേ? യശോവന്തസിംഹൻ അനുകമ്പയാൽ ആർദ്രഹൃദയനായിത്തീർന്നതുകൊണ്ടാണ്, വഴിനടന്നു ക്ഷീണിച്ച അങ്ങയുടെ ബലഹീനമായ സൈന്യത്തെ അന്ന് ആക്രമിക്കാതിരുന്നതു്. അല്ലെന്നുവരികിൽ, എന്റെ ഭടന്മാരുടെ ഒത്തൊരുമിച്ചുള്ള ഒറ്റ നിശ്വാസത്താൽ അറംഗസീബ് സൈന്യസമേതം പറപറക്കുമായിരുന്നു. ആ ഉദാരമായ അനുകമ്പക്കുപകരം അറംഗസീബിൽനിന്നു ഇത്തരത്തിലുള്ള അതിനീചമായ വഞ്ചനയാണ് തനിക്കു കിട്ടുവാൻ പോകുന്നതെന്നു യശോവന്തസിംഹൻ അശേഷം കരുതിയിരുന്നില്ല. അതയാളുടെ തെറ്റായിപ്പോയി. ആ വിജയത്തെപ്പറ്റിയാണോ അവിടന്ന് അഭിമാനിക്കുന്നതു്?

അറംഗസീബ്:—യശോവന്തസിംഹ! സൂക്ഷിച്ചു സംസാരി-

ക്കു. അറംഗസീബിൻെറ ക്ഷമയ്ക്കും ഒരതിരുണ്ട്. അതൊത്തിട്ടുവേണം സംസാരിക്കുവാൻ.

യശോവന്തസിംഹൻ:—അല്ലയോ സമ്രാട്ട്! ആരെയാണ്, അവിടന്നു കണ്ണുരുട്ടിക്കാണിക്കുന്നതു്? ജയസിംഹനെപ്പോലെയുള്ള ആളുകൾ, ഒരുപക്ഷേ അവിടത്തെ കണ്ണുരുട്ടൽ കണ്ടു പേടിക്കുമായിരിക്കാം. യശോവന്തസിംഹൻ അതു കണ്ടിട്ടൊന്നും ഇളകുന്നവനല്ലെന്നു അവിടന്നു ധരിച്ചാൽ കൊള്ളാം. അവിടത്തെ ചുവന്ന കണ്ണുകളും വലിയതോക്കിൽനിന്നും പുറപ്പെടുന്ന ആഗ്നേയഗോളങ്ങളും യശോവന്തസിംഹന് ഒരുപോലെ നിസ്സാരങ്ങളാണ്.

മിർജ്ജുമ്ലാ?—മഹാരാജാവേ! എന്തു ധിക്കാരമാണ് ഈ കാണിക്കുന്നതു്?

യശോവന്തസിംഹൻ:—മിണ്ടാതിരിക്കു ഹേ. അവിടെ കേസരിവീരന്മാർ തമ്മിൽ പൊരുതുമ്പോൾ അതിൽ കുറുനരിക്കെന്തുകാര്യം? ഞങ്ങളിൽ ആരുംതന്നെ ഇനിയും മരിച്ചിട്ടില്ലല്ലോ. നിങ്ങളുടെ സമയം യുദ്ധത്തിനുശേഷമാണ്. നിങ്ങളും ഈ ഷായേസ്താഖാനും,

ശായേസ്താഖാനും മിർജ്ജുമ്ലായും:—(പെട്ടെന്നു വാളൂരിയിട്ടു്) എന്തുപറഞ്ഞു കാഫർ?

ശായേസ്താഖാൻ:—തിരുമേനി! കല്പനയാകണം.

(അറംഗസീബ് ആംഗ്യംകൊണ്ടു തടുക്കുന്നു.)

യശോവന്തസിംഹൻ:—ഒത്ത ജോടി!—"മിർജ്ജുമ്ലായും ഈ ശായേസ്താഖാനും—മന്ത്രിയും സേനാപതിയും. രണ്ടുപേരും നന്ദികെട്ടവർ! യജമാനനു പററിയ ഭൃത്യന്മാർതന്നെ,

ശായേസ്താഖാൻ:—തിരുമേനി! ഈ കാഫരിൻെറ ധിക്കാരം കണ്ടില്ലേ? ഭാരതചക്രവർത്തിയുടെ മുമ്പിൽവെച്ച് —

യശോവന്തസിംഹൻ:—ആരാണ് ഹേ ഭാരതചക്രവർത്തി?

ശായെസ്താഖാൻ:—ഭാരതചക്രവത്തി സാക്ഷാൽ ഷാഗാജി ആലംഗിർതന്നെ.

(മൂടുപടം ധരിച്ച ജാഹനാര പ്രവേശിക്കുന്നു.)

ജാഹനാര:—അതു വെറും ഭോഷ്ക്ക്! ഭാരതചക്രവത്തി അറംഗസീബല്ല. ഭാരതചക്രവത്തി സാക്ഷാൽ ഷാഹാൻഷാ ഷാജിഹാൻ ആണ്.

മിർജ്ജുമ്ലാ:—ഈ സ്ത്രീ ആരാണ്?

ജാഹനാര:—ഈ സ്ത്രീ ആരാണെന്നോ? ഈ സ്ത്രീ ആരാണെന്നു അറിയണമോ? എന്നാൽ കേട്ടോളൂ. ഈ സ്ത്രീ ഷാജിഹാൻ ചക്രവത്തിയുടെ പുത്രിയായ ജാഹനാരയാണ്. (മുഖത്തുനിന്നും മൂടുപടം മാററിയിട്ട്) എന്താ അറംഗസീബ് നിൻെറ മുഖം പെട്ടെന്നു വിളറിപ്പോയതെന്താണ്?

അറംഗസീബ്:—ജ്യേഷ്ഠത്തി! നിങ്ങൾ എന്തിനു് ഇവിടെ വന്നു!

ജാഹനാര:—"നിങ്ങൾ എന്തിന്" ഇവിടെ വന്നു?" എന്ന് ഈ സിംഹാസനത്തിന്മേൽ ഞെളിഞ്ഞിരുന്നുകൊണ്ട് ഒരു പുരുഷൻെറ സ്വരത്തിൽ എന്നോടു ചോദിപ്പാൻ നിനക്കിന്നു ധൈര്യമുണ്ടായോ? അറംഗസിബ്! ഞാനിവിടെ വന്നിരിക്കുന്നതു രാജദ്രോഹകുററത്തിനു നിൻെറ പേരിൽ ആവലാതി ബോധിപ്പിക്കുവാനാണ്?

അറംഗസീബ്:—ആരുടെ അടുക്കലാണ് ആവലാതി ബോധിപ്പിക്കുന്നതു്?

ജഹനാര:—ദൈവത്തിൻെറ അടുക്കൽ, ദൈവം ഇല്ലെന്നു വിചാരിക്കുന്നുണ്ടോ? പിശാചിൻെറ ഭൃത്യവേല ചെയ്തു ചെയ്ത് ഒടുവിൽ നിനക്കു ദൈവവിശ്വാസംകൂടി നശിച്ചുപോയി എന്നുണ്ടോ? ഉണ്ട്. ദൈവം എന്നൊരാൾ ഉണ്ട്"

അറംഗസിബ്!—ഞാൻ ഇവിടെ ഇരുന്നുകൊണ്ട് ആ ദൈവത്തിൻെറ ദാസ്യവൃത്തിയാണല്ലോ അനുഷ്ഠിക്കുന്നതു്.

ജാഹനാര:—ഛരി! അരുതു്! ദൈവത്തിന്റെ പവിത്രനാമത്തെ നിന്റെ വികൃഷ്ടമായ നാക്കുകൊണ്ടു് ഉച്ചരിക്കരുതു്. നാക്കു പൊള്ളിപ്പോകും—അല്ലയോ ഇടിത്തീയ്യേ! കൊടുങ്കാറേറ! അല്ലയോ ഭൂകമ്പമേ! വെള്ളപ്പൊക്കമേ! അല്ലയോ അഗ്നിബാധേ! മഹാമാരി!— നിരപരാധികളായ ലക്ഷോപലക്ഷം സാധുക്കളുടെ കുടുംബങ്ങളെ എരിച്ചും പൊരിച്ചും തകൎത്തും നശിപ്പിച്ചുകളയുവാൻ മാത്രമെ നിങ്ങൾക്കു കഴിവുള്ളു എന്നു വരുമോ? ഭൂമിക്കു ഭാരമായ ഇങ്ങനെയുള്ള ദുഷ്ടന്മാരോടു് ഒന്നും പ്രവൎത്തിപ്പാൻ നിങ്ങൾക്കു ത്രാണിയില്ലേ?

അറംഗസീബ്:—മഹമ്മദ്! ഈ ഭ്രാന്തിയെ ഇവിടെനിന്നു പിടിച്ചുകൊണ്ടു പോവൂ. ഇതു രാജസദസ്സാണു്, ഭ്രാന്തശാലയല്ല. മഹമ്മദ്.

ജാഹനാര;—ആ ചുണയൊന്നു കാണട്ടെ. ഈ സദസ്സിൽ ഷാജിഹാൻ ചക്രവൎത്തിയുടെ പുത്രിയേ തൊടുവാൻ ഉശിരുള്ളവൻ ആരെന്നു ഞാൻ കാണട്ടെ. അറംഗസീബിന്റെ പുത്രനല്ല, സാക്ഷാൽ ചെകുത്താൻതന്നെ വന്നാലുംഎന്നെ തൊട്ടുമോ എന്നു ഞാനൊന്നു കാണട്ടെ.

അറംഗസീബ്:—മഹമ്മദ്! കേട്ടില്ലേ പറഞ്ഞതു്? പിടിച്ചുകൊണ്ടു പോവൂ.

മഹമ്മദ്:—പിതാവേ! ക്ഷമിക്കണം. അതിനുമാത്രം അവിവേകം എനിക്കില്ല.

യശോവന്തസിംഹൻ:—രാജകുമാരിയുടെ നേരെ ന്യായരഹിതമായി പെരുമാറുവാൻ ഞങ്ങൾ സമ്മതിക്കയില്ല.

എല്ലാവരും:—ഒരിക്കലുമില്ല.

അറംഗസീബ്:—അല്ലാ നാം കോപത്താൽ വിവേകഹീനനായിത്തീൎന്നുപോയെയാ? കഷ്ടം—നമ്മുടെ സ്വന്തം ജ്യേഷ്ഠത്തിയോടു—ഷാജിഹാൻ ചക്രവൎത്തിയുടെ പുത്രിയോടു—

ഈവിധം അനുചിതമായി പെരുമാറുവാൻ നാം കല്പിച്ചുവല്ലോ!—ജ്യേഷ്ഠത്തി! നിങ്ങൾ അന്തഃപുരത്തിലേക്കു പൊയ്ക്കോളൂ. ഈ തുറന്ന സദസ്സിൽ—അനവധി നികൃഷ്ടനേത്രങ്ങളുടെ മുമ്പിൽ — വന്നുനില്ക്കുന്നതു ഷാജിഹാൻ ചക്രവൎത്തിയുടെ പുത്രിക്കു യോജിച്ചതല്ല. അന്തഃപുരമാണു് ജ്യേഷ്ഠത്തിക്കു് ഉചിതമായ സ്ഥലം.

ജാഹനാര:—ആറംഗസീബ്! അതെനിക്കറിയാം. എന്നാൽ ഭയങ്കരമായ ഭൂകമ്പത്താൽ ഭവനങ്ങളെല്ലാം തകൎന്നുവീഴുമ്പോൾ അതുവരെ അസൂയാവശഗരായി ജീവിക്കുന്ന അംഗനകളും അശേഷം ലജ്ജയും സങ്കോചവും കൂടാതെ രാജമാൎഗ്ഗത്തിന്റെ മദ്ധ്യത്തിൽ വന്നു നിശ്ശങ്കം നില്ക്കാറുണ്ടു്. അങ്ങനത്തെ ഒരവസ്ഥയാണു് ഇന്നു ഭാരതഖണ്ഡത്തിനും നേരിട്ടിരിക്കുന്നതു്. അതിഘോരമായ അക്രമത്താൽ ഒരു സാമ്രാജ്യം ഇന്നു തകൎന്നു വീണിരിക്കുന്നു. ഈ അവസരത്തിൽ ആ നിയമമൊന്നും നില്ക്കുകയില്ല. ഇന്നു ഭാരതരംഗത്തിൽ അഭിനയിക്കപ്പെടുന്നതുപോലെയുള്ള ആതികഠോരമായ അന്യായം—അസഹനീയമായ അക്രമം—ഇതിനു മുമ്പൊരിക്കലും ഒരിടത്തും ഉണ്ടായിട്ടുള്ളതായി കേട്ടിട്ടില്ല. അത്ര വലിയ മഹാപാപമാണു്—അത്ര നീചമായ നിഷ്ഠുരതയാണു്—ഇന്നു ധൎമ്മത്തിന്റെ പേരിൽ നടക്കുന്നതു്. ഈ ആട്ടുമാട്ടുകൾ അതിന്റെ നേരെ കണ്ണും മിഴിച്ചു നോക്കിക്കൊണ്ടു് അനങ്ങാതെ നില്ക്കുകമാത്രമേ ചെയ്യുന്നുള്ളു. ഭാരതഖണ്ഡത്തിലെ മനുഷ്യരെല്ലാം ഇന്നു വെറും കൊരടാവിന്റെ വീശലിനു വഴങ്ങി ജീവിക്കുന്ന ഭീരു മൃഗങ്ങളോ? അനീതിയുടെ ഒഴുക്കിൽപെട്ടു് ന്യായം, വിവേകം, മനുഷ്യത്വം എന്നുവേണ്ട, ഏതെല്ലാം ഉൽകൃഷ്ട ധൎമ്മങ്ങൾ മനുഷ്യൎക്കുണ്ടോ അതെല്ലാംതന്നെ—അസ്തമിച്ചു പോയോ? നീചമായ സ്വാൎത്ഥലാഭം മാത്രമാണോ മനു

ഷ്യരുടെ ഇപ്പോഴത്തെ ധൎമ്മവും നീതിയും?—സേനാനായകന്മാരേ, മന്ത്രിമാരേ! സദസ്യരേ! നിങ്ങളുടെ ചക്രവൎത്തിയായ ഷാജിഹാൻ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സിംഹാസനത്തിന്മേൽ കയറി ഇരിപ്പാൻ നിങ്ങൾ അനുവദിച്ചതു് എന്തു ന്യായം കണ്ടിട്ടാണെന്നു് എനിക്കൊന്നറിഞ്ഞാൽ കൊള്ളാം.

അറംഗസീബ്:—സദസ്യരേ! നമ്മുടെ ജ്യേഷ്ഠത്തി ഇവിടെനിന്നു പോകുവാൻ ഭാവമില്ലെങ്കിൽ നിങ്ങൾ ഇവിടം വിട്ടുപോകുവിൻ. രാജകുമാരിയുടെ മാനത്തെ രക്ഷിക്കുവിൻ.

(എല്ലാവരും പോകുവാൻ ഭാവിക്കുന്നു.)

ജാഹനാര:—നില്ക്കുവിൻ, പോകരുതു്; എന്റെ കല്പനയാണു്. ഞാൻ ഇവിടെ വന്നിട്ടുള്ളതു നിങ്ങളുടെ അടുക്കൽ നിഷ്ഫലമായി വിലപിക്കുവാനല്ല. എന്റെ സ്വന്തം ദുരവസ്ഥയെ നിങ്ങളെ അറിയിച്ചു നിവൃത്തി നേടുവാനുമല്ല ഞാൻ വന്നിട്ടുള്ളതു്. സ്ത്രീസഹജമായ നാണം, മാനം, സങ്കോചം ഇവയെല്ലാം വെടിഞ്ഞു ഞാൻ ഇവിടെ വന്നിട്ടുള്ളതു് എന്റെ വൃദ്ധനായ പിതാവിനുവേണ്ടിയാണു്. കേൾക്കുവിൻ, ഞാൻ പറയുന്നതൊന്നു കേൾക്കുവിൻ.

എല്ലാവരും:—രാജകുമാരി അരുളിച്ചെയ്യണം.

ജാഹനാര:—ഞാൻ നിങ്ങളെ നേരിട്ടു കണ്ടു ഒരു കാൎയ്യം ചോദിക്കുവാൻ വന്നിരിക്കയാണു്. നിങ്ങൾക്കു നിങ്ങളുടെ വീരനും ദയാലുവും പ്രജാവത്സലനുമായ ആ ഷാജിഹാൻ ചക്രവൎത്തിയോ വേണ്ടതു്, അതോ വഞ്ചകനും പിതൃദ്രോഹിയും, പരസ്വാപഹാരിയുമായ ഈ അറംഗസീബോ വേണ്ടതു്? ഇപ്പോഴും ധൎമ്മം ലോകത്തിൽനിന്നു തീരെ മാഞ്ഞുപോയിട്ടില്ലെന്നു നിങ്ങൾ മനസ്സിലാക്കണം. സൂൎയ്യചന്ദ്രന്മാർ ഇപ്പോഴും ഉദിക്കുന്നുണ്ടു്. പിതൃപുത്രസംബന്ധം ഇപ്പോഴും നിലനില്ക്കുന്നുണ്ടു്. അതെല്ലാം ഇന്നു്

ഒരൊററ ദിവസംകൊണ്ടു്, ഒരുത്തന്റെ പാപപ്രവൃത്തിയുടെ ഫലമായി കീഴ്മേൽ മറിഞ്ഞുപോകുമെന്നു നിങ്ങറം കരുതുന്നുണ്ടോ?—അതൊരിക്കലുമില്ല. കയ്യൂക്കിന്റെ മുഷ്കു് ഇത്ര മേൽ മൂത്തുവോ? അതിന്റെ വിജയദുന്ദുഭി പവിത്രമായ തപോവനത്തിന്റെ സമാധാനപൂൎണ്ണമായ ശാന്തിയെക്കൂടി ഭഞ്ജിക്കുവാൻ മുതിരുകയോ? അധൎമ്മത്തിന്റെ ധിക്കാരം ഇത്ര അധികം മുഴുത്തുവോ? സ്നേഹം, ദയ, ഭക്തി മുതലായ മഹനീയഭാവങ്ങളുടെ മനോഹരവക്ഷസ്സിൽകൂടെ രക്തത്തിൽ മുഴുകി മഹാബീഭത്സമായ അതിന്റെ തേർ തെളിക്കുകയോ!—നിങ്ങളെന്തു പറയുന്നു? അറംഗസീബിനെ നിങ്ങറം ഭയപ്പെടുന്നുവോ? ആരാണു് ഈ അറംഗസീബു്? അയാളുടെ ഇരുകൈകളിൽ എത്രമാത്രം ബലമുണ്ടു്? നിങ്ങളാണു് അയാളുടെ ബലം. നിങ്ങറം വിചാരിച്ചാൽ അയാളെ ഈ സ്ഥാനത്തിൽ പ്രതിഷ്ഠിക്കുവാനും, ഈ സ്ഥാനത്തുനിന്നു വലിച്ചിഴച്ചു വൻകുഴിയിൽ വീഴ്ത്തുവാനും കഴിയും. ഷാജിഹാൻ ചക്രവൎത്തിയെ നിങ്ങറം ഇപ്പോഴും സ്നേഹിക്കുന്നുണ്ടെങ്കിൽ—കിഴവനാണെന്നുവെച്ചു് കേസരിവീരനെ കാലുകൊണ്ടു ചവിട്ടുവാൻ നിങ്ങറം കരുതുന്നില്ലെങ്കിൽ—നിങ്ങറം മനുഷ്യരാണെങ്കിൽ — പറയുവിൻ, "ഷാജിഹാൻ ചക്രവൎത്തി സൎവ്വോൽകൎഷേണ വൎത്തിക്കട്ടെ!" എന്നു ഐകകണ്ഠ്യേന ഉൽഘോഷിക്കുവിൻ. അറംഗസീബിന്റെ കയ്യിൽനിന്നു ഉടനെ ചെങ്കോൽ ഇഴുകിവീഴുന്നതു് അപ്പോറം നിങ്ങറംക്കു കാണാം.

എല്ലാവരും:—ഷാജിഹാൻ ചക്രവൎത്തി സൎവ്വോൽകൎഷേണ വൎത്തിക്കട്ടെ!

ജാഹനാര:—കൊള്ളാം. ഇതാണു നിങ്ങറംക്കു് ഉചിതമായ പ്രവൃത്തി. എന്നാൽ ഇനി—

അറംഗസീബ്:— (സിംഹാസനത്തിൽനിന്നും ഇറങ്ങിയിട്ടു്

ശരി! എന്നാൽ ഇതാ ഈ ക്ഷണത്തിൽതന്നെ ഞാൻ സിംഹാസനത്തെ ഉപേക്ഷിച്ചിരിക്കുന്നു. സദസ്യരേ! എന്റെ പിതാവായ ഷാജിഹാൻ രോഗിയും രാജ്യഭരണത്തിനു് അശക്തനുമാണു്. അദ്ദേഹം ഭരണത്തിനു സമൎത്ഥനായിരുന്നെങ്കിൽ ഞാൻ ദക്ഷിണാപഥത്തിൽനിന്നു് ഇവിടെ വരേണ്ട യാതൊരാവശ്യവുമില്ലായിരുന്നു. രാജ്യത്തിന്റെ ചെങ്കോൽ ഷാജിഹാന്റെ കയ്യിൽനിന്നല്ല, ദാറായുടെ കയ്യിൽനിന്നാണു ഞാൻ എടുത്തിട്ടുള്ളതു്. പിതാവു പണ്ടത്തെപ്പോലെ സുഖമായും സ്വൈരമായും ആഗ്രായിലെ അരമനയിൽ പാൎക്കുന്നുണ്ടു്. ദാറാ ചക്രവൎത്തിയായിരിക്കണമെന്നാണു് നിങ്ങൾക്കെല്ലാം ആഗ്രഹമെങ്കിൽ അതു പറയുവിൻ. ഞാൻ ഈ ക്ഷണത്തിൽതന്നെ അദ്ദേഹത്തെ വിളിച്ചുകൊണ്ടുവരുവാൻ ആളയച്ചുകൊള്ളാം. എന്തിനു ദാറാ? മഹാരാജാവായ യശോവന്തസിംഹനാണു് ഈ സിംഹാസനത്തിന്മേൽ ഇരിക്കുവാൻ ആഗ്രഹിക്കുന്നതെങ്കിൽ അദ്ദേഹം ഇപ്പോൾതന്നെ ഇതിന്മേൽ കയറി ഇരുന്നുകൊള്ളട്ടെ. അതല്ല, ജയസിംഹ മഹാരാജാവോ മററാരെങ്കിലുമോ ഗൌരവമേറിയ ഈ ഭരണത്തിന്റെ ചുമതല കയ്യേല്ക്കുവാൻ തയ്യാറുണ്ടെങ്കിൽ അതിലും എനിക്കു വിരോധമില്ല. ഒരു വശത്തു ദാറാ, മറെറാരുവശത്തു ഷൂജാ, ഇനിയൊരുവശത്തു മൊറാദ്—ഈ പ്രബലശത്രുക്കളേയും ചുമലിൽ ഏന്തിക്കൊണ്ടു് ആരെങ്കിലും ഈ സിംഹാസനത്തിന്മേൽ ഇരിക്കുവാൻ മോഹിക്കുന്നുണ്ടെങ്കിൽ ഇരുന്നുകൊള്ളട്ടെ. നിങ്ങളുടെ അനുവാദവും അപേക്ഷയും അനുസരിച്ചാണു ഞാൻ ഇതിന്മേൽ ഇരിക്കുന്നതെന്നായിരുന്നു എന്റെ വിശ്വാസം. ഈ സിംഹാസനം എനിക്കൊരു സമ്മാനമാണെന്നു നിങ്ങളാരും കരുതേണ്ട; ഇതു് എനിക്കൊരു ശിക്ഷയാണു്. ഞാൻ ഇരിക്കുന്നതു സിംഹാസനത്തി

ന്മേലല്ല, വെടിമരുന്നിന്റെ കുന്നിന്മേലാണ്. അതിനും പുറമേ ഇതിനു പുറപ്പെട്ടതുകൊണ്ടു് എന്റെ മക്കത്തേയ്ക്കുള്ള യാത്രക്കുടി മുടങ്ങി. നിങ്ങൾക്കിഷ്ടമാണെങ്കിൽ ദാറാ സിംഹാസനത്തിൽ ഇരിക്കട്ടെ; ഹിന്ദുസ്ഥാനം വീണ്ടും അരാജകവും അധർമ്മസങ്കലവും ആയിത്തീരട്ടെ. ഞാൻ ഇന്നുതന്നെ മക്കത്തേയ്ക്കു പൊയ്ക്കൊള്ളയാം. അതെനിക്കു പരമാനന്ദമാണ്. പറയുവിൻ, എന്താണ് നിങ്ങളുടെ ഇഷ്ടമെന്നു പറയുവിൻ!

(എല്ലാവരും ക്ഷുബ്ധരായി നിസ്തബ്ധരായി നില്ക്കുന്നു.)

അറംഗസീബ്:—ഇതാ ഞാനെന്റെ കിരീടം സിംഹാസനത്തിന്റെ കാൽക്കൽ വെച്ചിരിക്കുന്നു. ചക്രവത്തിയുടെ പ്രതിപുരുഷനായിട്ടാണ് ഞാൻ ഈ സിംഹാസനത്തിൽ ഇരുന്നതു്. അതും അധികനാളത്തേക്കു വേണമെന്നു് എനിക്കു വിചാരമില്ലായിരുന്നു. ദാറായുടെ ദുർഭരണംമൂലം നേരിട്ട കുഴപ്പങ്ങളെ തീർത്തു സാമ്രാജ്യത്തിൽ സമാധാനത്തെ പുനർസ്ഥാപിച്ചതിനുശേഷം നിങ്ങൾ നിർദ്ദേശിക്കുന്ന ആളുടെ കയ്യിൽ രാജ്യത്തിന്റെ ഭരണഭാരം സമർപ്പിച്ചു മക്കത്തേക്കു പോകണമെന്നേ എനിക്കു മോഹമുണ്ടായിരുന്നുള്ളു. ഞാൻ ഇവിടെ ഇരിക്കുന്നുണ്ടെങ്കിലും എന്റെ മനസ്സെല്ലാം ആ പുണ്യസ്ഥലത്താണ്. ഞാൻ ജാഗ്രത്തിൽ ചിന്തിക്കുന്നതും, നിദ്രയിൽ സ്വപ്നം കാണുന്നതും എന്റെ ജീവിതൈകലക്ഷ്യമായ ആ മഹാതീർത്ഥയാത്രയെത്തന്നെയാണ്. നിങ്ങളുടെ ആഗ്രഹം ഇതാണെങ്കിൽ ഇന്നുതന്നെ ഞാൻ രാജ്യഭരണം ഉപേക്ഷിച്ചു് മക്കത്തേക്കു പൊയ്ക്കൊള്ളാം. അതെനിക്കു പരമഭാഗ്യമാണ്. എന്റെ കാര്യത്തെപ്പററി നിങ്ങൾ ഒന്നുംതന്നെ ആലോചിക്കണ്ട. നിങ്ങളുടെ സ്വന്തംഗുണം മാത്രം നിങ്ങൾ നോക്കിയാൽ മതി. നിങ്ങൾക്കു മർദ്ദനമോ ഭരണമോ ആവശ്യമെന്നു പറയുവി

ൻ. ഇനി ഏതായാലും നിങ്ങളുടെ ഇഷ്ടത്തിനു വിരുദ്ധമായി ഈ ചെങ്കോൽ ഞാൻ തൊടുകയില്ല. നിങ്ങൾ ആവശ്യപ്പെട്ടാലും ഇവിടെ താമസിച്ച് ദാറായുടെ അക്രമപൂർണ്ണമായ ദുർഭരണത്തെ കണ്ടുകൊണ്ടിരിപ്പാൻ ഞാൻ വിചാരിക്കുന്നുമില്ല. നിങ്ങൾ എന്താണ് ആഗ്രഹിക്കുന്നത്? പറയുവിൻ. മഹമ്മദ്! നീ പോയി മക്കത്തേക്കുള്ള യാത്രക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യുക—കേൾക്കട്ടെ. എന്താണ് നിങ്ങളുടെ അഭിപ്രായം?

എല്ലാവരും:—അറംഗസീബ് ചക്രവർത്തി സർവ്വോൽകർഷേണ വർത്തിക്കട്ടെ.

അറംഗസീബ്:—ശരി; കൊള്ളാം. നിങ്ങളുടെ അഭിപ്രായം മനസ്സിലായി. ഇനി നിങ്ങൾ പുറത്തേക്കുപോകുവിൻ. എന്റെ സഹോദരിയെ—ഷാജിഹാന്റെ പുത്രിയെ—അപമാനിക്കാതിരിക്കുവിൻ.

(അറംഗസീബും ജാഹനാരയും ഒഴികെ മററെല്ലാവരും പോകുന്നു.)

ജാഹനാര:—അറംഗസീബേ!

അറംഗസീബ്:—ജ്യേഷ്ഠത്തി!

ജാഹനാര:—ആശ്ചര്യം അറംഗസീബ്! നീ അതിസമർത്ഥൻ! നിന്നെ പ്രശംസിക്കാതിരിക്കുവാൻ എനിക്കു തോന്നുന്നില്ല. ഇത്രയും നേരം ഞാൻ അത്ഭുതപരവശയായി ഒരക്ഷരവും സംസാരിക്കുവാൻ ശക്തയല്ലാതെ അമ്പരന്നു നിന്നുകൊണ്ടു നിന്റെ ഇന്ദ്രജാലം കാണുകയായിരുന്നു. എന്റെ മയക്കം മാറി നോക്കുമ്പോൾ എനിക്കുള്ളതെല്ലാം ഇതാ നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ആശ്ചര്യം! അത്യാശ്ചര്യം!!

അറംഗസീബ്:—ഞാൻ ഇതാ സത്യം ചെയ്യുന്നു, അല്ലായുടെ പരിശുദ്ധനാമത്തിൽ ഇതാ ഞാൻ സത്യം ചെയ്യുന്നു—ഞാൻ ചക്രവർത്തിയായി വാഴുന്നിടത്തോളം കാലം ജ്യേ

ഷ്ഠത്തിക്കും പിതാവിനും യാതൊരു സംഗതിയിലും കുറവുവരുത്തുന്നതല്ല.

ജാഹനാര:—ഞാൻ വീണ്ടും പറയുന്നു. അത്യാശ്ചൎയ്യം! അത്യാശ്ചൎയ്യം!!!

കൎട്ടൻ വീഴുന്നു.

# മൂന്നാം അങ്കം

## രംഗം ൧.

സ്ഥലം—വിജാപ്പൂരിൽ അറംഗസീബിൻെറ ശിബിരം

സമയം—രാത്രി.

(അറംഗസീബു കയ്യിലുള്ള ഒരു കടലാസ്സു കഷണത്തിന്മേൽ നോക്കിക്കൊണ്ടു് ആലോചനാമഗ്നനായി നില്ക്കുന്നു.

അറംഗസീബ്:—ഒരു വച്ചരത്തു കൊടുത്തുനോക്കിയാലോ? വേണ്ട, അതുകൊണ്ടു കാൎയ്യമില്ല; ആനയെക്കൊണ്ടു മറച്ചുകളയും. കൊള്ളാം, ആ പോരു തരക്കേടില്ല.—അയ്യോ!; അതു പാടില്ല; തുറന്നരശിൽ എൻെറ മന്ത്രി പൊയ്പോകും. പക്ഷെ—നോക്കട്ടെ, ഇങ്ങനെയായാലോ—ഉം ഹൂഹും! അതും വയ്യ!—ശരി ഇങ്ങനെ ഒരു പോട്ടരത്തു കൊടുത്തുകളയാം. അപ്പോഴം പിന്നാക്കം ഒഴിയും.—എന്നിട്ടു ഇങ്ങനെ ഒരു കളി. ആഠം കാലിൽ നീങ്ങുവാൻ നിവൃത്തിയില്ല.—പിന്നീടു് ഒരിഷ്ടരത്തും.—എങ്ങോട്ടു മാറും? അടിയറവു തന്നെ:—(ഉത്സാഹത്തോടുകൂടി) അതെ അടിയറവുതന്നെ. (ചുററി നടക്കുന്നു.)

(മീർജ്ജുമ്‌ലാ പ്രവേശിക്കുന്നു.)

അറംഗസീബ്—അല്ലയോ മന്ത്രി! ഈ യുദ്ധത്തിൽ നാം ജയിച്ചു.

മീർജ്ജുമ്ലാ:—അതെങ്ങനെയാണ തിരുമേനി?

അറംഗസീബ്:—ആദ്യം നിങ്ങൾ വലിയ തോക്കുകൊണ്ടു വെടിവെക്കണം. അതുകൊണ്ടു് അമ്പരന്നുനില്ക്കുന്ന ശത്രുസൈന്യങ്ങളെ എന്റെ ആനകൾ ആക്രമിക്കും. ഉടനെ മറേറ വശത്തുനിന്നു മഹമ്മദിന്റെ അശ്വഭടന്മാരും പാഞ്ഞുവന്നെതിക്കണം. ഈ മൂന്നരത്തുകൾകൊണ്ടു് അടിയറവു നിശ്ചയമാണു്.

മീർജ്ജുമ്ലാ:—യശോവന്തസിംഹനോ?

അറംഗസീബ്:—അയാളെ ഇത്തവണ അത്ര വിശ്വസിക്കുവാൻ പാടില്ല. അയാളെ കണ്ണിൽനിന്നു തെററാതെ സൂക്ഷിക്കണം. നമ്മുടേയും ഷൂജായുടേയും സൈന്യങ്ങൾക്കു മദ്ധ്യത്തിലായി മുന്നണിയിൽ വേണം അയാളെ നിത്തുവാൻ. നാം ഓത്തിരിക്കാത്ത അവസരത്തിൽ അപകടം പ്രവത്തിപ്പാൻ അയാൾക്കു തരം കിട്ടരുതു്. അയാളുടെ പുറകിലായി നില്ക്കണം നിങ്ങളുടെ പീരങ്കിപ്പട. ഞാനും മഹമ്മദും അയാളുടെ ഇരുവശങ്ങളിലും നിന്നുകൊള്ളാം. ശത്രുക്കൾ പ്രധാനമായി ആക്രമിക്കുന്നതു യശോവന്തസിംഹന്റെ രാജപുത്രസൈന്യങ്ങളെ ആയിരിക്കണം. അവർ നല്ലവണ്ണം യുദ്ധം ചെയ്യും; അല്ലെങ്കിൽ പുറകിലായി നിങ്ങളുടെ വലിയ തോക്കുണ്ടല്ലൊ. മന്ത്രി പോയ്പോകുന്നെങ്കിൽ പോകട്ടെ. ജയം നമുക്കു നിശ്ചയമാണു്.—എന്നാൽ നാളെ രാവിലെ ഒരുങ്ങിനില്ക്കണം. ഇപ്പോൾ പോകാം.

മീർജമ്ലാ:— കല്പനപോലെ. (പോകുന്നു.)

അറംഗസീബ്:— അല്ലയോ യശോവന്തസിംഹ! ഇതു നിങ്ങൾക്കുള്ള പരീക്ഷയാണു്.

(മുഹമ്മദ് പ്രവേശിക്കുന്നു.)

അറംഗസീബ്:—മഹമ്മദ്! നിനക്കു നിശ്ചയിച്ചിട്ടുള്ള സ്ഥാനം മുൻവശത്തു യശോവന്തസിംഹന്റെ വലത്തുഭാഗ

ത്താണ്. എല്ലാററിലും ഒടുവിൽ വേണം നീ ആക്രമിക്കുവാൻ. അതുവരെ നീ സന്നദ്ധനായിനില്ലുക മാത്രമേ ആകാവൂ. ഇതാ ഈ പടം നോക്കൂ.

(മഹമ്മദ് നോക്കുന്നു.)

അറംഗസീബ്:— കൊള്ളാം. എന്നാൽ പൊയ്ക്കോളൂ. നാളെ രാവിലെ.

(മഹമ്മദ് പോകുന്നു.)

അറംഗസീബ്:— മനസ്സിലായയൊ?

മഹമ്മദ്:— ഉവ്വ്, അച്ഛ!

അറംഗസീബ്:— ഷൂജായുടെ ലക്ഷം സൈന്യങ്ങളും ശരിയായ യുദ്ധപരിശീലനം ഇല്ലാത്തവരാണ്. അതിനാൽ വലിയ പ്രയാസമൊന്നും വേണ്ടിവരികയില്ലെന്നാണ് തോന്നുന്നതു്. ഒരിക്കൽ അണിമുറിയേണ്ട താമസമേയുള്ളൂ.— ഇതാ യശോവന്തസിംഹനും എത്തിക്കഴിഞ്ഞുവല്ലോ.

(ദിൽദാറിനോടുകൂടി യശോവന്തസിംഹൻ പ്രവേശിച്ചു അറംഗസീബിനെ അഭിവാദനം ചെയ്യുന്നു.)

അറംഗസീബ്:— മഹാരാജാവേ! ഞാൻ അങ്ങേക്ക് ആളയച്ചതു് ഒരു കാര്യം അങ്ങയെ ധരിപ്പിക്കുവാനാണ്.— ഞാൻ വളരെയെല്ലാം ആലോചിച്ചതിനുശേഷം സകല സൈന്യങ്ങളുടേയും മുൻഭാഗത്തു് അങ്ങക്കാണ സ്ഥാനം നിശ്ചയിച്ചിട്ടുള്ളതു്.

യശോവന്തസിംഹൻ:— എനിക്കോ?

അറംഗസീബ്:— അതേ, എന്താ, അതിൽ അങ്ങക്ക് വല്ല വിരോധവുമുണ്ടോ?

യശോവന്തസിംഹൻ:— ഇല്ല, ഒരു വിരോധവുമില്ല.

അറംഗസീബ്:— അങ്ങെന്താണ പറയുന്നതു്?

യശോവന്തസിംഹൻ;— കുമാരനായ മഹമ്മദിനാണല്ലോ മുന്നണിയിൽ സ്ഥാനം നിശ്ചയിച്ചിരുന്നതു്.

അറംഗസീബ്:— ആ അഭിപ്രായം പിന്നീട്ട ഞാൻ മാററി. അവൻ അങ്ങയുടെ വലത്തുവശത്തുനില്ക്കും.

യശോവന്തസിംഹൻ:— മീർജ്ജുമ്ലായോ?

അറംഗസീബ്:— അങ്ങയുടെ പുറകിൽ. ഞാൻ അങ്ങയുടെ ഇടത്തുവശത്തും നില്ക്കും.

യശോവന്തസിംഹൻ:— ശരി, ഇപ്പോഠം മനസ്സിലായി. തിരുമേനി എന്നെ സംശയിക്കുന്നുണ്ട്.

അറംഗസീബ്:— അങ്ങു വളരെ സമർത്ഥൻതന്നെ. എൻെറ തന്ത്രങ്ങളൊന്നും അങ്ങയുടെ അടുക്കൽ ഫലിക്കയില്ല. ഞാൻ കാൎയ്യം വ്യക്തമായി പറഞ്ഞേക്കാം. അങ്ങയെ ഞാൻ എൻെറ പരമബന്ധുവായി കരുതുന്നില്ല. അങ്ങനെ കരുതീട്ടല്ല ഞാൻ അങ്ങയെ എൻെറ കൂടെ കൊണ്ടുവന്നിട്ടുള്ളതും. ഞാൻ ഇല്ലാത്ത അവസരം നോക്കി അങ്ങ് ആഗ്രയിൽ കുഴപ്പമുണ്ടാക്കരുതു് എന്നു വിചാരിച്ചുമാത്രമാണ് അങ്ങയെ കൂടെ കൊണ്ടുവന്നിട്ടുള്ളതു്.—ഇതെല്ലാം അങ്ങു നല്ലവണ്ണം അറിഞ്ഞിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

യശോവന്തസിംഹൻ:—ഇല്ല, തിരുമേനി! ഞാൻ അത്രത്തോളം കരുതിയില്ല. ഞാൻ സമർത്ഥനാണെന്നൊരഹങ്കാരം എനിക്കുണ്ടായിരുന്നു. എന്നാൽ അക്കാൎയ്യത്തിൽ അവിടത്തെ ശിഷ്യനാകത്തക്ക യോഗ്യതകൂടി എനിക്കില്ലെന്നു് ഇപ്പോഠം ബോദ്ധ്യമായി.

അറംഗസീബ്:—ഇനി എന്താണ് അങ്ങയുടെ ഭാവം?

യശോവന്തസിംഹൻ:— തിരുമേനി! രാജപുത്രർ വിശ്വസിച്ചാൽ ചതിക്കുന്ന ജാതിക്കാരല്ല. എന്നാൽ അവിടത്തെ വകക്കാർ—അല്ലെങ്കിൽ അവിടന്നു—അവരെ വിശ്വാസവഞ്ചകരാക്കിത്തീൎത്തിരിക്കുന്നു. എങ്കിലും, തിരുമേനി! സൂക്ഷിച്ചു പെരുമാറിയാൽനന്നു്. ഈ രാജപുത്രജാതി

-യെ വെറുതെ ക്ഷോഭിപ്പിക്കണ്ട. ഇണങ്ങിയാൽ രാജപുത്രരെപ്പോലെ ബന്ധുക്കൾ ആരുമില്ല. പിണങ്ങിയാൽ അവരെപ്പോലെ ഭയങ്കരശത്രുക്കളും ആരുമില്ല; അതോർമ്മയിരിക്കട്ടെ. നല്ലവണ്ണം സൂക്ഷിച്ചു പെരുമാറിയാൽ മതി.

അറംഗസീബ്:—മഹാരാജാവേ! അറംഗസീബിൻെറ മുമ്പിൽ പുരികം ചുളിച്ചിട്ടു യാതൊരു പ്രയോജനവുമില്ല. പൊയ്ക്കോളൂ. എൻെറ കല്പനയാണിതു്. അതുപോലെ പ്രവൎത്തിക്കൂ. അല്ലാത്തപക്ഷം—അറംഗസീബിനെ അങ്ങു് അറിയുമല്ലോ.

യശോവന്തസിംഹൻ:—അറിയും. അവിടന്നു യശോവന്തസിംഹനേയും അറിയുമല്ലോ. ഞാൻ ആരുടേയും ഭൃത്യനല്ല. ഈ കല്പനയെ ഞാൻ അനുസരിക്കയുമില്ല.

അറംഗസീബ്:—മഹാരാജാവേ! അറംഗസീബ് ഒരിക്കലും ആരുടേയും ധിക്കാരത്തെ ക്ഷമിക്കുന്നവനല്ലെന്നു് അങ്ങു നല്ലവണ്ണം ധരിക്കണം. ആലോചിച്ചു പ്രവൎത്തിച്ചാൽ—

യശോവന്തസിംഹൻ:— തിരുമേനി! യശോവന്തസിംഹൻ ആരേയും ഭയപ്പെടുന്നവനല്ലെന്നു് അവിടന്നും നല്ലവണ്ണം ധരിക്കണം. ആലോചിച്ചു പ്രവൎത്തിച്ചാൽ മതി.

അറംഗസീബ്:— എന്തു്! ഇങ്ങനെയുണ്ടോ ഒരു കാൎയ്യം—യശോവന്തസിംഹ!

യശോവന്തസിംഹൻ:— അറംഗസീബേ!

അറംഗസീബ്—നിങ്ങളെ ഞാൻ ഈ നിമിഷത്തിൽ ബന്ധനസ്ഥനാക്കുകയാണെങ്കിൽ ആരാണു് നിങ്ങളെ രക്ഷിക്കുവാൻ?

യശോവന്തസിംഹൻ:—ഈ ഖഡ്ഗം. അല്ലയോ അറംഗസീബ്! ഈ ക്ഷണകാലത്തിലും യശോവന്തസിംഹമഹാരാജാവിൻെറ ഒരൊററ ആംഗ്യത്താൽ മുപ്പതിനായിരം രാജപുത്രഖഡ്ഗങ്ങൾ ഏകകാലത്തിൽ ഉയൎന്നു സൂൎയ്യപ്രകാശത്തിൽ

തിളങ്ങും. ഈ ദുഷ്കാലത്തിലും രാജപുത്രർ രാജപുത്രർതന്നെയാണ്.

(പോകുന്നു.)

അറംഗസീബ്:— എൻെറ ലാക്കുപിഴച്ചു. ഞാൻ കുറെ അധികം മുന്നോട്ടു കടന്നുപോയി. ഈ രാജപുത്രജാതിയെ ഞാൻ നല്ലപോലെ മനസ്സിലാക്കിയില്ല. എന്തുദർപ്പം! എന്തൊരഭിമാനം—ഇത്രത്തോളമുണ്ടെന്ന് എനിക്കു മനസ്സിലായില്ല.

ദിൽദാർ:—എങ്ങനെ മനസ്സിലാകും തിരുമേനി? മുഷ്കിൻെറ രാജ്യത്തിലല്ലെ അവിടത്തെ വാസം. തടിമിടുക്കും, തട്ടിപ്പറിയും, മുലമറക്കലും, മുഖസ്തുതിയും മാത്രമല്ലെ അവിടുന്ന് എന്നും കണ്ടുവരുന്നതു്? അത്തരക്കാരേ വശപ്പെടുത്തുവാൻ അവിടന്നു മിടുക്കനാണ്.—ഈ കണ്ട രാജ്യം വേറെ. ഇതിലെ പ്രജകൾക്കു പ്രാണനേക്കാൾ മാനമാണ് വലുതു്.

അറംഗസീബ്:—ആട്ടെ, ഇനിയും ഇതിനു വല്ല പ്രതിവിധിയും ഉണ്ടോ, എന്നു ഞാൻ നോക്കട്ടെ. പക്ഷെ രോഗം ചികിത്സക്കു അമരാത്ത പാകത്തിലായി എന്നാണ് തോന്നുന്നതു്.

(പോകുന്നു.)

ദിൽദാർ:—എടോ ദിൽദാർ. തുരിയായിട്ട് അകത്തുകടന്ന നീ തുമ്പയായിട്ടു പുറത്തുവന്നേക്കുമോ! എനിക്കതാണ് ഭയം. ആദ്യം നീ സ്തുതിപാഠകനായി; പിന്നെ വിദൂഷകനായി; പിന്നെ രാജ്യതന്ത്രജ്ഞനായി; പിന്നെ ദാർശനികനായി; ഇനിയത്തെ ഭാവമെന്താണാവോ?

(അറംഗസീബും മിർജ്ജുമ്ലായും സംസാരിച്ചുകൊണ്ടു പ്രവേശിക്കുന്നു.)

അറംഗസീബ്:—അപകടമൊന്നും പ്രവൎത്തിക്കാതെ, സൂക്ഷിച്ചാൽ മാത്രം മതി.

മീർജ്ജുമ്ലാ:— കല്പനപോലെ.

അറംഗസീബ്:—അയാളുടെ കണ്ണുകളിൽ അസാധാരണമായ ഒരു ചുവപ്പുനിറം കാണുകയുണ്ടായി. പ്രാണമയമാണെങ്കിൽ:അശേഷം ഇല്ലതാനും. രാജപുത്രജാതിക്കാർ മുഴുവനും ഇത്തരക്കാരാണ്.

മീർജ്ജുമ്ലാ:—തിരുമേനി! ഒരു രാജപുത്രനെ ഒരു വലിയ തോക്കിനേക്കാറം കൂടുതൽ ഭയപ്പെടണമെന്നാണ് എനിക്കു തോന്നുന്നതു്.

അറംഗസീബ്:—വളരെ ജാഗ്രതയായിരിക്കണം.

മിർജ്ജുമ്ലാ:—കല്പനപോലെ.

അറംഗസീബ്:—മഹമ്മദിനെ ഒന്നിങ്ങോട്ടു പറഞ്ഞയക്കുക. അല്ലെങ്കിൽ വേണ്ട; ഞാൻതന്നെ അങ്ങോട്ടു പൊയ്ക്കൊള്ളയാം.

(പോകുന്നു)

മിർജ്ജുമ്ലാ:—അറംഗസീബ് ഇതുവരെ മററൊരു യുദ്ധത്തിലും ഇത്രമാത്രം അസ്വസ്ഥഹൃദയനായിത്തീർന്നിട്ടുള്ളതായി ഞാൻ കണ്ടിട്ടില്ല. ജ്യേഷ്ഠാനുജന്മാർ തമ്മിലല്ലേ യുദ്ധം. അതുകൊണ്ടായിരിക്കാം. അയ്യോ! ജ്യേഷ്ഠാനുജന്മാർ തമ്മിൽ യുദ്ധമോ! എന്തു് അസ്വാഭാവികം! എന്തു ഭയങ്കരം.

ദിൽദാർ:— ഒന്നുകൂടി പറയൂ—എന്തു പ്രോത്സാഹജനകം:— ഈ തൃഷ്ണ മററെല്ലാ തൃഷ്ണയേക്കാളും കരുത്തുകൂടിയതാണ്. അല്ലയോ മന്ത്രിസാഹേബ്! എനിക്കൊരു സംശയം. വളരെ ആലോചിച്ചിട്ടും അതിനു ശരിയായ സമാധാനം കിട്ടുന്നില്ല: അവനവൻെറ ഗൃഹത്തിൽതന്നെ വലുതായ ശത്രു ഉള്ളപ്പോറം മനുഷ്യൻ എന്തിനാണ പരസ്പരം ശത്രുതയെ വൎദ്ധിപ്പിക്കാൻ ഇത്ര വളരെ മതങ്ങളെ സൃഷ്ടിച്ചതു്? സ്വന്തം സഹോദരനേപ്പോലെ ശത്രു ലോകത്തിൽ മററൊരുമില്ലല്ലൊ.

മിർജ്ജുമ്ലാ:—അതെങ്ങിനെ?

ദിൽദാർ:—നോക്കു അങ്ങുന്നേ, ഹിന്ദുക്കളും മുസൽമാന്മാരും തമ്മിൽ വല്ല യോജിപ്പുമുണ്ടോ? ഒന്നാമതായി, ഈശ്വരദത്തമായ വേഷത്തെത്തന്നെ ചെത്തിയും മിനുക്കിയും അന്യോന്യം എത്രമേൽ വ്യത്യാസപ്പെടുത്താമോ അത്രമേൽ അവർ വ്യത്യാസപ്പെടുത്തുന്നു. ഒരുകൂട്ടർ മുൻവശത്തു താടി വളർത്തുന്നു. മറെറക്കൂട്ടർ പിൻവലത്തു തലമുടിവെക്കുന്നു. ഇവർ പടിഞ്ഞാട്ടുതിരിഞ്ഞുനിന്നുകൊണ്ടു നിസ്കരിക്കുന്നു; അവർ കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ടു പ്രാർത്ഥിക്കുന്നു. മുസൽമാന്മാർ താറിട്ടുടുക്കാറില്ലെ? ഹിന്ദുക്കൾ താറിട്ടുടുക്കുന്നു, ഇക്കൂട്ടർ വലത്തുനിന്നു ഇടത്തോട്ടെഴുതുന്നു. അക്കൂട്ടർ ഇടത്തുനിന്നു വലത്തോട്ടെഴുതുന്നു. എന്താ ശരിയല്ലെ?

മിർജ്ജുമ്ലാ:—അതെ ശരിതന്നെ.

ദിൽദാർ:—ഇങ്ങനെയൊക്കെയാണെങ്കിലും ഹിന്ദുക്കൾ മുസൽമാന്മാരുടെ അധീനത്തിൽ ഒരുവിധം രഞ്ജിപ്പായി കഴിഞ്ഞുകൂടുന്നുണ്ടെന്നുവേണംപറയുവാൻ. എന്നാൽ അവരജൻ ജ്യേഷ്ഠൻെറ അധികാരത്തെ ഒരിക്കലും വകവെച്ചുകൊള്ളുകയില്ല.

(മിർജ്ജുമ്ല ചിരിക്കുന്നു.)

ദിൽദാർ:—(നടന്നുകൊണ്ടു്) എന്താ ഞാൻ പറഞ്ഞതു ശരിയല്ലേ?

മീർജ്ജുമ്ലാ?—(നടന്നുകൊണ്ടു്) അതെ ശരിതന്നെ.

(രണ്ടുപേരും പോകുന്നു.)

## രംഗം ൨.

സ്ഥലം—വിജ്ജുറായിൽ ഷൂജായുടെ ശിബിരം.

സമയം—സന്ധ്യ.

(ഷൂജാ ഒരു ഭൂപടം നോക്കിക്കൊണ്ടിരിക്കുന്നു. പിയാര ഒരു പൂമാലയും കയ്യിലേന്തി പാടിക്കൊണ്ടു പ്രവേശിക്കുന്നു)

(പിയാര പാടുന്നു.)

മഞ്ജരി

കെട്ടിനേൻ മാലഞാൻ, കെട്ടിനേൻ മാലഞാൻ,
തുഷ്ടിയോടീമാല കെട്ടിനേൻ ഞാൻ.
രാവിലെ തൊട്ടിങ്ങു മേവിസ്സകൌതുക-
മീവിധമീമാല കെട്ടിനേൻ ഞാൻ,
സത്തമനാകിയോരത്രഭാവനുടെ
യുത്തമകണ്ഠത്തിൽ ചാർത്തുവാനായ്.
ഒററക്കിലഞ്ഞിതൻ ചോട്ടിലിരുന്നു ഞാൻ
മുററുമീമഞ്ജുമാല കെട്ടുകെന്യേ
മാററമൊരക്ഷരമില്ലോട്ടുമിതേവരെ
മറെറാന്നുമിന്നുഞാൻ ചെയ്തതില്ല.
അപ്പൊഴുതപ്പാദപത്തിൻെറ ശാഖമേ-
ലുൾപ്രമോദത്തോടിരുന്നു മന്ദം
നെഞ്ചുകുളിക്കുമാറാങ്ങോരു കോകിലം
പഞ്ചമം പാടിരസിച്ചിരുന്നു;
അത്തരുശാഖതൻപല്ലവാഗ്രങ്ങളെ
യെത്രയും ഭംഗിയാലാട്ടിയാട്ടി,
പാവനപ്രത്യൂഷമന്ദസമീരണൻ
സാവധാനത്തിൽ ചരിച്ചിരുന്നു;
മിന്നുമുഷസ്സിൻെറ മന്ദഹാസാഭതൻ
സുന്ദരസൌഭാഗ്യകന്ദളങ്ങൾ
തട്ടി, നികുഞ്ജങ്ങൾതോറും നറുമലർ-
മൊട്ടുകൾ മെല്ലെ വിടൎന്നിരുന്നു.
പാവനമാകുമാമഞ്ജുമുഹൂർത്തത്തിൽ-
ആ വിജനത്തിൽ—ആ നന്ദനത്തിൽ-
അങ്ങു—തനിച്ചു താൻ നീങ്ങാതിരുന്നുഞാ-
നങ്ങക്കായീമാലകോർത്തെടുത്തേൻ.

നല്ലോരിലഞ്ഞിതൻ പൂക്കളെ മാത്രം ചേ-
ർത്തല്ല ഞാനീമാലതീർത്തുനാഥ!
പൂതപ്രഭാതത്തിൽ പ്രീതിയും, മോഹന-
ശീതസമീരണഗീതിതാനും
ഇന്നിതിൽ പൂക്കളിൽ മിന്നും ദലങ്ങളോ-
രോന്നിലും നന്നായ് കലൎന്നിരിപ്പൂ.
അന്തു! സൎവ്വോപരി, കാന്ത! നിൻ ബന്ധുര-
മന്ദഹാസത്തിന്റെ കാന്തിപൂരം,
വേലവമാകുമീ മാലതൻ മേനിയാൽ
ചേലിയന്നെങ്ങും വിളങ്ങിടുന്നു.
വന്നാലും വന്നാലുമെൻനികടത്തിങ്കൽ
നിന്നാലുമന്നിദ്രപ്രേമഭാരം
എൻനാഥ! കണ്ഠത്തിലെന്നുമണിഞ്ഞാലു-
മിന്നവം ഹാരം—പ്രേമോപഹാരം

(പിയാര പൂമാല ഷൂജായുടെ കണ്ഠത്തിൽ അൎപ്പിക്കുന്നു.)

ഷൂജാ:—(ചിരിച്ചിട്ട്.) ഇതെന്താണ് പിയാരെ? എന്റെ വിജയമാല്യമോ? ഞാൻ യുദ്ധത്തിൽ ഇനിയും വിജയിയായിട്ടില്ലല്ലൊ.

പിയാര:—അതുകൊണ്ടെന്തു്, എനിക്ക് അങ്ങ് എന്നും ചിരവിജയിതന്നെ. ഞാൻ അങ്ങയുടെ പ്രണയകാരാഗാരത്തിൽ ആജീവനാന്തം തടവുപുള്ളി, അങ്ങെന്റെ പ്രഭു; ഞാൻ അങ്ങയുടെ ക്രീതദാസി. അങ്ങയുടെ എന്തു കല്പനയെയാണ് ഞാൻ അനുസരിക്കേണ്ടതു്?

(മുട്ടുകുത്തുന്നു.)

ഷൂജാ:—പിയാരെ! ഇന്നൊരു നൂതനസമ്പ്രദായവും കൊണ്ടാണല്ലോ നീ പുറപ്പെട്ടിട്ടുള്ളതു്.—ആട്ടെ, തടവുപുള്ളിക്കു പോകാം; ഞാൻ ബന്ധനത്തിൽനിന്നു മോചിപ്പിച്ചിരിക്കുന്നു.

പിയാര:—ഞാൻ മോചനം ആവശ്യപ്പെടുന്നില്ല. ഈ സുന്ദരബന്ധനം എനിക്കു എത്രയും പ്രിയമാണു്.

ഷൂജാ:—നോക്കൂ, ഞാനൊരുകാര്യ്യം ആലോചിച്ചുകൊണ്ടിരിക്കയാണു്.

പിയാര:—എന്തുകാര്യ്യമാണു്. ഞാനും കേൾക്കട്ടെ. വല്ല ഉപായവും ഉപദേശിക്കുവാൻ സാധിക്കുമോ എന്നു നോക്കാം.

ഷൂജാ:—(ഭൂപടം കാണിച്ചിട്ടു്) പിയാരേ! നോക്കൂ, ഇവിടെ മഹമ്മദിൻെറ അയ്യായിരം അശ്വഭടന്മാർ? ഈ സ്ഥലത്തു അറംഗസീബു്.

പിയാര:—എവിടെ? വെറും ഒരു കടലാസ്സുകഷണമല്ലാതെ മററൊന്നും ഞാൻ കാണുന്നില്ലല്ലൊ.

ഷൂജാ:—ഇപ്പോഴത്തെ നില ഇങ്ങിനെയാണു്. ഇനി നാളെ യുദ്ധസമയത്തു ആർ എവിടെയെല്ലാമാണു് നില്ക്കുവാൻ പോകുന്നതെന്നു നിശ്ചയിച്ചുകൂടാ.

പിയാര:—ഒന്നും നിശ്ചയിച്ചുകൂടാ.

ഷൂജാ:—അറംഗസീബിൻെറ സാധാരണപതിവു്, ഒരു ഭാഗത്തുനിന്നു വലിയ തോക്കിലെ ഉണ്ടകൾ വർഷിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ മറുഭാഗത്തുകൂടി കുതിരപ്പുറത്തുകയറിപ്പാഞ്ഞു വന്നു പെട്ടെന്നു ആക്രമണം നടത്തുക എന്നുള്ളതാണു്.

പിയാരാ:—ആങ്ഹാ! എന്നാൽ അതൊട്ടു ചില്ലറക്കാര്യ്യമല്ലല്ലൊ.

ഷൂജാ:—നിനക്കു പറഞ്ഞാലൊന്നും മനസ്സിലാകുന്നില്ല.

പിയാര:—ഇത്രവേഗം കണ്ടുപിടിച്ചുകളഞ്ഞല്ലൊ. എങ്ങിനെ മനസ്സിലാക്കി? പറയൂ, അങ്ങെങ്ങിനെയാണു് അതു മനസ്സിലാക്കിയതു്? അത്ഭുതംതന്നെ. ഇത്ര പെട്ടെന്നു എൻെറ ചെമ്പുതെളിഞ്ഞുപോയല്ലോ.

ഷൂജാ:— എൻെറ സൈന്യങ്ങൾക്ക യുദ്ധപരിശീലനം കുറയും. യശോവന്തസിംഹനെ പാട്ടിലാക്കുവാൻ സാധിച്ചെങ്കിൽ നന്നായിരുന്നു. ഏതായാലും ഒന്നെഴുതിനോക്കാം. പക്ഷെ— ആട്ടെ, നീ എന്തുപദേശമാണ് തരുവാൻ വിചാരിക്കുന്നതു്?

പിയാര:—അങ്ങക്ക് ഉപദേശം നല്കുന്ന ജോലി ഞാൻ വേണ്ടെന്നുവെച്ചിരിക്കയാണ്.

ഷൂജാ:— എന്തുകൊണ്ട്?

പിയാര:—എന്തുകൊണ്ടെന്നോ? ഉപദേശിച്ചാൽ അങ്ങൊരിക്കലും അതുപോലെ പ്രവൎത്തിക്കയില്ല. അങ്ങയെ ഞാൻ നല്ലപോലെ അറിയും. വല്ലാത്ത മുക്കടമുഷ്ടിക്കാരനാണ് അങ്ങ്. എന്നോട്ടു അഭിപ്രായം ചോദിച്ചതൊക്കെ ശരി തന്നെ; അങ്ങക്ക വിപരീതമായ അഭിപ്രായമാണ് ഞാൻ പറഞ്ഞുപോയതെങ്കിൽ ഉടനെ അങ്ങു ദേഷ്യപ്പെട്ടും.

ഷൂജാ:—അതു്—അതേ—അതു ശരിയാണ്.

പിയാര:—അതുകൊണ്ടുതന്നെയാണ് ഞാൻ പതിവ്രതയായ ഹിന്ദുസ്ത്രീയെപ്പോലെ അങ്ങുപറയുന്നതെല്ലാം മൂളിക്കേട്ടു കഴിച്ചുകൂട്ടുന്നതു്.

ഷൂജാ:—ശരി! ഞാൻതന്നെയാണ് കുററക്കാരൻ. അഭിപ്രായം ഞാൻ ചോദിക്കാറുണ്ടെങ്കിലും അനുകൂലമായ ഉത്തരം കിട്ടിയില്ലെങ്കിൽ ഉടനെ എനിക്ക അരിശംകേറും.— അതു വാസ്തവമാണ്. പക്ഷെ, ആ ദുഷ്യം മാററുവാൻ യാതൊരുപായവും ഞാൻ കാണുന്നില്ല.

പിയാര:—ഇല്ല, അതു ശരിയാണ്. അങ്ങയുടെ സ്വഭാവസംസ്കരണത്തിനു വല്ല ഉപായവും ഉണ്ടായിരുന്നെങ്കിൽ ഇതിനുമുമ്പുതന്നെ ഞാനതു നിൎവ്വഹിച്ചേനെ. അതിനു യാതൊരു ഉപായവുമില്ല. അതുകൊണ്ടാണ് പിന്നെ ഞാൻ അതിനു ശ്രമിക്കാതെ തന്നെത്താൻ പാട്ടുംപാടിക്കൊണ്ടു നടക്കുന്നതു്.

ഷൂജാ:— ആ പാട്ട് ഒന്നുകൂടി പാടു, കേൾക്കട്ടെ നിൻെറ ഗാനം മദ്യസമാനമാണ്, അതു് ആപൽഘട്ടങ്ങളിൽ മനോവേദനകളെ മാച്ചുകളയുന്നു! കഠിനകത്തവ്യത്തിൻെറ ക്ലേശബഹുലമായ രാജ്യത്തിൽ നിന്നു് എന്നെ എവിടെക്കോ എടുത്തുകൊണ്ടു പറന്നുപോകുന്നു. ഒരു മധുരത്ധ്വങ്കാരം എന്നെ വന്നു് ആവരണംചെയ്കയാൽ ആകാശമോ ഭൂമിയോ ഒന്നുംതന്നെ എനിക്കിപ്പോൾ ദൃഷ്ടിഗോചരമാകുന്നില്ല. പാടു, യുദ്ധം നാളെയാണ്. അതിനു ഇനിയും വളരെ സമയമുണ്ടു്. വരുന്നതൊക്കെ വരും നീ പാടുകതന്നെ.

പിയാര:—എന്നാൽ അതു കേൾക്കുന്നതിനുമുമ്പായി മനോഹരമായ ഈ ചന്ദ്രികാപ്രകാശത്തിൽ അങ്ങയുടെ മനസ്സിനെ ഒന്നു സ്നാനം ചെയ്യിക്കു. അങ്ങയുടെ വാസനാപുഷ്പങ്ങളെ പ്രേമചന്ദനത്താൽ പരിലേപനം ചെയ്യൂ, അതിനുശേഷം ഞാൻ പാടാം. അപ്പോൾ അങ്ങു് ആ പുഷ്പങ്ങളെ എൻെറ ചരണങ്ങളിൽ അപ്പിക്കണം.

ഷൂജാ:—ഹാ! ഹാ! ഹാ! നീ പറഞ്ഞതു വളരെ കേമമായി, നിൻെറ ഉപമയുടെ സാരസ്യം ഗ്രഹിക്കുവാൻ എനിക്കു സാധിച്ചില്ലെങ്കിലും അതെനിക്കു വളരെ രസിച്ചു.

പിയാര:—നിശ്ശബ്ദം! ഞാൻ പാട്ടുപാടുവാൻ പോകുന്നു. ശ്രദ്ധിച്ചുകേൾക്കണം. ആദ്യമായി അങ്ങു് ഈ സ്ഥലത്തു് ഈ ഇരിപ്പിൽ ചാരിയിരിക്കണം. അതിനുശേഷം കൈകൾ രണ്ടും ഇങ്ങനെ ഒതുക്കിവെയ്ക്കണം. പിന്നീടു കണ്ണുകൾ അടയ്ക്കണം. ക്രിസ്ത്യാനികൾ അവരുടെ പ്രാത്ഥനാസമയത്തു കണ്ണുകൾ അടയ്ക്കാറില്ലേ—"ഇരുട്ടത്തുനിന്നും ഞങ്ങളെ വെളിച്ചത്തു കൊണ്ടാക്കണമെ!" എന്നിങ്ങനെ വാക്കുകൊണ്ടു ദൈവത്തോടു പ്രാത്ഥിക്കുന്ന അവസരത്തിൽതന്നെ ദൈവം സ്വതേ നല്കിയ വെളിച്ചത്തെക്കൂടി ഇരുട്ടാക്കിക്കളയുമാറു കണ്ണടയ്ക്കാറില്ലേ—അതുപോലെ കണ്ണടച്ചിരിക്കണം.

ഷുജാ:—ഹാ! ഹാ! ഹാ! പല കാര്യങ്ങളും നീ പറയാറുണ്ടെങ്കിലും മതഭ്രാന്തരായ ഈ പൂച്ചസ്സന്യാസികളെ കളിയാക്കിപ്പറയുമ്പോൾ എനിക്ക് എത്രയും രസം തോന്നുന്നു. എനിക്ക് ഈ വക മതങ്ങളിലൊന്നിലും വിശ്വാസമില്ല.

പിയാര:—വാക്യം പിഴച്ചു. "എത്രയും" എന്നു പറഞ്ഞാൽ ഒരു "അത്രക്കു" എന്നുകൂടിവേണം.

ഷുജാ:—ദാറാ ഹിന്ദുമതപക്ഷപാതിയാണത്രെ—മിരട്ട്! ഔറംഗസീബ് തനി മുസൽമാനാണുപോലും—ശുദ്ധ മിരട്ട്. മുറാദ് മുസൽമാൻതന്നെയെങ്കിലും മാമൂൽപ്രിയനല്ല—അതും ഒരു മിരട്ട്!

പിയാര:—അങ്ങേക്ക് ഒരു മതത്തിലും വിശ്വാസമില്ല. അതു് അതിലും വലിയ മിരട്ട്!

ഷുജാ:—എന്തുകൊണ്ട്! ഞാൻ യാതൊരു മതത്തിൻേറയും പേരുംപറഞ്ഞു ആളുകളെ മിരട്ടാറില്ലല്ലൊ. ഞാൻ ചക്രവർത്തിയാകുവാൻ ആഗ്രഹിക്കുന്നുണ്ട്. ആ വാസ്തവം ഞാൻ തുറന്നുപറയാറുമുണ്ട്.

പിയാര:—അതുതന്നെയാണ് മിരട്ട്!

ഷുജാ:—അതിലെന്താണു മിരട്ടുള്ളതു്? ദാറായുടെ അധികാരത്തെ അംഗീകരിക്കുവാൻ ഞാൻ ഒരുക്കമായിരുന്നു. എന്നാൽ ഔറംഗസ്സീബിൻേറയും മുറാദിൻേറയും പ്രഭുത്വത്തെ ഞാൻ ഒരിക്കലും അനുവദിച്ചുകൊടുക്കുന്നതല്ല. ഞാൻ അവരുടെ ജ്യേഷ്ഠസഹോദരനല്ലെ?

പിയാര്:—മിരട്ട്; ജ്യേഷ്ഠസഹോദരനാണെന്നു പറയുന്നതു തന്നെ മിരട്ടാണ്.

ഷുജാ:—അതെങ്ങനെ? ആദ്യം ജനിച്ചതു ഞാനാണല്ലൊ.

പിയാര:—ആദ്യം ജനിച്ചതുതന്നെ മിരട്ട്, ആദ്യം ജനിച്ചതുകൊണ്ട് അങ്ങേക്കു യാതൊരു വിശേഷവുമില്ല. ആ കാരണംകൊണ്ട് അങ്ങേക്കു സിംഹാസനത്തിന്മേൽ കൂടുതൽ

അവകാശം ഉണ്ടെന്നു പറയുവാൻ പാടുള്ളതുമല്ല.

ഷൂജാ:—.എന്തുകൊണ്ടു്?

പിയാര:—നമ്മുടെ വെപ്പുകാരനായ രഹമത്തുല്ലാ അങ്ങയെക്കാൾ വളരെ മുമ്പെ ജനിച്ചവനാണു്. അതുകൊണ്ടു സിംഹാസനത്തിനു് അങ്ങയേക്കാൾ കൂടുതൽ അവകാശം അവനാണല്ലൊ വേണ്ടതു്.

ഷൂജാ:—അവൻ ചക്രവർത്തിയുടെ പുത്രനാണോ?

പിയാര:—ആകുവാൻ എത്ര നിമിഷം വേണം?

ഷൂജാ:—ഹാ! ഹാ! ഹാ! ഈ സ്ഥിതിക്കു നിന്റെ തർക്കം അവസാനിക്കയില്ല. അതു പോകട്ടെ. നീ പാട്ടുപാടു.

(പിയാര പാടുന്നു.)

മഞ്ജരി,

എന്തുകൊ,ണ്ടേതുകൊണ്ടെന്റെ ഹൃദന്തത്തെ
കാന്ത: നീ ബന്ധിച്ചു വെച്ചിരിപ്പൂ?
ആവതില്ലാവതില്ലായതു പൊട്ടിച്ചു
പോവതിന്നെന്തൊരു ബന്ധദാർഢ്യം!
ശുദ്ധമാമീവിലങ്ങെത്രയുമത്ഭുതം
ഗാഢം, സുദൃഢം, നിതാന്തലോലം.
ആരുതാനാരുതാൻ പാരിൽ കൊതിക്കയി-
ല്ലീരമ്യകാരാഗൃഹാധിവാസം.
എങ്ങോ ഞാൻ പോവതിന്നായു് തുനിഞ്ഞീടിലും
നീങ്ങുന്നതില്ലെന്റെ കാലടികൾ.
അങ്ങുനച്ചെറു ചങ്ങലയെൻ ചര-
ണങ്ങളെപ്പിന്നോട്ടിഴത്തിടുന്നു.
ഘോരവിരഹത്തിൽ ക്രൂരസ്മൃതികളാൽ
പാരം തപിച്ചിടുന്നേരമെല്ലാം.
ഭംഗിയാലോതുന്ന സാന്ത്വനം ഏതിലീ
ശൃംഖലതൻ മഞ്ജുശിഞ്ജിതങ്ങൾ.

അപ്പോഴതസ്മതിയസ്മന്മിളനുത്തിൻ
ദീപ്തമാം മന്ദഹാസത്തിനുള്ളിൽ-
സുപ്രസന്നാനന്ദചുംബനപാശ്ചത്തിൽ
ക്ഷിപ്രം പോയ്പ്പോടെ മറഞ്ഞിടുന്നു.

ഷുജാ:—പിയാരേ: ദൈവം നിന്നെ സൃഷ്ടിച്ചതെന്തിനു്? ഈ സൌന്ദര്യ്യവും ഈ സംഗീതവും, ഈ രസികതചവും ക്രൂരമായ ഈ മനുഷ്യലോകത്തിൽ അദ്ദേഹം എന്തിനു സൃഷ്ടിച്ചു?

പിയാര:—പ്രാണനാഥ! അങ്ങേയ്ക്കുവേണ്ടിതന്നെ.

## രംഗം ൩.

സ്ഥലം—അഹമ്മദാബാദിൽ ദാറായുടെ ശിബിരം.
സമയം—രാത്രി.
(ദാറായും നാദിരയും പ്രവേശിക്കുന്നു.)

ദാറാ:—ആശ്ചര്യ്യം! ഒരു കാലത്തു സേനാനായകന്മാർ, രാജാക്കന്മാർ മുതലായവരുടെ മേൽ ആജ്ഞാധികാരം ചെലുത്തിയിരുന്ന ഈ ദാറാ ഇന്നിതാ അഭയംതേടി നഗരങ്ങൾതോറും ഓടിനടന്നു അന്യന്റെ പടിക്കൽചെന്നു് ഇരന്നുണ്ണുവാൻ ഇടവന്നിരിക്കുന്നു—അറംഗസീബിന്റേയും മൊറാദിന്റേയും ശത്രുരന്റെ അനുഗ്രഹത്തിനു് അധീനനായി അദ്ദേഹത്തിന്റെ ഗൃഹത്തിൽ അതിഥിയായി കഴിച്ചുകൂട്ടുന്നു. ഇത്രമാത്രം അധഃപതിക്കേണ്ടിവരുമെന്നു ഞാൻ കരുതിയിരുന്നില്ല.

നാദിര:—നമ്മുടെ പുത്രനായ സുലേമാന്റെ വർത്തമാനം വല്ലതും അറിഞ്ഞുവോ?

ദാറാ:—അറിയുവാൻ എന്താണുള്ളതു്; അവന്റെ അവസ്ഥയും മേല്പടിതന്നെ. ജയസിംഹമഹാരാജാവു് അവനെ ഉപേക്ഷിച്ചു് സൈന്യസമേതം അറംഗസീബിന്റെ ഭാഗ

ത്തുചേൎന്നു. അഗതിയായ നമ്മുടെ പുത്രൻ ശേഷിച്ച എതാനും കൂട്ടുകാരോടുകൂടി—അവരെ സൈന്യങ്ങളെന്നു പറയുവാൻ പാടില്ല—എന്നെ അന്വേഷിച്ചു ഹരിദ്വാരം വഴി ലാഹോറിലേക്കു പുറപ്പെട്ടു. മാൎഗ്ഗമദ്ധ്യേ ഔറംഗസീബിന്റെ ഒരുകൂട്ടം സൈന്യങ്ങൾ വന്നെതിൎത്തു് അവനെ ശ്രീനഗരത്തിന്റെ അതിൎത്തിവരെ ഓടിച്ചുകളഞ്ഞു. ഇപ്പോൾ അവൻ ശ്രീനഗരത്തിലെ രാജാവായ പൃത്ഥ്വീസിംഹന്റെ ആശ്രയത്തിൽ താമസിക്കയാണു്—എന്താ, നാദിരേ! നീ കരയുന്നുവോ?

നാദിര:—ഇല്ല, പ്രഭോ!

ദാറാ:— അല്ല, കരഞ്ഞോളൂ, വിരോധമില്ല. അതുകൊണ്ടു്, ഒരുപക്ഷേ, ദുഃഖത്തിന്നു സ്വല്പം ശമനം കിട്ടിയേക്കാം. കരയുവാനെങ്കിലും എനിക്കു കഴിവുണ്ടായിരുന്നെങ്കിൽ—ഹാ!

നാദിര:—"പ്രഭോ! ഇനിയും ഔറംഗസീബിനോടു യുദ്ധം ചെയ്യാനാണോ ഭാവിക്കുന്നതു്?

ദാറാ:—അതേ, യുദ്ധം ചെയ്യാൻതന്നെ. എന്റെ കൂട്ടിൽ പ്രാണനുള്ളിടത്തോളം കാലം ഔറംഗസീബിന്റെ അധികാരത്തെ ഞാൻ അനുവദിച്ചു കൊടുക്കുന്നതല്ല. ഇനിയും ഞാൻ യുദ്ധംചെയ്യും. അവൻ എന്റെ വൃദ്ധനായ പിതാവിനെ കാരാഗൃഹത്തിൽ ബന്ധിച്ചിട്ടാണു് അദ്ദേഹത്തിന്റെ സിംഹാസനം കൈവശപ്പെടുത്തിയിരിക്കുന്നതു്. പിതാവിനെ ആ ബന്ധനത്തിൽനിന്നും മോചിപ്പിക്കുവാൻ കഴിയുന്നതുവരെ ഞാൻ അവനോടു യുദ്ധംചെയ്യും. എന്താ നാദിരേ. നീ മുഖം താഴ്ത്തിക്കളഞ്ഞതെന്താണു്? എന്റെ ഈ നിശ്ചയം നിനക്കു രസിച്ചില്ലെന്നുണ്ടോ?—പിന്നെ ഞാൻ എന്തു ചെയ്യണമെന്നാണു് നിന്റെ അഭിപ്രായം?

നാദിര:—ഇല്ല, നാഥ! അവിടത്തെ ഇച്ഛതന്നെയാണു് എന്റെയും ഇച്ഛ—പക്ഷേ—

ദാറാ:—"പക്ഷെ" എന്താണു്? മുഴുവനും പറയൂ.

നാദിര:—പ്രാണനാഥ! എന്നും ഈ ഭയവും ഈ കഷ്ടപ്പാടും ഈ ഓട്ടവും തന്നെയായാൽ മതിയോ?

ദാറാ:—നിവൃത്തിയെന്തു്? പറയൂ. നീ എന്റെ കയ്യിൽപ്പെട്ടുപോയ സ്ഥിതിക്കു ഇനി ഇതൊക്കെ സഹിക്കയല്ലാതെ തരമുണ്ടോ?

നാദിര:—പ്രഭോ! എന്റെ കാൎയ്യമല്ല ഞാൻ പറയുന്നതു്. ഞാൻ പറയുന്നതു് അങ്ങയുടെ കാൎയ്യംതന്നെയാണു്. അങ്ങു കണ്ണാടിയെടുത്തു് ഒന്നു നോക്കണം. എല്ലും തൊലിയും മാത്രമായിത്തീൎന്നിട്ടുള്ള ഈ ദേഹം, ജീവച്ചൈതന്യമററ ഈ ദൃഷ്ടികൾ, നരബാധിച്ചു നിറംമാറിയ ഈ തലമുടി—അയ്യോ എന്തൊരു പ്രാകൃതവേഷമാണിതു്.

ദാറാ:—ഇന്നു് എന്റെ ഈ വേഷം നിനക്കു ബോധിക്കുന്നില്ലെങ്കിൽ—ഞാൻ എന്തുചെയ്യും?

നാദിര:—എന്നാണോ ഞാൻ പറഞ്ഞതു്?

ദാറാ:—ഇതു നിങ്ങളുടെ ജാതിസ്വഭാവമാണു്. വെറുതെ ഇരുന്നു വല്ലതും പറയുവാൻ മാത്രമേ നിങ്ങൾക്കറിഞ്ഞുകൂടു. നിങ്ങൾ ഞങ്ങൾക്കു സുഖത്തിൽ വിഘ്നവും ദുഃഖത്തിൽ ഭാരവുമാണു്.

നാദിര:—(ഇടറിയ സ്വരത്തിൽ) പ്രാണനാഥ, സത്യമാണോ അങ്ങു പറയുന്നതു്. (കൈക്കു പിടിക്കുന്നു)

ദാറാ:—പോവൂ, പോവൂ; നിന്റെ കൊഞ്ചലും കൊഴച്ചലും കാണ്മാനുള്ള സമയമല്ല ഇതു്. (കൈ വിടുൎത്തിയിട്ടു പോകുന്നു.)

നാദിര:—(കുറേനേരം വസ്ത്രാഗ്രംകൊണ്ടു മുഖം മറച്ചു നിന്നതിനുശേഷം പതിഞ്ഞ സ്വരത്തിൽ) ദൈവമേ, ദയാനിധേ! ഇനി എന്തിനു താമസിക്കുന്നു? ഈ ക്ഷേത്രത്തിൽ തന്നെ കട്ടൻവീഴ്ത്തുക. സാമ്രാജ്യം നശിച്ചു, അരമനയും ഐശ്വൎയ്യവും പൊയ്പോയി; എല്ലാം ഉപേക്ഷിച്ചു പുറപ്പെട്ടു;

വഴിക്കു വെയിലും മഴയുംകൊണ്ടും പട്ടിണികിടന്നും ഉറക്കമിളച്ചും അനേകം നാൾ കഴിച്ചുകൂട്ടി—ഇതെല്ലാം ഞാൻ സന്തോഷത്തോടുകൂടിത്തന്നെയാണ് സഹിച്ചതു്. കാരണം ഭർത്താവിൻെറ സ്നേഹം എനിക്കു നഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ ഇന്നു്—(കണ്ണും അടയുന്നു)—ഇനി എന്തിനു ജീവിക്കുന്നു? ഇനി ഞാൻ എന്തിനു ജീവിച്ചിരിക്കുന്നു? ഏതു കഷ്ടപ്പാടും ഞാൻ സഹിക്കാം. ഇതുമാത്രം സഹിക്കുവാൻ എനിക്കു ശക്തിയില്ല. (കരയുന്നു)

(സിപാർ പ്രവേശിക്കുന്നു)

സിപാർ:—അമ്മേ! ഇതെന്താണു്! അമ്മ കരയുന്നുവോ?

നാദിര:—ഇല്ല മകനേ! ഞാൻ കരയുന്നില്ല. അയ്യോ! സിപാർ! സിപാർ! (കരയുന്നു)

(സിപാർ അടുത്തുചെന്നു നാദിരയുടെ ചുമലിൽ കൈവെച്ചു മുഖത്തുനിന്നും വസ്ത്രം മാററുവാൻ ശ്രമിക്കുന്നു.)

സിപാർ:—എന്തിനാണമ്മേ കരയുന്നതു്? അമ്മയുടെ മനസ്സിനെ വേദനിപ്പിച്ചതാരാണ്? അയാൾക്കു ഞാൻ ഒരിക്കലും മാപ്പുകൊടുക്കുന്നതല്ല. ഞാൻ അയാളെ—(ഇത്രയും പറഞ്ഞു സിപാർ നാദിരയുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു് അവരുടെ വക്ഷസ്സിൽ മുഖംമറച്ചു കരയുന്നു. നാദിര അവനെ മാറോടുചേർത്തു പിടിച്ചുകരയുന്നു.)

(ജഹരൽ ഉന്നിസ പ്രവേശിക്കുന്നു.)

ജഹരൽ:—ഇതെന്തു്! സിപാർ! അമ്മ എന്തിനാണു് കരയുന്നതു്?

നാദിര:—ഇല്ല, ജഹരൽ! ഞാൻ കരയുന്നില്ല.

ജഹരൽ:—അമ്മേ! ഞാൻ ഇതുവരെ അമ്മയുടെ കണ്ണിൽ വെള്ളം നിറഞ്ഞു കണ്ടിട്ടില്ലല്ലൊ. പൂർണ്ണിമയിലെ ചന്ദ്രികപോലെ അമ്മയുടെ മുഖത്തു് എന്നും മന്ദഹാസത്തിൻെറ മധുരകിരണങ്ങൾ പ്രകാശിക്കുന്നതായിട്ടെ ഞാൻ കണ്ടിട്ടു

ള്ളു.—പട്ടിണി കിടക്കുമ്പോഴും ഉറക്കമിളക്കുമ്പോഴുംകൂടി അമ്മയുടെ അധരങ്ങളിൽ ആ മന്ദസ്മിതപ്രകാശം, ആപത്തിൽ സുഖത്തെന്നപോലെ വിട്ടൊഴിയാതെ വിലസുന്നതായി ഞാൻ കണ്ടിട്ടുണ്ട്.—അമ്മേ! ഇന്നെന്താണ് ഇങ്ങനെ കാണുന്നതു്?

നാദിര:—ജഹരത്! ഈ വേദന വാക്കുകൊണ്ടു പറഞ്ഞറിയിക്കുവാൻ പ്രയാസമായിട്ടുള്ളതാണ്: ഇന്നെന്റെ ഇഷ്ടദേവത എനിക്കു പ്രതികൂലമായിത്തീർന്നിരിക്കുന്നു.

(ദാറാ വീണ്ടും പ്രവേശിക്കുന്നു.)

ദാറാ:—നാദിരേ! ക്ഷമിക്കു. ഞാൻ അപരാധം പ്രവർത്തിച്ചുപോയി. എനിക്കു മാപ്പുതരു. വെളിയിൽപ്പോയപ്പോഴെ ഞാൻ ചെയ്തതു തെററായിപ്പോയി എന്ന് എനിക്കു മനസ്സിലായുള്ളു. നാദിരേ:

(നാദിര തേങ്ങിതേങ്ങിക്കരയുന്നു.)

ദാറാ:—നാദിരേ! ഞാൻ ചെയ്തതു തെററായിപ്പോയി എന്നു സമ്മതിക്കുന്നു. അതിന്നിതാ ഞാൻ മാപ്പുചോദിക്കുകയും ചെയ്യുന്നു.—എന്നിട്ടും—ഛരി! ഛരി! എന്റെ പ്രിയപ്പെട്ട നാദിരേ! രാവും പകലും എന്റെ ഉള്ളിൽ കിടന്നു കഴിഞ്ഞുകൂടുന്ന അവസ്ഥ എന്തെന്നു നിനക്ക് അറിയാമായിരുന്നെങ്കിൽ എന്റെ ഈ അപരാധത്തെ നീ ഇത്ര കാര്യമായി കരുതുകയില്ലായിരുന്നു.

നാദിര:—എന്റെ പ്രിയപ്പെട്ട പ്രാണനാഥ! ഞാൻ അങ്ങയെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്ന് അങ്ങ് അറിഞ്ഞിരുന്നെങ്കിൽ എന്റെ അടുക്കൽ അങ്ങിത്ര നിർദ്ദയനായി പെരുമാറുകയില്ലായിരുന്നു.

സിപാർ:—(അസ്പുടസ്വരത്തിൽ) പിതാവെ! അങ്ങയെ ഞാൻ ദൈവത്തെപ്പോലെയാണല്ലൊ ഭക്തിയോടുകൂടി ആരാധിച്ചുപോരുന്നതു്—

(ജഹരത് ഒന്നും മിണ്ടാതെ അവിടം വിട്ടുപോകുന്നു.)

നാദിര:—ഇല്ല മകനേ! നിന്റെ അച്ഛൻ എന്നെ ഒന്നും ചെയ്തിട്ടില്ല. എന്റെ അഭിമാനം കുറെക്കവിഞ്ഞുപോയി. ഞാൻ തന്നെയാണ് തെററുകാരി,

(ഒരു ദാസി പ്രവേശിക്കുന്നു.)

ദാസി:—അങ്ങുന്നേ! പുറത്തു ഒരാൾ വന്നു കാണ്മാൻ കാത്തുനില്ക്കുന്നു.

ദാറാ:—ആരാണതു്?

ദാസി:—ഇജറാത്തിലെ സുബേദാർ ആണെന്നു് ആരോ പറയുന്നതു കേട്ടു.

ദാറാ:—സുബേദാർ വന്നുവോ?

നാദിര:—ഞാൻ അകത്തേക്കു പോകട്ടെ. (പോകുന്നു)

ദാറാ:—സിപാർ; നീ പോയി അദ്ദേഹത്തെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരു.

(ദാസിയും സിപാരും പോകുന്നു)

ദാറാ:—വല്ല സഹായവും കിട്ടുവാൻ വഴിയുണ്ടോ എന്നു നോക്കാം.

(ഷാഹാനാബാജും സിപാരും പ്രവേശിക്കുന്നു.)

ഷാഹാനാബാജ്:—യുവരാജാവേ! വന്ദനം!

ദാറാ:—സുൽത്താൻ സാഹേബ്! വന്ദനം!

ഷാഹാനാബാജ്:—തിരുമേനി എന്നെ സ്മരിക്കയുണ്ടായോ?

ദാറാ:—ഉവ്വ്; അങ്ങയെ ഒന്നു കണ്ടു സംസാരിക്കണമെന്നു ഞാൻ കുറെനാളായി വിചാരിക്കുന്നു.

ഷാഹാനാബാജ്:—കല്പിക്കാമല്ലോ,

ദാറാ:—ഞാൻ കല്പിക്കുകയോ! അക്കാലമെല്ലാം പൊയ്പ്പോയി. ഇന്നു ഞാൻ അപേക്ഷിക്കുവാനാണ് വന്നിട്ടുള്ളതു്. കല്പിക്കുന്നവൻ ഇന്നു ഔറംഗസീബാണ്.

ഷാഹാനാബാജ്:—ഔറംഗസീബോ! അയാളുടെ കല്പന എനിക്കുള്ളതല്ല.

ദാറാ:—അതെന്താണ് സുൽത്താൻ സാഹേബ്? ഔറംഗസീബ് ഇന്നു ഭാരതചക്രവൎത്തിയാണല്ലോ.

ഷാഹാനാബാജ്:—ഭാരതചക്രവർത്തി അറംഗസീബോ? സ്വാർത്ഥത്യാഗത്തിന്റെ കൃത്രിമമുഖം ധരിച്ചു വൃദ്ധനായ പിതാവിനു വിരോധമായി വിപ്ലവം ആരംഭിച്ച വഞ്ചകൻ—സ്നേഹത്തിന്റെ കമ്പിളി പുതച്ചു സഹോദരനെ പിടിച്ചു തടവിലിട്ട കഠിനഹൃദയൻ—മതത്തിന്റെ പേരും പറഞ്ഞു സിംഹാസനം തട്ടിപ്പറിച്ച ദുഷ്ടൻ—അയാൾ ചക്രവർത്തിയോ! വേണമെങ്കിൽ അന്ധനും മൂഢനുമായ ഒരു ഗതിയെ പിടിച്ചു് ആ സിംഹാസനത്തിന്മേൽ ഇരുത്തി ചക്രവർത്തിയായി, പക്ഷെ, ഞാൻ പൂജിച്ചുകൊള്ളാം. എന്നാലും ഈ അറംഗസീബിനെ ഒരു കാലത്തുമില്ല.

ദാറാ:—സുൽത്താൻ സാഹേബ്: അങ്ങെന്താണിങ്ങനെ പറയുന്നതു്? അറംഗസീബ് അങ്ങയുടെ ജാമാതാവാണല്ലോ.

ഷാഹാനാബാജ്:—അറംഗസീബ് എന്റെ ജാമാതവല്ല, പുത്രൻ തന്നെയായിരുന്നാൽ.—മാത്രമല്ല, ആ പുത്രൻ എന്റെ ഏകസന്താനമാണെന്നു വന്നാൽകൂടിയും—ഞാൻ അയാളോടുള്ള ബന്ധത്തെ ഉപേക്ഷിക്കുമായിരുന്നു. അധർമ്മത്തെ ഞാൻ ഒരിക്കലും വരിക്കയില്ല—ജീവിച്ചിരിക്കുന്നിടത്തോളം കാലം ഇല്ല, നിശ്ചയം.

ദാറാ:—എന്നാൽ പിന്നെ എന്തു ചെയ്യാനാണ് ഭാവം?

ഷാഹാനാബാജ്:—യുവരാജാവായ ദാറായുടെ പക്ഷത്തിൽ ചേർന്നു യുദ്ധം ചെയ്യും. ആദ്യം മുതല്ക്കേ ഞാൻ അതിനായി ഒരുങ്ങിയിരിക്കയാണ്. എന്റെ ഈ ചെറുസൈന്യവുംകൊണ്ടു് അറംഗസീബിനോടു യുദ്ധം ചെയ്വാൻ പുറപ്പെടുന്നതു മൂഢതയായിരിക്കും. അതിനാൽ ഞാൻ ഇപ്പോൾ പുതുതായി സൈന്യങ്ങളെ ശേഖരിക്കുവാൻ ശ്രമിക്കുകയാണ്.

ദാറാ:—അതെങ്ങിനെയാണ്?

ഷാഹാനാബാജ്:— മഹാരാജാവായ യശോവന്തസിംഹ

ൻെറ അടുക്കൽ സഹായം അപേക്ഷിച്ചുകൊണ്ടു ഞാൻ ആളുയക്കുകയുണ്ടായി.

ദാറാ:— എന്നിട്ടു മറുപടി എന്തായിരുന്നു? അദ്ദേഹം സഹായിക്കാമെന്നു സമ്മതിച്ചുവോ?

ഷാഹാനാബാജ്:— ഉവ്വ്, സമ്മതിച്ചിട്ടുണ്ട്. തിരുമേനി അശേഷം ഭയപ്പെടേണ്ട. വരണം! ഇന്ന് അവിടന്ന് എൻെറ അതിഥിയാണ്. അവിടന്നു ചക്രവർത്തിയുടെ ജ്യേഷ്ഠപുത്രനാണല്ലോ. ഭാരതത്തിൻെറ ഭാവിഭരണകർത്താവായി അദ്ദേഹം മനസ്സുകൊണ്ടു സങ്കല്പിച്ചിട്ടുള്ളതും തിരുമേനിയെത്തന്നെയാണ്. ഞാനോ വൃദ്ധനും രാജഭക്തനുമായ ഒരു പ്രജ. വൃദ്ധനായ ചക്രവർത്തിക്കുവേണ്ടി യുദ്ധം ചെയ്യേണ്ടതു് എൻെറ മുറയാണ്. ജയം നേടുവാൻ സാധിച്ചില്ലെങ്കിലും അതിന്നായി പ്രാണനെ ബലികഴിപ്പാൻ എനിക്കു കഴിയും. ഞാൻ എതായാലും വൃദ്ധനായിരിക്കയാണ്. പുണ്യപ്രവൃത്തിചെയ്തു പരലോകയാത്രയ്ക്കു സപല്പം പാഥേയംകൂടി കരുതിവെയ്ക്കട്ടെ.

ദാറാ:— അപ്പോൾ അങ്ങു് എനിക്കഭയം നല്കി ഇല്ലേ?

ഷാഹാനാബാജ്.— അഭയമൊ തിരുമേനി; ഇന്നുമുതൽ എൻെറ ഗൃഹം അവിടത്തെ അരമനയാണ്; ഞാൻ അവിടത്തെ ദാസനുമാണ്.

ദാറാ:— അങ്ങു മഹാനുഭാവൻതന്നെ.

ഷാഹാനാബാജ്:— തിരുമേനി! ഞാൻ മഹാനുഭവാൻ അല്ല; ഞാൻ ഒരു സാധാരണമനുഷ്യൻ മാത്രമാണ്, എന്നെ ഇത്രയൊക്കെ പ്രശംസിക്കത്തക്കവിധത്തിൽ എന്തൊരു സ്വാത്മത്യാഗമാണ് ഞാൻ പ്രവർത്തിച്ചിട്ടുള്ളതെന്ന് എനിക്കറിഞ്ഞുകൂടാ; എനിക്കിന്നു് ഈ പ്രായമായി. ഈ വയസ്സിന്നിടയിൽ അറിഞ്ഞുംകൊണ്ടും ഞാൻ യാതൊരധർമ്മവും പ്രവർത്തിച്ചിട്ടില്ലെന്നു സധൈര്യം എനിക്കു പറയുവാൻ കഴിയും. എന്നാൽ സൽപ്രവൃത്തിക്കും പറയ

തക്കതായി യാതൊന്നും ഞാൻ ചെയ്തിട്ടില്ല. ഇന്ന് അതിനു തരം കിട്ടിയിരിക്കുന്നു. അതു ഞാൻ വിട്ടുകളയുമോ?

(രണ്ടുപേരും പോകുന്നു.)

(ജഹരത് ഉന്നിസാ വീണ്ടും പ്രവേശിക്കുന്നു.)

ജഹരത്ഉന്നിസാ:—ഇത്ര നിസ്സാരയും നിരുപയോഗയും ആയിത്തീൎന്നല്ലൊ ഞാൻ! അച്ഛന് ഒരു കാൎയ്യത്തിലും യാതൊരു സഹായവും ചെയ്വാൻ എന്നെക്കൊണ്ടു കഴിയുന്നില്ല. ഞാൻ അദ്ദേഹത്തിനു വെറും ഒരു ഭാരം മാത്രം.—ഹാ! കഷ്ടം! സ്ത്രീജന്മം എത്ര നികൃഷ്ടം. അച്ഛനമ്മമാരുടെ ഈ ദുരവസ്ഥ ഞാൻ കാണുന്നുണ്ടെങ്കിലും എനിക്കു ഒന്നും ചെയ്വാൻ സാധിക്കുന്നില്ല. ഇടക്കിടക്കു ചുടുന്ന കണ്ണുനീർ വീഴ്ത്തുവാൻ മാത്രമേ എനിക്കു കഴിയുന്നുള്ളു.—ഇല്ല, ഇനി ഞാൻ ഇങ്ങനെ അടങ്ങിയിരിക്കുകയില്ല: ഇക്കാൎയ്യത്തിൽ എന്തെങ്കിലും ഒന്നു പ്രവൎത്തിച്ചേ ഇരിക്കൂ. പൎവ്വതശിഖരത്തിൽനിന്നു പെട്ടെന്നു ചാടുന്നതുപോലെ അസാമാന്യധൈൎയ്യത്തെ സൂചിപ്പിക്കുന്നതും അത്ര ഭയങ്കരവുമായ ഒരു പ്രവൃത്തി—ഇന്നു—ഞാൻ ചെയ്യും. അതിനെനിക്കു കഴിവുണ്ടോ എന്നു ഞാനൊന്നു നോക്കട്ടെ.

(പോകുന്നു.)

## രംഗം ൪.

സ്ഥലം—കാശ്മീരിലെ മഹാരാജാവായ
പൃഥ്വീസിംഹൻെറ പ്രമോദോദ്യാനം.

സമയം—സന്ധ്യ.

(സുലേമാൻ തനിച്ചു നില്ക്കുന്നു.)

സുലേമാൻ:—അലഹാബാദിൽനിന്നും ഓടിയോടി ഒടുവിൽ ഇത്രദൂരം—പൎവ്വതപരിവേഷ്ടിതമായ ഈ കാശ്മീരിൽ വന്നു.

ച്ചേനു. അച്ഛനെ സഹായിക്കുവാനാണു് ഞാൻ പുറപ്പെട്ടതു്. പക്ഷെ എന്റെ ഉദ്ദേശം നിഷ്ഫലമായി കലാശിച്ചു.—ഈ പ്രദേശം എത്ര മനോഹരമായിരിക്കുന്നു! പുഷ്പിതമായി സംഗീതംപോലേയും, ചിത്രിതമായ സ്വപ്നംപോലേയും, അലസമായ സൌന്ദര്യംപോലേയും ഇതു് അത്യന്തം മധുരമായിരിക്കുന്നു. സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലിറങ്ങി ഭ്രമണംചെയ്യുന്ന ഒരപ്സരസ്സ്ഇടക്കു ക്ഷീണിച്ചു കാലുകൾ നീട്ടിയും ഇടത്തെ കൈപ്പടംകൊണ്ടു കവിൾത്തടം താങ്ങിയും ഹിമാലയത്തിന്റെ മേനിയിൽ ചാഞ്ഞു കിടന്നുകൊണ്ടു നീലവർണ്ണമായ ആകാശത്തിലെ നിത്യസൌന്ദര്യത്തെ നേത്രങ്ങളാൽ നുകരുകയാണോ എന്നു തോന്നും. എന്തു സംഗീതമാണു് ഈ കേൾക്കുന്നതു്?

(അകലെയായി പാട്ടുപാടുന്ന ശബ്ദം കേൾക്കുന്നു.)

സുലേമാൻ:—ഇതു ക്രമേണ അടുത്തടുത്തു വരുന്നുവല്ലോ. ഇതാ, വസ്ത്രാലങ്കാരഭൂഷിതകളായ ഏതാനും സ്ത്രീകൾ ഭംഗിയായി അലങ്കരിക്കപ്പെട്ട ഒരു ബോട്ടിൽ കയറി പാട്ടും പാടി തന്നെത്താൻ തുഴഞ്ഞുകൊണ്ടു വരുന്നു. എന്തു മനോഹരമായ കാഴ്ച!

(തോരണം മുതലായവകൊണ്ടു് അലങ്കരിക്കപ്പെട്ട ഒരു ഓടിൽ കയറി പാട്ടുംപാടിക്കൊണ്ടു് ഏതാനും സുന്ദരികൾ പ്രവേശിക്കുന്നു)

(സ്ത്രീകൾ പാടുന്നു.)

(നതോന്നത.)

വരുവിൻ വരുവിൻ വേഗം നരരേയിച്ചെറു ചാരു-
തരണിയിലേറി നീരിൽ വിഹരിപ്പാനായ്.
ഭംഗിയിലാടുന്നു കാൺക മുല്ലമല്ലികതൊട്ടുള്ള
മംഗലസുമങ്ങൾ ചേരും തോരണപംക്തി,
കൂടിയ പട്ടാടകൊണ്ടുള്ളിടെഴമോട്ടുപായല്ല
മോടിയിൽ കാററത്തു പാറിപ്പറന്നീടുന്നു.

ആടിയു,മോളത്തിൻമീതെ ചാടിയു,മാഞ്ഞു,മുലഞ്ഞു-
മോടമിതാ പാഞ്ഞീടുന്നു കടലിൻ നേരെ.
പൂതപ്രണയ വ്രതസാധനദീക്ഷിതരായ
നൂതനകാമുകരിതിൽ യാത്രക്കാരെല്ലാം.
മിന്നുന്നു മുഖത്തിൽ മഞ്ജുമന്ദഹാസ മുഗ്ദ്ധരേഖ,
കണ്ണുകളിൽ കാമാലസ്യനിദ്രതൻ മുദ്ര;
പൊങ്ങുന്നു മോഹനമന്ത്രമുരളീ മാധുരീമിശ്രു-
മംഗളമന്ദഹസിതമുഗ്ദ്ധനാദങ്ങൾ.
അന്തിക്കതിരവൻ തന്റെ കുങ്കുമച്ചെങ്കതിർ തട്ടി-
ച്ചുവന്നമാറു തിളങ്ങുന്നു പശ്ചിമാകാശം;
പ്രാചിതൻ മുഖത്തു ശുഭസൂചക മധുരസ്വപ്ന-
വീചികൾ വന്നലയ്ക്കുന്നു; പൊങ്ങുന്നു ചന്ദ്രൻ.
നിരന്തരം നദികൾ നാഷ്ക്കുരവയിടുന്നു; മെല്ലെ
നിരന്നു വീശുന്നു സ്നിഗ്ദ്ധമധുര വാതം.
വരുവിൻ വരുവിൻ വേഗം നരരേ! യിച്ചെറു ചാരു-
തരണിയിലേറി നീരിൽ വിഹരിപ്പാനായ്.

ഒന്നാംസ്ത്രീ:—അല്ലയോ സുന്ദരനായ യുവാവേ! നിങ്ങൾ ആരാണ്?

സുലേമാൻ:—ഞാൻ ദാരാഷേക്കോയയുടെ പുത്രനായ സുലേമാനാണ്.

ഒന്നാംസ്ത്രീ:—ദാരാഷേക്കൊ, ഷാജിഹാൻ ചക്രവർത്തിയുടെ പുത്രനാണല്ലോ. അദ്ദേഹത്തിന്റെ പുത്രനോ നിങ്ങൾ?

സുലേമാൻ:—അതേ. ഞാൻ അദ്ദേഹത്തിന്റെ പുത്രൻതന്നെ.

ഒന്നാംസ്ത്രീ:—ഞാനാരാണെന്നു നിങ്ങൾ ചോദിക്കാത്തതെന്താണ് സുലേമാൻ? കാശ്മീരിലെ പ്രധാന നർത്തകിയും രാജാവിന്റെ പ്രേയസിയുമായ ദാസിയാണ്, ഞാൻ. ഇവരെല്ലാം എന്റെ കൂട്ടുകാരാണ്. വരണം ഞങ്ങളുടെ കൂടെ ബോട്ടിലേക്ക വരണം.

സുലേമാൻ:—നിങ്ങളുടെ കൂടെയോ! കഷ്ടം! സാധുസ്ത്രീ:— എന്തിനാണതു്?

ഒന്നാംസ്ത്രീ:—സുലേമാൻ! നിങ്ങൾ ഒരു കൊച്ചുകുട്ടിയും മററു മല്ലല്ലോ. ഞങ്ങളുടെ തൊഴിൽ എന്തെന്നു നിങ്ങൾക്കു് അറിഞ്ഞുകൂടേ?

സുലേമാൻ:—അറിയാം. അതുകൊണ്ടുതന്നെയാണു് എനിക്കു് ഇത്ര അനുകമ്പ തോന്നുന്നതു്. ഈ സൌന്ദര്യവും ഈ യൌവനവും ഇത്ര നീചമായ ഒരു തൊഴിലിന്നായി നിങ്ങൾ വിനിയോഗിക്കുന്നുവല്ലോ. സൌന്ദര്യമായ ശരീരത്തിന്റെ ജീവൻ സ്നേഹമാണു്. ജീവനില്ലാത്ത ശരീരം എനിക്കെന്തിനു്?

ഒന്നാംസ്ത്രീ:— എന്താണിങ്ങനെ പറയുന്നതു്? ഞങ്ങൾക്കു സ്നേഹിക്കുവാൻ അറിഞ്ഞുകൂടെന്നോ?

സുലേമാൻ:—നിങ്ങൾ സ്നേഹിക്കുവാൻ പഠിക്കുന്നതെങ്ങനെയാണു്? സൌന്ദര്യംകൊണ്ടു കച്ചവടം ചെയ്യുന്നവർ— മന്ദഹാസത്തെക്കൂടി വില്ക്കുന്നവർ — സ്നേഹിക്കുന്നതെങ്ങിനെ? പ്രതിഫലേച്ഛകൂടാതെ ദാനംചെയ്യേണ്ട പവിത്രവസ്തുവാണു് സ്നേഹം—അഥവാ പ്രേമം. ആ ദാനത്തിൽ ത്യാഗത്തിന്റെ ഉൽകൃഷ്ടമായ സുഖം അടങ്ങിയിരിക്കുന്നു. ആ സുഖം നിങ്ങളെങ്ങനെ അറിയും?

ഒന്നാംസ്ത്രീ:—ഞങ്ങളൊരിക്കലും സ്നേഹിക്കാറില്ലെന്നാണൊ നിങ്ങൾ പറയുന്നതു്?

സുലേമാൻ:—അല്ലല്ല, നിങ്ങൾ സ്നേഹിക്കാറുണ്ടു്. പക്ഷെ, നിങ്ങൾ സ്നേഹിക്കുന്നതു കിന്നരിത്തലപ്പാവും, വജ്രമോതിരവും, വില്ലൂസ് പാപ്പാസ്സുകളും, ആനക്കൊമ്പിന്റെ വടിയുമാണു്. ചുരുണ്ട തലമുടിയിലും, നീലനേത്രങ്ങളിലും, ലളിതനാസികയിലും, മധുരാധരങ്ങളിലും നിങ്ങൾക്കു് അതിർകവിഞ്ഞ സ്നേഹം കാണും. എന്റെ ഈ തൊലി

വെളുത്ത ദേഹം കണ്ടിട്ട്—അഥവാ, ഞാൻ ചക്രവൎത്തിയുടെ പൌത്രനാണെന്നു കേട്ടിട്ട്, നിങ്ങൾ മയങ്ങിപ്പോയി. ഇതല്ല സ്നേഹം. സ്നേഹം ആത്മാക്കൾ തമ്മിലാണ്. നിങ്ങൾ പോവൂ.

രണ്ടാംസ്ത്രീ:—ഇതാ മഹാരാജാവു വരുന്നു.

ഒന്നാംസ്ത്രീ:—ഇതെന്താണ്, ഈ അസമയത്തിൽ പുറപ്പെട്ടതു്? വരൂ, നമുക്കു പോകാം. യുവാവേ! ഇതിന്റെ ഫലം നിങ്ങൾ അനുഭവിക്കും.

സുലേമാൻ:—എന്തിനാണമ്മാ! നിങ്ങൾ ദേഷ്യപ്പെടുന്നതു്. നിങ്ങളുടെ നേരെ എനിക്കു യാതൊരു വെറുപ്പും വിരോധവുമില്ല—അതിരില്ലാത്ത, ഹൃദയപൂൎവ്വമായ അനുകമ്പ മാത്രമേയുള്ളു.

(സ്ത്രീകൾ പാടിക്കൊണ്ടു പോകുന്നു.)

സുലേമാൻ:—എന്തൊരാശ്ചൎയ്യം! എന്തൊരു കഷ്ടം! ദിവ്യമായ ഈ സൌന്ദൎയ്യവും, ഉജ്ജ്വലമായ ഈ നേത്രകാന്തിയും, അപ്സരസ്തുല്യമായ ഈ അംഗസൌഷ്ഠവവും, കിന്നരീസമാനമായ ഈ കോമള കണ്ഠവും കാഴ്ചക്ക് എത്ര മനോഹരം! എന്നാൽ കാൎയ്യത്തിൽ എത്ര കുത്സിതം.

(ചുററി നടക്കുന്നു.)

(ത്രിനഗര രാജാവായ പൃത്ഥ്വീസിംഹൻ പ്രവേശിക്കുന്നു.)

രാജാവ്:–കുമാര! എന്തൊരു ധിക്കാരമാണിതു്?

സുലേമാൻ:—എന്താണ് മഹാരാജാവേ?

രാജാവ്:—നിരാശ്രയനാണെന്നോൎത്തു നിങ്ങൾക്ക് ഞാൻ അഭയം നല്കി. വേണ്ട സുഖസൌകൎയ്യങ്ങളോടുകൂടി നിങ്ങളെ ഇവിടെ താമസിപ്പിക്കയും ചെയ്തു. നിങ്ങൾക്കുവേണ്ടി ഞാൻ ഔരംഗസീബിന്റെ സൈന്യങ്ങളുമായി യുദ്ധവുംകൂടി ചെയ്തു.

സുലേമാൻ;—മഹാരാജാവേ! അതൊന്നും ഞാൻ ഒരിക്കലും വിസ്മരിച്ചിട്ടില്ല.

രാജാവു്:—ഇപ്പോഴും ശായേസ്താഖാൻ നിങ്ങളെ പിടിച്ചേല്പിക്കുന്നതിന്നായി ചക്രവൎത്തിക്കുവേണ്ടി പലവിധത്തിലും എന്നെ നിബ്ബന്ധിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുന്നുണ്ടു്. എന്നിട്ടും ഞാൻ അതിനു വഴിപ്പെട്ടിട്ടില്ല.

സുലേമാൻ:—അങ്ങയോടു ഞാൻ അതിനു് അത്യന്തം കൃതജ്ഞനായിരിക്കുന്നു.

രാജാവു്:—എന്നാൽ നിങ്ങൾ ഇത്ര മൎയ്യാദയില്ലാത്തവനും നീചഹൃദയനും ദുർവൃത്തനുമാണെന്നു ഞാൻ അറിഞ്ഞിരുന്നില്ല.

സുലേമാൻ:—മഹാരാജാവേ! അവിടന്നു് എന്താണിങ്ങനെ പറയുന്നതു്?

രാജാവു്:—എൻെറ വക ബാഹ്യോദ്യാനത്തിൽ പോയി ലാത്തുവാൻ ഞാൻ നിങ്ങളെ അനുവദിച്ചു. എന്നാൽ നിങ്ങൾ അതും വിട്ടു പ്രമോദോദ്യാനത്തിൽ കടന്നു എൻെറ ആശ്രിതകളായ അബലകളുമായി നൎമ്മസംഭാഷണത്തിൽ ഏൎപ്പെടുമെന്നു ഞാൻ ഒരിക്കലും കരുതിയിരുന്നതല്ല.

സുലേമാൻ:—മഹാരാജാവേ! അവിടന്നു തെററിദ്ധരിച്ചു.

രാജാവു്:—നിങ്ങൾ സുന്ദരനും യുവാവും രാജകുമാരനുമാണു്; ശരിതന്നെ—എന്നുവെച്ചു്—

സുലേമാൻ:—മഹാരാജാവേ! ഞാൻ—

രാജാവു:—പോവൂ, എനിക്കൊന്നും കേൾക്കണ്ട. കുററം മറയ്ക്കുവാൻ ശ്രമിക്കുന്നതു നിഷ്ഫലമാണു്.

(ഓരോ വഴത്തുകൂടി രണ്ടുപേരും പോകുന്നു.)

## രംഗം ⑧.

സ്ഥലം—അലഹബാദിൽ അറംഗസീബിൻെറ ശിബിരം.
സമയം—രാത്രി.
(അറംഗസീബ് തനിച്ചു നില്ക്കുന്നു.)

അറംഗസീബ്:—ഈ യശോവന്തസിംഹൻ എന്തസാമാന്യ ധൈൎയ്യവാൻ! വിജ്ജയായിലെ പോക്കളത്തിൽവെച്ചു കഴിഞ്ഞ വിലത്തെ രാത്രി നമ്മുടെ സ്ത്രീകൾ പാൎക്കുന്ന കൂടാരത്തിലുംകൂടി കടന്നുകൊള്ളയിട്ടു് ഊക്കേറിയ ഒരു ജലപ്രവാഹംപോലെ നമ്മുടെ സൈന്യങ്ങളുടെ മീതകൂടി കൂസൽ കൂടാതെ കടന്നു പൊയ്ക്കളഞ്ഞുവല്ലൊ, അത്ഭുതം!—എന്തുമാകട്ടെ ഷൂജായോടുള്ള ഈ യുദ്ധത്തിൽ നമുക്കേതായാലും ജയം കിട്ടിയല്ലൊ—പക്ഷെ അങ്ങെ വശത്തു് അതാ വീണ്ടും കാറും കറുപ്പും കണ്ടുതുടങ്ങിയിരിക്കുന്നു. ഒരു കൊടുങ്കാററുകൂടിയുണ്ടാകും. ഷാഹനാബാജും ദാറായും—കൂടെ യശോവന്തസിംഹനും കൂടിട്ടുണ്ടു്. ഭയപ്പെടേണ്ട മട്ടാണു് കാണുന്നതു്—ഒരു കാൎയ്യം ചെയ്താലോ?—ഇല്ല, അതൊരിക്കലും ഞാൻ ചെയ്കയില്ല. ഈ ജയസിംഹനെക്കൊണ്ടുതന്നെ കാൎയ്യം സാധിക്കണം. അല്ലാ പേരു പാഞ്ഞുപോയേക്കും. ആളും എത്തിക്കഴിഞ്ഞല്ലൊ.

(ജയസിംഹൻ പ്രവേശിക്കുന്നു:)

ജയസിംഹൻ:—തിരുമേനി എന്നെ സ്മരിച്ചുവോ?

അറംഗസീബ്!—ഉവ്വ്; ഞാൻ ഇത്രയുംനേരം അങ്ങയെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. വരണം—അയ്യോ! എന്തൊരു ഉഷ്ണം!

ജയസിംഹൻ:—വല്ലാത്ത ഉഷ്ണംതന്നെ. ആവി പറക്കുന്നതുപോലെ തോന്നുന്നു.

അറംഗസീബ്:—എൻെറ സൎവ്വാംഗത്തിൽനിന്നും തീപ്പൊരിയാണു പറക്കുന്നതു്—അങ്ങേക്കു ക്ഷേമംതന്നെയല്ലേ?

ജയസിംഹൻ:—തിരുമേനിയുടെ അനുഗ്രഹംകൊണ്ടു് ഈ ദാസനു യാതൊരസുഖവുമില്ല.

അറംഗസീബ്:—മഹാരാജാവേ, ഞാൻ നാളെ രാവിലെ ഡൽഹിയിലേക്കു മടങ്ങുമെന്നാണു വിചാരിക്കുന്നതു്. അങ്ങു എൻെറകൂടെ പോരുന്നുണ്ടോ?

ജയസിംഹൻ:—അവിടുന്നു എങ്ങിനെ കല്പിക്കുന്നുവോ അങ്ങനെയാകാം.

അറംഗസീബ്:—എൻെറ ആഗ്രഹം അങ്ങും എൻെറകൂടെ പോരണമെന്നാണു്.

ജയസിംഹൻ:—കല്പനപോലെ. ഞാൻ എപ്പോഴും അതിനു് ഒരുക്കംതന്നെ. തിരുമേനിയുടെ ഹിതത്തെ അനുസരിക്കുന്നതുതന്നെയാണു് എനിക്കു പരമസുഖം.

അറംഗസീബ്:—മഹാരാജാവേ! അതെനിക്കറിയാം. അങ്ങയെപ്പോലുള്ള മിത്രം ലോകത്തിൽ ദുർല്ലഭമാണു്. അങ്ങെൻെറ വലംകയ്യാണു്,

(ജയസിംഹൻ തൊഴുന്നു:)

അറംഗസീബ്:—മഹാരാജാവേ! എന്തൊരു കഷ്ടമാണെന്നു നോക്കു, യശോവന്തസിംഹൻ നമ്മുടെ കൂടാരം കൊള്ളയിട്ടു ഭണ്ഡാരം തട്ടിപ്പറിച്ചതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഇപ്പോൾ ഇതാ വിപ്ലവകാരികളായ ഷാഹാനാബാജിൻെറയും ദാറായുടേയും ഭാഗത്തു ചേരുകകൂടി ചെയ്തിരിക്കുന്നു.

ജയസിംഹൻ:—അതു് അദ്ദേഹത്തിൻെറ മൂഢത്വം.

അറംഗസീബ്;—എൻെറ കാര്യത്തിലല്ല എനിക്കു വ്യസനം. അദ്ദേഹം തന്നത്താൻ ആപത്തു തലയിൽ വലിച്ചുവെക്കുകയാണല്ലോ ചെയ്യുന്നതു്.

ജയസിംഹൻ:—അതു വളരെ കഷ്ടംതന്നെ.

അറംഗസീബ്:—വിശേഷിച്ചു് അങ്ങു് അദ്ദേഹത്തിൻെറ ആത്മസ്നേഹിതനുമാണു്. അങ്ങയെ ഓർത്തു് അദ്ദേഹത്തിൻെറ

പല ധിക്കാരങ്ങളും ഞാൻ ക്ഷമിച്ചു. വേണമെങ്കിൽ നമ്മുടെ കൂടാരം കൊള്ളയിട്ട അദ്ദേഹത്തിൻെറ ക്ഷന്തവ്യമല്ലാത്ത അപരാധംകൂടി ഞാൻ ക്ഷമിച്ചുകളയുവാൻ ഒരുക്കമാണ്—അങ്ങയെ ഓൎത്തിട്ട മാത്രമാണിത്. ഇനിയെങ്കിലും അദ്ദേഹം മൎയ്യാദക്കിരുന്നാൽ മതി.

ജയസിംഹൻ:—ഞാൻ അദ്ദേഹത്തെ ഒന്നു നേരിട്ടു കണ്ടു പറഞ്ഞുനോക്കാം.

അറംഗസീബ്:—അതേ ഒന്നു പറഞ്ഞുനോക്കിയാൽ നന്ന്. അങ്ങയുടെ കാൎയ്യത്തിലാണ് എനിക്കു വളരെ വിചാരം. അങ്ങയുടെ മിത്രമാകയാൽ അദ്ദേഹവുമായി എനിക്കും മൈത്രിയിൽ കഴിഞ്ഞുകൂടിയാൽക്കൊള്ളാമെന്നുണ്ട്. അദ്ദേഹത്തെ ശിക്ഷിക്കുന്നതു് എനിക്കു പരമസങ്കടമായിരിക്കും.

ജയസിംഹൻ:—ആട്ടെ. ഞാനൊന്നു പറഞ്ഞുനോക്കട്ടെ.

അറംഗസീബ്:—ഒന്നു പറഞ്ഞുനോക്കൂ. ഒരു കാൎയ്യംകൂടി അദ്ദേഹത്തെ ധരിപ്പിക്കണം. ഈ യുദ്ധത്തിൽ അദ്ദേഹം ഒരു പക്ഷത്തിലും ചേരാതെ ഒഴിഞ്ഞുനില്ക്കുന്നപക്ഷം, അങ്ങേക്കുവേണ്ടി അദ്ദേഹത്തിൻെറ സകലയപരാധങ്ങളും ഞാൻ ക്ഷമിച്ചുകൊള്ളാം. കൂടാതെ ഗുജറാത്തിലെ സുബേദാരായി അദ്ദേഹത്തെ നിയമിക്കയും ചെയ്യാം. ഇതെല്ലാം കേവലം അങ്ങയെ ഓൎത്തിട്ടാണെന്നു മനസ്സിലാക്കണം.

ജയസിംഹൻ:—തിരുമേനി ഉദാരഹൃദയനാണല്ലോ. ഞാൻ നിശ്ചയമായും അദ്ദേഹത്തെ പറഞ്ഞു സമ്മതിപ്പിച്ചുകൊള്ളാം.

അറംഗസീബ്:—നോക്കൂ, അദ്ദേഹം അങ്ങയുടെ മിത്രമാണ്. അദ്ദേഹത്തെ രക്ഷിക്കേണ്ടതു് അങ്ങയുടെ കടമയാണ്.

ജയസിംഹൻ:—അതെ, സംശയമില്ല.

അറംഗസീബ്:—എന്നാൽ ഇപ്പോഠം നമുക്കു പിരിയാം. ഡൽഹിയിലേക്കുള്ള യാത്രക്കു ഒരുങ്ങിയിരിക്കുമല്ലോ.

ജയസിംഹൻ:—കല്പനപോലെ.

(പോകുന്നു.)

അറംഗസീബ്:—എൻെറ അഭിനയം പിഴച്ചില്ല. "ഇതെല്ലാം കേവലം അങ്ങയെ ഓർത്തിട്ടാണു" എന്നു ഞാൻ പറഞ്ഞതു കുറിക്കുകൊണ്ടു. ഈ രാജപുത്രജാതിക്കാർ വളരെ ശുദ്ധഗതിക്കാരാണ്; ഔദാര്യത്തിനു അവർ എളുപ്പത്തിൽ വശപ്പെടും—ആ വിദ്യയും ഞാൻ അഭ്യസിച്ചു—എന്തു ഭയങ്കരമായ യോഗം! ഷാഹാനാബാദും യശോവന്തസിംഹനും—പക്ഷേ ഞാൻ പ്രധാനമായി ഭയപ്പെടുന്നതു് ഈ മഹമ്മദിനെയാണ്. അവൻെറ മുഖഭാവം ഈയിട ഒന്നു മാറിയാണു കാണുന്നതു്. കാര്യം നിസ്സാരമല്ല. എന്നെക്കുറിച്ചു് ആരോ അവൻെറ മനസ്സിൽ അവിശ്വാസത്തിൻെറ വിത്തു വിതച്ചിട്ടുണ്ടു്. ജാഹനാരായിരിക്കുമോ?—ഇതാ മഹമ്മദ് വരുന്നുണ്ടു്.

(മുഹമ്മദ് പ്രവേശിക്കുന്നു.)

മഹമ്മദ്:— പിതാവു് എന്നെ വിളിച്ചുവോ?

അറംഗസീബ്:— ഉവ്വ്, ഞാൻ നാളെ രാജധാനിയിലേക്കു മടങ്ങണമെന്നു വിചാരിക്കയാണ്. നീ ഷൂജായെ പിന്തുടരണം. സഹായത്തിനു മീർജുമ്ലായെക്കൂടി ഇവിടെ നിത്തീട്ടുണ്ടു്.

മഹമ്മദ്:—അവിടത്തെ കല്പനപോലെ.

അറംഗസീബ്:—എന്നാൽ പോകാം. നില്ക്കുന്നതെന്താണ്? ആക്കാര്യത്തിൽ ഇനി വല്ലതും പറയുവാനുണ്ടോ?

മഹമ്മദ്:— ഒന്നുമില്ല. അവിടത്തെ കല്പന എനിക്കു ധാരാളമായി.

അറംഗസീബ്:— പിന്നെ എന്തിനു നില്ക്കുന്നു?

മഹമ്മദ്:— പിതാവേ! എനിക്കു് ഒരാവലാതിയുണ്ടു്.

അറംഗസീബ്;—എന്താണതു്? മിണ്ടാതെനിന്നുകളഞ്ഞതെന്തു്? മകനേ! പറയൂ, കേൾക്കട്ടെ.

മഹമ്മദ്:— അച്ഛനോടു് ഒരു കാര്യം ചോദിക്കണമെന്നു് ഞാൻ വളരെനാളായി വിചാരിക്കുന്നു. പക്ഷെ ഇതുവരെ അതിനു ധൈര്യം വന്നില്ല. ഇനി അതിനെ ഉള്ളിൽ ഒതുക്കിവെച്ചുകൊണ്ടിരിപ്പാൻ ഞാൻ ശക്തനല്ല. എന്റെ ഈ ധാർഷ്ട്യത്തെ അവിടന്നു ക്ഷമിക്കണം.

അറംഗസീബ്:— പറയൂ കേൾക്കട്ടെ.

മഹമ്മദ്:— പിതാവേ! ഷാജിഹാൻ ചക്രവർത്തി തടവുകാരനാണോ!

അറംഗസീബ്:— അല്ല. ആണെന്നു ആരുപറഞ്ഞു?

മഹമ്മദ്:— പിന്നെ അദ്ദേഹത്തെ കോട്ടക്കുള്ളിൽ അടച്ചിട്ടിരിക്കുന്നതു് എന്തിനാണു്?

അറംഗസീബ്:—അങ്ങനെ ചെയ്യേണ്ട ആവശ്യം നേരിട്ടു.

മഹമ്മദ്:— ഇളയച്ഛനേയോ? അദ്ദേഹത്തേയും ഇപ്രകാരം തടവിൽ പാർപ്പിച്ചിട്ടു് ആവശ്യമുണ്ടോ?

അറംഗസീബ്:—ഉണ്ടു്,

മഹമ്മദ്— പിതാമഹൻ ജീവിച്ചിരിക്കേ അവിടന്നു് ഈ സിംഹാസനത്തിൽ കയറി ഇരിക്കുന്നതോ? അതും ആവശ്യമാണോ?

അറംഗസീബ്:— അതേ, മകനേ!

മഹമ്മദ്:— പിതാവേ! (മുഖം താഴ്ത്തുന്നു)

അറംഗസീബ്:— മകനേ! രാജ്യതന്ത്രം വളരെ വിഷമമായ ഒരു വിഷയമാണു്. ഈ പ്രായത്തിൽ നിനക്കതു മനസ്സിലാവുകയില്ല. അതിനു ശ്രമിക്കയും വേണ്ട.

മഹമ്മദ്:— പിതാവേ? ശുദ്ധഹൃദയനായ സഹോദരനെ വഞ്ചിച്ചു ബന്ധനസ്ഥനാക്കുക, സ്നേഹശീലനായ പിതാവി

നെ സിംഹാസനഭ്രഷ്ടനാക്കുക, എന്നിട്ട മതത്തിന്റെ പേരും പറഞ്ഞു് ആ സിംഹാസനത്തിൽ കയറി ഇരിക്കുക. ഇതിന്റെയെല്ലാം പേരാണ രാജ്യതന്ത്രമെങ്കിൽ ആ രാജ്യതന്ത്രം എനിക്കുള്ളതല്ല.

അറംഗസീബ്:—മഹമ്മദ്! നിന്നെ എന്തോ സുഖക്കേട ബാധിച്ചിട്ടുണ്ടു്. നിശ്ചയം.

മഹമ്മദ്:— (ഇടറിയ സ്വരത്തിൽ) ഇല്ല, അച്ഛാ! തൽക്കാലം എന്നെപ്പോലെ അരോഗദൃഢഗാത്രനായ ഒരാൾ ഭാരതഖണ്ഡത്തിൽ മററാരും ഉണ്ടെന്നു് തോന്നുന്നില്ല.

അറംഗസീബ്:—പിന്നെയോ?—

(മുഹമ്മദ് മിണ്ടാതെ നില്ക്കുന്നു.)

അറംഗസീബ്:—എന്നെപ്പററി നിനക്കുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസത്തെ ആരാണ് ഇളക്കിയതു്?

മഹമ്മദ്:—അവിടന്നു തന്നെ. പിതാവേ! ആവുന്നിടത്തോളം കാലം ഞാൻ അച്ഛനെ വിശ്വസിച്ചുവന്നു; ഇനി അതു പ്രയാസമാണ്. അവിശ്വാസവിഷത്തിന്റെ ജ്വാലയേററ് എന്റെ ഉള്ളെല്ലാം ഉരുകിപ്പോയിരിക്കുന്നു.

അറംഗസീബ്:—ഇതാണോ നിന്റെ പിതൃഭക്തി?—അങ്ങനെയും വരാം. വിളക്കിന്റെ ചുവട്ടിൽ തന്നെയാണല്ലൊ ഇരുട്ടും അധികം കാണപ്പെടുന്നതു്.

മഹമ്മദ്:—പിതൃഭക്തിയോ, പിതാവേ? പിതൃഭക്തി ഞാനിന്നു് അവിടത്തെ അടുക്കൽ പഠിക്കണമെന്നോ! പിതൃഭക്തി! അല്ലേ? അവിടന്നു സ്വന്തം പിതാവിനെ ബന്ധനസ്ഥനാക്കി ഏതൊരു സിംഹാസനം തട്ടിപ്പറിച്ചുവോ, ആ സിംഹാസനത്തെ ഞാൻ പിതൃഭക്തിമൂലം പുറങ്കാലുകൊണ്ടു തട്ടിക്കളയുകയാണ ചെയ്തതു്. എന്നിട്ടും ഞാൻ പിതൃഭക്തനല്ല, അല്ലേ?—ഞാൻ പിതൃഭക്തനല്ലായിരുന്നു എങ്കിൽ ഇന്നു ഡൽഹി സിംഹാസനത്തിന്മേൽ ഇരിക്കുന്നതു് അറംഗസീബല്ല, ഈ മഹമ്മദായിരുന്നേനെ.

അറംഗസീബ്:—മകനേ! അതെനിക്കറിയാം. അതുകൊണ്ടു തന്നെയാണ് ഇപ്പോഠം ഞാൻ അത്ഭുതപ്പെടുന്നതു്, വത്സ! ആ പിതൃഭക്തിയെ നീ നഷ്ടപ്പെടുത്തരുതു്.

മഹമ്മദ്:—ഇല്ല, പിതാവേ; ഇനി അതു സാദ്ധ്യമല്ല. പിതൃഭക്തി അമൂല്യവും പവിത്രവുമായ ഒരു വസ്തുതന്നെ. എന്നാൽ അതിനേക്കാളും ഉപരിയായി ഒന്നുണ്ടു്. അതിൻെറ മുമ്പിൽ പിതാവും മാതാവും ഭ്രാതവും—എന്നല്ല സർവ്വവും കേവലം തുച്ഛങ്ങളാണ്.

അറംഗസീബ്:—മകനേ! ഞാൻ വീണ്ടും പറയുന്നു.—നിൻെറ പിതൃഭക്തിയെ നീ നശിപ്പിരുതു്. ഭാവിയിൽ ഈ രാജ്യം നിനക്കുള്ളതാണെന്നു നീ അറിയണം.

മഹമ്മദ്:—പിതാവേ! രാജ്യം കാണിച്ചു് എന്നെ പ്രലോഭിപ്പിന്നുകയോ?എൻെറ കർത്തവ്യത്തെ പാലിക്കുവാൻവേണ്ടി ഭാരതസാമ്രാജ്യത്തെ ലോഷ്ടശകലമായിക്കരുതി ഞാൻ തള്ളിക്കളയുകയാണ ചെയ്തതെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ. അന്നു പിതാമഹനും ഈ രാജ്യം കാണിച്ചു് എന്നെ പ്രലോഭിപ്പിച്ചു; ഇന്നു പിതാവും അതേ രാജ്യം കൊണ്ടു് എന്നെ പ്രലോഭിപ്പിക്കുവാൻ ശ്രമിക്കുന്നു. കഷ്ടം! ലോകത്തിൽ സാമ്രാജ്യം ഇത്ര വിലയേറിയ വസ്തുവൊ? വിവേകം ഇത്ര വളരെ സുലഭമായ ഒരു പദാർത്ഥവുമോ? സാമ്രാജ്യത്തിനുവേണ്ടി വിവേകത്തെ നശിപ്പിക്കണമെന്നോ പറയുന്നതു്? പിതാവേ! അവിടന്നു വിവേകത്തെ വെടിഞ്ഞു് ഏതൊരു സാമ്രാജ്യത്തെ കരസ്ഥമാക്കിയോ ആ സാമ്രാജ്യവുംകൊണ്ടു പരലോകത്തിൽ ചെല്ലുവാൻ അവിടത്തേക്കു സാധിക്കുമോ? ഒരിക്കലുമില്ല. എന്നാൽ വിവേകത്തെ വെടിഞ്ഞിരുന്നെങ്കിൽ അതുകൂടെ വരുമായിരുന്നു.

അറംഗസിബ്:— മഹമ്മദ്!

മഹമ്മദ്:— പിതാവേ!

അറംഗസീബ്:— ഇതിൻെറ അൎത്ഥമെന്താണ്?

മഹമ്മദ്:—ഇതിൻെറ അൎത്ഥം മറെറാന്നുമല്ല—പിതാവിനു വേണ്ടി ഞാൻ എൻെറ സൎവ്വസ്വവും നശിപ്പിച്ചു. ഒടുവിൽ ആ പിതാവിനേയും ഇന്നു ഞാൻ എൻെറ ഹൃദയത്തിൽ അന്വേഷിച്ചുനോക്കിയതിൽ കാണുന്നില്ല—ശേഷിച്ച ആ ഏക ധനവും എനിക്കു നഷ്ടപ്പെട്ടു എന്നാണ് എനിക്കു തോന്നുന്നതു്. ഇന്നു് എന്നെപ്പോലെ ദരിദ്രനായിട്ടാരാണുള്ളതു്? അവിടത്തെ കഥയോ—അവിടത്തേയ്ക്കു് ഈ ഭാരതസാമ്രാജ്യം ലഭിച്ചു എന്നതു ശരിതന്നെ; എന്നാൽ അതിനെക്കാൾ വലിയൊരു സാമ്രാജ്യം അവിടത്തേയ്ക്കു നഷ്ടപ്പെട്ടുപോയി.

അറംഗസീബ്:— അതേതു സാമ്രാജ്യമാണ്?

മഹമ്മദ്:—എൻെറ പിതൃഭക്തി; എന്തൊരമൂല്യമായ രത്നമാണ്—എന്തൊരക്ഷയ്യമായ നിധിയാണ്—അവിടത്തെക്കു നഷ്ടപ്പെട്ടതെന്നു് ഇന്നു് അവിടന്നറിയുന്നില്ല. ഒരിക്കൽ അതു് അവിടന്നു് അറിയുമെന്നാണ് എൻെറ വിശ്വാസം.

(പോകുന്നു.)

(അറംഗസീബ് സാവധാനത്തിൽ നടന്നു മറുവശത്തുകൂടി പോകുന്നു)

## രംഗം ൩.

സ്ഥലം—യോധപുരത്തിലെ അരമന.

സമയം—മദ്ധ്യാഹ്നം.

(യശോവന്തസിംഹനും ജയസിംഹനും സംസാരിച്ചുകൊണ്ടിരിക്കുന്നു.)

ജയസിംഹൻ:—ഈ രക്തച്ചൊരിച്ചൽകൊണ്ടു് അങ്ങേക്കുള്ള ലാഭമെന്താണ്?

യശോവന്തസിംഹൻ:—ലാഭമോ? ലാഭമൊന്നുമില്ല.

ജയസിംഹൻ:—പിന്നെ എന്തിന്ന വെറുതെ അതിന്ന പുറപ്പെട്ടുന്നു? ഈ യുദ്ധത്തിൽ വിജയിയാകുന്നതു നിശ്ചയമായും അറംഗസീബുതന്നെയായിരിക്കും.

യശോവന്തസിംഹൻ:— ആൎക്കറിയാം?

ജയസിംഹൻ:— അറംഗസീബ് വല്ല യുദ്ധത്തിലും പരാജിതനായി എന്ന് അങ്ങു കേട്ടിട്ടുണ്ടോ?

യശോവന്തസിംഹൻ:— ഇല്ല. അറംഗസീബ് വീരൻതന്നെ സംശയമില്ല. അന്നു നൎമ്മദാതീരത്തിലെ പോൎക്കളത്തിൽ വെച്ച് അദ്ദേഹത്തെ അശ്വാരൂഢനായി കണ്ടതു ഞാൻ ഇപ്പോഴും ഓൎക്കുന്നുണ്ട്. ആ കാഴ്ച എന്റെ ആയുഷ്ക്കാലത്തിൽ ഇനി ഒരിക്കലും ഞാൻ വിസ്മരിക്കുകയില്ല. ആ മൌനം, ആ തീക്ഷ്ണദൃഷ്ടി, ആ ഭ്രൂകുടികുടിലമായ മുഖഭാവം, തന്റെ നാലു വശത്തുക്കൂടിയും ഇടവിടാതെ അസംഖ്യം അമ്പുകളും വെടിയുണ്ടകളും പാഞ്ഞുപോകുന്നുണ്ടെങ്കിലും അവയുടെ നേരെ തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ അചഞ്ചലനായി നില്ക്കുന്ന ആ നില്പ്—ഇതൊന്നും ഒരിക്കൽ കണ്ടാൽ പിന്നെ വിസ്മരിക്കാവുന്നവയല്ല. ഞാൻ ആ അവസരത്തിൽ വൈരത്താൽ ജ്വലിച്ചുകൊണ്ടിരുന്നു എങ്കിലും ഉള്ളുകൊണ്ടു അദ്ദേഹത്തെ പ്രശംസിക്കാതിരിപ്പാൻ എനിക്കു കഴിഞ്ഞില്ല. അറംഗസീബ് വീരൻതന്നെ; അതിന്ന സംശയമില്ല.

ജയസിംഹൻ:—എന്നാൽ പിന്നെ?

യശോവന്തസിംഹൻ:—എന്നാൽ വിജ്ജയായിലെ അപമാനത്തിന്ന പ്രതികാരം ചെയ്യാതെ ഞാൻ അടങ്ങുകയില്ല.

ജയസിംഹൻ:—അദ്ദേഹത്തിന്റെ കൂടാരം കൊള്ളയിട്ടിട്ട് അങ്ങ് അന്നുതന്നെ അതിന്ന പകരം വീട്ടിക്കഴിഞ്ഞുവല്ലോ.

യശോവന്തസിംഹൻ:— മുഴുവനായിട്ടില്ല. ആ ഒഴിഞ്ഞ ഭണ്ഡാരം നിറയ്ക്കുന്നതിന്ന് അറംഗസീബിന്ന് എത്ര നിമി-

ഷങ്ങൾ വേണം? അന്നു ഞാൻ ആവിധം കൊള്ളയിട്ടു കടന്നുകളയുന്നതിനുപകരം ഷൂജായുടെ പക്ഷത്തിൽ ചേൎന്നു പൊരുതുകയാണു് ചെയ്യുന്നതെങ്കിൽ ആ യുദ്ധത്തിൽ ഷൂജാഷ്ക്കു പരാജയം സംഭവിക്കുകയില്ലായിരുന്നു. അല്ലെങ്കിൽ ആഗ്രായിൽ എത്തി ഷാജിഹാൻ ചക്രവൎത്തിയെ ബന്ധനത്തിൽനിന്നു മുക്തനാക്കുകയെങ്കിലും ചെയ്യാമായിരുന്നു. അകാൎയ്യത്തിൽ എനിക്കു വലിയ ബുദ്ധിമോശം തന്നെ പററിപ്പോയി.

ജയസിംഹൻ:—പക്ഷെ അതുകൊണ്ടു് അങ്ങക്കെന്തു ലാഭമാണുള്ളതു്? ചക്രവൎത്തി ദാറായോ, ഷൂജായോ, ഔറംഗസീബോ ആരെങ്കിലുമായിക്കൊള്ളട്ടെ; അതുകൊണ്ടു് അങ്ങയ്ക്കെന്തു്?

യശോവന്തസിംഹൻ:—പ്രതീകാരം. അവരെ എല്ലാവരേയും എനിക്കു വെറുപ്പാണു്. ഈ ദുഷ്ടനായ ഔറംഗസീബിനെ എല്ലാവരേക്കാളും കൂടുതലായി ഞാൻ വെറുക്കുന്നു.

ജയസിംഹൻ:—പിന്നെ എന്തിനാണു് വിജുയായിലെ യുദ്ധത്തിൽവെച്ചു് അദ്ദേഹത്തിൻെറ പക്ഷത്തിൽ ചേൎന്നതു്?

യശോവന്തസിംഹൻ:—അന്നു ഡൽഹിയിലെ രാജസഭയിൽ വെച്ചു അദ്ദേഹം പ്രസ്താവിച്ചതെല്ലാം പരമാൎത്ഥമാണെന്നു ഞാൻ വിശ്വസിച്ചിരുന്നു. പെട്ടെന്നുള്ള അതിൎകവിഞ്ഞ ആ ഔദാൎയ്യപ്രകടനം കണ്ടിട്ടു്, ത്യാഗത്തിൻെറ തന്മയത്വപൂൎണ്ണമായ ആ അഭിനയം കണ്ടിട്ടു്, ഉദ്ദേശശുദ്ധിയെ ഉപന്യസിച്ചുകൊണ്ടുള്ള ആ ഉൽകൃഷ്ടമനോഭാവത്തിൻെറ ആവിഷ്ക്കരണം കണ്ടിട്ടു്, ഞാൻ അത്ഭുതപ്പെട്ടുപോയി; അതുവരെ എൻെറ മനസ്സിലുണ്ടായിരുന്ന ധാരണയ്ക്കു് ഇളക്കം തട്ടി; ഇത്ര ത്യാഗിയും ഉദാരഹൃദയനും, ധാൎമ്മികനുമായ ഒരു പുണ്യാത്മാവിനെ പാപിയെന്നു കരുതിപ്പോയല്ലോ എന്നു ഞാൻ പശ്ചാത്തപിച്ചു്, "ഔറംഗസീബ് ചക്രവൎത്തി സൎവ്വോൽകൎഷേണ വൎത്തിക്കട്ടെ." എന്നു് എല്ലാ

വക്കും മുമ്പിലായി ഞാൻതന്നെ ഉൽഘോഷിച്ചുപോയി. അദ്ദേഹത്തിൻെറ അന്നത്തെ ആ വിജയം നമ്മദയിലേയും വിജയായിലേയും വിജയത്തേക്കാറം അത്ഭുതകരമായിരുന്നു. എന്നാൽ പിന്നീടു വിജയായിലെ പോക്കളത്തിൽ വെച്ചു വീണ്ടും അദ്ദേഹത്തിൻെറ തനിനിറം എനിക്കു കാണ്മാനിടയായി; വഞ്ചകനും, ധൂത്തനും, കുടിലനുമായ പണ്ടത്തെ അറംഗസീബുതന്നെയാണ് അതെന്ന് എനിക്ക് അന്നു മനസ്സിലായി.

ജയസിംഹൻ:— മഹാരാജാവേ! വിജയായിലെ പോക്കളത്തിൽവെച്ച് അങ്ങയോടു നിഷ്ഠുരമായി പെരുമാറിയതിനെപ്പററി ചക്രവത്തി പിന്നീടു യഥാത്ഥമായി പശ്ചാത്തപിക്കയുണ്ടായി.

യശോവന്തസിംഹൻ:—മഹാരാജാവേ! ഇതു ഞാൻ വിശ്വസിക്കുമെന്നു വിചാരിച്ചാണോ അങ്ങു പറയുന്നതു്?

ജയസിംഹൻ:—അക്കാര്യം പോകട്ടെ. ചക്രവത്തി അതിനു വേണ്ടി അങ്ങയോടു മാപ്പുചോദിക്കുവാൻ ഭാവമില്ല; അദ്ദേഹത്തിന് അതാവശ്യവുമില്ല. അങ്ങയുടെ പ്രവൃത്തി താൻ ചെയ്ത അന്യായത്തിനു തക്കതായ പ്രതീകാരമായി എന്നാണ് അദ്ദേഹം വിചാരിക്കുന്നതു്. അങ്ങയുടെ സഹായം അദ്ദേഹം ആവശ്യപ്പെടുന്നില്ല. അങ്ങു ദാറായുടെ ഭാഗത്തും ചേരാതെ ഒഴിഞ്ഞു നിന്നാൽ മതി എന്നേ അദ്ദേഹത്തിനു വിചാരമുള്ളു. അതിനു പ്രതിഫലമായി അങ്ങയ്ക്കു ഗുജ്ജറദേശം വിട്ടുതരുവാൻ അദ്ദേഹം ഒരുക്കവുമാണ്. പ്രവത്തിച്ചുപോയ ഒരന്യായത്തിനു പ്രതീകാരം ചെയ്യാൻ പുറപ്പെടുന്നപക്ഷം അങ്ങ് സ്വന്തം ശക്തികളെ പാഴ്ചിലവുചെയ്തു വിലയ്ക്കുവാങ്ങുവാൻ പോകുന്നതു് അറംഗസീബിൻെറ വിരോധമാണ്. കേവലം കാഴ്ചക്കാരനായി അകലെ കയ്യുംകെട്ടിനിന്നു കാണുവാനാണ്—കരുതുന്നതെ

ങ്കിൽ അതിനുപകരം അങ്ങേയ്ക്കു കിട്ടുവാൻപോകുന്നതു് വിസ്തൃതവും ഫലഭൂയിഷ്ഠവുമായ ഒരു ഭൂഭാഗവുമാണ്. അങ്ങ് ഇഷ്ടംപോലെ തിരഞ്ഞെടുക്കുക. അങ്ങയുടെ സർവ്വസ്വവും നശിപ്പിച്ചും പ്രതീകാരംചെയ്യാനാണ് ഭാവമെങ്കിൽ അങ്ങനെ ആയിക്കൊള്ളൂ. ഇതു കേവലം ഒരു കച്ചവടം—വെറും കൊടുക്കൽ വാങ്ങൽ—ഏതാണ് നല്ലതെന്നു നോക്കിക്കോളൂ.

യശോവന്തസിംഹൻ:—പക്ഷേ ദാറാ—

ജയസിംഹൻ:—ദാറാ അങ്ങയുടെ ആരാണ്? അദ്ദേഹവും മുസൽമാൻ, അറംഗസീബും മുസൽമാൻ. അങ്ങു സ്വന്തം നാട്ടിനുവേണ്ടിയാണ് യുദ്ധം ചെയ്യാൻ പോകുന്നതെങ്കിൽ ഞാൻ ഒരക്ഷരവും അങ്ങയോടു മിണ്ടുകയില്ലായിരുന്നു. പക്ഷേ, ദാറാ അങ്ങയുടെ ആരാണ്? ആർക്കുവേണ്ടിയാണ് അങ്ങു രാജപുത്രരുടെ രക്തമൊഴുക്കുവാൻ ഭാവിക്കുന്നതു്? ദാറാ ജയിക്കയാണെങ്കിൽത്തന്നെ അതുകൊണ്ടു അങ്ങേയ്ക്കെന്തു ലാഭം? അങ്ങയുടെ ജന്മഭൂമിക്ക് എന്തു ലാഭം?

യശോവന്തസിംഹൻ;—എന്നാൽ വരൂ, നമുക്കു സ്വദേശത്തിനുവേണ്ടി യുദ്ധംചെയ്യാം. മേവാറിലെ റാണാ ആയ രാജസിംഹനും ബിക്കാനീർ മഹാരാജാവായ അങ്ങും യോധപുരത്തിലെ രാജാവായ ഞാനും ഒന്നിച്ചു ചേരുകയാണെങ്കിൽ മുഗൾസാമ്രാജ്യത്തെ ഉന്മൂലനം ചെയ്യാം. നമുക്കു സാധിക്കും. നമുക്ക് അങ്ങനെ ചെയ്യുകളയാം.

ജയസിംഹൻ:—എന്നിട്ട് ചക്രവർത്തിയാകുന്നതാരാണ്?

യശോവന്തസിംഹൻ:—അതു ചോദിപ്പാനുണ്ടോ? റാണാരാജസിംഹൻതന്നെ.

ജയസിംഹൻ:—വേണമെങ്കിൽ അറംഗസീബിന്റെ പ്രഭുത്വത്തെ ഞാൻ സ്വീകരിക്കാം. എന്നാലും രാജസിംഹന്റെ മേൽക്കോയ്മക്കു കീഴടങ്ങുവാൻ ഞാൻ ഒരുക്കമല്ല.

യശോവന്തസിംഹൻ:—അതെന്താ മഹാരാജാവേ? അദ്ദേഹം സ്വജാതിയായതുകൊണ്ടോ?

ജയസിംഹൻ:—അതേ. അതുകൊണ്ടുതന്നെ. സ്വജനത്തിന്റെ ദുൎവ്വാക്കുകൾ സഹിക്കുവാൻ പ്രയാസമാണ്. മഹാമനസ്കനാണെന്നുള്ള നാട്യം എനിക്കില്ല. എന്റെ കാൎയ്യം ഞാൻ തുറന്നുപറയാം. പ്രപഞ്ചത്തെ ഒരു ചന്തയായിട്ടാണ് ഞാൻ കരുതുന്നതു്. കുറഞ്ഞ വിലയ്ക്കു കൂടുതൽ സാധനം കിട്ടുന്ന സ്ഥലമേതോ അവിടക്കേ ഞാൻ പോവുകയുള്ളു. ഔറംഗസീബ് കുറഞ്ഞ വിലക്കു കൂടുതൽ സാധനം കൊടുക്കുന്ന ആളാണ്. കയ്യിൽ കിടക്കുന്ന ഈ കനകം വിട്ട് കാണാത്ത പൊന്നുങ്കട്ടയെ തേടി വല്ല കുഴിയിലും ചെന്നു ചാടുവാൻ ഞാൻ വിചാരിക്കുന്നില്ല.

യശോവന്തസിംഹൻ:—ഹും! ഹും! —ആട്ടെ, മഹാരാജാവേ! അങ്ങിപ്പോൾ പോയി വിശ്രമിക്കൂ. ഞാൻ ആലോചിച്ചിട്ടു നാളെ മറുപടി പറയാം.

ജയസിംഹൻ:—അതു വേണ്ടതുതന്നെ. നല്ലവണ്ണം ആലോചിച്ചുനോക്കു. ഇതു വെറും ഒരു കൊടുക്കൽവാങ്ങലാണ്. അതോൎമ്മവേണം. സ്വതന്ത്രരാജാക്കന്മാരായിത്തീരുവാൻ സാധിച്ചില്ലെങ്കിലും രാജഭക്തരായ പ്രജകളായിത്തീരുവാൻ നമുക്കു തീൎച്ചയായും സാധിക്കും. രാജഭക്തിയും മനുഷ്യധൎമ്മമാണല്ലോ.

(പോകുന്നു)

യശോവന്തസിംഹൻ:— ഹിന്ദുസാമ്രാജ്യം കവികളുടെ സ്വപ്നമാണ്. ഹിന്ദുക്കളുടെ ഹൃദയം അത്യന്തം ശുഷ്കമായിത്തീൎന്നു; അതു തീരെ തണുത്തുപോയി. ഇനി പരസ്പരം യോജിക്കുവാൻ പ്രയാസമാണ്. "സ്വതന്ത്രരാജാക്കന്മാരായിത്തീരുവാൻ സാധിച്ചില്ലെങ്കിലും രാജഭക്തരായ പ്രജകളായിത്തീരുവാൻ നമുക്കു തീൎച്ചയായും സാധിക്കും." ജയസിംഹൻ പറഞ്ഞതു പരമാൎത്ഥമാണ്. ആൎക്കുവേണ്ടിയാണ്

ഞാൻ യുദ്ധം ചെയ്യാൻ പോകുന്നതു്? ദാറാ എൻെറ ആരാണു്? നമ്മദായുദ്ധത്തിലെ നീതിരഹിതമായ പ്രവൃത്തികളുള്ള പ്രതികാരം വിജ്ഞയയായിൽവെച്ചു ഞാൻ ചെയ്തുകഴിഞ്ഞുവല്ലോ.

(മഹാമായ പ്രവേശിക്കുന്നു.)

മഹാമായ:—മഹാരാജാവേ! ഇതാണോ പ്രതികാരം? ഞാൻ ഇത്രയും നേരം മറഞ്ഞുനിന്നുകൊണ്ടു് അങ്ങയുടെ ഈ അപൌരുഷതപത്തെ—തുലൃഭാരത്തെ വഹിക്കുന്ന ചെറു തുലാസ്സിൻെറ തട്ടുകളെപ്പോലെ പ്രതിനിമിഷം അങ്ങുമിങ്ങും ആടിക്കൊണ്ടിരിക്കുന്ന അങ്ങയുടെ ഹൃദയത്തിൻെറ ചാഞ്ചലൃത്തെ കാണുകയായിരുന്നു—യോഗൃൻ! അതികേമൻ! പ്രതികാരം ചെയ്തുകഴിഞ്ഞു; അല്ലേ? നല്ല ബുദ്ധി! ഇതിനെയാണോ അവിടുന്നു പ്രതികാരമെന്നുപറയുന്നതു്. അറംഗസീബിൻെറ പക്ഷത്തിൽചേൎന്നു് അയാളുടെ കൂടാരം കൊള്ളയിട്ടു് ഓടിപ്പോകുന്നതിൻെറ പേരോ പ്രതികാരം? ഇതിനെക്കാൾ പരാജയമായിരുന്നു നല്ലതു്. ഇതു പരാജയം മാത്രമല്ല, പാപവും കൂടിയാണു്. രാജപുത്രജാതിക്കാർ വിശ്വാസവഞ്ചന പ്രവൎത്തിപ്പാൻ വശമുള്ളവരാണെന്നു ഇദംപ്രഥമമായി അവിടുന്നു ലോകരെ ധരിപ്പിക്കയാണു ചെയ്തതു്.

യശോവന്തസിംഹൻ:— കൂടാരം കൊള്ളയിടുന്നതിനു മുമ്പു തന്നെ ഞാൻ അറംഗസീബിൻെറ പക്ഷത്തെ പരിതൃജിച്ചിരുന്നുവല്ലോ.

മഹാമായ:—എന്നിട്ടു പുറകെയെത്തി അയാളുടെ ഭണ്ഡാരം തട്ടിപ്പറിച്ചു, അല്ലേ?

യശോവന്തസിംഹൻ:—തട്ടിപ്പറിക്കയല്ല, യുദ്ധംചെയ്തു കൊള്ളയിട്ടു കൈക്കലാക്കുകയാണു ചെയ്തതു്.

മഹാമായ:—ഇതിൻെറ പേർ യുദ്ധമെന്നോ?—ഛരി!—

യശോവന്തസിംഹൻ:—മഹാമായേ! നിനക്കു് ഈ ഒരു കാ

ഷ്യമല്ലാതെ വേറെ ഒന്നും പറയുവാനില്ലേ? രാവും പകലും നിന്റെ കുത്തിക്കൊള്ളുന്ന ശകാരം കേൾക്കുവാനായിട്ടു മാത്രമാണോ ഞാൻ നിന്നെ വിവാഹം ചെയ്തതു്.

മഹാമായ:—പിന്നെ അങ്ങെന്തിനാണ് എന്നെ വിവാഹം ചെയ്തതു്?

യശോവന്തസിംഹൻ:— എന്തിനാണ വിവാഹം ചെയ്തതെന്നോ?—നല്ല ചോദ്യം.—മനുഷ്യർ വിവാഹം ചെയ്യുന്നതു് എന്തിനാണെന്നോ ചോദിക്കുന്നതു്?

മഹാമായ:—അതെ; എന്തിനാണ്? സംഭോഗത്തിനു വേണ്ടിയോ? കാമവികാരങ്ങളെ തൃപ്തിപ്പെടുത്തുവാൻ വേണ്ടിയോ—പറയൂ, അതിനു തന്നെയോ?

യശോവന്തസിംഹൻ:—(സ്വല്പം പരുങ്ങിയിട്ടു്) അതേ, മിക്കവാറും അതിനുതന്നെയാണെന്നു വേണം പറയുവാൻ.

മഹാമായ:—എന്നാൽ ഒരു തേവടിശ്ശിയെ വെച്ചുകൊണ്ടിരിക്കുന്നതല്ലെ അതിലും ഭേദം?

യശോവന്തസിംഹൻ:—കൊട്ടങ്കാററിളകി എന്നാണ് തോന്നുന്നതു്.

മഹാമായ:—മഹാരാജാവേ! അങ്ങക്കു് അങ്ങയുടെ മൃഗീയവികാരങ്ങളെ തൃപ്തിപ്പെടുത്തണമെന്നുണ്ടെങ്കിൽ, കാമത്തിന്റെ പരിചയ്യ ചെയ്യണമെന്നുണ്ടെങ്കിൽ, അതിനുള്ള സ്ഥലം കുലസ്ത്രീകളുടെ പവിത്രമായ അന്തഃപുരമല്ല. അതിനുപററിയ സ്ഥലം വേശ്യാസ്ത്രീകളുടെ വിഭ്രഷിതമായ നരകമാണ്. അവിടേക്കു പൊയ്ക്കോളൂ. അങ്ങയുടെ രൂപയ്ക്കു പകരം അവരുടെ രൂപം കിട്ടും; കാമാഗ്നിയുടെ കത്തലിനെ കെടുത്തുവാനായി അങ്ങു അവരുടെ അടുക്കൽ ചെല്ലുമ്പോൾ ജഠരാഗ്നിയുടെ ജ്വാലയെ ശമിപ്പിക്കുവാനായി അവർ അങ്ങയുടെ അരികിലും അണയും. ഭാൎയ്യക്കും ഭൎത്താവിനും തമ്മിൽ ആ ബന്ധമല്ല ഉള്ളതു്.

യശോവന്തസിംഹൻ:—പിന്നെയോ?

മഹാമായ:—ഭാൎയ്യക്കും ഭൎത്താവിനും തമ്മിലുള്ള ബന്ധം സ്നേഹബന്ധമാണ്. പേരിനുമാത്രമുള്ള സ്നേഹമല്ല അതു്. ആ സ്നേഹം പരിചയപ്പെട്ടന്തോറും പ്രിയനെ അവജ്ഞാപാത്രമാക്കാതെ പ്രതിദിനം പ്രിയതരനാക്കിത്തീൎക്കുന്നു; ആ സ്നേഹം സ്വന്തം വിചാരങ്ങളെ വിസ്മരിപ്പിച്ചു് തൻെറ ഇഷ്ടദേവതയുടെ ചരണങ്ങളിൽ പ്രാണനെ ബലികഴിപ്പാൻ പ്രേരിപ്പിക്കുന്നു; ആ സ്നേഹം, പ്രഭാതത്തിലെ സൂൎയ്യരശ്മിയെപ്പോലെ ഏതിൻെറമേൽ ചെന്നു പതിക്കുന്നുവോ അതിനെ സുവൎണ്ണവൎണ്ണമാക്കുന്നു; ഗംഗാനദിയിലെ ജലപ്രവാഹത്തെപ്പോലെ ഏതിന്മേൽ ചെന്നു വീഴുന്നുവോ അതിനെ പവിത്രമാക്കുന്നു; ദേവന്മാരുടെ വരംപോലെ ആൎക്കു ലഭിക്കുന്നുവോ അവനെ ഭാഗ്യവാനാക്കുന്നു. ആ സ്നേഹം അചഞ്ചലവും ശാന്തവും ആനന്ദമയവുമാണ്. ത്യാഗമാണ് അതിൻെറ ജീവൻ.

യശോവന്തസിംഹൻ:—മഹാമായേ! അങ്ങനെ നീ എന്നെ സ്നേഹിക്കുന്നുണ്ടോ?

മഹാമായ:—ഉണ്ടു്, സ്നേഹിക്കുന്നുണ്ടു്. അവിടത്തെ കീൎത്തിയെ അഭിമാനപൂൎവ്വം സ്മരിച്ചുകൊണ്ടു പ്രാണനെ ഉപേക്ഷിക്കുവാൻ ഞാൻ ഒരുക്കമാണ്. അതിനു് എനിക്കുള്ള ഉൽക്കണ്ഠയും ആഗ്രഹവും ചില്ലറയല്ല. അങ്ങയുടെ ആ കീൎത്തിക്കു വാട്ടം തട്ടിയതു കാണുന്നതിനുമുമ്പായി ഞാൻ അന്ധയായിത്തീരണമേ എന്നാണ് എൻെറ പ്രാൎത്ഥന. രജപുത്രജാതിയുടെ യശസ്സ്—മാർവാറിൻെറ മഹിമ—അവിടത്തെ കൈകൊണ്ടു മലിനമായിത്തീരുന്നതിനുമുമ്പായി മരിച്ചാൽ കൊള്ളാമെന്നാണ് എൻെറ മോഹം. ഇത്രമേൽ ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടു്.

യശോവന്തസിംഹൻ:—മഹാമായേ!

മഹാമായ:—അതാ നോക്കു, വെയിലിൻെറ പ്രകാശത്തിൽ ഉജ്ജ്വലവൎണ്ണമായി ശോഭിക്കുന്ന ആ പൎവ്വതപംക്തി

യും; ദൂരത്തായി കാണപ്പെടുന്ന ആ മണൽക്കുന്നുകളും, സൌന്ദര്യത്തിന്റെ തരംഗങ്ങൾ ഇളക്കിക്കൊണ്ടു മന്ദമായി പ്രവഹിക്കുന്ന ആ ഗിരിനിർഝരിണിയും നീലനിറം പിഴിഞ്ഞെടുത്തു പുറത്തു കാണിക്കുന്നതുപോലെ വർണ്ണഭാസുരമായി തിളങ്ങുന്ന ആ ആകാശവും അവിടന്നു് ഒന്നു നോക്കൂ. അതാ ആ കുയിലിന്റെ മധുരമായ കൂജനം കേൾക്കൂ; ഇതൊക്കെ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ, ഒരു കാലത്തു് ഈ പ്രദേശത്തിൽ ദേവന്മാർ അധിവസിച്ചിരുന്നു എന്നു് അവിടത്തേക്കു തോന്നുന്നില്ലേ? മാർവാറും മേവാറും വീരതയുടെ ഇരട്ടപെററ സന്താനങ്ങളാണു്; മഹത്വമാകുന്ന മഹിമയേറിയ നൈശാകാശത്തിലെ ശുക്രബൃഹസ്പതിമാരാണു്. ആ മാഹാത്മ്യത്തിന്റെ മധുരസ്മൃതികൾ എന്റെ മുമ്പിൽ മനോഹരനൃത്തം ചെയ്യുന്നു. വരുവിൻ ചാരണബാലകരെ! വരുവിൻ. ആ പാട്ടു തന്നെ വീണ്ടും പാടുവിൻ.

യശോവന്തസിംഹൻ:—മഹാമായേ!

മഹാമായ:—മിണ്ടരുതു്. ഈ വിചാരം എന്റെ മനസ്സിൽ എപ്പോൾ ഉദിക്കുന്നുവോ അപ്പോൾ എന്റെ ആരാധനാസമയമാണു്. വേണമെങ്കിൽ മണി കിലുക്കൂ, ശംഖു് ഊതൂ—സംസാരിക്കരുതു്.

യശോവന്തസിംഹൻ:—നിശ്ചയമായും തലച്ചോറിനു് എന്തോ കേടു പററീട്ടുണ്ടു്.

(സാവധാനത്തിൽ നടന്നുപോകുന്നു.)

മഹാമായ:—അല്ലാ! സൌമ്യവും ശാന്തവും സുന്ദരവുമായ മൂർത്തിയെ ധരിച്ചുകൊണ്ടു് എന്റെ മുമ്പിൽ വന്നു നില്ക്കുന്ന നീ ആര്?

(ചാരണബാലകന്മാർ പ്രവേശിക്കുന്നു.)

മഹാമായ:—പാടുവിൻ കുട്ടികളേ! പാടുവിൻ. "എൻജന്മഭൂമി" എന്ന ആ ഗാനം തന്നെ പാടുവിൻ.

(ചാരണബാലകന്മാർ പാടുന്നു.)

(നതോന്നത)

I

ഉന്നതധനധാന്യശ്രീ തിങ്ങിടുമിമന്നിടത്തിൽ
മിന്നിടുന്നുണ്ടൊരു ദേശം സ്വർഗ്ഗസങ്കാശം
സങ്കല്പലോകത്തെക്കാളും സുഭഗം, സുന്ദരം, സൌഖ്യ-
സങ്കലിതസ്മൃതികളാൽ സർവ്വതോവ്യാപ്തം
ഉർവ്വിയിലെങ്ങിതുപോലെ ഉർവ്വരസുന്ദരഭൂമി;
സർവ്വദേശങ്ങൾക്കും റാണി—എൻജന്മഭൂമി.

II

ചന്ദ്രസൂര്യപ്രഭോജ്ജ്വലജ്വാലാമുജ്ജ്വത നക്ഷത്രജാലം
സുന്ദരം, വിശാലം നീലഗഗനതലം!
കാളമേഘത്തിൻ മടിയിൽ ലോലയാം വിദ്യുന്മതല്ലി
കേളിയാടും കാഴ്ചയേവം മറെറങ്ങുകാണ്മു.
പറവകളിങ്ങു പാട്ടുപാടിയെന്നെയുറക്കുന്നു,
പരമെന്നെപ്പാടിത്തന്നെയുണർത്തീടുന്നു.
ഉർവ്വിയിലെങ്ങിതുപോലെ ഉർവ്വരസുന്ദരഭൂമി
സർവ്വദേശങ്ങൾക്കും റാണി—എൻജന്മഭൂമി.

III

എങ്ങിതുപോൽമംഗലശ്രീതിങ്ങിനനദികുലങ്ങൾ;
എങ്ങിതുപോൽ ധൂസരാദ്രിതുംഗശൃംഗങ്ങൾ,
എങ്ങിതുപോൽ ചക്രവാളത്തോടുരുമ്മിസ്സസ്യജാലം
തിങ്ങിയെങ്ങും ഭംഗിതങ്ങും പച്ചപ്പാടങ്ങൾ.
ചേലിലാനിലങ്ങൾതോറമോളം വെട്ടിക്കേളിയാടും
ബാലപവനന്റെ ലീലയെങ്ങിതുപോലെ
ഉർവ്വിയിലെങ്ങിതുപോലെ ഉർവ്വരസുന്ദരഭൂമി;
സർവ്വദേശങ്ങൾക്കും റാണി—എൻജന്മഭൂമി

IV

വികസിച്ചുനിൽപൂ പൂക്കൾനിറയെ മരങ്ങൾതോറം;
പികങ്ങൾ പാടുന്ന ലതാഗൃഹങ്ങൾ തോറം
മിളിതഝംകൃതം മദകളമണിയണിയായി
ട്ടളികളിളകിയോടിയണഞ്ഞരികിൽ
അമിതമായ് മധുനുകന്നമാലാണ്ടുറങ്ങീടുന്ന
സുമങ്ങൾതൻമടികളിൽ ചെടികൾതോറം
ഉർവ്വിയിലെങ്ങിതുപോലെ ഉർവ്വരസുന്ദരഭൂമി
സർവ്വദേശങ്ങൾക്കും റാണി—എൻജന്മഭൂമി.

V

സോദരജനനിമാർതൻ ഹൃദയവേദിയിൽ സ്നേഹ-
മീദൃശം മറെറങ്ങുകാണ്മു മേദിനിതന്നിൽ
അമ്മേ! നിൻചരണം രണ്ടുമെൻമാറിലർപ്പിച്ചുനിത്യം
നിർമ്മലഭക്തിയോടേവം പ്രാർത്ഥിച്ചീടുന്നേൻ.
"ഉന്നതഭാഗ്യത്താൽ നിന്നിൽ വന്നുഞാൻ പിറന്നു; നി-
ന്നിൽത്തന്നെകിടന്നെന്റെ ജന്മമൊടുങ്ങീടട്ടെ"
ഉർവ്വിയിലെങ്ങിതുപോലെ ഉർവ്വരസുന്ദരഭൂമി
സർവ്വദേശങ്ങൾക്കും റാണി—എൻജന്മഭൂമി.

കർട്ടൻ വീഴുന്നു.

---

# നാലാം അങ്കം

## രംഗം ൧.

സ്ഥലം—ടാണ്ഡായിൽ ഷൂജായുടെ മാളികയിലെ ഒരു മുറി.

സമയം—സന്ധ്യ.

(പിയാര ഇരുന്നു പാടുന്നു.)

മഞ്ജരി.

ആരെന്നെക്കേൾപ്പിച്ചു; ആരെന്നെ കേൾപ്പിച്ചു?
ഹാ! രമ്യം ശ്യാമനെന്നുള്ള നാമം!

കണ്ണത്തിൽ കൂടിയെൻ മമ്മത്തിൽ പുക്കുതു
സന്നമാക്കീടുന്നു മന്മനത്തെ
എന്തുമധുരം ഹാ! ശാന്തസുഭഗമാ
പൂന്തേനൊഴുകുന്ന ദിവ്യനാമം!
ഹന്ത! മുഖത്തുനിന്നായതൊഴിക്കവാ-
നെൻതോഴി—ഞാനതിനെല്ലും ശക്തയല്ല.
പാടിജ്ജപിച്ചീടുന്തോറുമവശയാ-
ക്കീടുന്നിതെന്നെയാദിവ്യമന്ത്രം
എന്നുകണ്ടെത്തും ഞാൻ എങ്ങുകണ്ടെത്തും ഞാൻ
എന്നിഷ്ടമൂർത്തിതൻ മുഗ്ദ്ധരൂപം.

(ഷൂജാ പ്രവേശിക്കുന്നു.)

ഷൂജാ:—പിയാരേ! കേട്ടുവോ നീ വിശേഷം? ദാറാ അറംഗസീബിന്റെ അടുക്കൽ ഒടുവിലത്തെ യുദ്ധത്തിലും പരാജിതനായത്രെ.

പിയാര:—ആങ്ഹാ! പരാജിതനായോ?

ഷൂജാ:—അറംഗസീബിന്റെ ശ്വശുരൻ ആയുധപാണിയായി പോർക്കളത്തിലിറങ്ങി ദാറാക്കുവേണ്ടി പൊരുതി പ്രാണത്യാഗം ചെയ്തു. അതു വളരെ വീരതയായി: ഇല്ലേ?

പിയാര:—അതിൽ വിശേഷിച്ച് എന്തു വീരതയാണുള്ളതു്?

ഷൂജാ:—ഒന്നുമില്ലേ? വൃദ്ധനായ ആ യോദ്ധാവു തന്റെ സ്വന്തം ജാമാതാവിനു് എതിരായിനിന്നു യുദ്ധം ചെയ്തിട്ടല്ലേ മരിച്ചതു്:—എന്തു ധർമ്മവീരത്വം! അത്ഭുതം? അത്ഭുതം!

പിയാര:—ഈ കാര്യത്തിൽ "തരക്കേടില്ല" എന്നു പറയുവാൻ മാത്രമേ ഞാൻ ഒരുക്കമുള്ളു. അതിനപ്പുറം കടക്കുവാൻ ഞാൻ ഭാവമില്ല.

ഷൂജാ:—ഇത്തവണ യശോവന്തസിംഹനുംകൂടി ദാറായുടെ പക്ഷത്തിൽ ചേർന്നിരുന്നെങ്കിൽ കാണാമായിരുന്നു കളി. പക്ഷെ അതുണ്ടായില്ല. ദാറായെ സഹായിക്കാമെന്നു് ആ

ദ്യം ഏററിരുന്നു എങ്കിലും ഒടുവിൽ എന്തോ കാരണത്താൽ പിൻവലിയുകയാണ് ചെയ്തതു്.

പിയാര:—ആശ്ചര്യം തന്നെ!

ഷൂജാ:—എന്താ, നിനക്കു് ആശ്ചര്യം തോന്നുന്നുണ്ടോ? ഇതിൽ ആശ്ചര്യപ്പെടത്തക്കതായി യാതൊന്നുമില്ലല്ലോ.

പിയാര:—ഒന്നുമില്ല! ഞാൻ വിചാരിച്ചു ഉണ്ടെന്നു്. അതാണു് ആശ്ചര്യപ്പെട്ടുപോയതു്.

ഷൂജാ:—അന്നു വിജയായിലെ പോക്കളത്തിൽവെച്ചു യശോവന്തസിംഹൻ വിശ്വാസവഞ്ചന പ്രവർത്തിച്ചു. ഇത്തവണ ദാറായേയും അതുപോലെ വഞ്ചിച്ചു. ഇതിൽ ആശ്ചര്യപ്പെടുവാൻ എന്താണുള്ളതു്?

പിയാര:—അല്ലാ, എന്തൊരാശ്ചര്യം!—

ഷൂജാ:—പിന്നെയും ആശ്ചര്യപ്പെടുന്നുവോ?

പിയാര:—ഇല്ലില്ല, അതല്ല ആദ്യമായി, പറയുന്നതു മുഴുവൻ കേൾക്കൂ.

ഷൂജാ:—എന്താണു്, കേൾക്കട്ടെ.

പിയാര:—ഞാൻ ആദ്യം ആശ്ചര്യപ്പെട്ടതു് എന്തു വിചാരിച്ചാണു് എന്നോർത്തിട്ടാണു് ഇപ്പോൾ ഞാൻ ആശ്ചര്യപ്പെടുന്നതു്.

ഷൂജാ:—ആശ്ചര്യപ്പെടത്തക്ക സംഭവം മറെറാന്നുണ്ടായിട്ടുണ്ടു്.

പിയാര:—അതെന്താണു്?

ഷൂജാ:—മറെറാന്നുമല്ല, അറംഗസീബിൻെറ പുത്രനായ മഹമ്മദു് എൻെറ പുത്രിക്കുവേണ്ടി സ്വന്തം പിതാവിൻെറ പക്ഷത്തെ വെടിഞ്ഞു് എൻെറ ഭാഗത്തു ചേൎന്നുവല്ലോ. അതല്ലേ അത്ഭുതം.

പിയാര:—അതിൽ എന്താണു് അത്ഭുതപ്പെടുവാനുള്ളതു്! പ്രേമത്തിനുവേണ്ടി മനുഷ്യർ ഇതല്ല, ഇതിലധികവും പ്രവൎത്തിച്ചിട്ടുണ്ടു്—മതിൽ ചാടിക്കടന്നിട്ടുണ്ടു്, മാളികപ്പുറത്തുനിന്നും താഴെ ചാടീട്ടുണ്ടു്; പുഴ നീന്തിക്കടന്നിട്ടുണ്ടു്;

തീയ്യിൽ ചാടീട്ടുണ്ടു്; വിഷം തിന്നു മരിച്ചിട്ടുണ്ടു്. ഇതെന്തു നിസ്സാരമായ പ്രവൃത്തി? അച്ഛനെ ഉപേക്ഷിച്ചു, അത്രയല്ലേ ഉള്ളു? അതാണൊ വലിയ കാൎയ്യം? അതെല്ലാവരും ചെയ്യാറുണ്ടല്ലൊ. അതൊരത്ഭുതമാണെന്നു പറയുവാൻ ഞാൻ ഒരുക്കമില്ല.

ഷൂജാ:—പക്ഷെ—അല്ല— അതു വലിയൊരത്ഭുതംതന്നെയാണ്. പോട്ടെ, അതെന്തുമാകട്ടെ. മഹമ്മദും ഞാനും കൂടിച്ചേൎന്ന് അറംഗസീബിൻെറ സൈന്യങ്ങളെ ബങ്കാളത്തിൽനിന്നും ഓടിച്ചുകളഞ്ഞു,

പിയാര:—"യുദ്ധം" "യുദ്ധം" എന്നല്ലാതെ മറെറാരു വിചാരവും അങ്ങക്കില്ലേ? ഞാൻ അങ്ങയുടെ ശ്രദ്ധയെ മററു വിഷയങ്ങളിലേയ്ക്കു് ആകൎഷിക്കുവാൻ ശ്രമിക്കുന്തോറും അങ്ങക്കു് ആ വിഷയത്തിൽ ആസക്തി കൂടിക്കൂടി വരികയാണു് ചെയ്യുന്നതു്. കടിഞ്ഞാണിൻെറ വലി വകവെക്കാനേ ഭാവമില്ല.

ഷൂജാ:—യുദ്ധത്തിൽ അനിൎവ്വചനീയമായ ഒരാനന്ദം അനുഭവിച്ചിട്ടുണ്ടു്. അതു കൂടാതെ—

(ഒരു ദാസി പ്രവേശിക്കുന്നു.)

ദാസി:—തിരുമനസ്സിനെ കാണ്മാനായി ഒരു സന്ന്യാസി വന്നു നില്ക്കുന്നു.

പിയാര:—സന്ന്യാസി എന്തു തരക്കാരനാണു്? നീണ്ട താടി വളൎത്തീട്ടുണ്ടൊ?

ദാസി:—ഉണ്ടു്, അമ്മച്ചി. അത്യാവശ്യകാൎയ്യമാണെന്നും ഉടനെ കാണണമെന്നുമാണു് അദ്ദേഹം പറയുന്നതു്.

ഷൂജാ:—ആട്ടെ, അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരു. പിയാരേ! നീ അകത്തേക്കു പോകൂ.

പിയാര:—കൊള്ളാം, എന്നെ ഓടിച്ചുകളയുകയാണു്, അല്ലേ? ആട്ടെ, ഞാൻ പൊയ്ക്കൊള്ളയാം. (പോകുന്നു)

ഷൂജാ:—വേഗം പോയി അദ്ദേഹത്തെ ഇവിടെ കൂട്ടിക്കൊണ്ടു വരൂ.

(ദാസി പോകുന്നു.)

ഷൂജാ:—പിയാര ഫലിതങ്ങളുടെ ഒരു ഉറവാണ്. അൎത്ഥശൂന്യമായ വാക്യങ്ങളുടെ ഒരു നദിയാണ്. എന്റെ യുദ്ധചിന്താക്ലേശങ്ങളെ പരിഹരിക്കുവാൻ അവൾക്കു നല്ല സാമൎത്ഥ്യമുണ്ട്.

(ദിൽദാർ പ്രവേശിക്കുന്നു.)

ദിൽദാർ:—കുമാര! വന്ദനം: കുമാരനു ഒരെഴുത്തുണ്ട്. ഇതാ—(എഴുത്തു കൊടുക്കുന്നു.)

ഷൂജാ:—(എഴുത്തുവാങ്ങി തുറന്നു വായിച്ചിട്ട്) എന്താണിതു്! നിങ്ങൾ എവിടെനിന്നു വരുന്നു?

ദിൽദാർ:—എഴുത്തിൽ പേരും ഒപ്പും ഇല്ലേ?—മുഖത്തു നോക്കിയാൽതന്നെ അറിയാം കുമാരന്റെ ബുദ്ധിസാമൎത്ഥ്യം. ഒന്നാംതരം പററിക്കലാണു പററിച്ചതു്.

ഷൂജാ:—എന്തു പററിക്കലാണ്?

ദിൽദാർ:—കുമാരൻ ഷൂജായുടെ മകളെ വിവാഹം ചെയ്തു്—അയ്യ!—ഒന്നാംതരം കൌശലമായി അതു്! നേരെനിന്നു വെടിവെക്കുന്നതിനേക്കാൾ പുറകെനിന്നുകൊണ്ടു് ഒളിയമ്പയക്കുക—അയ്യ! നല്ല വിദ്യ—അച്ഛന്റെയല്ലേ മകൻ!

ഷൂജാ:—പുറകെ നിന്നുകൊണ്ടു് ഒളിയമ്പയയ്ക്കുന്നതു് ആരാണ്?

ദിൽദാർ:—എന്തിനു പേടിക്കുന്നു? ഞാൻ ഇതു വല്ലതും ഷൂജാ സുൽത്താനോടു പറയുവാനോ മററോ പോകുന്നുണ്ടോ? എഴുത്തു അബദ്ധത്തിൽ കുമാരൻ അദ്ദേഹത്തെ കാണിച്ചു കളയുക മാത്രം അരുതു്.

ഷൂജാ:—എന്തു മണ്ണാങ്കട്ട വൎത്തമാനമാണു ഹേ ഈ പറയുന്നതു്? സുൽത്താൻ ഷൂജാ ഞാനാണല്ലൊ. മഹമ്മദു് എന്റെ മരുമകനാണ്.

ദിൽദാർ:—ആങ്ഹാ! അങ്ങനെയാണോ:—മുഖത്തു നോക്കിയാൽ ചെറുപ്പക്കാരനാണെന്നേ തോന്നുകയുള്ളൂ—എന്നാൽ കേൾക്കണം. അധികം സൂത്രമൊന്നും എടുക്കണ്ട. അങ്ങു മഹമ്മദാണെങ്കിൽ ഞാൻ പറഞ്ഞതെല്ലാം അങ്ങേക്ക മനസ്സിലായിരിക്കും. അതല്ല അങ്ങു സുൽത്താൻ ഷൂജായാണെങ്കിൽ ഞാൻ ഈ പറഞ്ഞതിൽ ഒരക്ഷരംപോലും വാസ്തവമല്ല.

ഷൂജാ:—ആട്ടെ, നിങ്ങൾ പൊയ്ക്കോളൂ. ഇതിനു വേണ്ട ഏപ്പാട് ഇപ്പോൾ തന്നെ ഞാൻ ചെയ്യുന്നുണ്ട്. നിങ്ങൾ പോയി വിശ്രമിക്കൂ.

ദിൽദാർ:—കല്പനപോലെ. (പോകുന്നു)

ഷൂജാ:—ഞാനിപ്പോൾ വല്ലാത്ത വിഷമതയിലായി. പുറമെയുള്ള ശത്രുവിനെക്കൊണ്ടു തന്നെ എനിക്ക് ഇരിക്കപ്പൊറുതിയില്ല. അതിനു പുറമെ ഇതാ അറംഗസീബ് ഇപ്പോൾ എന്റെ വീട്ടിനുള്ളിലും ശത്രുവിനെ പ്രതിഷ്ഠിച്ചിരിക്കുന്നു. കയ്യോടെതന്നെ ഇതിനു പ്രതിവിധി ചെയ്യേക്കാം. ഈ എഴുത്ത് എന്റെ കയ്യിൽതന്നെ വന്നുചേർന്നതു ഭാഗ്യമായി—ഇതാ മഹമ്മദ് വരുന്നു.

(മഹമ്മദ് പ്രവേശിക്കുന്നു.)

ഷൂജാ:—മഹമ്മദ്! ഇതാ ഈ എഴുത്തു. വായിച്ചുനോക്കൂ.

മഹമ്മദ്:—(എഴുത്തു വാങ്ങി വായിച്ചിട്ട്) ഇതെന്തത്ഭുതം! ആരുടെ എഴുത്താണിതു്?

ഷൂജാ:—നിങ്ങളുടെ അച്ഛന്റെ എഴുത്ത്, ഒപ്പു കാണുന്നില്ലേ? നിങ്ങൾ നിങ്ങളുടെ അച്ഛനു വിരോധമായി പെരുമാറിയ പാപത്തിനു പരിഹാരമായി നിങ്ങളുടെ ഈശ്വരനെ അതായതു് എന്നെ—വഞ്ചിക്കാമെന്ന് ഈശ്വരനെ സാക്ഷിയാക്കി അയാൾക്ക് എഴുതി അയച്ചു; ഇല്ലേ?

മഹമ്മദ്:—ഞാൻ അച്ഛനു യാതൊന്നും എഴുതി അയച്ചിട്ടില്ലല്ലോ. ഇതു കള്ളഎഴുത്താണു്,

ഷൂജാ:—അതു ഞാൻ വിശ്വസിക്കുന്നില്ല. ഇന്നുതന്നെ നിങ്ങൾ എൻെറ ഗൃഹംവിട്ടു പൊയ്ക്കൊള്ളണം.

മഹമ്മദ്:—ഇതെന്തൊരു കഥ! എങ്ങോട്ടേക്കാണ് ഞാൻ പോവുക?

ഷൂജാ:—നിങ്ങളുടെ അച്ഛൻെറ അടുക്കൽ.

മഹമ്മദ്:—ഞാനിതാ സത്യംചെയ്തു പറയുന്നു—

ഷൂജാ:—വേണ്ട, മതി മതി. നേരിട്ടുള്ള യുദ്ധത്തിൽ ഞാൻ ജയിക്കുകയൊ തോല്ക്കുകയോ ചെയ്യട്ടെ; അക്കഥ വേറെ. വീട്ടിനുള്ളിൽ ശത്രുവിനെ വെച്ചുപുലർത്തുവാൻ ഞാൻ ഏതായാലും ഒരുക്കമില്ല.

മഹമ്മദ്:—ഞാൻ—

ഷൂജാ:—എനിക്കൊന്നും കേൾക്കണ്ട. പോവൂ, ഈ നിമിഷത്തിൽതന്നെ പൊയ്ക്കോളൂ,

(മഹമ്മദ് പോകുന്നു.)

ഷൂജാ:—കയ്യോടെതന്നെ കാര്യത്തിനു തീരുമാനം വരുത്തുവാൻ കഴിഞ്ഞല്ലൊ. സമാധാനമായി. എൻെറ അനിയാ! നീ കണ്ട പോരു കുറെ കടന്നതുതന്നെ. പക്ഷെ അതു് എൻെറ അടുക്കൽ ചെലവാകുമോ? നീ കൊമ്പത്തു ചവിട്ടുമ്പോൾ ഞാൻ ഇലയിൽ ചവിട്ടും— ഇതാ പിയാര വരുന്നു.

(പിയാര പ്രവേശിക്കുന്നു.)

ഷൂജാ:—പിയാരേ! ചെമ്പുതെളിഞ്ഞുപോയി.

പിയാര:—ആരുടെ ചെമ്പ്?

ഷൂജാ:—മഹമ്മദിൻെറ; അവൻ വലവീശുവാനാണു വന്നതു്. നിന്നോടു അന്നുതന്നെ ഞാൻ പറഞ്ഞില്ലേ, ഇതെന്തോ ഒരു സൂത്രമാണെന്നു്. ഇപ്പോൾ അതു വ്യക്തമായി, വെള്ളംപോലെ തെളിഞ്ഞു, അവനെ ഞാൻ വീട്ടിൽനിന്നും ഓടിച്ചുകളഞ്ഞു.

പിയാര:—ആരെ!

ഷൂജാ:—മഹമ്മദിനെ.

പിയാര:—എന്തു്? അങ്ങെന്താണീ പറയുന്നതു്?

ഷൂജാ:—പുറത്തും ശത്രു, അകത്തും ശത്രു. നല്ല പോരാണ അനിയൻ കണ്ടതു്. പക്ഷേ ഫലിച്ചില്ല. ഞാൻ പെട്ടെന്നു കണ്ടുപിടിച്ചുകളഞ്ഞു. ഇതാ നോക്കൂ ഈ എഴുത്തു്.

പിയാര:—(എഴുത്തു വായിച്ചിട്ടു്) അങ്ങയുടെ തലച്ചോറിനു് എന്തോ കേടുപററീട്ടുണ്ടു്. വല്ല വൈദ്യനേയും വിളിച്ചുകാണിക്കണം.

ഷൂജാ:—അതെന്താണു്?

പിയാര:—ഈ കൃത്രിമം ഈ കള്ളഎഴുത്തു കണ്ടുപിടിക്കുവാൻ അങ്ങക്കു കഴിഞ്ഞില്ലല്ലൊ. ഇതു അറംഗസീബിൻെറ കൃത്രിമമാണെന്നു മനസ്സിലാക്കുവാൻ അങ്ങക്കു ബുദ്ധിയില്ലേ?

ഷൂജാ:— ഇല്ല, അങ്ങനെയാണെന്നു് എനിക്കു തോന്നുന്നില്ല.

പിയാര:—ഈ ബുദ്ധിയുംകൊണ്ടാണോ അവിടുന്നു് അറംഗസീബിനോടു യുദ്ധത്തിനു പുറപ്പെട്ടിരിക്കുന്നതു്? ചേരയെപ്പിടിക്കാൻ കഴിയാത്ത അങ്ങാണോ ചേനത്തണ്ടനെ പിടിക്കുവാൻ പോകുന്നതു്? എന്നോടു് ഒന്നു ചോദിക്കുകകൂടി ചെയ്തിട്ടില്ലല്ലൊ. അപ്പോഴേക്കും മരുമകനെ ഓടിച്ചുകളഞ്ഞു—വരൂ, വേഗം പോയി മകളോടും മരുമകനോടും നല്ലവാക്കു പറയൂ.

ഷൂജാ:—. എഴുത്തു വ്യാജമൊന്നോ പറയുന്നതു്? ആങ്ഹാ! അങ്ങിനെയാണോ? നീ എന്നോടു് അതു് ആദ്യം പറഞ്ഞില്ലല്ലൊ. ഏതായാലും സൂക്ഷിച്ചിരിക്കുന്നതു നല്ലതുതന്നെ.

പിയാര:—എന്നുവെച്ചു മരുമകനെ ആട്ടിപ്പുറത്താക്കുകയൊ!

ഷൂജാ:—ശരിതന്നെ. അങ്ങനെയാണെങ്കിൽ എനിക്കു വലിയൊരബദ്ധം പിണഞ്ഞു എന്നുവേണം പറയുവാൻ, ആട്ടെ നമുക്കൊരു കാര്യം ചെയ്യാലെന്താ? മകളെ, വേണ്ട സ്ത്രീധനവുംകൊടുത്തു ഭർത്താവിൻെറ കൂടെ പറഞ്ഞയച്ചുകളയാം. ശ്വശുരഗൃഹത്തിൽച്ചെന്നു താമസിക്കട്ടെ. അതിൽ യു

തൊരു ദോഷവും ഇല്ല. ഭയപ്പെടേണ്ട. മരുമകനെ ഈ കാൎയ്യം പറഞ്ഞു സമാധാനിപ്പിക്കാം. എന്നിട്ട് അവനെ ഇവിടെനിന്ന പറഞ്ഞയയ്ക്കാം.

പിയാര:—പറഞ്ഞയയിക്കുന്നതെന്തിനാണ്?

ഷൂജാ:—കാലം ചീത്തയാണ്. സൂക്ഷിച്ചിരിക്കുന്നതാണ് നല്ലതു്. മനസ്സിലായോ? വരൂ പോകാം.

(രണ്ടുപേരും പോകുന്നു.)

—o—

## രംഗം ൨.

സ്ഥലം—ജിഹൻഖാൻെറ ഗൃഹത്തിൽ ദാറയുടെ മുറി.

സമയം—രാത്രി.

(സിപാരും ജഹരത്തും നില്ക്കുന്നു.)

ജഹരൻ:—സിപാർ!

സിപാർ—എന്താണ് ജഹരത്!

ജഹരൻ:—കണ്ടില്ലേ?

സിപാർ:—എന്താണ്?

ജഹരത്:—നമ്മൾ ഈ വിധത്തിൽ വന്യമൃഗങ്ങളെപ്പോലെ കാട്ടുകൾതോറും ഓടിനടന്നും, കൊലക്കുററം ചെയ്തവരെപ്പോലെ ഗുഹകൾതോറും ചെന്നു ഒളിച്ചും, പിച്ചക്കാരെപ്പോലെ ഭവനങ്ങൾതോറും ചെന്നു യാചിച്ചും അലഞ്ഞു നടന്നു കഷ്ടപ്പെടുന്നതു ചേട്ടൻ കാണുന്നുണ്ടോ?

സിപാർ:—കാണുന്നുണ്ട്. പക്ഷെ നിവൃത്തിയെന്തു്?

ജഹരത്:—നിവൃത്തിയെന്താന്നോ? ഒരു പുരുഷനായിരുന്നുകൊണ്ടു ചേട്ടൻ യാതൊരു സങ്കോചവും കൂടാതെ "നിവൃത്തിയെന്തു്" എന്നുചോദിക്കുന്നുവോ? ഞാൻ ഒരു പുരുഷനായിരുന്നെങ്കിൽ ഇതിനു നിവൃത്തിയെന്തെന്നു കണ്ടുപിടിക്കുമായിരുന്നു.

സിപാർ:—നീ എന്തുചെയ്യുമായിരുന്നു?

ജഹരത്:—(ഉടുപ്പിനുള്ളിൽനിന്നു ഒരു കഠാരം പുറത്തെടുത്തു കാണിച്ചിട്ട്) ഈ കഠാരം ഞാൻ ആ വഞ്ചകനായ അറം ഗസീബിൻെറ നെഞ്ചത്തു് കുത്തിയിറക്കുമായിരുന്നു.

സിപാർ:—അയ്യോ കൊലപാതകമോ?

ജഹരത്:—അതെ. കൊലപാതകംതന്നെ. ചേട്ടൻ ഞെട്ടിപ്പോയതെന്തു്? കൊലപാതകം തന്നെയാണ് ഇതിനു തക്കതായ പ്രതിവിധി. ഇതാ, ഈ കഠാരം വാങ്ങൂ; ഇതും കൊണ്ടു് ഈ നിമിഷത്തിൽതന്നെ ഡൽഹിയിലേക്കു പുറപ്പെടൂ. ചേട്ടൻ ഒരു കൊച്ചുകുട്ടിയാണ്; ചേട്ടനെ ആരും സംശയിക്കയില്ല. മടിക്കണ്ട, പോവൂ.

സിപാർ:—ഇല്ല. ഒരിക്കലും ഞാനതു ചെയ്കയില്ല. കൊലപാതകം ഞാൻ ചെയ്കയില്ല.

ജഹരത്:—ഭീരു! അമ്മ ഇതാ ചാകാൻ കിടക്കുന്നതു കണ്ടുവോ? അച്ഛൻ ഭ്രാന്തനെപ്പോലെ ഓടിനടക്കുന്നതു കാണുന്നുണ്ടോ? ഇതെല്ലാം കയ്യുംകെട്ടി നോക്കിക്കൊണ്ടിരിക്കാനാണോ ചേട്ടൻ വിചാരിക്കുന്നതു്?

സിപാർ:—പിന്നെ ഞാൻ എന്തുചെയ്യും?

ജഹരത്:—"എന്തുചെയ്യും" അല്ലേ? നാണവും ചുണയും കെട്ട ഭീരു.

സിപാർ:—ജഹരത്! ഞാൻ ഭീരുവല്ല. പോർക്കളത്തിൽ പിതാവിൻെറ പാർശ്വത്തിൽ ആനപ്പുറത്തിരുന്നു യുദ്ധം ചെയ്തവനാണ് ഞാൻ. എനിക്കു പ്രാണഭയം അശേഷമില്ല. എങ്കിലും ഞാൻ ഒരിക്കലും കൊലപാതകം ചെയ്കയില്ല.

ജഹരത്:—ശരി; എന്നാലങ്ങിനെയാകട്ടെ.

(പോകുന്നു.)

സിപാർ:—പ്രിയ സഹോദരി! നിൻെറ ഈ കോപം കേവലം നിഷ്ഫലമാണ്. ഇതിനു് ഒരു നിവൃത്തിയും ഞാൻ കാണുന്നില്ല.

(പോകുന്നു.)

## രംഗം ൯.

സ്ഥലം—നാദിരയുടെ ശയനമുറി.

സമയം—രാത്രി.

(നാദിർ കട്ടിലിന്മേൽ കിടക്കുന്നു. ഒരു വശത്തു ദാറാ യും മറെറാരുവശത്തു സിപാറും ജഹരത്തും ഇരിക്കുന്നു.)

ദാറാ:—നാദിരേ! ലോകം എന്നെ വെടിഞ്ഞു; ദൈവവും എന്നെ ഉപേക്ഷിച്ചു; നീ മാത്രം ഇത്രയും നാൾ എന്നെ ഉപേക്ഷിക്കാതെ ഇരുന്നിരുന്നു. ഇപ്പോൾ നീയും എന്നെ ഉപേക്ഷിക്കുവാനാണോ പോകുന്നതു്?

നാദിര:—പ്രാണനാഥ! അവിടന്നു് എനിക്കുവേണ്ടി അനേകം കഷ്ടതകൾ സഹിച്ചു. ഇനി—

ദാറാ:—നാദിരെ! മനോവേദനയുടെ കാഠിന്യത്താൽ മതി മറന്നു ഞാൻ നിന്നെ പലപ്പോഴും അന്യായമായി ശകാരിച്ചുപോയിട്ടുണ്ടു്.

നാദിര:—നാഥ! അവിടത്തെ ദുഃഖത്തിൽ പങ്കുകൊള്ളുവാൻ എനിക്കു സാധിച്ചതു് എന്റെ പരമഭാഗ്യമായിട്ടാണു് ഞാൻ കരുതുന്നതു്. ആ അഭിമാനത്തോടും സംതൃപ്തിയോടുംകൂടിയാണു് ഞാൻ ഇന്നു പരലോകത്തിലേക്കു യാത്രയായിരിക്കുന്നതു്. മകനേ! സിപാർ; വത്സേ! ജഹരത് ഞാൻ പോകട്ടെ.

സിപാർ:—എങ്ങോട്ടാണമ്മേ! പോകുന്നതു്?

നാദിര:—പോകുന്നതെങ്ങോട്ടാണെന്നു് എനിക്കറിഞ്ഞുകൂടാ. എങ്കിലും ഞാൻ പോകുന്ന സ്ഥലത്തു യാതൊരു തരത്തിലുമുള്ള ദുഃഖമാകട്ടെ, വിശപ്പും ദാഹവുംകൊണ്ടുള്ള വേദനയാകട്ടെ, ആധിയാകട്ടെ, വ്യാധിയാകട്ടെ, വഴക്കാകട്ടെ, വിരോധമാകട്ടെ ഒന്നുമില്ലെന്നാണു തോന്നുന്നതു്.

സിപാർ:—എന്നാൽ ഞങ്ങളും അങ്ങോട്ടുതന്നെ വരാമമ്മേ! വരൂ അച്ഛാ നമുക്കും പോകാം, ഇനി ഇങ്ങനെ കഷ്ടപ്പെടുവാൻ ശക്തിയില്ല.

നാദിര:—മകനേ! ഇനി നിങ്ങൾ കഷ്ടപ്പാട് അനുഭവിക്കേണ്ടിവരികയില്ല. ജിഹൻഖാൻെറ ആശ്രയം നിങ്ങൾക്കു ലഭിച്ചുവല്ലോ. ഇനി നിങ്ങൾക്കു യാതൊരു ആപത്തും നേരിടുകയില്ല.

സിപാർ:—ഈ ജിഹൻഖാൻ ആരാണച്ഛാ?

ദാറാ:—എൻെറ ഒരു പഴയ സ്നേഹിതൻ.

നാദിര:—അദ്ദേഹത്തെ നിൻെറ അച്ഛൻ രണ്ടു തവണ മരണത്തിൽനിന്നും രക്ഷിച്ചിട്ടുണ്ട്. അദ്ദേഹം നിങ്ങളെ ശ്രദ്ധയോടും ബഹുമാനത്തോടുംകൂടി സ്നേഹിക്കും.

സിപാർ:—പക്ഷെ ഞാൻ ഒരിക്കലും അയാളെ സ്നേഹിക്കയില്ല.

ദാറാ:—അതെന്തുകൊണ്ടാണ് സിപാർ?

സിപാർ:—അയാളുടെ മുഖത്തു നല്ല ലക്ഷണമല്ല കാണുന്നതു്. ഇപ്പോൾതന്നെ അയാൾ ഒരു ഭൃത്യനോട് എന്തോ രഹസ്യമായി പിറുപിറുക്കുന്നതും എൻെറ നേരെ ഒരു കള്ളനോട്ടം നോക്കുന്നതും ഞാൻ കണ്ടു. എൻെറമ്മേ! അതു കണ്ടു ഞാൻ വല്ലാതെ ഭയപ്പെട്ടുപോയി. ഉടനെ ഞാൻ ഓടി അച്ഛൻെറ അടുക്കൽ എത്തി.

ദാറാ:—നാദിരേ! സിപാർ പറയുന്നതു പരമാർത്ഥമാണ്. ജിഹർഖാൻെറ മുഖത്തു കാണുന്നതു കള്ളച്ചിരിയാണ്. കണ്ണുകളിൽ ക്രൂരഭാവമാണ് പ്രത്യക്ഷപ്പെടുന്നതു്; അയാളുടെ ഈ ഇഴഞ്ഞ സ്വരം കേൾക്കുമ്പോൾ അയാൾ എതോ ഒരു കത്തിക്കു മൂർച്ച കൂട്ടുകയാണെന്നു തോന്നിപ്പോകുന്നു. അയാൾ എൻെറ കാല്ക്കൽ വീണു പ്രാണരക്ഷക്കായി യാചിച്ച അവസരത്തിൽ അയാളുടെ മുഖത്തുണ്ടായിരുന്ന ഭാവം ഒന്നു വേറെ; ഇന്നത്തെ ഭാവം ഒന്നു വേറെ; ഈ മുഖഭാവവും, ഈ സ്വരവും, ഈ പെരുമാററവും എനിക്കു തീരെ അപരിചിതങ്ങളാണ്.

നാദിര:—എന്നാലും അദ്ദേഹത്തെ അവിടുന്നു രണ്ടു പ്രാവശ്യം മരണത്തിൽനിന്നും രക്ഷിച്ചതാണല്ലൊ. മനുഷ്യനല്ലെ അദ്ദേഹം; സർപ്പവും മററുമല്ലല്ലൊ.

ദാറാ:—നാദിരേ! ഇനി മനുഷ്യരെ എനിക്കു വിശ്വാസമില്ല. അവർ സർപ്പങ്ങളെക്കാളും ക്രൂരന്മാരായിട്ടാണു് കാണപ്പെടുന്നതു്. എങ്കിലും ഇടയ്ക്കിടയ്ക്കു്—എന്താ നാദിരേ വേദന കലശലായിട്ടുണ്ടോ?

നാദിര:—ഇല്ല, സാരമില്ല. അവിടുന്നു് എൻെറ അരികിൽ ഇരിക്കുന്നുണ്ടല്ലൊ. അവിടത്തെ ദൃഷ്ടികളിൽനിന്നും പൊഴിയുന്ന സ്നേഹാമൃതത്തിൽ എൻെറ സകല വേദനയും അസ്തമിച്ചുപോകുന്നു. പക്ഷേ എനിക്കിനി അധികം താമസമില്ല. ഞാൻ ഇതാ സിപാരിനെ അവിടത്തെ കയ്യിൽ ഏല്പിച്ചുകൊണ്ടു യാത്രപറയുന്നു. ഇവനെ വേണ്ടവിധം നോക്കിക്കൊള്ളണം. സുലേമാനെ ഒന്നു കാണ്മാൻ എനിക്കു സംഗതി വന്നില്ലല്ലൊ. ഹാ! ദൈവമേ!—(മരിക്കുന്നു.)

ദാറാ:—നാദിരേ! നാദിരേ!–കഴിഞ്ഞു! എല്ലാം അവസാനിച്ചു!

സിപാർ:—അമ്മേ! അമ്മേ.

ദാറാ:—വിളക്കു കെട്ടുപോയി!

(ജഹരതു് തൻെറ നെഞ്ചിനെ അമർത്തിപ്പിടിച്ചുകൊണ്ടു് മേല്പോട്ടു് നോക്കിനില്ക്കുന്നു)

(നാലു ഭടന്മാരോടുകൂടി ജിഹൻഖാൻ പ്രവേശിക്കുന്നു)

ദാറാ:—നിങ്ങൾ ആരാണു്? ഈ സന്ദർഭത്തിൽ ഇവിടെ കടന്നുവന്നു ഞങ്ങളുടെ ഈ പരിശുദ്ധസഭയെ അപവിത്രമാക്കുന്നതെന്തിനു്?

ജിഹൻഖാൻ:—പിടിച്ചുകെട്ടുവിൻ!

ദാറാ:—എന്തു്! ജിഹൻഖാൻ, നിങ്ങൾ എന്നെ ബന്ധനസ്ഥനാക്കുവാനോ പോകുന്നതു്?

സിപാർ:—(ചുമരിൽ തൂങ്ങിക്കിടന്നിരുന്ന വാൾ പെട്ടെന്നു കയ്യിലെടുത്തിട്ട്) അതിന്നു മിടുക്കുള്ളവൻ ആരെന്നു ഞാനൊന്നു കാണട്ടെ.

ദാറാ;—സിപാർ! വാൾ താഴെവെക്കൂ. അതിപവിത്രമായ ഒരു മുഹൂർത്തമാണിതു്; അത്യന്തം മഹനീയ ഒരു പുണ്യസ്ഥലമാണിതു്. ഇപ്പോഴും നാദിരയുടെ ആത്മാവു് ഈ സ്ഥലം വിട്ടു പോയിട്ടില്ല. ഭൂമിയിലെ സുഖദുഃഖങ്ങളോടു് അന്ത്യയാത്ര പറയുന്നതിന്നുമുമ്പായി നാലുഭാഗത്തേക്കും ദൃഷ്ടികളെ നയിച്ചു് ഒടുവിലത്തെ കാഴ്ചക്കായി അതു തന്റെ ചിറകുകൾ വിടർത്തിക്കൊണ്ടു് ഈ മുറിക്കുള്ളിൽ തന്നെ സഞ്ചരിക്കുന്നുണ്ടു്. അവളുടെ പവിത്രമായ ആത്മാവിനെ കൊണ്ടുപോകുന്നതിനായി സ്വർഗ്ഗത്തിൽനിന്നും ദേവദൂതികൾ ഇനിയും വന്നുചേർന്നിട്ടില്ല. അതിനെ ഉപദ്രവിക്കണ്ട—ജിഹൻഖാൻ? നിങ്ങൾ എന്നെ ബന്ധനസ്ഥനാക്കുവാനാണോ വിചാരിക്കുന്നതു്?

ജിഹൻഖാൻ:—അതെ, രാജകുമാര!

ദാറാ:—അറംഗസീബിന്റെ കല്പനപ്രകാരമാണോ?

ജിഹൻഖാൻ:—അതേ.

ദാറാ:—നാദിരേ! നിനക്കു് ഇതു കേൾക്കുവാൻ ഇടയായിട്ടില്ല നിശ്ചയം. കേട്ടിരുന്നെങ്കിൽ അവജ്ഞയാൽ നിന്റെ മൃതശരീരം കിടന്നു പിടക്കുമായിരുന്നു. നീ ദൈവത്തെ വളരെ വിശ്വസിച്ചിരുന്നവളല്ലെ?

ജിഹൻ:—ഇദ്ദേഹത്തെ ചങ്ങലകൊണ്ടു കെട്ടുവിൻ. തടസ്സം ചെയ്യുകയാണെങ്കിൽ ഖഡ്ഗം പ്രയോഗിക്കുവാൻ മടിക്കണ്ട.

ദാറാ:—ഞാൻ തടസ്സം ചെയ്യുകയില്ല. എന്നെ കെട്ടിക്കൊള്ളുവിൻ. ഇതിൽ എനിക്കൊരത്ഭുതവും തോന്നുന്നില്ല. ഇതുപോലത്തെ എന്തെങ്കിലും ഒന്നുണ്ടാകുമെന്നുതന്നെയാ

ണ് ഞാൻ പ്രത്യാഗമിച്ചുകൊണ്ടിരുന്നതു്. മററാരെങ്കിലുമാണെങ്കിൽ വേറെ തരത്തിൽ ആയിരിക്കുമായിരുന്നു. "ഇതെന്തു ക്രൂരമായ കൃതഘ്നത! ആരെ ഞാൻ രണ്ടുതവണ മൃത്യുമുഖത്തിൽനിന്നു രക്ഷിച്ചുവോ ആ ആൾ തന്റെ ഗൃഹത്തിൽ അഭയം പ്രാപിച്ച എന്നെ വഞ്ചിച്ചു് ഇങ്ങനെ ബന്ധനസ്ഥനാക്കിയതു് എന്തൊരു പൈശാചികമായ നിഷ്ഠൂരത!" എന്നൊക്കെയായിരിക്കും ഈ ഘട്ടത്തിൽ അയാളുടെ വിചാരം. എനിക്കു ആ വിചാരമില്ല. ലോകത്തിലെ സ്ഥിതി എനിക്കറിയാം. ഉൽകൃഷ്ടവിചാരങ്ങളെല്ലാം ശ്രേഷ്ടതയെ ഭയന്നു് മണ്ണിന്നടിയിൽപോയി മുഖംമറച്ചു് ശ്വാസം മുട്ടിക്കരയുകയാണു്; മേല്പോട്ടേക്കു തല ഉയൎത്തിനോക്കുവാൻപോലും അവക്കു ധൈൎയ്യമില്ല. ലോകത്തിൽ ഇപ്പോൾ സ്വാൎത്ഥസിദ്ധിയാണു് ധൎമ്മം! വഞ്ചനയാണു് നീതി; മുഖസ്തുതിയാണു് ആരാധന; തട്ടിപ്പറിയാണു് കൎത്തവ്യം. ഉൽകൃഷ്ടാശയങ്ങളെല്ലാം ഇപ്പോൾ വിലപോകാത്ത പഴയ ചരക്കുകളായിപ്പോയി. പരിഷ്കാരത്തിന്റെ വെളിച്ചത്തിൽ ധൎമ്മത്തിന്റെ അന്ധകാരം നീങ്ങിപ്പോയിരിക്കുന്നു. അഥവാ, ആ ധൎമ്മത്തിന്റെ വല്ല പൊട്ടും പൊടിയും ശേഷിച്ചിട്ടുണ്ടെങ്കിൽ അതിപ്പോൾ കൎഷകന്റെ കുടിലിലും, പറയൻ, പുലയർ മുതലായവരുടെ അപരിഷ്കാരത്തിലുമാണു് അഭയം പ്രാപിച്ചിട്ടുള്ളതു്—ജിഹൻഖാൻ എന്നെ ബന്ധനസ്ഥനാക്കിക്കോളൂ.

സിപാർ:—എന്നാൽ എന്നെക്കൂടി ബന്ധനസ്ഥനാക്കണം.

ജിഹൻഖാൻ:—കുമാര! നിന്നെയും ഞാൻ വിട്ടയക്കുകയില്ല. ചക്രവൎത്തിയുടെ അടുക്കൽനിന്നു് എനിക്കു ധാരാളം പ്രതിഫലം കിട്ടും,

ദാറാ:—അതു പിന്നെ കിട്ടാതിരിക്കുമോ? ഇത്ര വലിയ കൃത

ല്ലതഷ്ഷം പ്രതിഫലം കിട്ടാതിരിക്കുമോ? അങ്ങനെ ഒരിക്കലും വരികയില്ല—ധാരാളം പണം കിട്ടും. ഞാൻ സങ്കല്പദൃഷ്ടികൊണ്ടു നിങ്ങളുടെ ആ പ്രസന്നമുഖത്തെ കാണുന്നുണ്ട്. എന്തൊരാനന്ദം – സംഖ്യയില്ലാത്ത പണം കിട്ടും. മരിക്കുമ്പോൾ അതു കൂടെ കൊണ്ടുപോകാം.

ജിഹൻഖാൻ:—ഇനി എന്തിനു താമസിക്കുന്നു? പിടിച്ചുകെട്ടുവിൻ.

ദാറാ:—ഇതാ കെട്ടുവിൻ—വേണ്ട ഈ സ്ഥലത്തുവെച്ചു വേണ്ട. പുറത്തേക്കു പോകാം. ഈ സ്വർഗ്ഗത്തിൽവെച്ചു നരകത്തെ അഭിനയിക്കുന്നതെന്തിനു്? ഇത്ര വലിയ അന്യായം ഇവിടെ വെച്ചുപാടില്ല. അമ്മേ! ഭൂദേവി! ഭവതിക്കു ഇത്രമേൽ സഹനശക്തിയൊ! മിണ്ടാതെനിന്നു ഇതെല്ലാം സഹിക്കുന്നുവല്ലൊ—ദൈവമേ! അങ്ങു കയ്യും കെട്ടിനിന്നുകൊണ്ടു് ഇതെല്ലാം കാണുന്നുവല്ലൊ—ജിഹാൻഖാൻ! വരു പുറത്തുപോകാം.

(എല്ലാവരും പോകുവാൻ ഭാവിക്കുന്നു)

ദാറാ:—നില്ക്കണേ ജിഹാൻഖാൻ! ഒരു കാര്യം ഞാൻ അപേക്ഷിച്ചുകൊള്ളട്ടെ. എൻെറ അപേക്ഷ സാധിച്ചുതരുമോ ജിഹൻഖാൻ! ഈ ദേവിയുടെ മൃതദേഹം ദയവുചെയ്തു നിങ്ങൾ ലാഹോറിലേക്കു കൊടുത്തയക്കണം. അവിടെ ചക്രവത്തിയുടെ കുടുംബാംഗങ്ങൾക്കുള്ള ശ്മശാനഭൂമിയിൽ ഇതിനേയും അടക്കം ചെയ്യാൻ ഏപ്പാടുചെയ്യണം. ചെയ്യുമോ? രണ്ടുതവണ ഞാൻ നിങ്ങളെ മൃത്യുമുഖത്തിൽനിന്നും രക്ഷിച്ചിട്ടുള്ളതുകൊണ്ടാണ് ഈ ഒരുപകാരം ചെയ്യാൻ നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നതു്. അല്ലെങ്കിൽ ഇത്രയുംപോലും നിങ്ങളുടെ അടുക്കൽ 'ആവശ്യപ്പെടുന്നതിനു് ഞാൻ ധൈര്യപ്പെട്ടമായിരുന്നില്ല—ദയവുചെയ്തു് എൻെറ അപേക്ഷയെ സാധിക്കുമോ?

ജിഹൻഖാൻ:—യുവരാജാവേ! അവിടത്തെ കല്പനപോലെ ചെയ്യാം. ഈ കാൎയ്യം ഞാൻ ചെയ്യില്ലെങ്കിൽ എന്റെ പ്രഭുവായ അറംഗസീബ് കോപിക്കും.

ദാറാ:—നിങ്ങളുടെ പ്രഭുവായ അറംഗസീബോ—ഹും!— ഇനി എനിക്കു യാതൊരു വിഷാദവുമില്ല. നടക്കൂ. (തിരിഞ്ഞുനിന്നിട്ട്) നാദിരേ—(ഇത്രയും പറഞ്ഞു ഓടിച്ചെന്ന് പെട്ടെന്നു നാദിരയുടെ കട്ടിലിന്നരികെ മുട്ടുകുത്തിയിരുന്നിട്ട് ഇരുകൈകൾകൊണ്ടും മുഖം മറക്കുന്നു. ഉത്തരക്ഷണത്തിൽ വീണ്ടും എഴുന്നേററിട്ട്)

ജിഹൻഖാൻ—വരൂ, പോകാം.

(എല്ലാവരും പുറത്തുപോകുന്നു. സിപാർ നാദിരയുടെ മൃതശരീരത്തിന്നുനേരെ നോക്കിയിട്ട് പൊട്ടിക്കരയുന്നു)

ദാറാ:—(പരുഷസ്വരത്തിൽ) സിപാർ!

(ഭയംകൊണ്ടു സിപാരിന്റെ കരച്ചിൽ പെട്ടെന്നു നിന്നുപോകുന്നു. എല്ലാവരും നിശ്ശബ്ദം നടന്നു പുറത്തുപോകുന്നു)

## രംഗം ർ.

സ്ഥലം—യോധപുരത്തിലെ രാജപ്രാസാദം.

സമയം—സായാഹ്നം.

(ശയോവന്തസിംഹനും മഹാമായയും നില്ക്കുന്നു)

മഹാമായ:—ഭാൎയ്യാഹീനനായ ദാറായോടു കാണിച്ച കൃതഘ്നതക്കു പ്രതിഫലമായി ഗുജ്ജരദേശം കിട്ടിയതുകൊണ്ട് അവിടത്തേക്കു വളരെ സന്തോഷമായി. ഇല്ലേ?

യശോവന്തസിംഹൻ:—മഹാമായേ! അതിൽ എനിക്ക് എന്തപരാധമാണുള്ളത്?

മഹാമായ:—ഇല്ല, ഒരപരാധവുമില്ല! അവിടത്തേക്ക് ഇതു വലിയ അന്തസ്സും അഭിമാനവുംതന്നെ.

യശോവന്തസിംഹൻ:—അഭിമാനമല്ലായിരിക്കാം! പക്ഷേ

ഇതിൽ യാതൊരന്യായവും ഞാൻ കാണുന്നില്ല. ദാറായുടെ പക്ഷത്തിൽ ചേരുകയോ ചേരാതിരിക്കയോ ചെയ്യുന്നതു് എന്റെ ഇഷ്ടമാണല്ലോ, ദാറാ എന്റെ ആരാണു്?

മഹാമായ:—മററാരുമല്ല: പ്രഭുവാണെന്നേയുള്ളു.

യശോവന്തസിംഹൻ:—പ്രഭുവോ! ഒരു കാലത്തു് അങ്ങനെയായിരുന്നു. ഇന്നു് എന്റെ ആരുമല്ല.

മഹാമായ:—ശരിയാണതു്! ദാറാ ഇന്നു നിയതിചക്രത്തിന്റെ അടിയിൽപ്പെട്ടു്, ഭാഗ്യത്താൽ ബഹിഷ്കൃതനും മനുഷ്യനാൽ തിരസ്കൃതനുമായിത്തീർന്നിരിക്കയാണല്ലോ. അദ്ദേഹത്തോടു് ഇനി അങ്ങേക്കു് എന്തു സംബന്ധമാണുള്ളതു്? ഒരു കാലത്തു്—അങ്ങേക്കു ധാരാളം സമ്മാനങ്ങൾ നല്കുവാനും അങ്ങയെ ചൊല്പടിക്കു നടത്തുവാനും അദ്ദേഹത്തിനു കഴിവുണ്ടായിരുന്ന കാലത്തു്—ദാറാ അങ്ങയുടെ പ്രഭുവായിരുന്നു.

യശോവന്തസിംഹൻ:—ചൊല്പടിക്കു നടത്തുന്നതാരെയാണു്? എന്നെയോ?

മഹാമായ:—ഹാ! കഷ്ടം! മഹാരാജാവേ! "ആയിരുന്നു" എന്ന വാക്കിനു് ഒരു വിലയുമില്ലെന്നാണോ അങ്ങു കരുതുന്നതു്? ഭൂതകാലത്തെ നിശ്ശേഷം നശിപ്പിക്കുവാൻ സാധിക്കുന്നതാണോ? വർത്തമാനകാലത്തിൽനിന്നും അതിനെ തീരെ അകററി നിർത്തുവാൻ അങ്ങേക്കു കഴിയുമോ? ഒരു കാലത്തു് അങ്ങയുടെ ദയാലുവായ പ്രഭു എന്ന നിലയിൽ വർത്തിച്ചിരുന്ന അദ്ദേഹം ഇന്നു് അങ്ങേക്കു് അശേഷം വിലയില്ലാത്തവനായിത്തീർന്നു അല്ലേ? ഛേ:—

യശോവന്തസിംഹൻ:—മഹാമായേ! നിന്നോടു തർക്കിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. എനിക്കു് ഉചിതമെന്നു തോന്നുന്നതു ഞാൻ പ്രവർത്തിക്കും. നിന്റെ ഉപദേശം എനിക്കു് ആവശ്യമില്ല.

മഹാമായ:— അതങ്ങക്ക് ആവശ്യമുണ്ടാകുന്നതെങ്ങനെ? യുദ്ധത്തിൽ പരാജിതനായിട്ടോ, വിശ്വാസവഞ്ചന പ്രവർത്തിച്ചിട്ടോ കൃതഘ്നത കാണിച്ചിട്ടൊ ഏതു തരത്തിലായാലും അങ്ങു മടങ്ങിയെത്തുമ്പോഴെല്ലാം അങ്ങയെ ഭക്തിപൂർവ്വം എതിരേററു സല്ക്കരിക്കുവാൻ ഞാൻ തയ്യാറായിരുന്നാൽ മതിയല്ലൊ. ഇതുമാത്രമല്ലേ എന്നിൽനിന്നു് അങ്ങക്കു് ആവശ്യമുള്ളു! എന്താ അങ്ങനെയല്ലേ?

യശോവന്തസിംഹൻ:—മഹാമായേ! അതു് അതിർകവിഞ്ഞ ഒരു പ്രത്യാശയാണെന്നു വരുമോ?

മഹാമായ:— ഇല്ലില്ല. അതു തികച്ചും സ്വാഭാവികമാണ്:— കഷ്ടം! കഷ്ടം! ക്ഷത്രീയവീരനായ അവിടുന്നു ക്ഷത്രിയവംശത്തിനൊട്ടുക്കു് അപമാനം വരുത്തിവെക്കയല്ലേ ചെയ്തതു്! രാജപുത്രസംസ്ഥാനം മുഴുവനും ഇന്നു് അങ്ങയെ അധിക്ഷേപിക്കയാണു് ചെയ്യുന്നതു്. അതു് അവിടുന്നു് അറിയുന്നുണ്ടോ? "ഔറംഗസീബിന്റെ ശ്വശുരനായ ഷാഹനാബാജ് ദാറായുടെ പക്ഷത്തിൽ ചേന്നു സ്വന്തം ജാമാതാവിന്നു് എതിരായിനിന്നു യുദ്ധം ചെയ്തു വീരനെപ്പോലെ മൃത്യുവിനെ വരിച്ചു; യശോവന്തസിംഹനാകട്ടെ ആദ്യം ദാറാക്കു് ആശനല്കിയിട്ടു്, ഒടുവിൽ ഭീരുവിനെപ്പോലെ പിൻവലിയുകയാണ ചെയ്തതു്" എന്നുള്ള ആക്ഷേപവാക്കുകൾ നാടു മുഴുവനും നിറഞ്ഞു കഴിഞ്ഞു. ഹാ! നാഥ! ഞാനെന്തു പറയട്ടെ. അങ്ങയുടെ ഈ അപമാനം ഓക്കുന്തോറും എന്റെ സിരകളിൽക്കൂടി മിന്നൽ പായുന്നു; എന്നിട്ടും അങ്ങയെ ഈ അപമാനം സ്പർശിക്കുകപോലും ചെയ്യുന്നില്ല. അത്ഭുതം തന്നെ!

യശോവന്തസിംഹൻ:—മഹാമായേ!—

മഹാമായ:— വേണ്ട വേണ്ട. പോവൂ, അങ്ങയുടെ പുതിയ യജമാനനായ ഔറംഗസീബിന്റെ അടുക്കലേക്കു പൊയ്ക്കോളൂ.

(കോപത്തോടെ പോകുന്നു.)

യശോവന്തസിംഹൻ:— അങ്ങ്ഹാ! ഇത്രമേൽ ധിക്കാരമോ? കൊള്ളാം. എന്നാൽ ഇനി അങ്ങനെതന്നെയാകട്ടെ.

(പോകുന്നു.)

## രംഗം ൫.

സ്ഥലം—ആഗ്രായിലെ അരമനയിൽ ഷാജിഹാൻെറ മുറി.

സമയം—രാത്രി.

(ഷാജിഹാനും ജാഹനാരയും ഇരിക്കുന്നു.)

ഷാജിഹാൻ:— മകളേ! ഇനിയും എന്തൊരശുഭവൃത്താന്തമാണു നീ കൊണ്ടുവന്നിട്ടുള്ളതു്?—ഇനി സംഭവിക്കുവാൻ ബാക്കി എന്താണുള്ളതു്?—ദാറാ വീണ്ടും പരാജിതനായി ബാഖറിലേക്കു പലായനം ചെയ്തു. ഷൂജാ ആരാക്കാനിലെ കാട്ടാളരാജാവിൻെറ കോട്ടയിൽ കുഡുംബസമേതം ഭിക്ഷാന്നം ഉണ്ടുകൊണ്ടു കഴിച്ചുകൂട്ടുന്നു; മൊറാദ് ഗ്വാളിയർ ദുർഗ്ഗത്തിൽ തടവുകാരനായി കിടക്കുന്നു—ഇനി എന്തൊരശുഭവൃത്താന്തമാണ് നീ പറയുവാൻ വന്നിരിക്കുന്നതു്!

ജാഹനാര:—അച്ഛാ! എൻെറ ദൗർഭാഗ്യമെന്നല്ലാതെ ഞാനെന്തു പറയട്ടെ. നിത്യവും ഓരോ അശുഭവൃത്താന്തവും പേറിക്കൊണ്ടുവന്ന് അച്ഛനെ അസഹ്യപ്പെടുത്തുന്നതിനു ഞാൻതന്നെ വേണ്ടിവന്നല്ലൊ. പക്ഷെ എന്തു ചെയ്യാം. ആപത്തു വരുന്നതു തനിച്ചല്ലല്ലൊ.

ഷാജിഹാൻ:—പറയൂ, ഇനിയെന്താണ്, കേൾക്കട്ടെ.

ജാഹനാര:— അച്ഛാ! സഹോദരനായ ദാറാ കയ്യിൽ അകപ്പെട്ടുപോയി.

ഷാജിഹാൻ:—എന്തു്? കയ്യിലകപ്പെട്ടു എന്നോ! എങ്ങനെയാണ് അകപ്പെട്ടതു്?

ജാഹനാര:—ജിഹൽഖാൻ അവനെ പിടിച്ചുകൊണ്ടുവന്നേല്പിച്ചു.

ഷാജിഹാൻ:— ജിഹൽഖാനോ? എന്തു്! ജിഖാൻഖാനോ? ജാഹനാരേ! നീ എന്തുപറയുന്നു? ജിഹൽഖാൻ പിടിച്ചു കൊണ്ടുവന്നേല്പിച്ചു എന്നോ?

ജാഹനാര:—അതേ അച്ഛാ!

ഷാജിഹാൻ:—ലോകം അവസാനിക്കാറായോ?

ജാഹനാര:—മിന്നിഞ്ഞാന്നു ദാറായേയും അവൻെറ മകനായ സിപാരിനേയും എല്ലും തൊലിയും മാത്രം ശേഷിച്ച ഒരു ആനയുടെ പുറത്തു ഇരുത്തി ദൽഹിനഗരത്തിനു പ്രദക്ഷിണം വെപ്പിച്ചു എന്നു കേട്ടു. മുഷിഞ്ഞ ഒരു വെള്ളത്തുണിയാണത്രെ അവരെ ഉടുപ്പിച്ചിരുന്നതു്. അവരുടെ ആ ദുരവസ്ഥ കണ്ടിട്ടു് കണ്ണീർ പൊഴിക്കാത്തവർ നഗരത്തിൽ ആരുമുണ്ടായിരുന്നില്ല.

ഷാജിഹാൻ:—എന്നിട്ടും അവരിൽ ആരും ദാറായെ രക്ഷിക്കുവാൻ ഒരുമ്പെട്ടില്ലേ? വെറും മുയലുകളെപ്പോലെ കഴുത്തും നീട്ടിപ്പിടിച്ചു നോക്കിക്കൊണ്ടുനില്ക്കുക മാത്രമേ ചെയ്തുള്ളു. അവർ കരിങ്കൽ തൂണുകളായിരുന്നുവോ?

ജാഹനാര:—അല്ലച്ഛാ! കരിങ്കല്ലിനും ചൂടുപിടിക്കും. അവർ വെറും ചെളിക്കട്ടകളായിരുന്നു. അറംഗസീബിൻെറ കൂലിക്കു വാങ്ങിയ തോക്കുകൾ കണ്ടിട്ടു് അവരെല്ലാം അമ്പരന്നുപോയി; മന്ത്രവാദിയുടെ മായാവിദ്യയാൽ മനസ്സുകെട്ടവരെപ്പോലെ മതിമറന്നു നിന്നുപോയി. ഒരുത്തനും തലപൊക്കി നോക്കുവാൻ ധൈയ്യപ്പെട്ടില്ല. അവർ കരയുകമാത്രം ചെയ്തു. പക്ഷേ അതും, അറംഗസീബു കണ്ടുപോയെങ്കിലോ എന്നു ഭയപ്പെട്ടു മുഖം മറിച്ചിട്ടായിരുന്നു.

ഷാജിഹാൻ:—എന്നിട്ടോ?

ജാഹനാര:—എന്നിട്ടു് അറംഗസീബു ദാറായെ ഖിജിറാബാദിലുള്ള ഒരു വൃത്തികെട്ട ഗൃഹത്തിൽ തടവുകാരനായി പാപ്പിച്ചിരിക്കുന്നു.

ഷാജിഹാൻ:— സിപാരിനേയും ജഹരത്തിനേയും എന്തു ചെയ്തു?

ജാഹനാര:—സിപാർ തൻെറ പിതാവിനെ വിട്ടുപിരിയാതെ കൂടെത്തന്നെ താമസിക്കയാണ്. ജഹരത്ത് ഇപ്പോഴം ഔറംഗസീബിൻെറ അന്തഃപുരത്തിലുമാണ്.

ഷാജിഹാൻ:—ഔറംഗസീബ് ഇനി ദാറായെ എന്തു ചെയ്വാനാണ പോകുന്നതെന്നറിയാമോ?

ജാഹനാര:— എന്തു ചെയ്വാനാണ് പോകുന്നതെന്ന് അറിഞ്ഞുകൂടാ: പക്ഷേ—പക്ഷേ.

ഷാജിഹാൻ:—എന്താ ജാഹനാരേ! നീ ഞെട്ടുന്നതെന്താണ്?

ജാഹനാര:— അങ്ങനെ ചെയ്തു കളഞ്ഞെങ്കിലോ, അച്ഛാ?

ഷാജിഹാൻ:—എന്ത്! എന്തു ചെയ്താലെന്താണ നീ പറയുന്നതു്? ജാഹനാരേ! നീ മുഖം മറയ്ക്കുന്നതെന്തു്—ഓ, അതോ—അങ്ങനെ വരുമോ? അനുജൻ ജ്യേഷ്ഠനെ കൊലചെയ്യുമോ?

ജാഹനാര:—അരുതു്; നിശ്ശബ്ദം. അതാരുടെ കാലൊച്ചയാണ കേട്ടതു്? കേട്ടുപോയല്ലോ. അയ്യോ! അച്ഛാ! അച്ഛനെന്താണ് ഈ ചെയ്തതു്?

ഷാജിഹാൻ:—ഞാനെന്തു ചേയ്തു?

ജാഹനാര:— ആ കാര്യം തുറന്നു പറഞ്ഞുവല്ലോ; ഇനി രക്ഷയില്ല.

ഷാജിഹാൻ:—അതെങ്ങനെ?

ജാഹനാര;—ഔറംഗസീബു് ഒരുപക്ഷേ ദാറായെ കൊലചെയ്യാതെ ഇരിക്കുമായിരുന്നു. ഇത്ര വലിയൊരു പാതകം ചെയ്വാനുള്ള വിചാരം അവൻെറ മനസ്സിലും ഉദിക്കുമായിരുന്നില്ല. പക്ഷേ അവിടുന്ന് ആ കാര്യം അവനെ ഓർപ്പിച്ചുവല്ലോ. എന്താണീ ചെയ്തതു്? കാര്യം കെട്ടുപോയല്ലോ. വലിയൊരാപത്തു വരുത്തിവെച്ചുവല്ലോ.

ഷാജിഹാൻ:—അറംഗസീബ്ബ് ഇവിടെ ഇല്ലല്ലൊ. പിന്നെ ആരു കേൾക്കുന്നു?

ജാഹനാര:—അവനിവിടെ ഇല്ലെങ്കിലെന്തു്? ഈ ചുമരില്ലേ, ഈ വിളക്കില്ലേ, ഈ കാററില്ലേ? ഇന്നു സവ്വവും അവൻെറ ചൊല്പടിക്കു കീഴിലാണു്. ഇതു് അവിടത്തെ കൊട്ടാരമെന്നാണോ അച്ഛൻ കരുതുന്നതു്? അല്ല, ഇതു് അറംഗസീബിൻെറ ശിലാഹൃദയമാണു്; ഈ മിന്നുന്നതു വിളക്കല്ല, അവൻെറ കണ്ണിലെ ഘാതകദൃഷ്ടിയാണു്. ഈ വീശുന്നതു കാററല്ല, അവൻെറ വിഷമയമായ നിശ്വാസമാണു്. ഈ കൊട്ടാരത്തിലും ഈ നഗരത്തിലും, എന്നല്ല, ഈ സാമ്രാജ്യത്തിലാസകലവും തിരഞ്ഞുനോക്കിയാലും എനിക്കും അച്ഛനും ബന്ധുവായി ഒരുത്തനെയെങ്കിലും കാണുമെന്നു് അച്ഛൻ വിചാരിക്കുന്നുണ്ടോ? ഇല്ല, ഒരുത്തനേയും കാണുകയില്ല. എല്ലാവരും അവൻെറ ഭാഗത്തു ചേന്നിരിക്കയാണു്. സകലരും മുഖസ്തുതിക്കാർ! മുന്തിയവരക്കുന്ന മുത്താച്ചിക്കള്ളന്മാർ. ആരുടെ നിഴലാണിതു്!

ഷാജിഹാൻ—എവിടെ?

ജാഹനാര::—ഇല്ല, ഒന്നുമില്ല. അച്ഛൻ അങ്ങോട്ടെന്താണു് സൂക്ഷിച്ചുനോക്കുന്നതു്?

ഷാജിഹാൻ:— ഞാൻ ചാടട്ടെയോ?

ജാഹനാര:—അച്ഛാ! അതെന്തിനാണു്?

ഷാജിഹാൻ:—നോക്കട്ടെ ദാറായെ രക്ഷിക്കുവാൻ സാധിക്കുമോ എന്നു നോക്കട്ടെ. അവനെ അവർ കൊല്ലുവാനാണു പോകുന്നതു്. ഞാൻ ഇവിടെ വെറും ഒരു പെണ്ണിനെപ്പോലെയും ഒരു കുട്ടിയെപ്പോലെയും ഒന്നിനും കഴിവില്ലാതെ കിടന്നു വ്യസനിക്കുന്നു. എൻെറ കൺമുമ്പിൽത്തന്നെ ഇതെല്ലാം കാണുന്നുണ്ടെങ്കിലും ഞാൻ ഉറങ്ങിയും കഴിച്ചുകൂട്ടുകയല്ലാതെ ഒന്നും പ്രവത്തിക്കുന്നില്ല. ഞാൻ താഴെ ചാടട്ടെ.

ജാഹനാര:— അച്ഛാ! ഇതെന്തവിവേകമാണ്! ഇവിടെനി ന്നും താഴെ ചാടിയാൽ മരണം നിശ്ചയമാണെല്ലൊ.

ഷാജിഹാൻ:—ആയിക്കൊള്ളട്ടെ. എന്നാലും ദാറായെ രക്ഷി ക്കുവാൻ സാധിക്കുമോ എന്നു നോക്കാമല്ലൊ. ഒരുപക്ഷെ സാധിച്ചു എന്നു വരാം.

ജാഹനാര:—അവിടത്തെ ബുദ്ധിക്കെന്തുപററി? മരിച്ചാൽ പിന്നെ ദാറായെ രക്ഷിക്കുന്നതെങ്ങിനെയാണ്?

ഷാജിഹാൻ:— ഓഹോ! ശരിതന്നെ! ശരിതന്നെ! ഞാൻ മരിച്ചുപോയാൽ പിന്നെ ദാറായെ രക്ഷിക്കുന്നതെങ്ങനെ യാണ്? നീ പറഞ്ഞതു ശരിതന്നെ. എന്നാൽ—എ ന്നാൽ—ആട്ടെ, അറംഗസീബിനെ ഒന്നിങ്ങോട്ടു കൂട്ടിക്കൊ ണ്ടുവരുവാൻ നിനക്കു സാധിക്കയില്ലെ, ജാഹനാരെ?

ജാഹനാര:—ഇല്ലച്ഛാ! അവൻ ഇവിടെ വരികയില്ല. വന്നി രുന്നെങ്കിൽ ഞാൻ ഒരു സ്ത്രീയാണെങ്കിലും അവനോട് നേരിട്ടുനിന്ന് ഒരു കൈ നോക്കുമായിരുന്നു. അന്ന് അ വനോടു ഞാൻ നാക്കുകൊണ്ടു പൊരുതിനോക്കി; പക്ഷെ ഫലമൊന്നുമുണ്ടായില്ല. അക്കാരണംകൊണ്ട് അന്നുമുതൽ എനിക്കും ഇവിടംവിട്ടു പുറത്തുപോകുവാൻ അനുവാദമി ല്ലാതായി. അല്ലെന്നുവരികിൽ ഞാൻ ഒരു കൈ നോക്കു മായിരുന്നു.

ഷാജിഹാൻ:—ഞാൻ ചാടും. ചാടട്ടെയോ ഞാൻ?

(ചാടുവാൻ ഭാവിക്കുന്നു.)

ജാഹനാര:—അച്ഛാ! ഭ്രാന്തു കാണിക്കരുതേ!

ഷാജിഹാൻ:—പരമാത്ഥംതന്നെ. ഞാൻ ഭ്രാന്തന്റെ ഗോ ഷ്ടികളാണല്ലൊ ഈ കാണിച്ചതെല്ലാം—ഇല്ലില്ല—ഞാൻ ഭ്രാന്തനായിത്തീരുകയില്ല—ദൈവമേ! ദയാനിധേ! ജരാക്രാ ന്തനും ജീൎണ്ണദേഹനും ബലഹീനനും കേവലം അസഹായ നുമായ ഈ ഷാജിഹാനെ ഒന്നു നോക്കണേ! എന്റെ ഈ ദുരവസ്ഥകണ്ടിട്ട് അങ്ങേക്കു ദയതോന്നുന്നില്ലേ? അങ്ങു ദയാനി

ധിയാണല്ലൊ. ഒരു കാലത്തു പിതാവിനെ കണ്ടാൽ കിടുകിടവിറച്ചിരുന്ന പുത്രൻ ഇന്നിതാ ആ പിതാവിനെ ബന്ധനത്തിലിട്ടിരിക്കുന്നു! ക്രൂരമായ ഈ അന്യായം—അതിർകടന്ന ഈ അക്രമം—പ്രകൃതിവിരുദ്ധമായ ഈ പ്രവൃത്തി അവിടത്തെ നിയമത്തിനു യോജിച്ചതോ? അങ്ങേയ്ക്കു സഹിക്കാവുന്നതോ? ദൈവമേ! ഇതിനുമാത്രം കഠോരമായ പാപം ഞാൻ എന്താണു ചെയ്തിട്ടുള്ളതു്?—എന്നെ എന്റെ സ്വന്തം മകൻതന്നെ—അയ്യോ!

ജാഹനാര:—ഈ അവസരത്തിൽ അവനെ ഒന്നു നേരിട്ടു കാണ്മാൻ എനിക്കു സാധിച്ചെങ്കിൽ അവനെ ഞാൻ— (പല്ലു കടിക്കുന്നു.)

ഷാജിഹാൻ:—അല്ലയോ മമ താജ്! നീ ഭാഗ്യവതിതന്നെ. ഈ മർമ്മഭേദകമായ കാഴ്ചകാണ്മാൻ നിനക്കു് ഇടവന്നില്ലല്ലോ. നീ വളരെ പുണ്യം ചെയ്തവൾതന്നെ; അതുകൊണ്ടാണു് നീ ആദ്യം മരിച്ചതു്.—ജാഹനാരേ!

ജാഹനാര:—എന്താണച്ഛാ?

ഷാജിഹാൻ:—ഞാൻ നിന്നെ അനുഗ്രഹിക്കുന്നു.

ജാഹനാര:—എന്തന്നാണച്ഛാ?

ഷാജിഹാൻ:—"നിനക്കു പുത്രന്മാർ ഉണ്ടാകാതെ പോകട്ടെ. ശത്രുവിനുംകൂടി പുത്രനുണ്ടാകാതിരിക്കട്ടെ." (പോകുന്നു.)

(മറുവശത്തുകൂടി ജാഹനാരയും പോകുന്നു.)

## രംഗം ൩.

സ്ഥലം— ഡൽഹിയിൽ അറംഗസീബിന്റെ അരമന.

സമയം—സായാഹ്നം.

അറംഗസീബ്് ഒരു കടലാസ്സും കയ്യിൽ പിടിച്ചു കൊണ്ടുലാത്തുന്നു.

അറംഗസീബ്:—ദാറായുടെ മരണശിക്ഷക്കുള്ള കല്പനയാണിതു്. ഇതു കാസി നടത്തിയ വിചാരണയുടെ ഫലമാണു്:

എനിക്കു് ഇതിൽ എന്താണപരാധം?—പക്ഷെ ഞാൻ— വേണ്ട, എന്തിനു്—രേരിയായ വിചാരണചെയ്തു പ്രസ്താവിച്ച വിധിയാണല്ലൊ ഇതു്. ന്യായാധിപൻെറ തീരുമാനത്തെ ഞാൻ എന്തിനു കളങ്കപ്പെടുത്തുന്നു?—ഇതു ന്യായാധിപൻെറ വിധിയാണു്.

(ദിൽദാർ പ്രവേശിക്കുന്നു.)

ദിൽദാർ:—ഇതു കൊലപാതകമാണു്.

അറംഗസീബ്:—(ഞെട്ടിയിട്ടു്) ആരതു്? ദിൽദാരോ? നിങ്ങൾ ഈ സമയത്തു് ഇവിടെ എങ്ങിനെയെത്തി?

ദിൽദാർ:—വേണ്ടസമയത്തു വേണ്ടദിക്കിലെല്ലാം ഞാൻ എത്തിക്കൊള്ളും തിരുമേനി! ഒന്നോർത്തുനോക്കണം! ഞാൻ ഇപ്പോൾ ഇവിടെ ഇല്ലായിരുന്നെങ്കിൽ ഈ കൊലപാതകം—

അറംഗസീബ്:—(ഇടറിയ സ്വരത്തിൽ) കൊലപതാകമോ? അല്ല ദിൽദാർ; ഇതു കാസി ശരിയായ വിചാരണ നടത്തി പ്രസ്താവിച്ചു വിധിയാണു്.

ദിൽദാർ:—തിരുമേനി! ഞാൻ തുറന്നു പറയട്ടയോ?

അറംഗസീബ്:—പറയൂ.

ദിൽദാർ:—അല്ലയോ തിരുമേനി! അവിടന്നു പെട്ടെന്നു ഞെട്ടിപ്പോയതെന്താണു്?—അവിടത്തെ സ്വരം ശുഷ്കമായ വായുവിൻെറ നിശ്വാസംപോലെ നിർജ്ജീവമായി പുറപ്പെട്ടതെന്തുകൊണ്ടാണു്? സത്യം പറയൂ, തിരുമേനി! എന്തുകൊണ്ടാണതു്?

അറംഗസീബ്:—ദിൽദാർ!—

ദിൽദാർ:—പരമാർത്ഥം ഞാൻ പറയാം. അവിടന്നു ദാറായെ വധിക്കണമെന്നു വിചാരിക്കുന്നുണ്ടു്.

അറംഗസീബ്:—ഞാനോ?

ദിൽദാർ:—അതെ, അവിടന്നുതന്നെ.

അറംഗസീബ്:—പക്ഷെ, ഇതു, കാസി ന്യായമായി വിചാരണചെയ്തു പ്രസ്താവിച്ച വിധിയാണല്ലോ.

ദിൽദാർ:—ന്യായമായി വിചാരണ ചെയ്തിട്ടോ തിരുമേനി? ആ കാസികൾ ദാറായുടെ മരണശിക്ഷക്കുള്ള വിധി പ്രസ്താവിച്ചപ്പോൾ അവരുടെ നോട്ടം ദൈവത്തിന്റെ മുഖത്തേക്കല്ലായിരുന്നു. അവർ അപ്പോൾ തിരുമേനിയുടെ പ്രസന്നമായ സ്മേരമുഖത്തെ കല്പനാദൃഷ്ടികൊണ്ടു കാണുകയും, അതോടുകൂടി തങ്ങളുടെ ഭാര്യമാക്കായി പണിയിക്കേണ്ട പുതിയ ആഭരണങ്ങളുടെ പട്ടിക മനസ്സുകൊണ്ടു കുറിക്കുകയുമാണു ചെയ്തിരുന്നതു്. ന്യായമെന്തോ പറയുന്നതു്? തലയ്ക്കുമീതെ പ്രഭുവിന്റെ ആ രക്തനേത്രങ്ങൾ ക്രൂരദൃഷ്ടികളെ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സ്ഥലത്തുണ്ടോ ന്യായം നില്ക്കുവാൻ പോകുന്നു. ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടു എന്നു തിരുമേനി വിചാരിക്കുന്നു. എന്നാൽ ആ ധാരണ കേവലം അബദ്ധമാണ്. പരമാത്ഥമെല്ലാം ലോകം പണ്ടേ ഗ്രഹിച്ചുകഴിഞ്ഞു; പേടിച്ചു പുറത്തു പറയുന്നില്ലെന്നേയുള്ളു. ബലാല്ക്കാരം പ്രയോഗിച്ചു മനുഷ്യരുടെ വായ മൂടിക്കെട്ടുവാൻ അങ്ങയ്ക്കു സാധിക്കുമായിരിക്കാം; കഴുത്തിൽ പിടിച്ചു ഞെക്കി ശ്വാസംമുട്ടിച്ചു അവരെ കൊല്ലുവാനും കഴിയുമായിരിക്കാം;—എന്നാൽ കറുപ്പിനെ വെളിപ്പിക്കുവാൻ അവിടത്തേക്കു് ഒരിക്കലും സാധിക്കയില്ല. തന്റെ അധികാരത്തെ നിഷ്കണ്ടകമാക്കുവാൻവേണ്ടി—സിംഹാസനത്തെ ആപൽശൂന്യമാക്കുവാൻ വേണ്ടി—ന്യായവിചാരണയെന്നുള്ള വ്യാജേന അവിടന്നു ദാറായെ വധിച്ചതാണെന്നു ലോകർ അറിയും; ഭാവി അറിയും.

അറംഗസീബ്:—പരമാത്ഥമാണല്ലെ? അതു്! ദിൽദാർ! വാസ്തവമാണു നിങ്ങൾ പറയുന്നതു്. നിങ്ങൾ ഇന്നു ദാറായെ

രക്ഷിച്ചു. നിങ്ങഠം എന്റെ നഷ്ടപ്പെട്ടുപോയ പുത്രനെ—മഹമ്മദിനെ—എനിക്കു തിരികെ കൊണ്ടുവന്നുതന്നു. ഇ ഇന്നിതാ സഹോദരനായ ദാറായേയും നിങ്ങഠം രക്ഷിച്ചു. ഉടനെപോയി ശായേസ്താഖാനെ ഇങ്ങോട്ടു പറഞ്ഞയക്കു.

(ദിൽദാർ പോകുന്നു.)

അറംഗസീബ്:—ദാറാ ജീവിച്ചുകൊള്ളട്ടെ. വേണ്ടിവന്നാൽ അയാഠംക്കുവേണ്ടി സിംഹാസനത്തെപ്പോലും ഞാൻ ഉപേക്ഷിച്ചുകൊള്ളാം. ഇതെത്ര ഘോരമായ മഹാപാപം; പോട്ടെ, ഈ മരണശിക്ഷാവിധി പിച്ചിക്കീറിക്കളയാം. (കീറിക്കളയുവാൻ ഭാവിക്കുന്നു.) അല്ലെങ്കിൽ വരട്ടെ, ഇപ്പോഠം വേണ്ട. ശായേസ്താഖാന്റെ മുമ്പിൽവെച്ച് ഇതിനെ പിച്ചിക്കീറിക്കളഞ്ഞിട്ട് എന്റെ മഹാമനസ്കതയെ ഞാൻ പ്രത്യക്ഷപ്പെടുത്തും. ഇതാവരുന്നു ശായേസ്താഖാൻ.

(ശായേസ്താഖാനും ജിഹൽഖാനും പ്രവേശിച്ച് അഭിവാദനം ചെയ്യുന്നു.)

അറംഗസീബ്:—സേനാപതേ! വിചാരണ ചെയ്തതിൽ ദാറായ്ക്കു മരണശിക്ഷയാണു വിധിക്കപ്പെട്ടിരിക്കുന്നതു്.

ജിഹൽഖാൻ:—അതിനുള്ള കല്പനയായിരിക്കാം ഇതു്, അല്ലേ? പ്രഭോ! എന്റെ കയ്യിൽ തന്നാലും, ഞാൻതന്നെ പോയി കല്പനനടത്തി വന്നേക്കാം. ആ കാഫറിന്റെ മരണശിക്ഷക്കുള്ള കല്പന എന്റെ സ്വന്തം കൈകൊണ്ടുതന്നെ കൊണ്ടുപോയിക്കൊടുക്കുവാൻ എനിക്കു കലശലായ കൊതിയുണ്ടു്. എന്റെ കയ്യിൽ തരണം.

അറംഗസീബ്:—പക്ഷേ ഞാൻ അദ്ദേഹത്തിനു മാപ്പു കൊടുത്തിരിക്കുന്നു.

ശായേസ്താഖാൻ:—അതെന്തോ തിരുമേനി? ഇപ്രകാരമുള്ള ശത്രുവിനു മാപ്പുകൊടുക്കുകയോ? അവിടത്തെ ബദ്ധവൈരിയല്ലേ അദ്ദേഹം?

അറംഗസീബ്:—അതേ; അതുകൊണ്ടുതന്നെ അദ്ദേഹത്തിനു മാപ്പു കൊടുക്കുന്നതു വലിയൊരഭിമാനമായിട്ടാണു ഞാൻ കരുതുന്നതു്.

ശായേസ്താഖാൻ:—തിരുമേനി! ഈ അഭിമാനം സമ്പാദിക്കുവാൻ പോയാൽ സിംഹാസനം കളയേണ്ടിവരും.

അറംഗസീബ്:—ഏതൊരു ബാഹുബലംകൊണ്ടുഞാൻ അതിനെ കൈവശപ്പെടുത്തിയോ ആ ബാഹുബലം കൊണ്ടുതന്നെ അതിനെ രക്ഷിക്കുവാനും എനിക്കറിയാം.

ശായേസ്താഖാൻ:—തിരുമേനി! ജീവിതകാലം മുഴുവനും ഒഴിഞ്ഞുപോകാത്ത ഒരു മഹാ വിപത്തിൻെറ ഭാരം ചുമലിൽ വഹിച്ചുകൊണ്ടുവേണ്ടിവരും രാജ്യഭാരം ചെയ്യാൻ. പ്രജകളും സൈന്യങ്ങളുമെല്ലാം ദാറയ്ക്കു അനുകൂലികളാണെന്നു് അറിയാമല്ലൊ. അന്നു ദാറയ്ക്കുവേണ്ടി അവർ കൊച്ചു കുട്ടികളെപ്പോലെ കരഞ്ഞു; തിരുമേനിയെ അവർ ശപിക്കയാണു ചെയ്തതു്. അവക്കു വല്ല തരവും കിട്ടുന്നപക്ഷം—

അറംഗസീബ്:—എങ്ങിനെ കിട്ടും?

ശായേസ്താഖാൻ:—രാവും പകലും ഇടവിടാതെ ദാറയെ സൂക്ഷിച്ചുകൊണ്ടിരിപ്പാൻ തിരുമേനിയെകൊണ്ടു സാധിക്കയില്ല. തിരുമേനി വല്ല ദൂരസ്ഥലത്തേക്കും എഴുന്നള്ളുമ്പോൾ, തക്കംനോക്കി, സൈന്യങ്ങൾ ദാറയെ മോചിപ്പിക്കുകയാണെങ്കിൽ പിന്നത്തെകഥ—മനസ്സിലായോ?

അറംഗസീബ്—മനസ്സിലായി.

ശായേസ്താഖാൻ:—അതിനും പുറമെ വൃദ്ധനായ ഷാജിഹാൻചക്രവത്തിയും ദാറയുടെ പക്ഷത്തിലാണു്. അദ്ദേഹത്തെ സൈന്യങ്ങൾ ഗുരുവിനെപ്പോലെ ബഹുമാനിക്കുകയും പിതാവിനെപ്പോലെ സ്നേഹിക്കുകയും ചെയ്യുന്നുണ്ടു്.

അറംഗസീബ്:—ഹും! (ചുററി നടക്കുന്നു.) അങ്ങനെ വരികയാണെങ്കിൽ ഈ സിംഹാസനം വിട്ടുകൊടുത്തുകളയാം.

ശായേസ്താഖാൻ:—എന്നാൽ പിന്നെ ഇത്രയെല്ലാം ബുദ്ധിമുട്ടി അതിനെ കൈവശപ്പെടുത്തിയതിൻെറ ഉദ്ദേശമെന്തു്? പിതാവിനെ സിംഹാസനഭ്രഷ്ടനാക്കി; ജ്യേഷ്ഠനെ ബന്ധനസ്ഥനാക്കി.—തിരുമേനി! കുറെ അധികം മുന്നോട്ടു നീങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇനി പിന്തിരിയുന്നതു പോരായ്മയാണു്.

ഔറംഗസീബ്:—പക്ഷെ—

ജിഹൽഖാൻ:—പ്രഭോ! ദാറാ ദൈവവിശ്വാസമില്ലാത്ത കാഫറാണ്. ആ ദൈവദ്രോഹിക്കു മാപ്പുകൊടുക്കുവാനോ അവിടെനിന്നു വിചാരിക്കുന്നതു്? ഇസ്ലാംമതത്തിൻെറ രക്ഷക്കുവേണ്ടിയാണല്ലൊ അവിടുന്നു് ഇന്നു് ഈ സിംഹാസനത്തിൽ കയറി ഇരിക്കുന്നതു്. അതു മറക്കാമോ? മതത്തിൻെറ മഹിമയെ പരിപാലിക്കേണ്ടതല്ലെ?

ഔറംഗസീബ്:—ജിഹൽഖാൻ! നിങ്ങൾ പറഞ്ഞതു് ശരിയാണ്. എൻെറ നേരെ പ്രവർത്തിക്കുന്ന ഏതന്യായവും എന്തക്രമണവും സഹിക്കുവാൻ ഞാൻ സന്നദ്ധനാണ്. എന്നാൽ ഇസ്‌ലാം മതത്തെ അപമാനിക്കുന്നതു ഞാനൊരിക്കലും സഹിക്കയില്ല. ഞാൻ ശപഥം ചെയ്തുപോയി—ശരി, മരണംതന്നെയാണ് ദാറാക്കു തക്കതായ ശിക്ഷ. ജിഹൽ ആലിഖാൻ! ഇതാ, കല്പനവാങ്ങു—നില്ക്കു, ഞാൻ ഒപ്പിടട്ടെ. (ഒപ്പിടുന്നു.)

ജിഹൽഖാൻ:—തരണം തിരുമേനി! ഇന്നു രാത്രിതന്നെ ദാറയുടെ തല തിരുമേനിയുടെ മുമ്പിൽ ഹാജരാക്കികൊള്ളാം. പുറമെ എൻെറ കുതിര തയ്യാറായി നില്ക്കുണ്ടു്.

ഔറംഗസീബ്:—ഇന്നുതന്നെയോ!

ശായേസ്താഖാൻ:—(മരണശിക്ഷയ്ക്കുള്ള കല്പന ഔറംഗസീബിൻെറ കയ്യിൽനിന്നു വാങ്ങിയിട്ടു്) ആപത്തു എത്ര നേരത്തെ

ഒഴിയുന്നുവോ അത്രയും നല്ലതാണല്ലോ. (കല്പന ജിഹൽ ഖാന്റെ കയ്യിൽ കൊടുക്കുന്നു.)

ജിഹൽഖാൻ:—തിരുമേനി! എന്നാൽ അടിയൻ വിടകൊള്ളട്ടെ.

(പോകുവാൻ ഭാവിക്കുന്നു.)

അറംഗസീബ്:— നില്ക്കൂ; ഞാനൊന്നുകൂടി നോക്കട്ടെ.
(കല്പന വാങ്ങി വായിച്ചുനോക്കി തിരികെ കൊടുക്കുന്നു.)
ആട്ടെ, പൊയ്ക്കോളു.

(ജിഹൽഖാൻ പോകുവാൻ ഭാവിക്കുന്നു. അറംഗസീബ് വീണ്ടും അയാളെ വിളിക്കുന്നു.)

അറംഗസീബ്:— വരട്ടെ, നില്ക്കൂ; ഒന്നുകൂടി നോക്കട്ടെ. (കല്പന വീണ്ടും വാങ്ങിവായിച്ചു മടക്കിക്കൊടുക്കുന്നു.) ആട്ടെ, ഇനി പോകാം.

(ജിഹൽഖാൻ പോകുന്നു.)

(അറംഗസീബ് വീണ്ടും ജിഹൽഖാന്റെ പുറകെ ചെല്ലുകയും ഉടനെതന്നെ മടങ്ങുകയും ചെയ്തതിനുശേഷം കുറെനേരം ചിന്താമഗ്നനായി നില്ക്കുന്നു.)

അറംഗസീബ്:— വേണ്ട, അതുവേണ്ട; ആവശ്യമില്ല— ജിഹൽ ആലി! ജിഹൽ! അല്ലാ; പോയ്ക്കഴിഞ്ഞുവോ?— ശായേസ്താഖാൻ!

ശായേസ്താഖാൻ:—പ്രഭോ!

അറംഗസീബ്:—ഞാൻ എന്താണു ചെയ്തത്?

ശായേസ്താഖാൻ:—തിരുമേനി ബുദ്ധിപൂർവ്വമായ പ്രവൃത്തിതന്നെയാണ് ചെയ്തത്,

അറംഗസീബ്:—എന്നാൽ പോകട്ടെ.

(സാവധാനത്തിൽ നടന്നു പോകുന്നു.)

ശായേസ്താഖാൻ:—അറംഗസീബ്! ഇത്രയെങ്കിലും വിവേകം അങ്ങേയ്ക്കുണ്ടോ?

(പോകുന്നു.)

## രംഗം ൧.

സ്ഥലം--ബിജിരാബാദിലെ ജീർണ്ണഗൃഹം.

സമയം--രാത്രി

(സിപാർ ഒരു കട്ടിലിന്മേൽ കിടന്നുറങ്ങുന്നു. ഓറാ ഏകാകിയായി ഉറങ്ങാതെ അടുത്തിരുന്ന് അവൻെറ മുഖത്തേക്കു സൂക്ഷിച്ചു നോക്കുന്നു.)

ഓറാ:--ഉറങ്ങി, സിപാർ ഉറങ്ങിപ്പോയി. ഉറക്കമേ! സർവ്വദുഃഖങ്ങൾക്കും ശാന്തിയെ നൽകുന്ന അല്ലയോ ഉറക്കമേ; എൻെറ സിപാരിൻെറ സകല സന്താപങ്ങളേയും വിസ്മരിപ്പിച്ച് അവനു നീ സമാധാനം അരുളണമേ! സാധു പ്രവാസത്തിൽ എൻെറകൂടെ നടന്ന മഞ്ഞും വെയിലും ഏററ് വളരെ കഷ്ടപ്പെട്ടു--അവനെ നീ തന്നെ വേണം ആശ്വസിപ്പിക്കുവാൻ. എനിക്ക് അതിനൊന്നും ശക്തിയില്ല. അന്നവസ്ത്രങ്ങൾ കൊടുത്തു സന്താനത്തെ സംരക്ഷിക്കേണ്ടതു പിതാവിൻെറ കൃത്യമാണ്. പക്ഷെ എനിക്കതിനു ത്രാണിയില്ല:--വത്സ: നീ വിശന്നു പൊരിയുമ്പോൾ നിനക്ക് ആഹാരം നൽകുവാനോ, ദാഹിച്ചു വലയുമ്പോൾ നിനക്കുവെള്ളം തരുവാനൊ കുളിരുകൊണ്ടു കഷ്ടപ്പെടുമ്പോൾ പുതക്കുന്നതിന് ഒരു കഷണം തുണിയെങ്കിലും നിനക്കു തരുന്നതിനോ എനിക്കു സാധിച്ചിട്ടില്ല. ഞാൻതന്നെ പട്ടിണികിടന്നാണ് കഴിച്ചുകൂട്ടിയതു്. സുഖമായി ഒന്നുറങ്ങുവാൻകൂടി എനിക്കു തരം കിട്ടിയില്ല, എന്നാലും ആവക ദുഃഖമൊന്നും എന്നെ അത്ര വളരെ പീഡിപ്പിച്ചിട്ടില്ല. നിൻെറ ഈ ദുരവസ്ഥയും ധൈര്യവും കഷ്ടപ്പാടും കാണുമ്പോൾ എൻെറ ഹൃദയം ഉരുകിപ്പോകുന്നു. പ്രിയപ്പെട്ട മകനേ! എൻെറ ജീവിതസർവ്വസ്വമേ! നിൻെറ ഈ കോമളമുഖം എൻെറ ദൃഷ്ടിയിൽ പെടുമ്പോൾ ഈ ലോകത്തിൽ ഞാനും നീയുമല്ലാതെ മററാരുമില്ലെന്നു്

എനിക്കു തോന്നിപ്പോകുന്നു. ഭയങ്കരമായ ആപത്തിലാണു ഞാൻ ഇന്നു് അകപ്പെട്ടിരിക്കുന്നതു്; കാരാഗൃഹത്തിൽ ഞാൻ ബന്ധനസ്ഥനായിക്കിടക്കുകയാണു്! എന്നാലും നിന്റെ മുഖംകാണുമ്പോൾ സർവ്വദുഃഖവും ഞാൻ വിസ്മരിച്ചുപോകുന്നു.

(ദിൽദാർ പ്രവേശിക്കുന്നു.)

ദാറാ:—ആരതു്!—നിങ്ങളാരാണു്?

ദിൽദാർ:—ഞാൻ—ഹാ!—ഇതെന്തൊരു കാഴ്ച?

ദാറാ:—ആരാണു് നിങ്ങൾ?

ദിൽദാർ:—ഞാൻ ആദ്യം സുൽത്താൻ മൊറാദിന്റെ വിദൂഷകനായിരുന്നു. ഇപ്പോൾ ഞാൻ അറംഗസീബ് ചക്രവത്തിയുടെ സദസ്യനാണു്.

ദാറാ:—ഇവിടെ വന്നിരിക്കുന്നതിന്റെ ആവശ്യമെന്തു്?

ദിൽദാർ:—ആവശ്യമൊന്നുമില്ല. ഒന്നു കണ്ടുപോകാമെന്നു വിചാരിച്ചുവന്നതാണു്.

ദാറാ:— എന്തിനാണു് ഹേ, എന്നെ കാണുന്നതു്? എന്നെ പരിഹസിക്കുവാനോ?—എന്നാൽ ആട്ടെ, ഇഷ്ടംപോലെ പരിഹസിച്ചോളൂ.

ദിൽദാർ:— അല്ല യുവരാജാവേ! ഞാൻ പരിഹസിക്കുവാൻ വന്നവനല്ല. ഒരുപക്ഷെ എന്റെ ഉദ്ദേശം അതായിരുന്നെങ്കിൽതന്നേയും ഈ കാഴ്ച കണ്ട ഉടനെ ആ പരിഹാസകൌതുകം പാടെ ദ്രവിച്ചു് അശ്രുക്കളായി ഒഴുകിപ്പോകുമായിരുന്നു.—ഇതെന്തൊരു കാഴ്ച! യുവരാജാവായ ആ ദാറാ ഇന്നു് ഈ നിലയിലായല്ലോ: (ഗൽഗദത്തോടുകൂടി)—ദൈവമേ!

ദാറാ:—യുവാവേ! ഇതെന്താണു്? നിങ്ങളുടെ കണ്ണുകളിൽനിന്നു വെള്ളം വീഴുന്നുവല്ലോ. കരയുന്നുവോ? നിങ്ങൾ കരയുകയാണോ?

ദിൽദാർ—ഇല്ല, ഞാൻ കരയുകയില്ല. ഇതു മഹിമനിറഞ്ഞ

ഒരു കാഴ്ചയാണു്! ഒരു പൎവ്വതം ഇതാ തകൎന്നു കിടക്കുന്നു; ഒരു സമുദ്രം ഇതാ വററിക്കിടക്കുന്നു; ഒരു സൂൎയ്യൻ ഇതാ പ്രകാശം മങ്ങിക്കിടക്കുന്നു; ബ്രഹ്മാണ്ഡത്തിൽ ഒരിടത്തു സൃഷ്ടി നടന്നുകൊണ്ടിരിക്കുമ്പോഠം മറെറാരിടത്തു സംഹാരവും നടക്കുന്നുണ്ടു്. ഈ പ്രപഞ്ചത്തിലും അതുപോലെതന്നെ. ഉദാരവും പവിത്രവും മഹിമാപൂൎണ്ണവുമായ ഒരു സംഹാരമാണു് ഈ കാണപ്പെടുന്നതു്.

ദാറാ:—യുവാവേ! നിങ്ങഠം ഒരു ദാൎശനികനാണെന്നു തോന്നുന്നുവല്ലൊ.

ദിൽദാർ:—അല്ല, യുവരാജാവേ! ഞാൻ ദാൎശനികനല്ല. വിദൂഷകൻെറ സ്ഥാനത്തിൽനിന്നു രാജസദസ്സിൻെറ നിലയിലേക്കു കയററം കിട്ടിയതേയുള്ളു. ദാൎശനികൻെറ പദവിയിൽ ഇനിയും എത്തിക്കഴിഞ്ഞിട്ടില്ല. എന്നാൽ ചോറു തിന്നുമ്പോഠം ഇടക്കിടക്കു മുഖം ഉയൎത്തി നോക്കുന്നതിൻെറ പേർ "ദൎശനം" എന്നു പറയാമെങ്കിൽ ഞാൻ ഒരു ദാൎശനികൻതന്നെയാണു്. തിരുമേനി! മൂഢന്മാൎക്കു് ഒരു വിചാരമുണ്ടു്—വിളക്കു് എന്നും കത്തിക്കൊണ്ടിരിക്കുന്നതാണു് സ്വാഭാവികം, അതു കെട്ടുപോകുന്നതു് അന്യായമാണു്; ചെടികഠം തഴച്ചു വളരുന്നതാണു് ഉചിതം, അവ ഉണങ്ങിപ്പോകുന്നതു ശരിയല്ല; മനുഷ്യൎക്കു് എന്നും സുഖമേ ദൈവം നല്കാവൂ, ദുഃഖം നല്കുന്നതു് വലിയ അക്രമമാണു്—എന്നൊക്കെയാണു് അവരുടെ അഭിപ്രായം. എന്നാൽ അവ രണ്ടും ഒരേ നിയമത്തിൻെറ രണ്ടു വശങ്ങഠം മാത്രമാണെന്നു് അവർ ധരിക്കുന്നില്ല.

ദാറാ:—യുവാവേ! ആ വിചാരം എനിക്കില്ല. എങ്കിലും ആപത്തിൽ ആരെങ്കിലും ചിരിക്കാറുണ്ടോ? മരിക്കുവാൻ ആരെങ്കിലും മോഹിക്കുമോ? മരണത്തിൽ എനിക്കു മോഹമില്ല.

ദിൽദാർ:—തിരുമേനി! അവിടത്തെ മരണശിക്ഷകളുള്ള കല്പ

ന റല്ലാക്കിച്ചിട്ടാണ ഞാൻ വന്നിരിക്കുന്നതു്. കാരാഗൃഹത്തിൽനിന്നു മോചനം വേണമെന്നു് അവിടുന്നു മോഹിക്കുന്നുണ്ടെങ്കിൽ വരണം. എന്റെ വസ്ത്രങ്ങൾ ധരിച്ചു് ഇവിടെനിന്നു പുറത്തുപോകാം. ആരും സംശയിക്കയില്ല. വരണം. നമുക്കു വസ്ത്രങ്ങൾ പരസ്പരം മാറാം.

ദാറാ:—എന്നിട്ടു നിങ്ങളോ?

ദിൽദാർ:—എനിക്കു മരിക്കുവാനാണ മോഹം. മരിക്കുന്നതു് എനിക്കു വലിയ സന്തോഷവുമാണു്. എനിക്കുവേണ്ടി വ്യസനിപ്പാൻ ഈ ലോകത്തിൽ ഒരുത്തനുമില്ല.

ദാറാ:—നിങ്ങൾ മരിക്കുവാൻ മോഹിക്കുന്നുവോ?

ദിൽദാർ:—അതേ തിരുമേനി! ഞാൻ മരിക്കുവാൻ ഒരവസരം പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. മരണം എനിക്കു വളരെ ഇഷ്ടമാണു്. അവിടത്തെ അടുക്കൽ എനിക്കുള്ള കൃതജ്ഞത നിസ്സീമമാണു്.

ദാറാ:—എന്തുകൊണ്ടാണു്?

ദിൽദാർ:—മരിക്കുന്നതിനു് ഒരവസരം ഉണ്ടാക്കിത്തന്നതുകൊണ്ടു്, വരണം തിരുമേനി!

ദാറാ:—ദൈവമേ! ഇതുതന്നെയാണു് സ്വർഗ്ഗം. മറെറന്തു പറയട്ടെ!—ഇല്ല യുവാവേ! ഞാൻ വരികയില്ല.

ദിൽദാർ:—എന്തുകൊണ്ടു്? മരണത്തിനു ഒരവസരം യാചിച്ചാലും അതെനിക്കു് അനുവദിച്ചുതരികയില്ലെന്നോ?

തിരുമേനി—(കാലു പിടിക്കുന്നു.)

ദാറാ!—ഞാൻ നിങ്ങളെ മരിക്കുവാൻ അനുവദിക്കയില്ല. വിശേഷിച്ചു് ഈ കുട്ടിയെ വിട്ടുപിരിഞ്ഞു ഞാൻ ഒരിടത്തും പോകയുമില്ല.

(ജിഹൽഖാൻ പ്രവേശിക്കുന്നു.)

ജിഹൽഖാൻ:—ഇനി ഒരിടത്തും പോകേണ്ടതായി വരികയില്ല. ഇതാ അങ്ങയുടെ മരണശിക്ഷക്കുള്ള കല്പന.

ദിൽദാർ:—എന്താണ് ഈ പറയുന്നതു്?

ജിഹൽഖാൻ:—കുമാര! മരിക്കുവാൻ ഒരുങ്ങിക്കൊള്ളുക: ഘാതകന്മാർ വന്നു നില്പുണ്ടു്.

ദിൽദാർ:—ചക്രവത്തി വീണ്ടും അഭിപ്രായം മാററിയോ?

ജിഹൽഖാൻ:—ഉവ്വ്, ദിൽദാർ; നിങ്ങഠം തൽക്കാലം ദയവുചെയ്തു പുറത്തുപോയാൽകൊള്ളാം, ഞങ്ങളുടെ ജോലി ഞങ്ങഠം ചെയ്യട്ടെ.

ദാറാ:—അറംഗസീബ് അവൻെറ വിസ്തൃതമായ സാമ്രാജ്യത്തിനുള്ളിൽ എനിക്കു നിശ്വസിപ്പാനായി അരദണ്ഡു സ്ഥലമെങ്കിലും അനുവദിച്ചുതരികയില്ലേ? ഇടിഞ്ഞുപൊളിഞ്ഞ ഈ പൊട്ടക്കുടിലിലാണ് ഞാൻ താമസിക്കുന്നതു്. ഉടുത്തിരിക്കുന്നതു് മുഷിഞ്ഞു കീറിപ്പറിഞ്ഞ ഈ പഴന്തുണിയാണ്; തിന്നുന്നതു് ആക്കും വേണ്ടാത്ത കരിഞ്ഞ ഒന്നുരണ്ടു റൊട്ടിക്കഷണങ്ങളുമാണ്. അതുകൂടി തരുവാൻ അവനു മനസ്സില്ലേ?

ദിൽദാർ:—ജിഹൽ ആലി! നിങ്ങഠം ഇന്നത്തേയ്ക്കു് ക്ഷമിക്കു. ഞാൻ പോയി ചക്രവത്തിയുടെ കല്പന വാങ്ങിക്കൊണ്ടു വരാം.

ജിഹൽഖാൻ:—അതു പാടില്ല, ദിൽദാർ ഇന്നു രാത്രിതന്നെ കുമാരൻെറ തല തിരുമുമ്പിൽ ഹാജരാക്കണമെന്നാണ് അവിടത്തെ കല്പന.

ദാറാ:—ഇന്നുരാത്രിതന്നെയോ? ഇത്ര വേഗത്തിലോ? ഈ തല അവനു കൂടിയേ കഴിയൂ: ഇല്ലേ? അല്ലെങ്കിൽ ഉറക്കം വരികയില്ലായിരിക്കാം. ഇത്രമാത്രം വിലയുള്ളതാണ് ഈ തലയെന്നു ഞാൻ ഇതുവരെ അറിഞ്ഞിരുന്നില്ല.

ജിഹൽഖാൻ:—ഇന്നുരാത്രിതന്നെ അങ്ങയുടെ തല കൊണ്ടുപോയി തിരുമുമ്പിൽ ഹാജരാക്കിയില്ലെങ്കിൽ എൻെറ തല പോകാണ്.

ദാറാ:—അയ്യോ! അങ്ങിനെയോ! എന്നാൽ പിന്നെ നിങ്ങൾക്ക് നിവൃത്തിയില്ലാ. എന്നാൽ ആട്ടെ, എന്നെ വധിച്ചോളൂ. ചക്രവൎത്തിയുടെ കല്പനയല്ലേ! ഇന്നു ചക്രവൎത്തി യാര്? പ്രജയാര്? ചിരിക്കുന്നുവോ? ചിരിക്കൂ.

ജിഹൽഖാൻ:—അവിടുന്ന് ഒരുങ്ങിക്കഴിഞ്ഞുവോ?

ദാറാ:—ഞാൻ ഒരുക്കംതന്നെ അഥവാ ഒരുങ്ങിയില്ലെങ്കിൽ തന്നെ നിങ്ങൾ അതു വകവെയ്ക്കുവാൻ പോകുന്നുവോ? (ദിൽദാരിനോട്ട്) ഒരു ദിവസം ഈ ജിഹൽഖാൻ എന്റെ കാൽക്കൽ വീണു പ്രാണരക്ഷക്കായി യാചിച്ചവനാണ്. ഞാൻ അതു നല്കുകയും ചെയ്തു. ഇന്ന്—ഹാ! ഹതവിധേ! അവിടത്തെ പ്രവൃത്തികൾ അത്ഭുതകരംതന്നെ!

ജിഹൽഖാൻ:—ചക്രവൎത്തിയുടെ കല്പനയാണ്; കാസിയുടെ വിധിയാണ്. ഞാനെന്തുചെയ്യും, തിരുമേനി?

ദാറാ:—ചക്രവൎത്തിയുടെ കല്പന; കാസിയുടെ വിധി:—അതു ശരിയാണ്. നിങ്ങൾ എന്തുചെയ്യും!

(ദിൽദാരിനോട്ട്) സ്നേഹിതാ: പൊയ്ക്കോളൂ നിങ്ങളെ ഞാൻ ഇന്നു ആദ്യമായിട്ടാണ് കാണുന്നതു്. ഇതുതന്നെയാണ് നമ്മളുടെ ഒടുവിലത്തെ കാൎയ്യവും.

ദിൽദാർ:—ഹാ! കഷ്ടം! അങ്ങയെ രക്ഷിക്കുവാൻ എനിക്കു സാധിച്ചില്ലല്ലോ. ഈശ്വരേച്ഛ ഇങ്ങനെയായിരിക്കുമോ? എനിക്കൊന്നും മനസ്സിലാകുന്നില്ല. എന്നാൽ ഒരു കാൎയ്യം എനിക്കറിയാം—ഇതിൽ എന്തോ മഹത്തായ ഒരു ഉദ്ദേശം അടങ്ങീട്ടുണ്ട്; എന്തോ മഹത്തായ ഒരു ഫലം ഇതിനുണ്ട്. അല്ലെന്നുവരികിൽ ഇത്ര ഭയങ്കരമായ നിഷ്ഠൂരത്വം—ഇത്ര ഘോരമായ മഹാപാപം—വൃഥാവിലായിപ്പോകുമോ—യുവരാജാവേ! അങ്ങയെപ്പോലെയുള്ളവരുടെ ആത്മബലികൊണ്ട് എന്തോ മഹത്തായ പ്രയോജനം നിശ്ചയമായും ഉണ്ട്. അതെന്താണെന്ന് എനിക്കറിഞ്ഞുകൂ

ടാ. എങ്കിലും പ്രയോജനമുണ്ടു്, നിശ്ചയം. സന്തോഷത്തോടുകൂടി പ്രാണനെ ബലികഴിക്കു തിരുമേനി!

ദാറാ:— അങ്ങനെതന്നെ. എന്തിനു വ്യസനിക്കുന്നു? എന്നായാലും ഒരിക്കൽ മരിക്കാതെ കഴികയില്ല. ഇന്നല്ലെങ്കിൽ നാളെ എന്നുള്ള വ്യത്യാസം മാത്രമേയുള്ളു. ഞാൻ ഇതാ ഒരുങ്ങിയിരിക്കുന്നു. സുഹൃത്തേ! എനിക്കനുവാദം തരു. സ്വല്പനേരത്തേക്കുമാത്രമേ നിങ്ങളുമായി എനിക്കു പരിചയപ്പെടുവാൻ സാധിച്ചിട്ടുള്ളു. നിങ്ങൾ ആരാണെന്നുകൂടി എനിക്കറിഞ്ഞുകൂടാ. എങ്കിലും ചിരപരിചിതനായ ഒരാപ്തബന്ധുവിനെപ്പോലെ നിങ്ങൾ എന്റെ ഹൃദയത്തിൽ പതിഞ്ഞുകഴിഞ്ഞിരിക്കുന്നു.

ദിൽദാർ:—എന്നാൽ അങ്ങനെയാകട്ടെ തിരുമേനി! ഇതു നമ്മുടെ അന്ത്യസന്ദൎശനമാണു്.

(പോകുന്നു.)

ദാറാ:—ജിഹൽ ആലി! ഇനി എന്നെ വധിക്കാം.

ജിഹൽഖാൻ:—നാജീർ!

(രണ്ടു ഘാതകന്മാർ പ്രവേശിക്കുന്നു. ജിഹൽഖാൻ ആംഗ്യം കാണിക്കുന്നു.)

ദാറാ:—സ്വല്പം ക്ഷമിക്കണേ! ഞാനൊന്നു—സിപാർ! സിപാർ—അല്ലെങ്കിൽ വേണ്ട, എന്തിനു വിളിക്കുന്നു,

സിപാർ—(ഉണൎന്നിട്ടു്) അച്ഛാ! ഇതെന്താണു്? ഇവർ ആരാണച്ഛാ” അയ്യോ! എനിക്കു ഭയമാകുന്നുവല്ലൊ!

ദാറാ;—ഇവർ എന്നെ കൊല്ലുവാൻ വന്നവരാണു്. നിന്നോടു യാത്രപറയുവാനാണു് നിന്നെ വിളിച്ചുണൎത്തിയതു്. മകനേ! ഞാൻ പോകട്ടെ, എനിക്കു് അനുവാദം തരു. (ആലിംഗനം ചെയ്യുന്നു) ഇനി പോവു—ജിഹൽഖാൻ; പുത്രന്റെ മുമ്പിൽവെച്ചു് എന്നെ കൊല്ലത്തക്കവണ്ണം അത്ര വലിയ നിഷ്ഠൂരത നിങ്ങൾക്കുണ്ടായിരിക്കയില്ലെന്നാണു്

എന്റെ വിശ്വാസം. ഇവനെ മറെറാരുമുറിയിൽ കൊണ്ടുപോയി വിട്ടേക്കു.

ജിഹൽഖാൻ:—(ഒരു ഘാതകനോട്) ഇവനെ അങ്ങേമുറിയിലേക്കു കൂട്ടിക്കൊണ്ടുപോവുക.

(ഒരു ഘാതകൻ സിപാരിനെ ചെന്നു പിടികൂടുന്നു.)

സിപാർ:—ഇല്ല, ഞാൻ വരികയില്ല. എന്റെ അച്ഛനെ കൊല്ലുവാൻ പോകുന്നുവോ? എന്തിനാണ് കൊല്ലുന്നതു്? (ഘാതകന്റെ പിടിവിടുവിച്ചു ദാറായുടെ അടുത്തുചെന്നു നിന്നിട്ട്) അച്ഛാ! ഞാൻ അച്ഛനെ വിട്ടുപിരിയുകയില്ല. (ഇത്രയും പറഞ്ഞു ദാറായുടെ കാലുകളിൽ മുറുകേ കെട്ടിപ്പിടിക്കുന്നു.)

ദാറാ:—മകനേ എന്നെ കെട്ടിപ്പിടിച്ചിട്ട് എന്തു ചെയ്യാനാണ്? കെട്ടിപ്പിടിച്ചതുകൊണ്ട് എന്നെ രക്ഷിക്കുവാൻ നിനക്കു സാധിക്കുമോ? പോവൂ മകനെ! ഇവർ എന്നെ നിശ്ചയമായും കൊല്ലും. ആ കാഴ്ചകണ്ടു നിൽക്കുവാൻ നിനക്കു കരുത്തുപോര

(ഘാതകന്മാർ കണ്ണുനീർ തുടക്കുന്നു.)

ജിഹൽഖാൻ:—പിടിച്ചുകൊണ്ടുപോ ഇവനെ.

(ഘാതകൻ വീണ്ടും സിപാരിനെ പിടിച്ചുവലിച്ചുകൊണ്ടുപോകുവാൻ ശ്രമിക്കുന്നു.)

സിപാർ:—(ഉറക്കെ നിലവിളിച്ചുകൊണ്ടു) എന്നെ വിട്ടേക്കൂ. ഞാൻ വരികയില്ല; ഞാൻ വരികയില്ല. (ഘാതകന്റെ പിടി വിടുവിക്കാൻ ശ്രമിക്കുന്നു.)

ദാറാ:—നില്ക്കൂണേ! ഞാൻ അവനെ പറഞ്ഞു സമാധാനിപ്പിക്കാം. പിന്നെ അവൻ ഒരു തടസ്സവും ചെയ്യുകയില്ല. അവനെ വിട്ടേക്കു.

(ഘാതകൻ സിപാരിനെ വിടുന്നു. സിപാർ ദാറായുടെ അടുക്കൽ ചെന്നു നില്ക്കുന്നു.)

ദാറാ:— (സിപാരിന്റെ കൈക്കുപിടിച്ചിട്ട്) സിപാർ!

സിപാർ:—അച്ഛാ!

ദാറാ:—സിപാർ! എന്റെ പ്രിയപ്പെട്ട മകനേ! എനിക്ക് അനുവാദം തരു. നീ ഇത്രനാളും, ഭയങ്കരമായ ആപത്തിൽപോലും, എന്നെ വിട്ടുപിരിഞ്ഞില്ല. മഞ്ഞും വെയിലും കൊണ്ടും, പട്ടിണി കിടന്നും ഉറക്കമിളച്ചും കാട്ടിലും മേട്ടിലും മരുഭൂമിയിലുംകൂടി നീ എന്റെകൂടെ അലഞ്ഞു നടക്കേണ്ടതായി വന്നു; എന്നിട്ടും നീ എന്നെ വിട്ടുപിരിഞ്ഞില്ല. പ്രവാസത്തിലും, പോർക്കളത്തിലും, കാരാഗൃഹത്തിലും എന്റെ ജീവനെപ്പോലെ വിട്ടുപിരിയാതെ എന്നെ നീ പിന്തുടന്നു. ഇന്നു നിന്റെ നിർഭാഗ്യനായ പിതാവ്— (ഗൽഗദത്തോൽ ദാറായ്ക്കു സംസാരിക്കുവാൻ വയ്യാതായി. പിന്നെ ഒരു വിധത്തിൽ വളരെ പ്രയാസപ്പെട്ട് അതിനെ അമർത്തിയിട്ട)—നന്റെ നിർഭാഗ്യനായ പിതാവ് ഇന്നിതാ നിന്നെ വിട്ടുപിരിയുവാൻ പോകുന്നു.

സിപാർ:—അച്ഛാ! അമ്മ പൊയ്പ്പോയി—ഇനി അച്ഛനും— (കരയുന്നു)

ദാറാ:— എന്തു ചെയ്യാം മകനേ! നിവൃത്തിയൊന്നുമില്ല. ഇന്നു ഞാൻ മരിക്കുകതന്നെ വേണം. വത്സ! ഈ ദേഹത്തെ വിട്ടുപിരിയുവാൻ എനിക്ക് അത്ര വളരെ സങ്കടം തോന്നുന്നില്ല. നിന്നെ വിട്ടുപിരിഞ്ഞു പോകുന്ന കാര്യമാണ് എനിക്ക് അതിലധികം സങ്കടകരമായി തോന്നുന്നത്. (കണ്ണുനീർ തുടക്കുന്നു.) പോവു മകനേ! എന്നെ ഇവർ കൊല്ലും. ആ കാഴ്ച അതിഭയങ്കരമാണ്. അതു കണ്ടു നില്ലാൻ നിനക്കു സാധിക്കയില്ല.

സിപാർ:— അച്ഛാ! ഞാൻ അച്ഛനെ വിട്ടുപോവുകയില്ല— ഞാൻ പോവുകയില്ല.

ദാറാ:—സിപാർ! നീ ഒരിക്കലും ഞാൻ പറഞ്ഞതിനെ അനുസരിക്കാതിരുന്നിട്ടില്ല; ഈ നിമിഷംവരെയുമില്ല. (കണ്ണുനീർ

തുടങ്ങുന്നു.) പോവൂ മകനേ! എൻെറ ഒടുവിലത്തെ കല്പനയാണിതു്. എൻെറ ഈ അന്ത്യശാസനത്തെ നീ അനുസരിക്കുക. പോയ്ക്കോളൂ—ഞാൻ പറഞ്ഞതു കേൾക്കുകയില്ലെ? സിപാർ! വത്സ! പോവൂ.

(സിപാർ തലയും താഴ്ത്തിക്കൊണ്ടു പോകുവാൻ ഭാവിച്ചപ്പോൾ ദാറാ വീണ്ടും വിളിക്കുന്നു.)

ദാറാ:—സിപാർ!

(സിപാർ മടങ്ങുന്നു.)

ദാറാ:—ഒന്നുകൂടി—അവസാനമായി—നിന്നെ ഞാൻ ആലിംഗനം ചെയ്യട്ടെ. (ആലിംഗനം ചെയ്യുന്നു.) ദൈവമേ! അയ്യോ!—ഇനി പോവൂ മകനേ!

(സിപാർ മന്ത്രശക്തിയാൽ മയക്കപ്പെട്ടവനെപ്പോലെ അധോവദനനായി ഘാതകൻെറ പുറകെ നടന്നു മറെറാരു മുറിയിലേയ്ക്കു പോകുന്നു.)

ദാറാ:—(നെഞ്ചത്തു കൈവെച്ചു മേല്പോട്ടു നോക്കിക്കൊണ്ടു) ദൈവമേ! അള്ളാ! പൂർവ്വജന്മത്തിൽ ഞാൻ എന്തൊരു മഹാപാപമാണു് ചെയ്തതു്. അയ്യോ! പോട്ടെ, ഇനി അതുകൊണ്ടു് കാൎയ്യമെന്തു്. നാജീർ! തൻെറ ജോലി നടത്തിക്കൊള്ളൂ.

ജിഹൽഖാൻ:—അങ്ങേ മുറിയിൽ കൊണ്ടുപോയി കഥ കഴിച്ചേക്കുക. ഈ സ്ഥലത്തുവെച്ചു വേണ്ട.

(ഘാതകന്മാരോടുകൂടി ദാറാ പോകുന്നു.)

ജിഹൽഖാൻ:—എൻെറ പ്രാണരക്ഷകനെ എൻെറ മുമ്പിൽ വെച്ചുതന്നെ കൊല്ലുന്നതു കാണ്മാൻ ഇടവരുത്തി എന്നു വേണ്ടല്ലോ—അതാ കഠാരത്തിൻെറ ശബ്ദം കേൾക്കുന്നു. അതാ കേൾക്കുന്ന നിലവിളി.

അണിയറയിൽ:—അയ്യോ! അയ്യോ! അയ്യോ!

ജിഹൽഖാൻ:—പോട്ടെ, എല്ലാം അവസാനിച്ചു.

സിപാർ:—(അടുത്ത മുറിയിൽനിന്നു്) അച്ഛാ! അച്ഛാ! (കതകു ചവിട്ടിപ്പൊളിച്ചു പുറത്തു കടക്കുവാൻ ശ്രമിക്കുന്നു.)

(ദാറായുടെ തലയുംകൊണ്ടു ഘാതകന്മാർ വീണ്ടും പ്രവേശിക്കുന്നു.)

ജിഹൽഖാൻ:—. തരുവിൻ, തല ഇങ്ങോട്ടുതരുവിൻ. ഞാൻ തന്നെ ചക്രവൎത്തിയുടെ അടുക്കലേക്കു കൊണ്ടുപോകാം.

(അതേ സമയത്തു വാതിൽ ചവിട്ടിപ്പൊളിച്ചു് സിപാർ "അച്ഛാ! അച്ഛാ!" എന്നു നിലവിളിച്ചുകൊണ്ടു് ആ മുറിയിൽ പ്രവേശിക്കുകയും പിതാവിന്റെ ഛിന്നമസ്തകം കണ്ടിട്ടു മോഹാലസ്യപ്പെട്ടു നിലത്തു വീഴുകയും ചെയ്യുന്നു.)

—o—

# അഞ്ചാം അങ്കം.

## രംഗം ൧.

സ്ഥലം—ദൽഹിയിൽ അറംഗസീബിന്റെ ആസ്ഥാനമണ്ഡപം.

സമയം—കാലത്തു് ഒമ്പതുമണി.

(മയൂരസിംഹാസനത്തിന്മേൽ അറംഗസീബ് ഇരിക്കുന്നു. പുരോഭാഗത്തു മിർജ്ജുമ്‌ലാ, ശായേസ്താഖാൻ, യശോവന്തസിംഹൻ, ജയസിംഹൻ, ദിലിർഖാൻ മുതലായവർ യഥാസ്ഥാനം നില്ക്കുന്നു.)

അറംഗസീബ്:— നാം സമ്മതിച്ചിരുന്നപ്രകാരം മഹാരാജാവിനു ഗുജ്ജരദേശം വിട്ടുതന്നിരിക്കുന്നു.

യശോവന്തസിംഹൻ:— അതിനുപകരമായി തിരുമനസ്സിലേക്കു സൈന്യസഹായം ചെയ്യാനാണു് ഞാൻ വന്നിരിക്കുന്നതു്.

അറംഗസീബ്:— യശോവന്തസിംഹമഹാരാജാവേ! അറംഗ

സീബ് ആരേയും രണ്ടുതവണ വിശ്വസിക്കാറില്ല. എന്നാലും ജയസിംഹമഹാരാജാവിനുവേണ്ടി ചക്രവർത്തിയുടെ രാജഭക്തനായ ഒരു പ്രജയായിത്തീരുവാനുള്ള രണ്ടാമതൊരവസരംകൂടി മാർവാറിലെ രാജാവിനു നാം അനുവദിച്ചുതന്നേക്കാം.

ജയസിംഹൻ:—തിരുമനസ്സിലെ അനുഗ്രഹം!

യശോവന്തസിംഹൻ:—തിരുമേനി! കപടംകൊണ്ടാകട്ടെ, കയ്യൂക്കുകൊണ്ടാകട്ടെ, ഏതുതരത്തിലായാലും, അവിടുന്നു് ഈ സിംഹാസനത്തെ കൈവശപ്പെടുത്തി സാമ്രാജ്യത്തിൽ ഒരുവിധം സമാധാനം സ്ഥാപിച്ചിട്ടുള്ള സ്ഥിതിക്കു്, ഇനി ഒരുതരത്തിലും ആ സമാധാനത്തിനു ഭംഗം വരുത്തുവാൻ ഉദ്യമിക്കുന്നതു പാപമാണെന്നാണു ഞാൻ കരുതുന്നതു്.

ഔറംഗസീബ്:—അങ്ങയുടെ മുഖത്തുനിന്നു് ഈ വാക്കുകൾ കേൾപ്പാൻ ഇടയായതിൽ നമുക്കു വളരെ സന്തോഷമുണ്ടു്. അപ്പോൾ ഇനി അങ്ങയെ നമ്മുടെ മിത്രവർഗ്ഗത്തിൽ ഉൾപ്പെട്ട ഒരാളായി ഗണിക്കുന്നതുകൊണ്ടു വിരോധമില്ലല്ലൊ.

യശോവന്തസിംഹൻ:—നിശ്ചയമായും ഗണിക്കാം.

ഔറംഗസീബ്:—വളരെ സന്തോഷം—അല്ലയോ മന്ത്രി! സുൽത്താൻ ഷൂജാ ഇപ്പോൾ ആരാക്കാൻ രാജാവിൻെറ ആശ്രയത്തിലാണു്, അല്ലേ?

മീർജുമ്ലാ:—ഈ ദാസൻ അദ്ദേഹത്തെ ആരാക്കാൻ രാജ്യത്തിൻെറ അതിർത്തിവരെ ഓടിച്ചുകളഞ്ഞിട്ടാണു് പോന്നിട്ടുള്ളതു്.

ഔറംഗസീബ്:—മന്ത്രി! നിങ്ങളുടെ ശൌര്യപരാക്രമങ്ങളെ നാം അത്യന്തം പ്രശംസിക്കുന്നു—സേനാപതേ! കുമാരനായ മഹമ്മദിനെ ഗ്വാളിയർ ദുർഗ്ഗത്തിൽ ബന്ധനസ്ഥനാക്കീട്ടല്ലേ നിങ്ങൾ വന്നിരിക്കുന്നതു്?

ശായേസ്താഖാൻ:—അതേ തിരുമേനി!

ഔറംഗസീബ്:—കഷ്ടം! സാധുപുത്രൻ!—പക്ഷെ ലോകം അ

റിയട്ടെ—നമുക്കു നീതി ഒന്നേയുള്ളൂ, അതു നടത്തുന്ന അവസരത്തിൽ പുത്രനെന്നോ മിത്രമെന്നോ ഉള്ള നോട്ടം നമുക്കില്ല.

ജയസിംഹൻ:— തിരുമേനി! അതു സംശയമില്ലാത്ത കാൎയ്യമാണ്.

ഔറംഗസീബ്:—ഭാഗ്യഹീനനായ ദാറായുടെ മൃത്യു നമ്മുടെ സമസ്തവിജയങ്ങളേയും ഉന്മേഷശൂന്യമാക്കിത്തീൎത്തിരിക്കുന്നു—പോട്ടെ, സോദരനും പുത്രനും പൊയ്പ്പോയാലും ധൎമ്മം നിൎവ്വിഘ്നമായി നിലനില്ക്കട്ടെ—അനുജനായ മൊറാദിനു ഗ്വാളിയർ ദുൎഗ്ഗത്തിൽ ക്ഷേമം തന്നെയല്ലേ?

ഷായെസ്താഖാൻ:— അതേ തിരുമേനി!

ഔറംഗസീബ്:—പ്രിയസഹോദര! നീ എന്തു മൂഢതയാണ് പ്രവൎത്തിച്ചതു്! സ്വന്തം ദോഷത്താൽ നിനക്കു സാമ്രാജ്യം നഷ്ടപ്പെട്ടു. മക്കത്തേക്കുള്ള യാത്രകൊണ്ടു ലഭിക്കാവുന്ന മഹാ സുഖത്തിൽനിന്നും ഞാൻ വഞ്ചിതനാവുകയും ചെയ്തു—എല്ലാം അള്ളായുടെ ഇച്ഛതന്നെ—ദിലീർഖാൻ! നിങ്ങൾ എങ്ങനെയാണ് കുമാരനായ സുലേമാനെ ബന്ധനസ്ഥനാക്കിയതു്?

ദിലീർഖാൻ:—തിരുമേനി! ശ്രീനഗരത്തിലെ രാജാവായ പൃഥ്വീസിംഹൻ കുമാരനു സൈന്യസമേതം അഭയം നല്കുന്ന വിഷയത്തിൽ വിസമ്മതം പ്രദൎശിപ്പിച്ചു. അതിനാൽ കുമാരനു ഞങ്ങളെ ഉപേക്ഷിക്കാതെ നിവൃത്തിയില്ലാതായി. അതു കഴിഞ്ഞ ഉടനെയാണ് എനിക്ക് അവിടത്തെ തിരുവെഴുത്തു കിട്ടിയതു്. അതുംകൊണ്ടു ഞാൻ ചെന്നു രാജാവിനെ കണ്ടു. "കുമാരൻ ചക്രവൎത്തി തിരുമനസ്സിലെ ഭ്രാതൃപുത്രനാണെന്നും അദ്ദേഹത്തെ തിരുമനസ്സുകൊണ്ട് സ്വന്തം പുത്രനെപ്പോലെയാണ് സ്നേഹിക്കുന്നതെന്നും അതിനാൽ അദ്ദേഹത്തെ ചക്രവൎത്തിയുടെ കയ്യിൽ ഏല്പിക്കു

ന്നതു ക്ഷത്രധമ്മത്തിനു് ഒരു തരത്തിലും വിരുദ്ധമായിരിക്കയില്ലെന്നും" മററും അവിടത്തെ കല്പനയനുസരിച്ചു് അദ്ദേഹത്തോടു പറയുകയും ചെയ്തു. പൃത്ഥ്വീസിംഹൻ ആദ്യം അതൊന്നും സമ്മതിച്ചില്ല. എന്നാൽ പിറെറ ദിവസം തന്നെ അദ്ദേഹം കുമാരനെ രാജ്യത്തിൽനിന്നും ബഹിഷ്ക്കരിക്കയുണ്ടായി. കാരണമൊന്നും എനിക്കറിയുവാൻ തരപ്പെട്ടില്ല.

അറംഗസീബ്:—ഭാഗ്യഹീനനായ കുമാര!—എന്നിട്ടോ?

ദിലീർഖാൻ:—കുമാരൻ ഉടനെ ടിബററിലേക്കു പോകുവാൻ പുറപ്പെട്ടു. പക്ഷെ മാർഗ്ഗനിശ്ചയമില്ലാതിരുന്നതുകൊണ്ടു രാത്രി മുഴവനും അലഞ്ഞുതിരിഞ്ഞു പ്രഭാതമായപ്പോഠം വീണ്ടും ശ്രീനഗരത്തിൻെറ പ്രാന്തത്തിൽതന്നെ വന്നു ചേരുകയാണു് ചെയ്തതു്. ആ വിവരം അറിഞ്ഞിട്ടു് ഞാൻ സൈന്യസമേതം ചെന്നു കുമാരനെ ബന്ധനസ്ഥനാക്കി—എൻെറ ഈ പ്രവൃത്തിയിൽ വല്ല അപരാധവും വന്നുപോയിട്ടുണ്ടെങ്കിൽ തിരുമനസ്സുകൊണ്ടു എന്നെ രക്ഷിക്കണം. ഞാൻ ഒരു വ്യക്തിയുടേയും ഭൃത്യനല്ല. ഞാൻ ചക്രവത്തിയുടെ സൈന്യാദ്ധ്യക്ഷനാണു്. ചക്രവത്തിയുടെ കല്പന അനുസരിക്കേണ്ടതു് എൻെറ കടമയാണു്;

അറംഗസീബ്:—ദിലീർഖാൻ! അവനെ ഇവിടെ കൂട്ടിക്കൊണ്ടുവരൂ.

ദിലീർഖാൻ:—കല്പനപോലെ (പോകുന്നു)

അറംഗസീബ്:—ജിഹൽ ആലിഖാനെ നഗരവാസികഠം വധിച്ചു എന്നതു് ശരിതന്നെയോ മഹാരാജാവേ?

ജയസിംഹൻ:—അതേ തിരുമേനി; കൊന്നതു് അയാളുടെ കുടിയാന്മാർതന്നെയാണെന്നാണു കേട്ടതു്.

അറംഗസീബ്:—ആ ദുഷ്ടനു് ഉചിതമായ ശിക്ഷതന്നെയാണു് ദൈവം കൊടുത്തതു്—ഇതാ വരുന്നു കുമാരൻ.

(സുലേമാനേയും കൂട്ടിക്കൊണ്ടു ദിലീർഖാൻ വീണ്ടും പ്രവേശിക്കുന്നു.)

അറംഗസീബ്:—ഇതു നമ്മുടെ കുമാരനല്ലേ? കുമാരനായ സുലേമാനല്ലെ ഇതു്! എന്താ കുമാര! തലതാഴ്ത്തി നില്ക്കുന്നതെന്താണു്?

സുലേമാൻ:—അല്ലയോ സമ്രാട്ടേ!—(അർദ്ധോക്തിയിൽ വിരമിക്കുന്നു.)

അറംഗസീബ്:—പറയൂ വത്സ; മടിക്കണ്ട. പറയുവാൻ ഭാവിച്ചതു പറയൂ. നീ യാതൊന്നും പേടിക്കണ്ട. നിൻെറ പിതാവിനു മരണം അപരിഹാര്യമായിരുന്നു — അല്ലെങ്കിൽ—

സുലേമാൻ:—തിരുമേനി! അവിടത്തെ സമാധാനം കേൾക്കണമെന്നു് എനിക്കു് ആഗ്രഹമില്ല. ദിഗ്വിജയിയായ അറംഗസീബിനു് ഇന്നു് ആരുടേയും അടുക്കൽ സമാധാനം പറയേണ്ട ആവശ്യവുമില്ല. ന്യായം നോക്കുന്നതാരു്—എന്നെ കൊല്ലണം. തിരുമേനിയുടെ കഠാരത്തിനു ധാരാളം മൂർച്ചയുണ്ടു്; ഇനി അതിൽ വിഷം പുരട്ടേണ്ട ആവശ്യം യാതൊന്നുമില്ല.

അറംഗസീബ്:—സുലേമാൻ നാം നിന്നെ വധിക്കുകയില്ല—പക്ഷേ—

സുലേമാൻ:—ഈ "പക്ഷേ"യുടെ അർത്ഥം എനിക്കറിയാം തിരുമേനി! വധത്തേക്കാൾ വലുതായ എന്തോ ഒരു കഠിനപ്രവൃത്തി ചെയ്യാനാണു് അവിടുന്നു വിചാരിക്കുന്നതു്. ചക്രവർത്തിയുടെ മനസ്സിൽ ഏതെങ്കിലും ഒരു ക്രൂരപ്രവൃത്തി ചെയ്വാൻ മോഹം ഉദിക്കുന്നതായാൽ ശത്രുക്കൾക്കു് അതിനേക്കാൾ കൂടുതലായി ഭയപ്പെടുവാൻ യാതൊന്നുമില്ല. എന്നാൽ രണ്ടു ക്രൂരകൃത്യങ്ങൾ ഒരേ അവസരത്തിൽ ഉള്ളിൽ ഉദിക്കുന്നപക്ഷം അവയിൽ അധികം നിഷ്ഠുരമായ കൃത്യമേ അറംഗസീബു ചെയ്കയുള്ളൂ എന്നു് എനിക്കു

റിയാം. അദ്ദേഹത്തിൻെറ പ്രതികാരത്തേക്കാൾ അദ്ദേഹത്തിൻെറ അനുകമ്പയാണു ഭയങ്കരം. പറയുവാൻ ഭാവിച്ചതെന്താണു്? പക്ഷേ—?

ഔറംഗസീബ്:—കുമാര! ക്ഷോഭിക്കണ്ട.

സുലേമാൻ:—ഇല്ല; ഇനി ഞാൻ ക്ഷോഭിക്കുന്നതെന്തിനു്? അയ്യോ! ദൈവമേ! ഇത്രവലിയ ദുഷ്ടത ഉള്ളിൽ വെച്ചുകൊണ്ടു മനുഷ്യൎക്കു് ഇത്ര മധുരമായി സംസാരിക്കുവാൻ സാധിക്കുന്നുണ്ടല്ലോ.

ഔറംഗസീബ്:—സുലേമാൻ! നിന്നെ ഉപദ്രവിക്കണമെന്നു നമുക്കു വിചാരമില്ല. നിനക്കെന്താണു വേണ്ടതെന്നു പറയൂ. നിന്നെ നാം അനുഗ്രഹിക്കാം.

സുലേമാൻ:—എനിക്കുള്ള ഒരൊററ ആഗ്രഹം തിരുമേനി എന്നെ കഴിയുന്ന വിധത്തിലെല്ലാം ഉപദ്രവിക്കണം എന്നാണു്. എൻെറ പിതാവിനെക്കൊന്ന ഘാതകൻെറ അടുക്കൽ കരുണയുടെ കണികപോലും ഞാൻ ആവശ്യപ്പെടുകയില്ല. പ്രഭോ! അവിടന്നു പ്രവൎത്തിച്ചിട്ടുള്ളതു് എന്താണെന്നു് ഒന്നാലോചിച്ചുനോക്കു—സ്വന്തം ജ്യേഷ്ഠൻ—ഒരേ അമ്മയുടെ വയററിൽ പിറന്ന സന്താനം—ഒരേ പിതാവിൻെറ സ്നേഹദൃഷ്ടിയുടെ ലാളനയേററു വളൎന്നുവന്ന സഹോദരൻ—സിരകളിൽക്കൂടി ഒരേ രക്തം പ്രവഹിക്കുന്ന കൂടപ്പിറപ്പു—ഹാ! സഹോദരനേക്കാൾ സ്വന്തമെന്നു പറയുവാൻ ലോകത്തിൽ മററാരാണുള്ളതു്—അങ്ങനെയുള്ള ജ്യേഷ്ഠനെയല്ലെ അവിടുന്നു വധിച്ചതു്? കുട്ടിക്കാലത്തിലെ ക്രീഡാസക്തനായ കൂട്ടുകാരനും യൌവനത്തിലെ സ്നേഹശീലനായ സഹപാഠിയും ആയിരുന്നില്ലെ അദ്ദേഹം? അദ്ദേഹത്തിൻെറ നേരേ മററു വല്ലവരും കണ്ണുരുട്ടിക്കാണിച്ചാൽ ആ നോട്ടം വജ്രപ്രഹാരത്തിനു തുല്യം അവിടത്തെ സ്വന്തം ഹൃദയത്തെ വേദനിപ്പിക്കേണ്ടതായിരു

ന്നില്ലേ? അദ്ദേഹത്തെ രക്ഷിക്കുവാൻ വേണ്ടി സ്വന്തം വക്ഷസ്സിനെ നീട്ടിക്കൊണ്ടിരിക്കേണ്ടവനായിരുന്നില്ലേ, അവിടന്നു വധിച്ചതു്? അവിടന്നു് ആവശ്യപ്പെട്ടിരുന്നെങ്കിൽ അദ്ദേഹം ഈ സാമ്രാജ്യത്തെ ഒരു പിടി മണ്ണെന്നവണ്ണം അങ്ങേക്കു് വലിച്ചെറിഞ്ഞു തരുമായിരുന്നില്ലേ? അങ്ങേക്കു് എന്തൊരു ദ്രോഹമാണു് ആ സഹോദരൻ ചെയ്തിട്ടുള്ളതു്? അദ്ദേഹം സകല ജനങ്ങളുടെയും കണ്ണിലുണ്ണിയായിരുന്നു; ഇതല്ലാതെ മറെറാരപരാധവും അദ്ദേഹത്തിനുണ്ടായിരുന്നില്ല—ഇങ്ങനെയുള്ള ഉദാരശീലനായ ഭ്രാതാവിനെയല്ലേ അവിടന്നു വധിച്ചതു്? പരലോകത്തിൽവെച്ചു് അദ്ദേഹത്തെ കാണ്മാൻ ഇടവരുമ്പോൾ അവിടന്നു് എങ്ങനെ അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കും? ദുഷ്ട! രാക്ഷസ! പിശാചേ! നീ എന്നെ അനുഗ്രഹിക്കാം അല്ലേ? നിൻെറ അനുഗ്രഹം; അതിനെ കൊണ്ടുപോയി ചുട്ടു്.

അറംഗസീബ്:—എന്നാൽ അങ്ങനെ തന്നെ. നാം നിനക്കു മരണശിക്ഷ വിധിച്ചിരിക്കുന്നു. അതും ഇപ്പോൾതന്നെ കഴിച്ചുകളയാം (സിംഹാസനത്തിൽനിന്നും ഇറങ്ങീട്ടു്)

സുലേമാൻ:— അള്ളായുടെ പരിശുദ്ധനാമത്തെ സ്മരിക്കുക.

(ആൺകുട്ടിയുടെ വേഷം ധരിച്ചു ജഹരത്തു് ഉന്നിസാ പ്രവേശിക്കുന്നു.)

ജഹരത്:—അറംഗസീബേ! അള്ളായുടെ പരിശുദ്ധനാമത്തെ സ്മരിക്കുക. (അറംഗസീബിൻെറ നേരെ കൈത്തോക്കു നീട്ടുന്നു.)

സുലേമാൻ:—ഇതാരു്? ജഹരത്തു് ഉന്നിസായോ!! (അവളുടെ കൈക്കു കടന്നു പിടിക്കുന്നു.)

ജഹരത്:— വിട്ടു വിട്ടു നിങ്ങൾ ആരു്? ഈ ദുഷ്ടനെ ഞാൻ കൊല്ലട്ടെ. എന്നെ വിട്ടേക്കു, വിട്ടു എന്നെ.

സുലേമാൻ:—ഇതെന്തവിവേകം! അടങ്ങു ജഹരത്! കൊല

പാതകത്തിനുള്ള പ്രതീകാരം കൊലപാതകമല്ല. പാപം കൊണ്ടു പുണ്യത്തിനു പ്രതിഷ്ഠ ലഭിക്കയില്ല. സാധിക്കുമായിരുന്നെങ്കിൽ നേരിട്ടുള്ള യുദ്ധത്തിൽ ഞാൻ ഇവന്റെ തല കൊയ്യുമായിരുന്നു. എന്നാൽ കൊലപാതകം മഹാപാപമാണ്.

ജഹരത്:—ഛേ! സകലരും ഭീരുക്കൾ! പിതാവിന്റെ കുലത്തിനു കളങ്കം വരുത്തുന്ന പുത്രന്മാർ!—പോവൂ ഇവടന്ന്. എന്റെ പിതാവിനെ കൊന്നതിനു പ്രതീകാരം ചെയ്യാതെ ഞാൻ അടങ്ങുകയില്ല. എന്നെ വിട്ടു മാറിനില്ക്കൂ. ഈ ദുഷ്ടൻ—ഈ വഞ്ചകൻ—ഈ ഘാതകൻ— (മോഹാലസ്യപ്പെട്ടു വീഴുന്നു.)

ഔറംഗസീബ്:—ഉദാരഹൃദയനായ അല്ലയോ യുവാവേ! നീ മഹാമനസ്കൻതന്നെ! നിന്നെ ഞാൻ കൊല്ലുകയില്ല—ശായേസ്താഖാൻ) ഇവനെ ഗ്വാളിയർ ദുർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടു പോവുക. ദാറായുടെ ഈ പുത്രിയെ ആഗ്രായിലുള്ള അരമനയിൽ നമ്മുടെ പിതാവിന്റെ അടുക്കലും കൊണ്ടുചെന്നാക്കുക.

## രംഗം ൨.

സ്ഥലം—ആരാക്കാനിലെ രാജപ്രാസാദം.

സമയം—രാത്രി.

(ഷൂജായും പിയാരയും നില്ക്കുന്നു.)

ഷൂജാ:—ഹതവിധി നമ്മളെ ഓടിച്ചോടിച്ച് ഒടുവിൽ ഈ അപരിഷ്കൃതനായ ആരാക്കാൻ രാജാവിന്റെ ആശ്രയത്തിൽ കൊണ്ടുവന്നു വീഴ്ത്തുമെന്ന് ആരെങ്കിലും വിചാരിച്ചിരുന്നുവോ?

പിയാര:—ഇനി എങ്ങോട്ടെല്ലാമാണ് കൊണ്ടുപോയി വീഴ്ത്തുവാൻ പോകുന്നതെന്നും ആരുകണ്ടു!

ഷൂജാ:—ആ കാടൻരാജാവു് പറഞ്ഞതെന്തെന്നറിയാമോ?

പിയാര:—എന്താണതു്? വളരെ ഗൌരവമുള്ള എന്തെങ്കിലും ഒന്നായിരിക്കും, സംശയമില്ല. എന്തെന്നു് വേഗം പറയൂ. എനിക്കു കേൾക്കുവാൻ വൈകി.

ഷൂജാ:—ആ കാടൻ പറയുകയാണു്, ഈ നാല്പതു് അശ്വഭടന്മാരേയുംകൊണ്ടു് ഞാൻ ഈ ആരാക്കാൻ പിടച്ചടക്കുവാൻ വന്നിരിക്കയാണു് എന്നു്.

പിയാര:—എങ്ങനെ വിശ്വസിക്കും? ബക്തിയാർ കിൽജി ബങ്കാളം പിടിച്ചടക്കിയതു് വെറും പതിനേഴ അശ്വഭടന്മാരുടെ സഹായത്തോടുകൂടിയാണെന്നല്ലേ കേട്ടിട്ടുള്ളതു്.

ഷൂജാ:—ഒരിക്കലുമല്ല. അതു് ശുദ്ധ അസംബന്ധമാണു്. വല്ലവരും വല്ല വിരോധവുംകൊണ്ടു് അങ്ങിനെയൊരു പൊളി പറഞ്ഞുണ്ടാക്കിയതായിരിക്കും. ഞാൻ അതു വിശ്വസിക്കുന്നില്ല.

പിയാര:— അങ്ങു വിശ്വസിച്ചില്ലെങ്കിൽ കാൎയ്യമെല്ലാം പൊയ്പ്പോയി!

ഷൂജാ:— പിയാരേ! രാജാവിൻെറ ആദേശം എന്തെന്നറിഞ്ഞുവോ? നാളെ കാലത്തു് നമ്മൾ ഇവിടംവിട്ടു പോകണമെന്നാണു് അദ്ദേഹം കല്പനയായിരിക്കുന്നതു്.

പിയാര:—എവിടേക്കാണു്? അദ്ദേഹം നിശ്ചയമായും ഇതിനേക്കാൾ ആരോഗ്യപ്രദമായ മറെറാരു സ്ഥലം നമുക്കായി ഏൎപ്പാടു ചെയ്തിട്ടുണ്ടായിരിക്കും.

ഷൂജാ:— പിയാരേ! നിനക്കെപ്പോഴും കളിയോ! ഒരിക്കലെങ്കിലും നീ കാൎയ്യമായി കൎത്തവ്യരാജ്യത്തിൽ ഇറങ്ങി സഞ്ചരിക്കുകയില്ലെ? ഇതിലും നിനക്കു പരിഹാസമോ?

പിയാര:—. ഇതിൽ പരിഹാസം പാടില്ല. അല്ലേ? അതു ഞാൻ ആദ്യം അറിഞ്ഞില്ല. ആട്ടെ, പറഞ്ഞോളൂ. ഞാനിതാ ഗൌരവത്തോടുകൂടി ഇരുന്നു കേൾക്കാം.

ഷുജാ:— അതേ, ഗൌരവത്തോടുകൂടിത്തന്നെ കേൾക്കേണ്ട കാര്യമാണിതു്. കേൾക്കേണമോ ആ വിശേഷം നിനക്കു്? കേട്ടാൽ ചെവി അറയ്ക്കും, കോപത്താൽ കണ്ണുകൾ കലങ്ങും, കണ്ണും അടയും, സർവ്വാംഗങ്ങളിൽനിന്നും തീ പറക്കും. അങ്ങനത്തെ വർത്തമാനമാണതു്.

പിയാര:— അയ്യോ! എന്റെ അമ്മേ!

ഷുജാ:— എങ്കിലും പറയാം, കേട്ടോളൂ. ആ മര്യാദയില്ലാത്ത ദുഷ്ടൻ നമ്മൾക്കു് അഭയം നല്കിയതിനു പ്രതിഫലമായി ആവശ്യപ്പെടുന്നതെന്തെന്നു് അറിയാമോ? അവൻ ആവശ്യപ്പെടുന്നതു നിന്നെയാണു്—എന്താ മിണ്ടാതെ നിന്നുകളഞ്ഞതു്?—ഒന്നു പരിഹസിക്കു, കാണട്ടെ.

പിയാര:— സംശയമില്ല, എനിക്കിപ്പോൾ രാജാവിന്റെ പേരിലുള്ള ബഹുമാനം ഒന്നുകൂടി വർദ്ധിക്കയാണു് ചെയ്തതു്. അദ്ദേഹം നല്ല വിവേകമുള്ള രാജാവുതന്നെ.

ഷുജാ:— പിയാരേ! ഇങ്ങനെ കളിയാക്കരുതേ! ഞാൻ ഭ്രാന്തനായിപ്പോകും. നിനക്കിതു നേരംപോക്കു്, എനിക്കു മർമ്മശല്യമാണു്. പിയാരേ! നീ എന്റെ ആരാണെന്നറിയാമോ?

പിയാര:—ഭാര്യയാണെന്നാണു് തോന്നുന്നതു്.

ഷുജാ:— അല്ല, നീ എന്റെ രാജ്യമാണു്, എന്റെ ഐശ്വര്യമാണു്, എന്റെ സർവ്വസ്വമാണു്; എന്റെ ഐഹികഭോഗവും പാരത്രികസുഖവും നീയാണു്. സാമ്രാജ്യം എനിക്കു നഷ്ടപ്പെട്ടു എങ്കിലും ഇത്രയും കാലമായിട്ടും ആ നഷ്ടം എനിക്കനുഭവപ്പെട്ടിരുന്നില്ല. ഇന്നു് അനുഭവപ്പെട്ടു.

പിയാര:—എന്തുകൊണ്ടു്?

ഷുജാ:—എനിക്കു പ്രാണവേദന നൽകുന്ന കാര്യം നിനക്കു വെറും നേരംപോക്കായിട്ടല്ലേ തീർന്നിരിക്കുന്നതു്.

പിയാര:— അതേ; ഇതു കുറെ കവിഞ്ഞുപോയി. പലരും

രണ്ടാമതു വിവാഹം ചെയ്യാറുണ്ടെങ്കിലും അങ്ങയെപ്പോലെ ആക്കും ഇത്രവലിയ കെട്ടതി പററാറില്ല.

ഷൂജാ:— അല്ലല്ല, ഇപ്പോഠം എനിക്കു മനസ്സിലായി. നീ വെറും വായകൊണ്ടു മാത്രമാണ് നേരംപോക്കു പറയുന്നതു്. ഉള്ളിൽ വ്യസനംകൊണ്ടു നിനക്കു വീർപ്പുമുട്ടലാണുള്ളതു്. നിൻെറ മുഖത്തു ചിരിയുണ്ടെങ്കിലും കണ്ണുകളിൽ അതാ വെള്ളം നിറഞ്ഞുകാണുന്നു.

പിയാര:—കണ്ടുപിടിച്ചുകളഞ്ഞുവല്ലോ!— ഇല്ല. എൻെറ കണ്ണിൽ വെള്ളമുണ്ടെന്നു് ആരുപറഞ്ഞു? ഇതാ നോക്കൂ: (കണ്ണു തുടക്കുന്നു) ഇനിയില്ല;

ഷൂജാ:—ഇനി നാം എന്താണു ചെയ്യുക?

പിയാര:—എന്നെ വിററുകളയൂ.

ഷൂജാ:— പിയാരേ! എൻെറ നേരെ നിനക്കു സ്നേഹമുണ്ടെങ്കിൽ ഈ മമ്മഭേദകമായ നേരംപോക്കു മതിയാക്കൂ. ഞാൻ ഇനി എന്താണു ചെയ്യേണ്ടതെന്നു നിനക്കറിയാമോ?

പിയാര:—ഇല്ല.

ഷൂജാ:—എനിക്കും അറിഞ്ഞുകൂടാ. അറംഗസീബിനെ അഭയം പ്രാപിച്ചാലോ? പാടില്ല. അതിനേക്കാഠം ഭേദം മരണമാണ്. എന്താ, നീ ഒന്നും മിണ്ടാത്തതെന്താണ്, പിയാരെ?

പിയാര:— ഞാൻ ആലോചിച്ചുനോക്കുകയാണ്.

ഷൂജാ:— ആലോചിച്ചുനോക്കൂ.

പിയാര:— (കുറെനേരം ആലോചിച്ചിട്ട്) അപ്പോഠം പിന്നെ മക്കഠംക്കു ഗതിയെന്തു്?

ഷൂജാ:— എന്തു്.

പിയാര:— ഒന്നുമില്ല.

ഷൂജാ:—ഞാൻ എന്തു ചെയ്യണമെന്നാണു നിൻെറ അഭിപ്രായം?

പിയാര:— എനിക്കു് ഒരഭിപ്രായവും തോന്നുന്നില്ല.

ഷൂജാ:— ഞാൻ ഒരു വഴിയും കാണുന്നില്ല. ആത്മഹത്യ ചെയ്തുകളയാമെന്നു ചിലപ്പോൾ തോന്നാറുണ്ടു്. പക്ഷേ നിന്നെ വിട്ടുപിരിയുവാൻ എനിക്കു ശക്തിയില്ല.

പിയാര:— ഞാനും കൂടെ മരിക്കയാണെങ്കിലോ?

ഷൂജാ:— എന്നാൽ ഞാൻ സന്തോഷത്തോടുകൂടി മരിക്കാം. വേണ്ട, എനിക്കുവേണ്ടി നീ എന്തിനു മരിക്കുന്നു.

പിയാര:— അങ്ങനെയല്ല; അതുതന്നെയാണു നല്ലതു്. നാളെ കാലത്തു നാം ഈ നാടുവിട്ടു പോവുകയല്ല വേണ്ടതു്. നാളെ ഇവിടെ യുദ്ധം നടക്കണം. കൂടെയുള്ള നാല്പതു് അശ്വഭടന്മാരേയുംകൊണ്ടു് അങ്ങു് ഈ രാജ്യത്തെ ആക്രമിക്കണം. പോർക്കളത്തിൽവെച്ചു വീരനെപ്പോലെ പൊരുതി മരിക്കണം, ഞാനും അവിടത്തെ സമീപത്തിൽതന്നെ നിന്നുകൊണ്ടു പ്രാണനെ ഉപേക്ഷിക്കാം. പിന്നെ മക്കളുടെ കാര്യമല്ലേ. അവരുടെ മാനവും മുറയും അവർ കാത്തുകൊള്ളും; എന്തുപറയുന്നു?

ഷൂജാ:— കൊള്ളാം. പക്ഷേ അതുകൊണ്ടുള്ള ഗുണമെന്തു്?

പിയാര:— അല്ലാതെ മററു മാർഗ്ഗമെന്താണുള്ളതു്.? അവിടുന്നു മരിച്ചാൽ പിന്നെ എന്നെ രക്ഷിക്കുന്നതാര്? എന്നുമാത്രമല്ല, അവിടുന്നു് ഇത്രയുംകാലം വീരനെപ്പോലെയാണു് ജീവിതം നയിച്ചുവന്നിട്ടുള്ളതു്. വീരനെപ്പോലെതന്നെ വേണം മരിക്കുവാനും. ഈ മര്യാദകെട്ട രാജാവിൻെറ നീചയമായ പ്രസ്താവത്തിനു് ഉചിതമായ പ്രതിഫലം അവനു കൊടുക്കുകയും വേണം.

ഷൂജാ:— എന്നാൽ അങ്ങനെത്തന്നെ. നാളെ നമുക്കിരുവർക്കും അടുത്തടുത്തു നിന്നുകൊണ്ടു മരിക്കാം — പിയാരേ! ആസ്ഥിതിക്കു നമ്മുടെ ഇഹജീവിതത്തിലുള്ള അവസാനരാത്രി

യാണല്ലോ ഇതു്. വരു, ഇന്നു കളിയും ചിരിയും പാട്ടും കൊണ്ടു തകൎക്കണം. എന്നെ ഇത്രയുംനാൾ ആധിയിലും ആപത്തിലും അനുകമ്പാപൂൎവ്വം ആശ്വസിപ്പിച്ചുവന്ന നിന്റെ ആ അത്ഭുതകരമായ ഗാനമാധുൎയ്യം അവസാനമായി ഇന്നൊന്നുകൂടി ഞാൻ ആസ്വദിക്കട്ടെ. നിന്റെ വീണ യെടുത്തു മീട്ടുക; മധുരമായി പാടുക; സ്വൎഗ്ഗം ഭൂമിയിൽ ഇറങ്ങിവരട്ടെ. സംഗീതത്തിന്റെ മന്ദ്രനാദത്താൽ ആകാശമാസകലം മുഴങ്ങട്ടെ; നിന്റെ സൌന്ദൎയ്യത്തിന്റെ പ്രകാശത്താൽ ഈ അന്ധകാരത്തിന്റെ കാളിമ നീങ്ങട്ടെ. എന്റെ ആത്മാവു നിന്റെ പാവനമായ പ്രേമത്തിന്റെ പേലവകരങ്ങളാൽ ആശ്ലിഷ്ടമായി ആശ്വാസവും നിൎവ്വൃതിയുമടയട്ടെ:—നിൽക്കു ഞാൻ പോയി ഭടന്മാരോടു വിവരം പറഞ്ഞിട്ടു ക്ഷണത്തിൽ മടങ്ങിവരാം. ഇന്നു രാത്രി മുഴുവൻ നമുക്കിരുവൎക്കും ഉറക്കമില്ല.

(പോകുന്നു.)

പിയാര:—മരണം! അതുതന്നെയാകട്ടെ. ഐഹികമോഹങ്ങളുടെയെല്ലാം അവസാനവും സുഖദുഃഖങ്ങളുടെ സമാധിസ്ഥലവുമാണു മരണം. അതു് ഇനിയിങ്ങുവരാത്ത ദീൎഘനിദ്രയും, ഇങ്ങൊരിടത്തും പുലരാത്ത ഗാഢാന്ധകാരവും, ഒരിക്കലും ഭംഗം നേരിടാത്ത നിസ്തബ്ധതയും ആണു്. മരിക്കുന്നതിനു മടിക്കുന്നതെന്തിനു്? ഒരുദിവസം ഏതായാലും അതു കൂടാതെ കഴികയില്ല. കുറെ നേരത്തെയായാൽ അത്രയും നന്നു്—ഇന്നെന്റെ സൌന്ദൎയ്യം കെടാറായ വിളക്കിന്റെ ജ്വാലപോലെ ഉജ്വലതരമായി ആളിക്കത്തട്ടെ; എന്റെ ഗാനം അത്യുച്ചത്തിൽ ആകാശത്തിലേക്കു ഉയൎന്നുചെന്നു നക്ഷത്രമണ്ഡലത്തെ തകൎക്കട്ടെ; ഇന്നത്തെ സുഖം ആപത്തിനൊപ്പം പ്രക്ഷുബ്ധമായിത്തീരട്ടെ; ആനന്ദം ദുഃഖത്തിനൊപ്പം കണ്ണുനീർ വീഴ്ത്തട്ടെ; ജീവിതമാസകലം ഒരേ ഒരു

ചുംബനത്തിൽ അവസാനിക്കട്ടെ:—ഇന്നു നമ്മുടെ അവസാനത്തെ മിലനരാത്രിയാണു്.

(പോകുന്നു)

## രംഗം ൩.

സ്ഥലം—ആഗ്രായിൽ ഷാജിഹാൻെറ മാളികമുറി.

സമയം—രാത്രി.

(പുറമെ കൊടുങ്കാററും മഴയും ഇടിയും മിന്നലും തകൎക്കുന്നു. മുറിയിൽ ഷാജിഹാനും ജഹരത് ഉന്നിസായും ഇരിക്കുന്നു.)

ഷാജിഹാൻ:—ദാറയെ കൊല്ലുവാൻ ഉശിരുള്ളവൻ ഇന്നാരു്? ഷാജിഹാൻചക്രവൎത്തിയായ ഞാനാണു് അവൻെറ അംഗരക്ഷകനായി ഇവിടെ നില്ക്കുന്നതു്. അവനെ തൊടുവാൻ ആൎക്കു സാധിക്കും— അറംഗസീബോ?— അവൻ നിസ്സാരൻ!—ഞാൻ ഒന്നു കണ്ണുരുട്ടിക്കാണിച്ചാൽ ഉടനെ അവൻ പേടിച്ചു കിടുകിടെ വിറക്കും. "കൊടുങ്കാററു വീശട്ടെ" എന്നു ഞാൻ പറയുകയാണെങ്കിൽ ഉടനെ കൊടുങ്കാററു വീശും. ഇടിവെട്ടുണ്ടാകട്ടെ എന്നു ഞാൻ പറയുകയാണെങ്കിൽ ഉടനെ ഇടിവെട്ടും.

(അണിയറയിൽ മേഘഗൎജ്ജനം കേൾക്കപ്പെടുന്നു.)

ജഹരത്:—അയ്യോ! എന്തൊരു ഇടിമുഴക്കം! പുറമേ പഞ്ചഭൂതങ്ങൾ തമ്മിൽ പോരാട്ടം തുടങ്ങിയിരിക്കുന്നു. അകത്തിതാ അഌോന്മത്തനായ ഈ പിതാവിൻെറ മനസ്സിലും അതുപോലെയുള്ള പോരാട്ടം നടന്നുകൊണ്ടിരിക്കുന്നു. (ഇടിമുഴക്കം കേൾക്കുന്നു.) അതാ വീണ്ടും കേൾക്കുന്നു.

ഷാജിഹാൻ:—ആയുധം എടുക്കുവിൻ! ആയുധം എടുക്കുവിൻ! വാൾ, വില്ലു്, അമ്പു്, തോക്കു്, കുന്തം മുതലായവ ധരിച്ചുംകൊണ്ടു ഓടിച്ചെല്ലുവിൻ. അവർ വരുന്നു, അവർ വരുന്നു. ഞാൻ യുദ്ധംചെയ്യും. യുദ്ധകാഹളം മുഴക്കുവിൻ.

കൊടി പറപ്പിക്കുവിൻ. ഇതാ അവർവരുന്നു:—ദുഷ്ടാ! രക്തപിപാസുവായ പിശാചേ! മാറിനില്ക്കു. ദൂരെപ്പോ. എന്നെ നീ അറിയുകയില്ലേ? ഞാൻ സാക്ഷാൽ ഷാജിഹാൻ ചക്രവൎത്തിയാണു്. മാറിപ്പോ ദൂരെ.

ജഹരത്:—വല്യച്ഛ! ക്ഷോഭിക്കരുതേ. വരു, വല്യച്ഛനെ ഞാൻ കട്ടിലിൽ കൊണ്ടുപോയി കിടത്തിവരാം.

ഷാജിഹാൻ:—വേണ്ട, വേണ്ട, ഞാൻ ഇവിടെനിന്നു മാറിയാൽ ഉടനെ അവർ ദാറയെ കൊല്ലും—അരുതു്! തീണ്ടരുതു്! ദൂരെ! ഖബർദാർ!

ജഹരൽ:—വല്യച്ഛാ!

ഷാജിഹാൻ:—അടുത്തു വരണ്ട. നിങ്ങളുടെ നിശ്വാസത്തിൽ വിഷം കലൎത്തിട്ടുണ്ടു്. നിങ്ങളുടെ നിശ്വാസം വെള്ളം കെട്ടിനിന്നു അടുത്തുകിടക്കുന്ന ചളിപ്രദേശത്തിലെ കാററു പോലെ വിഷമയമാണു്; ചീഞ്ഞ ശവംപോലെ ദുർഗ്ഗന്ധപൂൎണ്ണമാണു്. ഒരടിപോലും ഇനി മുന്നോട്ടു വെക്കരുതു്, പറഞ്ഞേക്കാം.

ജഹരൽ:—വല്യച്ഛാ! നേരം വളരെയായി. വരണം, പോയിക്കിടക്കാം.

(ജാഹനാര പ്രവേശിക്കുന്നു.)

ജാഹനാര:—എന്തൊരു ദയനീയമായ കാൎയ്യമാണിതു്! പിതൃദുഃഖത്താൽ പരിതപിക്കുന്ന പെൺകുട്ടി പുത്രദുഃഖത്താൽ വിഷമിക്കുന്ന വൃദ്ധനു സാന്ത്വനം നല്കുന്നു! അവളുടെ സ്വന്തം ഹൃദയത്തിനുള്ളിൽ അഗ്നി ആളിക്കത്തുകയാണു ചെയ്യുന്നതു്. എത്ര ദയനീയം! അറംഗസീബേ! നീ ഇതൊന്നു കണ്ടുപോകേണ്ടതാണു്. നിന്റെ കീൎത്തിയെ പ്രഖ്യാപനം ചെയ്യുന്ന ഈ കാൎയ്യ കണ്ടിട്ടു നിനക്കു കണ്ണുകൾ കുളുൎപ്പിക്കാം;

ജഹരൽ:—ചിററമ്മ ഇത്ര വേഗം ഉണൎന്നുവോ?

ജാഹനാര:— ഇടിവെട്ടുന്ന ശബ്ദംകേട്ടു് ഉണൎന്നുപോയി. അച്ഛൻ വീണ്ടും ഭ്രാന്തിൻെറ വികാരങ്ങൾ കാണിച്ചുതുടങ്ങിയോ?

ജഹരൽ:—ഉവ്വു്, ചിററമ്മേ!

ജാഹനാര:—മരുന്നു കൊടുത്തുവോ?

ജഹരൽ:—കൊടുത്തു. പക്ഷെ ഇത്തവണ സ്വബോധം ഉണ്ടാകുന്നതിനു് ഇത്ര വളരെ താമസം നേരിടുന്നതു്, എന്തുകൊണ്ടെന്നറിഞ്ഞില്ല.

ഷാജിഹാൻ:—ഈ കടുംകൈ ചെയ്തതാരു്? ഈ കടുംകൈ ചെയ്തതാരു്?

ജഹരൽ:—എന്താണു് വലിയച്ഛാ?

ഷാജിഹാൻ:—കൊന്നുകളഞ്ഞു! കൊന്നുകളഞ്ഞു! ഇതാ രക്തം പുറത്തേക്കു ചാടുന്നു. മുറി മുഴുവൻ രക്തപ്രവാഹംകൊണ്ടു നിറഞ്ഞു:—നോക്കട്ടെ—(ഓടിച്ചെന്നു ദാറായുടെ കല്പിതരക്തത്തിൽ കൈമുക്കിയിട്ടു്) ഇപ്പോഴും ഉണ്ടു് ചൂടു്; ആവി പൊങ്ങുന്നു.

ജാഹനാര:—അച്ഛാ! രാത്രി വളരെയായല്ലോ. ഇനിയും ഉറങ്ങാത്തതെന്തു്?

ഷാജിഹാൻ:—എടാ ഔറംഗസീബേ! നീ എന്നെ നോക്കിചിരിക്കുന്നുവോ?—ദുഷ്ടാ! നീ നോക്കിക്കോ? നിന്നെ ഞാൻ ശിക്ഷിക്കാതെ വിടുകയില്ല. നില്ക്കു് അവിടെ; കയ്യുംകെട്ടി നില്ക്കു്. എന്തു്? മാപ്പുചോദിക്കുന്നുവോ?—ഇല്ല നിനക്കു മാപ്പില്ല. പുത്രനെന്നു വിചാരിച്ചു ഞാൻ മാപ്പുതരുമെന്നോ നീ കരുതിയതു്? ഇല്ല, നിനക്കു ഞാൻ മാപ്പു തരികയില്ല. നിന്നെ ഉമിത്തീയ്യിൽ നിറുത്തി ദഹിപ്പിക്കുവാൻ നാം വിധിച്ചിരിക്കുന്നു.—ആരവിടെ? ഇവനെ പിടിച്ചുകൊണ്ടുപോകുവിൻ!

ജാഹനാര:—അച്ഛാ! പോയിക്കിടന്നുറങ്ങണം അച്ഛാ!

ജഹരൽ:—വരണം എൻെറ വലിയച്ഛാ?

(കൈകൾ പിടിക്കുന്നു.)

ഷാജിഹാൻ:—എന്താ മമ്താജ്! നീ അവനുവേണ്ടി മാപ്പു ചോദിക്കുന്നുവോ?—ഇല്ല, ഞാൻ മാപ്പുകൊടുക്കുകയില്ല. വിചാരണചെയ്തു വിധിച്ചുകഴിഞ്ഞു. ഇവൻ ദാറായെ കൊന്ന ഘാതകനാണ്.

ജാഹനാര:—ഇല്ലച്ഛാ. കൊന്നിട്ടില്ല. അച്ഛൻ പോയി കിടന്നുറങ്ങണം.

ഷാജിഹാൻ:—കൊന്നിട്ടില്ലേ!—വാസ്തവം തന്നെയോ പറയുന്നതു്? കൊന്നിട്ടില്ലേ? അപ്പോൾ ഞാൻ ഈ കണ്ടതെല്ലാം എന്തു്! സ്വപ്നമോ?

ജാഹനാര:—അതേ അച്ഛാ; സ്വപ്നമാണ കണ്ടതു്.

ഷാജിഹാൻ:—ആവൂ! എന്നാൽ ആശ്വാസമായി. പക്ഷെ എന്തൊരു ഭയങ്കരമായ ദുസ്സ്വപ്നമായിരുന്നു അതു്! അതു യഥാർത്ഥമായി കലാശിച്ചിരുന്നെങ്കിൽ—അയ്യോ—എന്താ ജഹരൽ? നീ കരയുന്നുവല്ലോ. അപ്പോൾ ഇതു സ്വപ്നമല്ലേ? സ്വപ്നമല്ലെന്നോ ഞാൻ കണ്ടതു്?—അയ്യോ! ഹാ! അയ്യോ! അയ്യോ! അയ്യോ!

(ഇടി മുഴങ്ങുന്നു.)

ജഹരൽ:—പുറമെ എന്താണീ നടക്കുന്നതു്! ഇന്നുതന്നെയോ ലോകാവസാനം! പഞ്ചഭൂതങ്ങൾ അസാമാന്യമായി ക്ഷോഭിച്ചിരിക്കുന്നുവല്ലോ. ജലം, അഗ്നി, വായു, ആകാശം, ഭൂമി—എല്ലാം ഒന്നിച്ചു് ഇളകിവശായിരിക്കുന്നു. അയ്യോ! എന്തു ഭയങ്കരരാത്രിയാണിതു്!

ഷാജിഹാൻ:—ജാഹനാരേ! എന്തൊക്കെയാണു് ഈ കേൾക്കുന്നതു്?

ജാഹനാര:—അച്ഛാ! നേരം അർദ്ധരാത്രിയായി. അച്ഛൻ ഉറങ്ങൂ. ഇങ്ങനെ ഉറക്കമിളച്ചിരിക്കുന്നതിനു് അച്ഛൻ ഭ്രാന്തനും മറവമല്ലല്ലോ.

ഷാജിഹാൻ:—അല്ല, ഞാൻ ഭ്രാന്തനല്ല. മനസ്സിലായി. എനിക്കെല്ലാം മനസ്സിലായി. ജാഹനാരേ! പുറത്തു എന്താണീ നടക്കുന്നതു്?

ജാഹനാര:—പുറത്തു ഒരു മഹാപ്രളയം ആരംഭിച്ചിരിക്കയാണു്. അതാ കേൾക്കുന്നില്ലേ ഇടിമുഴക്കം; അതാ കേൾക്കുന്നു വൃഷ്ടിയുടെ ആരവം; അതാ കേൾക്കുന്നു ഊക്കോടെ വീശുന്ന കൊടുങ്കാററിൻെറ എരമ്പൽ. ഇടിവെട്ടുന്ന ഭയങ്കരശബ്ദമാണു് വീണ്ടും വീണ്ടും ഈ കേൾക്കുന്നതു്. വൃഷ്ടി വെള്ളച്ചാട്ടംപോലെയാണു് വന്നുവീഴുന്നതു്. കൊടുങ്കാററു ആ പെരുമഴയെ ഭൂമിയുടെ മുഖത്തേക്കു വലിച്ചെറിയുന്നു.

ഷാജിഹാൻ:—എറിയുവിൻ മകളേ! വലിച്ചെറിയുവിൻ! ഭൂമി അതെല്ലാം മിണ്ടാതെനിന്നു സഹിക്കട്ടെ. അവൾ എന്തിനു നിങ്ങളെ പെററു? അവൾ എന്തിനു നിങ്ങളെ മാറത്തു കിടത്തി കോട്ടംതട്ടാതെ വളത്തി? നിങ്ങൾ ഇപ്പോൾ വലുതായിക്കഴിഞ്ഞില്ലേ? ഇനി എന്തിനു് അവളെ വകവെക്കുന്നു? പ്രവൃത്തിക്കടുത്ത ഫലംതന്നെയാണു് അവൾക്കു കിട്ടിയതു്. എറിയുവിൻ മക്കളേ! അവളേക്കൊണ്ടു് എന്തു ചെയ്വാൻ കഴിയും? കട്ടകട്ടയായു് ഗൈരികജ്ജ്വാലയെ ഉദ്വമിക്കുമായിരിക്കാം. ഉദ്വമിക്കട്ടെ; അതു് ആകാശത്തിൽ ഉയന്നു ദ്വിഗുണവേഗത്തോടെ വീണ്ടും അവളുടെ വക്ഷസ്സിൽതന്നെ വന്നു വീഴുകയേ ഉള്ളു—കോപത്തോടെ സമുദ്രതരംഗങ്ങളെ ഇളക്കി ഓങ്ങിക്കാണിക്കുമായിരിക്കാം. കാണിക്കട്ടെ; ആ തരംഗങ്ങൾ ഒടുവിൽ അവളുടെ വക്ഷസ്സിൽതന്നെ വന്നടിച്ചു് ദീഘനിശ്വാസത്തിൽ ലയിച്ചു പോവുകയേ ഉള്ളു—അന്തന്തരുദ്ധമായ ബാഷ്പവേഗത്താൽ ക്ഷോഭിച്ചു ഭൂകമ്പമുണ്ടാകുമായിരിക്കാം; എന്നാലും അശേഷം ഭയപ്പെടണ്ട. അതു് അവളുടെ ഹൃദയത്തെത്തന്നെ പിളക്കുകയേ ഉള്ളു. ദുർബ്ബലയായ ആ കിഴവിക്കു

നിങ്ങളെ ഒന്നും ചെയ്വാൻ സാധിക്കയില്ല. സമൃദ്ധിയുള്ള സസ്യങ്ങളും, സ്വാദുള്ള സലിലവും, സുഗന്ധപുഷ്പങ്ങളും തരുവാൻ മാത്രമേ അവൾക്കു ശക്തിയുള്ളു. മററൊന്നും അവളെക്കൊണ്ടു് ആവുകയില്ല. എറിയുവിൻ! അവളുടെ മുഖത്തേക്കു വലിച്ചെറിയുവിൻ! അവളുടെ നെഞ്ചത്തു ചവിട്ടി കൂത്താടുവിൻ! അവൾ ഒന്നും ചെയ്കയില്ല. എറിയുവിൻ മക്കളെ!—കഷ്ടം, അമ്മേ! ഭവതി ഇത്ര ദുർബ്ബലയോ? ഭയങ്കരമായി ഒന്നട്ടഹസിക്കുവാൻ ഭവതിക്കു സാധിക്കുകയില്ലേ? അനേകം ആദിത്യബിംബങ്ങളുടെ ഒന്നിച്ചുള്ള ഉഗ്രപ്രഭയോടെ പെട്ടെന്നുയൎന്നു്, പൊട്ടിത്തകൎന്നു് പല ഖണ്ഡങ്ങളായി തെറിച്ചു് അന്തരീക്ഷത്തിന്റെ അന്തരാളത്തിൽക്കൂടെ പാഞ്ഞുപോകുവാൻ ഭവതിക്കു സാധിക്കുകയില്ലേ? ഈ കൂട്ടരെല്ലാം അപ്പോൾ എവിടെച്ചെന്നു നില്ക്കുമെന്നു കാണാമല്ലൊ.

(പല്ലുകടിക്കുന്നു.)

ജാഹനാരാ:—അച്ഛാ! നിഷ്ഫലമായ ഈ ക്രോധംകൊണ്ടു് എന്താണു പ്രയോജനം? വരണം, പോയിക്കിടക്കണം.

ഷാജിഹാൻ—ശരിയാണു് മകളെ! ഇതുകൊണ്ടു് ഒരു പ്രയോജനവുമില്ല. വെറും നിഷ്ഫലം! നിഷ്ഫലം! നിഷ്ഫലം!

(ഇടിമുഴക്കം കേൾക്കുന്നു.)

ജഹരൽ:—അയ്യോ! ഇതെന്തൊരു കാളരാത്രി! അയ്യോ! ഭയങ്കരം! ഭയങ്കരം.

ഷാജിഹാൻ:—ജാഹനാരേ! ഞാൻ ഈ ഘോരവൃഷ്ടിക്കും കൊടുങ്കാററിനും കൂരിരുട്ടിനും ഉള്ളിൽക്കൂടെ പാഞ്ഞു പുറത്തു കടക്കട്ടെയോ? ഈ നരച്ച തലമുടി പറിച്ചെടുത്തു മുറിച്ചു മുറിച്ചു് ഈ കാററത്തു പറപ്പിക്കുകയും ഈ മഴയത്തു വലിച്ചെറിയുകയും ചെയ്യട്ടെയോ? എന്റെ മാറിടം പിളൎന്നു് ഈ ഇടിവെട്ടിന്റെ നേരെ നീട്ടിക്കാണിക്കട്ടെയോ?

ഈ സ്ഥലത്തുനിന്നും എന്റെ ആത്മാവിനെ പിഴിഞ്ഞു പുറത്തെടുത്തു ദൈവത്തിനു സമർപ്പിക്കട്ടെയോ? ഇതാ വീണ്ടും ഇടി മുഴങ്ങുന്നു. മേഘമേ! നീ എന്തിനു കൂടെക്കൂടെ ഇങ്ങനെ നിഷ്ഫലമായി ഗർജ്ജിക്കുന്നു. ഊക്കേറിയ ഒരാഘാതംകൊണ്ടു ഭൂമിയുടെ വക്ഷസ്സിനെ അഗാധഗർത്തമാക്കിത്തീക്കുവാൻ നിനക്കു സാധിക്കുകയില്ലേ? അന്ധകാരമേ! നിനക്ക് ഇത്രമാത്രമേ ശക്തിയുള്ളു? നിന്റെ പുറകിൽ ഒളിച്ചു നില്ക്കുന്ന ആ സൂൎയ്യനേയും നക്ഷത്രജാലങ്ങളേയും ഒന്നാകെ വിഴുങ്ങിക്കളയുവാൻ നിനക്കു കഴിയുകയില്ലേ?

(ഇടി മുഴങ്ങുന്നു.)

ജാഹനാര:—ഇതാ! വീണ്ടും കേൾക്കുന്നു!

മൂന്നുപേരും ഒന്നിച്ചു:— അയ്യോ! എന്തൊരു ഭയങ്കര രാത്രി!

———○○○———

## രംഗം ൪.

സ്ഥലം—ഗ്വാളിയർ ദുൎഗ്ഗം.

സമയം—പ്രഭാതം.

(സുലേമാനും മഹമ്മദും ഇരിക്കുന്നു.)

സുലേമാൻ:—മഹമ്മദ്: നീ കേട്ടുവോ? ന്യായപ്രകാരം വിചാരണചെയ്തതിൽ ഇളയച്ഛനു വധശിക്ഷയാണ് വിധിച്ചിരിക്കുന്നതു്".

മഹമ്മത്:—"ന്യായപ്രകാരമല്ല; അന്യായപ്രകാരമാണ്. ഈ ഇളയച്ഛൻ ഒരാൾ മാത്രം ബാക്കിയുണ്ടായിരുന്നു. ഇന്നു അദ്ദേഹത്തിന്റെ കഥയും അവസാനിച്ചു.

സുലേമാൻ:—മഹമ്മദ്! നിന്റെ ശ്വശുരന് എങ്ങനെയാണ് മൃത്യു സംഭവിച്ചതു്?

മഹമ്മദ്:—സൂക്ഷ്മം എനിക്കറിഞ്ഞുകൂടാ. ചിലർ പറയുന്നു, അദ്ദേഹം ഭാൎയ്യാസമേതം വെള്ളത്തിൽ മുങ്ങി മരിച്ചു എ

ന്നു്. മററു ചിലർ പറയുന്നു, പത്നീസമേതം പോൿളത്തിൽവെച്ചു കൊല്ലപ്പെട്ടു എന്നു്. മക്കളും ആത്മഹത്യ ചെയ്തു.

സുലേമാൻ:—അങ്ങനെയാണെങ്കിൽ അദ്ദേഹത്തിൻെറ ശാഖയിൽ ഇനി ആരും ശേഷിച്ചിട്ടില്ലല്ലൊ.

മഹമ്മദ്:—ഇല്ല.

സുലേമാൻ:—ഈ വൎത്തമാനം നിൻെറ ഭാൎയ്യ കേട്ടുവോ?

മഹമ്മദ്:—കേട്ടു. ഇന്നലെ രാത്രി മുഴുവൻ കരച്ചിലായിരുന്നു, അശേഷം ഉറങ്ങീട്ടില്ല.

സുലേമാൻ:—മഹമ്മദ്! എത്ര വലിയ ദുഃഖത്തിലാണു് നീ അകപ്പെട്ടിരിക്കുന്നതു്! എങ്ങനെ നീ ഇതു സഹിക്കുന്നു?

മഹമ്മദ്:—ജ്യേഷ്ഠൻ ഈ അനുഭവിക്കുന്നതു വലിയ സുഖമായിരിക്കാം, അല്ലേ? അച്ഛനമ്മമാരുടെ അടുക്കലേക്കു പറപ്പെട്ടിട്ടു് അവരെ ഒരു കണ്ണു കാണ്മാൻകൂടി ജ്യേഷ്ഠനു സാധിച്ചുവോ?

സുലേമാൻ:—പിന്നേയും ആ സംഗതി എന്നെ ഓൎമ്മിപ്പിക്കുന്നുവോ? മഹമ്മദ്! നീ ഇത്ര നിൎദ്ദയനോ? നിൻെറ പിതാവു നിന്നെ ഇവിടെക്കു പറഞ്ഞയച്ചിരിക്കുന്നതു് നിത്യവും എന്നെ ഈ വിധത്തിൽ കഷ്ടപ്പെടുത്തി കൊല്ലുന്നതിനോ? ആരാണു് ദൈവമേ! എനിക്കൊരാശ്വാസം നല്കുവാൻ?

മഹമ്മദ്:—ജ്യേഷ്ഠ! എൻെറ ഹൃദയത്തിലെ രക്തം കിട്ടിയാൽ ജ്യേഷ്ഠൻെറ ദുഃഖത്തിനു് അല്പമെങ്കിലും ആശ്വാസം ഉണ്ടാകുമെന്നുണ്ടെങ്കിൽ ഞാൻ ഈ നിമിഷത്തിൽ തന്നെ എൻെറ മാററത്തു കഠാരം കുത്തിയിറക്കുവാൻ തയ്യാറാണു്.

സുലേമാൻ:—മഹമ്മദ്! നീ പറയുന്നതു് ശരിയാണു്. ഈ ദുഃഖത്തിനു സമാധാനമില്ല. എൻെറ മനസ്സിനു സമ്പൂൎണ്ണമായ വിസ്മൃതിയെ നല്കുവാൻ നിനക്കു കഴിയുമെങ്കിൽ— കഴിഞ്ഞുപോയതിനെ തീരെ മാച്ചുകളയുവാൻ നിനക്കു

കഴിയുമെങ്കിൽ—അതിനുള്ള ഉപായം നീ ഉപദേശിച്ചു തരിക.

മഹമ്മദ്:—ജ്യേഷ്ഠ! ഈ ദാരുണദുഃഖത്തിനു ശാന്തിയെ നല്കുവാൻ ശക്തിയുള്ള യാതൊരു മരുന്നും ലോകത്തിൽ ഇല്ലേ? ഈ തീവ്രവേദനയെ മാററുവാൻ കഴിവുള്ള യാതൊരു വിഷവും ഭൂമിയിൽ കണ്ടുപിടിക്കപ്പെട്ടിട്ടില്ലേ?

സുലേമാൻ:— അതാ നോക്കു മഹമ്മദ്! സിപാരിനെ നോക്കു.

(സേതുവിന്മേൽ സിപാർ പ്രവേശിക്കുന്നു.)

സുലേമാൻ:—ആ കുട്ടിയുടെ നേരെ ഒന്നു നോക്കു. എൻെറ പ്രിയ സഹോദരനായ ആ സിപാരിനെ ഒന്നു നോക്കു. അനങ്ങാതെ, കയ്യുംകെട്ടി ശൂന്യദൃഷ്ടിയോടെ ആകാശത്തിലേക്കു നോക്കിക്കൊണ്ടു മിണ്ടാതെ നില്ക്കുന്ന ആ ബാലവിഗ്രഹത്തെ ഒന്നു നോക്കു. ഇത്ര ദയനീയവും ഭയങ്കരവുമായ ഒരു കാഴ്ച നീ ഇതിനു മുമ്പു വല്ലപ്പോഴും കണ്ടിട്ടുണ്ടോ?, മഹമ്മദ്?. ഇതു കണ്ടുകഴിഞ്ഞാൽ പിന്നെ സ്വന്തം ദുഃഖത്തെപ്പററി ചിന്തിക്കുവാൻപോലും നിൻെറ മനസ്സിനു സ്വാസ്ഥ്യമുണ്ടാകുമോ?

മഹമ്മദ്:—അയ്യോ! എന്തു ദയനീയമായ കാഴ്ച! ജ്യേഷ്ഠൻ പറഞ്ഞതു യഥാർത്ഥമാണ്. നമ്മുടെ ദുഃഖം പറഞ്ഞറിയിക്കത്തക്കതാണ്. എന്നാൽ ഈ കുട്ടിയുടെ ദുഃഖം വാക്കുകൾക്ക് അതീതമായിട്ടുള്ളതാണ്. കുട്ടികൾ കരയുമ്പോൾ അടുത്തു വല്ല ഭയങ്കരമായ നിലവിളിയും കേൾക്കുവാൻ ഇടയാകുന്നപക്ഷം ഉടനെ പേടിച്ചു് ആ കുട്ടികളുടെ കരച്ചിൽ അമൎന്നുപോകും. അതുപോലെ നമ്മുടെ ദുഃഖം ഈ ദുഃഖം കാണുമ്പോൾ ഭയന്നു തലപൊക്കാതെ കിടന്നുകളയുന്നു.

സുലേമാൻ:—നോക്കു, അതാ, കണ്ണുകൾ രണ്ടും അടച്ചു കൈകൾ തമ്മിൽ കൂട്ടിത്തിരുമ്മുന്നു. ഹൃദയവേദനകൊണ്ടു നി

ലവിളിക്കുവാൻ ഭാവിച്ചാലും കണ്ഠത്തിൽനിന്നും ശബ്ദം പുറപ്പെട്ടുവാൻ സാധിക്കാതെ കഷ്ടപ്പെട്ടുകയാണെന്നു തോന്നും—സിപാർ! സിപാർ! പ്രിയ സഹോദര!

(സിപാർ സുലേമാൻെറ നേരെ ഒന്നു തിരിഞ്ഞുനോക്കിയതിൻെറ ശേഷം മിണ്ടാതെ പോകുന്നു.)

മഹമ്മദ്:—ജ്യേഷ്ഠ!

സുലേമാൻ:—മഹമ്മദ്!

മഹമ്മദ്:—എനിക്കു മാപ്പുതരണേ!

സുലേമാൻ:—നീ എന്തു പിഴച്ചു?

മഹമ്മദ്—അല്ല ജ്യേഷ്ഠ! എനിക്കു മാപ്പു തരണം. ഇത്രവലിയ പാപത്തിൻെറ ഗുരുതരമായ ഭാരം സഹിക്കുവാൻ എൻെറ പിതാവിനു ശക്തിയില്ല. അതിനാൽ ആ പാപത്തിൻെറ പകുതി ഭാരം ഞാൻ എൻെറ ചുമലിൽ വഹിക്കുന്നു. ഞാൻ മഹാപാപിയാണ്. എനിക്കു മാപ്പുതരണം. (മുട്ടുകുത്തുന്നു.)

സുലേമാൻ:—സഹോദര! എഴുന്നേല്ക്കു. നീ മഹാൻ! വീരൻ! ഉദാരൻ! നിനക്കു മാപ്പു തരേണ്ടതു ഞാനോ!—നീ സ്വധർമ്മത്തിനുവേണ്ടി സ്വേച്ഛയോടെ ദുഃഖം സഹിക്കുകയാണ്—ഞാനോ വെറും ഭാഗ്യഹീനൻ.

മഹമ്മദ്:—എന്നാൽ എൻെറ നേരെ ജ്യേഷ്ഠനു വിരോധമൊന്നുമില്ലെന്നു തുറന്നു പറയൂ. അനുജനെന്നു വിളിച്ച് ആലിംഗനം ചെയ്യൂ.

സുലേമാൻ:—എൻെറ പ്രിയപ്പെട്ട അനുജ!

(ആലിംഗനം ചെയ്യുന്നു.)

മഹമ്മദ്—അതാ അങ്ങോട്ടു നോക്കു, അവർ ഇളയച്ഛനെ വധസ്ഥലത്തേയ്ക്കു കൊണ്ടുപോവുകയാണ്.

(സുലേമാൻ അങ്ങോട്ടേക്കു നോക്കുന്നു. സേതുവിന്മേൽ ഭടന്മാരാൽ പരിവേഷ്ടിതനായ മൊറാദ് പ്രവേശിക്കുന്നു.)

മൊറാദ്:—(ഉറക്കെ) അള്ളാ! ഞാൻ ചെയ്ത പാപത്തിൻെറ

ശിക്ഷയാണു് എനിക്കു കിട്ടിയതു്. അതിൽ എനിക്കു വ്യസനമില്ല. പക്ഷെ അറംഗസീബു് ഒഴിവായതെങ്ങനെ?

അണിയറയിൽ:—ആരും ഒഴിവാകുമെന്നു വിചാരിക്കണ്ട. തുലാസ്സിൻെറ തട്ടു തനിയെ താഴും.

സുലെമാൻ:—അതാരുടെ ഒച്ചയാണു്?

മഹമ്മദ്:—എൻെറ ഭാര്യയുടെ ഒച്ച.

അണിയറയിൽ:—അയാൾ അനുഭവിക്കുവാനിരിക്കുന്ന ശിക്ഷ ആലോചിക്കുമ്പോൾ ഈ ശിക്ഷ നിങ്ങൾക്കൊരു സമ്മാനമാണു്. ദൈവം ആരേയും ഒഴിവാക്കുകയില്ല. ഒഴിഞ്ഞു കളയുവാൻ ആൎക്കും സാധിക്കയുമില്ല.

മൊറാദ്:—(ഉന്മേഷത്തോടുകൂടി) അവൻം കിട്ടുമൊ ശിക്ഷ? എന്നാൽ നന്നായി. എന്നെ വധസ്ഥലത്തേക്കു കൊണ്ടു പോകുവിൻ. ഇനി എനിക്കു വ്യസനമില്ല.

(ഭടന്മാരോടുകൂടി മൊറാദ് പോകുന്നു.)

സുലെമാൻ:—മഹമ്മദ്! എന്താണിതു്? നീ ഏകാഗ്രദൃഷ്ടിയോടെ അങ്ങോട്ടു സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുന്നതെന്താണു്? എന്തൊന്നാണു് നീ നോക്കുന്നതു്?

മഹമ്മദ്:—നരകം. ഇതു കൂടാതെ ഇനി നരകം വേറൊന്നു കൂടിയുണ്ടൊ? ഉണ്ടെങ്കിൽ അതെങ്ങനത്തെതായിരിക്കും എൻെറ അള്ളാ!

## രംഗം ៩.

സ്ഥലം—അറംഗസീബിൻെറ അരമനയിലെ ഒരു മുറി.

സമയം—അൎദ്ധരാത്രി

(അറംഗസീബ് ഏകാകിയായി നില്ക്കുന്നു.)

അറംഗസീബ്:—ഞാൻ പ്രവൎത്തിച്ചിട്ടുള്ളതെല്ലാം മതത്തിനു വേണ്ടിയാണു്. മററു വല്ല മാൎഗ്ഗവും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!— (പുറത്തേക്കു നോക്കിയിട്ടു്) അ

യ്യോ! എന്തൊരു കൂരിരുട്ട്!— ആരാണതിനുത്തരവാദി? ഞാനൊ? അതു ന്യായാധിപൻെറ വിധിയല്ലേ?—എന്തൊച്ചയാണതു്?—ഒന്നുമല്ല കാററൂതുന്ന ശബ്ദമാണു്! ഇതെന്തൊരു കഷ്ടമാണ്. ഒരു വിധത്തിലും ഈ വിചാരത്തെ മനസ്സിൽനിന്നു് അകററുവാൻ എനിക്കു് സാധിക്കുന്നില്ലല്ലോ. രാത്രി ക്ഷീണംകൊണ്ടു ഞാൻ തളൎന്നുവീണു പോകുന്നു; എങ്കിലും ഉറക്കം വരുന്നില്ല. (നെടുവീൎപ്പിട്ടിട്ടു്) അയ്യോ: എന്തൊരു നിശ്ശബ്ദത! ഇന്നെന്താണു് ഇത്ര ഗാഢമായ നിശ്ശബ്ദത? (ചുററി നടക്കുന്നു. ഇടക്കു പെട്ടെന്നു നിന്നിട്ടു്) ആ കാണുന്നതെന്താണു്? വീണ്ടും വന്നുവല്ലൊ. ദാറായുടെ ആ മുറിക്കപ്പെട്ട തല. ഷൂജായുടെ നിണമണിഞ്ഞ ദേഹം, മൊറാദിൻെറ പിടയ്ക്കുന്ന കബന്ധം പോട്ടെ എല്ലാം—എനിക്കിതിലൊന്നും വിശ്വാസമില്ല. ഇതാ പിന്നേയും പ്രത്യക്ഷപ്പെട്ടിരിക്കുന്നുവല്ലൊ. എൻെറ ചുററും നിന്നുകൊണ്ടു് നൃത്തം ചെയ്യുന്നുവല്ലൊ. നിങ്ങൾ ആരാണു്? പ്രകാശമുള്ള ധൂമശിഖകളെപ്പോലെ ഇടക്കിടക്കു് അൎദ്ധനിദ്രാവസ്ഥയിൽ എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു പെട്ടെന്നു മറഞ്ഞുപോകുന്ന നിങ്ങൾ ആരാണു്? എല്ലാം പോകുവിൻ! ഇതാ മൊറാദിൻെറ കബന്ധം എന്നെ കൈകാട്ടി വിളിക്കുന്നു. ദാറായുടെ ശിരസ്സ് എൻെറ നേരെ തുറിച്ചുനോക്കുന്നു. ഷൂജാ എന്നെ നോക്കിച്ചിരിക്കുന്നു, ഇതെല്ലാം എന്തു്! അയ്യോ! (കണ്ണുകൾ അടക്കുന്നു. കുറെ കഴിഞ്ഞു വീണ്ടും തുറന്നു നോക്കീട്ടു്)—പോട്ടെ; എല്ലാം പൊയ്ക്കഴിഞ്ഞു. അയ്യോ! ദേഹത്തിലെ രക്തസഞ്ചാരത്തിനു വേഗം കൂടിക്കൂടിവരുന്നു. തലയിൽ ഒരു പൎവ്വതം കയററിവെച്ചതുപോലെ തോന്നുന്നു,

(ദിൽദാർ പ്രവേശിക്കുന്നു.)

ഔറംഗസീബ്:— (ഞെട്ടിയിട്ടു്) ദിൽദാരോ ഇതു്?

ദിൽദാർ:—അതേ തിരുമേനി!

ഔറംഗസീബ്:—എന്തെല്ലാമാണ് ഞാൻ ഈ കണ്ടതു്? നിങ്ങൾക്കറിയാമോ?

ദിൽദാർ:—വിവേകയവനികയിൽ പ്രതിഫലിച്ച ഉത്കൃഷ്ട ചിന്തയുടെ നിഴലുകൾ—അപ്പോൾ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു, അല്ലേ?

ഔറംഗസീബ്:— എന്താണ്?

ദിൽദാർ:— പശ്ചാത്താപം. അതുണ്ടാവാതെ കഴികയില്ലെന്നു പണ്ടുതന്നെ എനിക്കറിയാം. ഇത്ര വലിയ അക്രമത്തെ—ഇത്ര കഠോരമായ നിയമലംഘനത്തെ പ്രകൃതി വളരെനാൾ സഹിച്ചുകൊണ്ടിരിക്കുമോ? ഒരിക്കലുമില്ല.

ഔറംഗസീബ്:— എന്തു നിയമലംഘനമാണ്, ദിൽദാർ?

ദിൽദാർ:— വൃദ്ധനായ പിതാവിനെ കാരാഗൃഹത്തിൽ ബന്ധനസ്ഥനാക്കിപ്പാർപ്പിക്കുക എന്നുള്ളതുതന്നെ, തിരുമേനി! അവിടത്തെ പിതാവ് അങ്ങയുടെ സ്നേഹശൂന്യമായ പെരുമാററത്താൽ ഭ്രാന്തനായിത്തീൎന്നിരിക്കുന്ന വസ്തുത തിരുമേനി അറിയുന്നുണ്ടോ? അതിനു പുറമേ ഒന്നിനുമേൽ ഒന്നായി എത്ര ഭ്രാതൃഹത്യയാണ് ഈ നടന്നതു്! ഇത്ര വലിയ മഹാപാപം അങ്ങനെതന്നെ മാഞ്ഞുപോകുമെന്നാണോ അവിടത്തെ വിചാരം?

ഔറംഗസീബ്:— ഞാൻ ഭ്രാതൃഹത്യ നടത്തി എന്ന് ആരാണു പറയുന്നതു്? അതു കാസിമാർ വിധിച്ച ശിക്ഷയാണ്.

ദിൽദാർ:—ദീൎഘകാലമായി അന്യന്മാരെ വഞ്ചിച്ചു ശീലിച്ചിട്ടുള്ള തിരുമേനിക്കു സ്വന്തം മനസ്സാക്ഷിയെത്തന്നെ വഞ്ചിക്കുവാൻ സാധിക്കുമെന്നു വിശ്വാസം വന്നുപോയോ? അതാണ് എല്ലാററിലും പ്രയാസമേറിയ കാൎയ്യം. സഹോദരനെ കഴുത്തു ഞെക്കിക്കൊല്ലുവാൻ തിരുമേനിക്കു കഴിയുമായിരിക്കാം. എന്നാൽ വിവേകത്തെ അത്രവേഗം ശ്വാസം മുട്ടിച്ചു കൊല്ലുവാൻ സാധിക്കയില്ല. അതിൻെറ കഴുത്ത് എത്രതന്നെ ഞെക്കിപ്പിടിച്ചാലും അതിൻെറ ശാന്ത

ഗംഭീരമായ ഭഗ്നസ്വരം പിന്നെയും പൊങ്ങിവന്നു ഹൃദയ മദ്ധ്യത്തിൽ അപ്പോഴപ്പോൾ പ്രതിദ്ധ്വനിച്ചുകൊണ്ടിരിക്കും.—ഇനി ഏതായാലും പ്രവൎത്തിച്ചുപോയ പാപത്തിനു പ്രായശ്ചിത്തം ചെയ്യുക.

അറംഗസീബ്:—പോവൂ താൻ ഇവിടെനിന്നു്. അറംഗസീബിനു് ഉപദേശം നല്കുവാൻ താനാര്?

ദിൽദാർ:—അറംഗസീബേ! ഞാനാരെന്നോ ചോദിക്കുന്നതു്? എന്നാൽ കേട്ടോളു; മിർസാ മഹമ്മദ് നിയാമത് ഖാൻ ആണു് ഈ നില്ക്കുന്നതു്.

അറംഗസീബ്:— ആരു്! ഹാജി നിയാമൽഖാനോ? ഏഷ്യയിലെ വിജ്ഞാനിവൎയ്യനായ പണ്ഡിതാഗ്രേസരനാണല്ലോ അദ്ദേഹം.

ദിൽദാർ:— അതേ അറംഗസീബ്! ആ നിയാമൽഖാൻ തന്നെയാണു് ഞാൻ. രാജ്യതന്ത്രത്തിൽ സ്വല്പം ജ്ഞാനം സമ്പാദിച്ചാൽ കൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ പുറപ്പെട്ടതു്. സംഗതിവശാൽ ഇവിടെ എത്തി ഈ കുടുംബകലഹത്തിൻെറ ഭയങ്കരമായ ആവൎത്തത്തിൽ അകപ്പെടുവാൻ ഇടയായി. എൻെറ ഉദ്ദേശസാദ്ധ്യത്തിനായി ഞാൻ നിന്ദ്യമായ വിദൂഷകവേഷം കെട്ടുകയും ഒരിക്കൽ സാമാന്യമായ ഒരു കപടതന്ത്രത്തിൽ സ്വയം ഇറങ്ങി പ്രവൎത്തിക്കുകകൂടിയും ചെയ്തു. എന്നാൽ യാതൊരു ജ്ഞാനവുംകൊണ്ടു് ഇന്നു ഞാൻ ഇവിടെനിന്നും ഇറങ്ങിപ്പോകുന്നുവോ ആ ജ്ഞാനം സമ്പാദിക്കുവാൻ പുറപ്പെടേണ്ടിയിരുന്നില്ല എന്നു് ഇപ്പോൾ എനിക്കു തോന്നുന്നുണ്ടു്. അറംഗസീബേ! ഞാൻ നിങ്ങളുടെ പണത്തെ മോഹിച്ചിട്ടാണു് ഇത്രയും നാൾ നിങ്ങളുടെ ദാസനായി ജീവിച്ചിരുന്നതെന്നാണൊ നിങ്ങൾ വിചാരിക്കുന്നതു്? ഐശ്വൎയ്യത്തിൻെറ മസ്തകത്തിന്മേൽ ചവിട്ടിനില്ക്കുവാൻതക്ക തേജസ്സു് വിദ്യക്കു് ഇപ്പോഴും ഉണ്ടു്. തിരുമേനി! ഞാൻ പോകുന്നു.

(പോകുവാൻ ഭാവിക്കുന്നു.)

അറംഗസീബ്:—അല്ലയോ മാന്യനായ ഷാജിസാഹേബ്.

ദിൽദാർ:—ഇല്ല അറംഗസീബ്! നിങ്ങൾ എന്തു പറഞ്ഞാലും ഞാൻ ഇനി മടങ്ങുകയില്ല. ഞാൻ യാത്രയായിക്കഴിഞ്ഞു എന്നാൽ ഒരു കാൎയ്യം ഞാൻ നിങ്ങളെ അറിയിച്ചിട്ട് പൊയ്ക്കൊള്ളട്ടെ.—ഈ ജീവിതയുദ്ധത്തിൽ നിങ്ങൾക്കു വിജയം സിദ്ധിച്ചു എന്നാണ് നിങ്ങളുടെ ഭാവം, അല്ലേ? എന്നാൽ വാസ്തവം അങ്ങനെയല്ല. വിജയമല്ല. പരാജയമാണ് നിങ്ങൾക്കു സിദ്ധിച്ചിരിക്കുന്നതു്. വലിയ പാപത്തിനു വലിയ ശിക്ഷ—അധഃപതനം എന്നാണ് നിയമം. നിങ്ങൾ എത്രമാത്രം ഉയൎന്നു എന്ന് അഭിമാനിക്കുന്നുവോ, വാസ്തവത്തിൽ, നിങ്ങൾ അത്രയും അധഃപതിക്കയാണു ചെയ്തിട്ടുള്ളതു്. യൌവനത്തിന്റെ ലഹരികൊണ്ടു നിങ്ങൾ അന്ധനായിത്തീൎന്നിരിക്കയാണ്. അതു നീങ്ങുന്ന സമത്തു നിങ്ങളുടെ നിറഭേദമില്ലാത്ത ദൃഷ്ടിയിൽ, നിങ്ങൾക്കും സ്വൎഗ്ഗത്തിനും ഇടക്കുള്ള മഹത്തായ അന്തരം വിശദമായി പ്രത്യക്ഷപ്പെടും. അതു കാണുമ്പോൾ നിങ്ങൾക്ക് രോമാഞ്ചമുണ്ടാകും—നിങ്ങൾ വിറക്കും. ഓൎമ്മയിരിക്കട്ടെ. (പോകുന്നു.)

(അറംഗസീബ് തലതാഴ്ത്തിക്കൊണ്ടു മറുവശത്തുകൂടി പോകുന്നു.)

## രംഗം ൩.

സ്ഥലം—ആഗ്രായിലെ കൊട്ടാരത്തിന്റെ വരാന്ത.

സമയം—അപരാഹ്നം.

(ജാഹനാരയും ജഹരൽഉന്നിസായും സംസാരിച്ചുകൊണ്ടിരിക്കുന്നു.)

ജാഹനാര—ജഹരൽഉന്നിസെ! അറംഗസീബിനെപ്പോലെ

സൌമ്യനും സ്മേരമുഖനും മനോഹരനും ആയ ഒരു പാഷണ്ഡനെ നീ കണ്ടിട്ടുണ്ടോ?

ജഹരൽ:—ഇല്ല, ചിററമ്മേ! എനിക്കു വല്ലാത്ത ഭയം തോന്നുന്നു. ഉള്ളിൽ എത്ര ക്രൂരൻ! പുറമെ എത്ര സരളൻ! മനസ്സിൽ എന്തു കരുത്തു്? വാക്കിൽ എന്തു മാർദ്ദവം; അകത്തെന്തൊരു വിഷം; പുറത്തെന്തൊരു മാധുര്യം!—ഇങ്ങനെയും ഉണ്ടോ മനുഷ്യൻ! എനിക്കു ഭയമാകുന്നു.

ജാഹനാര:—എനിക്കു ബഹുമാനമാണു് തോന്നുന്നതു്. രക്തപിപാസുവായ വ്യാഘ്രത്തിൻെറ നോട്ടം കണ്ണുകളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കെ ഇത്ര ഭംഗിയിൽ ചിരിക്കുവാനും, ആളിക്കത്തുന്ന വൈരാഗ്നിയെ ഉള്ളിൽ ഒതുക്കിവെച്ചുകൊണ്ടു പുറമെ ഇത്ര മധുരമായി സംസാരിക്കുവാനും, പുതിയ പുതിയ പൈശാചികപ്രവൃത്തികൾക്കുള്ള സങ്കല്പങ്ങളെ ഉള്ളുകൊണ്ടു സൃഷ്ടിക്കുന്ന അവസരത്തിൽതന്നെ പുറമെ ദൈവത്തിൻെറ അടുക്കൽ കൈകൂപ്പി പ്രാർത്ഥിക്കുവാനും മനുഷ്യനു സാധിക്കുന്നുണ്ടല്ലോ എന്നോർക്കുമ്പോൾ ഞാൻ വിസ്മയംകൊണ്ടു വിമൂഢയായിത്തീർന്നുപോകുന്നു. അഹോ! അത്യാശ്ചര്യം.

ജഹരൽ:—പിതാവിനെ ബന്ധനത്തിലാണു് പാർപ്പിച്ചിരിക്കുന്നതു്; എന്നിട്ടും രാജ്യകാര്യങ്ങളിൽ അദ്ദേഹത്തിൻെറ ഉപദേശങ്ങളെ ആവശ്യപ്പെട്ടുകൊണ്ടു് ആളയക്കുന്നു. അദ്ദേഹത്തിൻെറ പുത്രന്മാരെ ഓരോന്നായി കൺമുമ്പിലെന്നവണ്ണം നിർദ്ദയമായി കൊന്നുകളഞ്ഞു; എന്നിട്ടിപ്പോൾ അതിനു മാപ്പുചോദിച്ചുകൊണ്ടു വീണ്ടും വീണ്ടും ദൂതന്മാരെ പറഞ്ഞയക്കുന്നു. എന്തൊരു ലജ്ജയും സങ്കോചവുമാണു് അഭിനയിക്കുന്നതു്? അത്ഭുതംതന്നെ. ഇതാ വല്യച്ഛൻ വരുന്നു.

(ഷാജിഹാൻ പ്രവേശിക്കുന്നു.)

ഷാജിഹാൻ:—നോക്കു ജാഹനാരേ! നോക്കു ജഹരൽ; കൊള്ളാമൊ എന്റെ വേഷം? ഈ രത്നങ്ങളെല്ലാം അറംഗസീബ് തട്ടിപ്പറിച്ചുകൊണ്ടു പൊയ്ക്കളഞ്ഞെങ്കിലോ എന്നു പേടിച്ചാണു ഞാൻ ഇതെല്ലാം എപ്പോഴും ദേഹത്തിൽ അണിഞ്ഞുകൊണ്ടു നടക്കുന്നതു്. ഇപ്പോൾ എന്നെ കണ്ടാൽ എങ്ങനെയിരിക്കുന്നു? (ജഹരത്തിനോടു്) നിനക്കെന്നെ കല്യാണം കഴിച്ചാൽ കൊള്ളാമെന്നു തോന്നുന്നില്ലേ?

ജഹരൽ:—വീണ്ടും സ്വബോധം നശിച്ചിരിക്കുന്നു. ശരന്മേഘം ചന്ദ്രബിംബത്തെയെന്നപോലെ ഉന്മാദം അപ്പോഴപ്പോൾ വന്നു വിവേകത്തെ മറച്ചുകളയുന്നു.

ഷാജിഹാൻ:—(പെട്ടെന്നു ഗൗരവഭാവത്തെ കൈക്കൊണ്ടു്) പക്ഷെ—ജാഗ്രതയായിരിക്കണം. വിവാഹം കഴിക്കരുതു്. (സ്വരം അല്പം താഴ്ത്തീട്ടു്) പുത്രനുണ്ടായാൽ അവൻ നിന്നെ ബന്ധനത്തിൽ പാർപ്പിക്കും. നിന്റെ ആഭരണങ്ങളെല്ലാം തട്ടിപ്പറിച്ചുകൊണ്ടു പോകും. നീ ഒരിക്കലും വിവാഹം ചെയ്യരുതു്—ഖബർദാർ!

ജാഹനാര:—കണ്ടുവോ ജഹരൽ! ഇതു വെറും ഉന്മാദമല്ല. ഇതിന്റെ കൂടെ സംജ്ഞയും ഇടകലൎന്നിട്ടുണ്ടു്. ഇതു് ഒരുതരം വിവേകത്തിന്റെ വിലാപമാണു്.

ജഹരൽ:—ലോകത്തിൽ ദയനീയമായ കാഴ്ചകൾ പലതും ഉണ്ടു്. എന്നാൽ വിവേകമുള്ള ഭ്രാന്തിനെപ്പോലെ അത്ര വളരെ ദയനീയമായി മറ്റൊന്നും തന്നെയില്ല. ഒരു മനോഹരപ്രതിമ ഇതാ തകൎന്നു താറുമാറായിക്കിടക്കുന്നു. അയ്യോ! എത്ര ദയനീയം!

(വസ്ത്രാഗ്രത്താൽ മുഖം മറച്ചുകൊണ്ടു ജഹരൽ ഉന്നിസാ പോകുന്നു.)

ഷാജിഹാൻ:—ജാഹനാരേ! ഞാൻ ഭ്രാന്തനായിത്തീൎന്നിട്ടില്ല. എനിക്കിപ്പോഴും ഓൎമ്മശക്തിയുണ്ടു്. ശ്രമിച്ചാൽ ഓരോ

നായി എല്ലാം ഞാൻ ഓർത്തു പറയാം.

ജാഹനാര:— അച്ഛാ! അതെനിക്കറിയാം.

ഷാജിഹാൻ:— പക്ഷെ എൻെറ ഹൃദയം തകൎന്നു പോയി. ഇത്ര വലിയ ദുഃഖത്തെ സഹിച്ചുകൊണ്ടു് ഇപ്പോഴും ഞാൻ ജീവിച്ചിരിപ്പുണ്ടല്ലോ. അതാണു് അത്ഭുതം. ദാറാ, ഷൂജാ, മൊറാദ്—എല്ലാവരേയും കൊന്നുകളഞ്ഞു. പ്രതീകാരം ചെയ്യുന്നതിനു് അവരുടെ മക്കളിൽ ഒരുത്തൻപോലും ശേഷിച്ചിട്ടില്ല.—സകലരേയും അവൻ കൊന്നുകളഞ്ഞു.

(അറംഗസീബ് പ്രവേശിക്കുന്നു.)

ഷാജിഹാൻ:— ഇതാരു്? (ഭയത്തോടും വിസ്മയത്തോടുംകൂടി) ഇതു—ഇതു—ചക്രവൎത്തിയാണല്ലോ.

ജാഹനാര:— (ആശ്ചൎയ്യത്തോടുകൂടി) എന്തു്! അറംഗസീബോ!

അറംഗസീബ്:— പിതാവേ!

ഷാജിഹാൻ:— എൻെറ രത്നങ്ങളും മുത്തുകളും തട്ടിപ്പറിക്കുവാനാണോ വന്നിരിക്കുന്നതു്? ഞാൻ തരികയില്ല, തരികയില്ല. ഇപ്പോൾതന്നെ ഞാൻ ഇതെല്ലാം ഇരിമ്പു ചുററികകൊണ്ടു തല്ലിപ്പൊട്ടിച്ചുകളയും.

(പോകുവാൻ ഭാവിക്കുന്നു.)

അറംഗസീബ്:— (മുമ്പിൽ വന്നു നിന്നിട്ടു്) ഇല്ലച്ഛാ! ഞാൻ രത്നങ്ങളും മുത്തുകളും തട്ടിപ്പറിക്കുവാനല്ല വന്നിരിക്കുന്നതു്.

ജാഹനാര:— എന്നാൽ മനസ്സിലായി. അച്ഛനെ കൊല്ലുവാനായിരിക്കും. പിതൃഹത്യ മാത്രമായിട്ടു് എന്തിനു ബാക്കിവെക്കുന്നു? അതുകൂടി നടക്കട്ടെ.

ഷാജിഹാൻ:— കൊല്ലുവാനോ! എന്നെ കൊല്ലുവാനോ വന്നിരിക്കുന്നതു്—അറംഗസീബ്! കൊല്ലൂ, എന്നെ കൊന്നോളൂ. അതിനു പകരം ഈ രത്നങ്ങളെല്ലാം ഞാൻ നിനക്കു സമ്മാനിക്കാം. ഈ ഉപകാരത്തിനായി മരണസമയത്തു നി

ന്നെ അനുഗ്രഹിച്ചുകൊണ്ടു ഞാൻ മരിക്കുകയും ചെയ്യാം. ഇതാ, നെഞ്ചുനീട്ടിക്കാണിച്ചു തന്നിരിക്കുന്നു. കഠാരം കുത്തിയിറക്കുക.

അറംഗസീബ്:—(പെട്ടെന്നു മുട്ടുകുത്തിയിട്ടു്) പിതാവേ! എന്നെ ഇതിനേക്കാൾ കൂടുതൽ അപരാധിയാക്കിത്തീക്കരുതേ! ഞാൻ പാപിയാണു്—അതിഘോരമായ മഹാപാപം ചെയ്തവനാണു ഞാൻ. ആ പാപത്തിൻെറ ദാരുണജ്വാലയിൽ കിടന്നു ഞാൻ ദഹിക്കുകയാണു് ചെയ്യുന്നതു്. നോക്കണം അച്ഛാ! ഈ ചടച്ചുപോയ ദേഹവും! കുണ്ടിൽ പോയ കണ്ണുകളും, വാടിവിളറിയ മുഖവും അതിനു സാക്ഷികളാണു്.

ഷാജിഹാൻ:—ചടച്ചുപോയി, ശരിയാണതു്. ദേഹം നന്നേ ചടച്ചുപോയിരിക്കുന്നു.

ജാഹനാര:—അറംഗസീബേ! വേഷമെടുത്തിട്ടു കാര്യമില്ല. നിന്നെ നല്ലവണ്ണം അറിയുന്ന ഒരാൾ ഇവിടെ ഉണ്ടു്. പുതുതായി എന്തൊരു പൈശാചിക സങ്കല്പവുംകൊണ്ടു് ഇപ്പോൾ പുറപ്പെട്ടിരിക്കുന്നതെന്നു പറയൂ. ഇവിടെ എന്താണു് നിനക്കു് ആവശ്യമുള്ളതു്?

അറംഗസീബ്:—അച്ഛൻെറ മാപ്പു്.

ജാഹനാര:—മാപ്പോ! ഇന്നൊരു പുതിയ സമ്പ്രദായവുംകൊണ്ടാണല്ലോ നീ പുറപ്പെട്ടിരിക്കുന്നതു്!

അറംഗസീബ്:—ജ്യേഷ്ഠത്തി! എനിക്കറിയാം—

ജാഹനാര:—മതി, മതി, മിണ്ടണ്ട.

ഷാജിഹാൻ:—ജാഹനാരേ! അവൻ മുഴുവനും പറയട്ടെ. പറയൂ അറംഗസീബു്. നീ എന്തു പറയുവാനാണു് ആഗ്രഹിക്കുന്നതു്?

അറംഗസീബ്:—എനിക്കൊന്നും പറയണമെന്നു് ആഗ്രഹമി-

ല്ല. അവിടത്തെ മാപ്പു കിട്ടണമെന്നു മാത്രമേ എനിക്കാഗ്രഹമുള്ളു.

(ജാഹനാര നിന്ദാഭാവത്തിൽ ചിരിക്കുന്നു.)

അറംഗസീബ്:—(ജാഹനാരയുടെ നേരെ ഒന്നു നോക്കിയതിനുശേഷം ഉടനെ ഷാജിഹാൻെറ നേരെ തിരിഞ്ഞിട്ട്) പിതാവേ! എൻെറ ഈ അപേക്ഷ വാസ്തവമായിട്ടുള്ളതല്ലെന്നാണ് അവിടുന്നു വിചാരിക്കുന്നതെങ്കിൽ എൻെറ കൂടെ വരണം. ഈ നിമിഷത്തിൽതന്നെ ഞാൻ കോട്ട വാതിൽ തുറന്നു തന്നേക്കാം. സൎവ്വജനങ്ങളുടേയും മുമ്പിൽവെച്ച് അച്ഛനെ ആഗ്രായിലെ സിംഹാസനത്തിന്മേൽ ഇരുത്തി ചക്രവൎത്തിയായി പൂജിക്കാം. ഇതാ ഞാൻ എൻെറ രാജകിരീടം അവിടത്തെ കാല്ക്കൽ സമൎപ്പിച്ചിരിക്കുന്നു

(അറംഗസീബ് തൻെറ കിരീടം ഊരിയെടുത്തു ഷാജിഹാൻെറ കാല്ക്കൽ വെക്കുന്നു.)

ഷാജിഹാൻ:—എൻെറ ഹൃദയം അലിഞ്ഞുപോകുന്നു, അലിഞ്ഞുപോകുന്നു.

അറംഗസീബ്:—അച്ഛാ! എനിക്കു മാപ്പു തരണേ!

(ഇരുകാലുകളും കെട്ടിപ്പിടിക്കുന്നു.)

ഷാജിഹാൻ:—മകനേ!

(അറംഗസീബിനെ പിടിച്ചെഴുനേല്പിച്ചിട്ട് തൻെറ കണ്ണുകൾ തുടക്കുന്നു.)

ജാഹനാര:—അറംഗസീബേ! അഭിനയം വളരെ കേമമായി!

ഷാജിഹാൻ:—അരുത് ജാഹനാരേ! മകൻ എൻെറ കാലുപിടിച്ചു മാപ്പു ചോദിക്കുന്നു, അതു കൊടുക്കാതിരിപ്പാൻ എനിക്കു സാദ്ധ്യമോ? ആഹാ! പിതൃഹൃദയമേ! ഇത്രയും നാൾ നീ ശ്രദ്ധമായി ഇതിനായിട്ടാണൊ ഏകാഗ്രമായി ആരാധന ചെയ്തുകൊണ്ടിരുന്നതു? ഒരൊററ നിമിഷം

കൊണ്ടു നിൻെറ ക്രോധമെല്ലാം ഉരുകി വെറും വെള്ളമായി ഒഴുകിപ്പോയല്ലൊ,

അറംഗസീബ്:—വരണം അച്ഛാ! അച്ഛനെ ഞാൻ വീണ്ടും ആഗ്രായിലെ സിംഹാസനത്തിൽ ഇരുത്തട്ടെ. എന്നിട്ടു ഞാൻ മക്കത്തേക്കു പോയി പ്രവൎത്തിച്ചു പോയ പാപത്തിനു പ്രായശ്ചിത്തം ചെയ്തുകൊള്ളട്ടെ.

ഷാജിഹാൻ:—വേണ്ട, വേണ്ട. ഞാൻ ഇനി ചക്രവൎത്തിയായിരിപ്പാൻ മോഹിക്കുന്നില്ല; എനിക്കേതായാലും അസ്തമനം അടുത്തിരിക്കയാണ്—ഈ സാമ്രാജ്യം ഇനി നീ തന്നെ അനുഭവിക്കുക. നിനക്കുള്ളതാണ് ഈ കിരീടം—പിന്നത്തേതു മാപ്പിൻെറ കാൎയ്യമാണ്—അറംഗസീബേ:—ഹാ;—അറംഗസീബേ!—ഇല്ല. ഇനി അതൊന്നും ഞാൻ മനസ്സിൽ വെച്ചുകൊണ്ടിരിക്കയില്ല—അറംഗസീബ്, മകനെ! നിൻെറ സകല അപരാധങ്ങളും ഞാൻ ക്ഷമിച്ചിരിക്കുന്നു.

(കണ്ണുകൾ പൊത്തുന്നു.)

ജാഹനാര:—പിതാവേ! ദാറായെ കൊലചെയ്ത ദുഷ്ടൻെറ അപരാധം ക്ഷമിക്കുകയൊ!

ഷാജിഹാൻ:—അരുതു് ജാഹനാരേ! ഈ അവസരത്തിൽ എൻെറ സുഖത്തിനു നീ ഭംഗം വരുത്തരുതു്. അവരെ ഏതായാലും ഇനി തിരികെ കിട്ടുകയില്ല. ഏഴുകൊല്ലം മുഴുവനും ഞാൻ ദുഃഖത്തിൽ മുഴുകിക്കഴിച്ചുകൂട്ടി. ഇത്രയും കാലം ഞാൻ അനുഭവിച്ച മനോവേദന പറഞ്ഞറിയിക്കുവാൻ പ്രയാസമായിട്ടുള്ളതാണ്. ശോകത്താൽ ഞാൻ ഭ്രാന്തനായിത്തീരുകകൂടി ചെയ്തു. അതു നിനക്കറിയാമല്ലൊ. ഒരു ദിവസമെങ്കിലും ഞാൻ സുഖം അനുഭവിക്കട്ടെ. നീയും അറംഗസീബിനു മാപ്പുകൊടുക്കുക—(അറംഗസീബിനോടു്) അറംഗസീബ്! ജാഹനാരയോടു മാപ്പു ചോദിക്കൂ.

അറംഗസീബ്:—ജ്യേഷ്ഠത്തി! എനിക്കു മാപ്പുതരണേ!

ജാഹനാര:—എന്നോടു മാപ്പുചോദിക്കുവാൻ നിനക്കു ധൈര്യമുണ്ടായല്ലൊ! അച്ഛനെപ്പോലെ എനിക്കു വാൎദ്ധക്യം നേരിട്ടിട്ടില്ല. അതോൎമ്മയിരിക്കട്ടെ. രാജദ്രോഹി! ഘാതക! ദുഷ്ട!—

ഷാജിഹാൻ:—ജാഹനാരേ! അവൻ നിന്നെപ്പോലെതന്നെ മാതൃഹീനനും അഗതിയുമാണ്. അവനു മാപ്പുകൊടുത്തേക്കു. അവന്റെ അമ്മ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ഇപ്പോൾ എന്തു ചെയ്യുമായിരുന്നു? മമതാപൂൎണ്ണമായ ആ മാതൃഹൃദയത്തിലെ വ്യഥയെല്ലാം എന്നിൽ നിക്ഷേപിച്ചിട്ടാണ് അവന്റെ അമ്മ പോയിട്ടുള്ളതു്—എന്താ ജാഹനാരേ! എന്നിട്ടും അനങ്ങാതെ നില്ക്കുന്നുവോ?—നോക്കു ജാഹനാരേ! ഈ സന്ധ്യാസമയത്തു ഈ യമുനാനദിയിലേക്കു ഒന്നു നോക്കു, എത്രെ സ്വച്ഛയായിരിക്കുന്നു! ഈ ആകാശത്തിലേക്കൊന്നു നോക്കു, അതെത്ര നിൎമ്മലമായിരിക്കുന്നു! ഈ ലതാഗൃഹത്തിലേക്കൊന്നു നോക്കു; അതെത്ര മനോഹരമായിരിക്കുന്നു! പ്രസ്തരഖണ്ഡങ്ങളായി പരിണമിച്ച ഈ പ്രേമാശ്രുക്കളെ—അനന്തമായ ആകാശത്തിൽ മുഴകി അനശ്വരമായിത്തീൎന്നിരിക്കുന്ന വിരഹത്തിന്റെ ഈ ദിവ്യമായ ചരിത്രത്തെ—നിശ്ചലമായി, നിസ്തബ്ധമായി, നിഷ്കളങ്കമായി, നിലകൊള്ളുന്ന ഈ ദേവതാനിലയനത്തെ—ഈ താജ്മഹളിനെ ഒന്നു നോക്കു, അതെത്ര കരുണാത്മകമായി കാണപ്പെടുന്നു! അവയെല്ലാം നോക്കിക്കൊണ്ടു നീ അറംഗസീബിനു മാപ്പുകൊടുക്കു, ഈ പ്രപഞ്ചം നീ കരുതുന്നിടത്തോളം നികൃഷ്ടമല്ലെന്നു വിചാരിച്ചുകൊണ്ടു സമാധാനിക്കുവാൻ ശ്രമിക്കു—ജാഹനാരേ!

ജാഹനാര:—അറംഗസീബെ! ഇന്നു നിന്റെ വിജയം പരിപൂൎണ്ണമായി. വൃദ്ധനും ആസന്നമരണനും. അശക്തകായനുമായ എന്റെ ഈ പിതാവിന്റെ നിൎബ്ബന്ധപ്രകാരം നിനക്കു ഞാൻ മാപ്പുതന്നിരിക്കുന്നു.

(മുഖം മറക്കുന്നു.)

(അതിവേഗത്തിൽ നടന്നു ജഹരൽ ഉന്നിസാ പ്രവേശിക്കുന്നു)

ജഹരൽ:—എടാ ഘാതക! ഞാൻ ഒരിക്കലും നിനക്കു മാപ്പു തരികയില്ല. ഭൂമണ്ഡലത്തിലുള്ള സകല മനുഷ്യരും നിനക്കു മാപ്പുതന്നാലും ഞാൻ നിനക്കു മാപ്പുതരികയില്ല. ഞാൻ നിന്നെ ശപിക്കുന്നു; ക്രുദ്ധയായ ഫണിനിയുടെ ഉഷ്ണനിശ്വാസത്തോടുകൂടി ഞാൻ ഇതാ നിന്നെ ശപിക്കുന്നു. എന്റെ ശാപത്തിന്റെ ഭയങ്കരമായ നിഴൽ, ഭൂതബാധയെപ്പോലെ ആഹാരത്തിലും വിഹാരത്തിലും നിന്നെ വിട്ടുപിരിയാതെ പിന്തുടരട്ടെ! പർവ്വതതുല്യമായ അതിന്റെ ഗുരുതരഭാരം നിദ്രയിൽ നിന്റെ വക്ഷസ്സിനെ അമർത്തിപ്പിടിക്കട്ടെ! അതിന്റെ വികാരമായ അട്ടഹാസം നിന്റെ സകല വിജയവാദ്യങ്ങളാലും അപശ്രുതിയുണ്ടാക്കട്ടെ!—നീ എന്റെ പിതാവിനെ വധിച്ചിട്ടു് ഏതൊരു സാമ്രാജ്യം കൈവശപ്പെടുത്തിയോ അതിനെ നീ ദീർഘകാലം ജീവിച്ചിരുന്നു അനുഭവിക്കുവാൻ എന്റെ ശാപശക്തി ഇടയാക്കട്ടെ! അതു നിനക്കു ദിവസംതോറും അക്രമങ്ങൾ പ്രവർത്തിപ്പാൻ അവസരങ്ങൾ നൽകിയിട്ടു് അധികമധികം അഗാധമായ പാപത്തിൽ നിന്നെ ആഴ്ത്തട്ടെ! തന്മൂലം മരണസമയത്തു നിന്റെ ഉത്തപ്തമായ ലലാടത്തിൽ ദൈവകരുണയുടെ ഒരു കണികപോലും നിപതിക്കുവാൻ സംഗതിവരാതിരിക്കട്ടെ!!!

(ഷാജിഹാൻ, ഔറംഗസീബ് ജാഹനാര എന്നീ മൂവരും തലതാഴ്ത്തുന്നു.)

165528
38456

കട്ടൻ

— ശു

MUL
165528

വിദ്യാവിനോദിനി അച്ചുകൂടം, തൃശ്ശിവപേരൂർ.

UNIVERSITY LIBRARY

- 9 DEC 1955